# കുന്ദമംഗലം ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# സമഗ്രവികസനരേഖ





'എന്റെ പക്കൽ ലോകത്തെ പുതിയതായി പഠിപ്പിക്കാൻ ഒന്നു
മില്ല. പക്ഷേ, വിലയേറിയ, ഒരുപക്ഷേ,
മഹത്തരമാകുവാൻ കഴിയുന്ന ഒരു നിർദേശം–അതിതാണ് –
*സ്വാശ്രയത്വം, സ്വയംപര്യാപ്തത'*

# കുന്ദമംഗലം ഗ്രാമപഞ്ചായത്ത്
# വികസനസെമിനാർ
## 1996, നവംബർ 23 ശനിയാഴ്ച
## എ.യു.പി. സ്കൂൾ, കുന്ദമംഗലം

## എഡിറ്റോറിയൽ ബോർഡ്

- എ ഹരിദാസൻ
- പി. കോയമാസ്റ്റർ
- കെ.സി. അബ്ദുൾ സലാം
- കെ. വിജയൻ മാസ്റ്റർ
- വി. യൂസഫ്
- പി. രവീന്ദ്രൻ
- സജീഷ് നാരായൺ



ടൈപ്പ്സെറ്റിംഗ് & ലേ ഔട്ട്

എം.വി. അഡ്വർടൈസിംഗ്, കോഴിക്കോട് - 1

ഫോൺ : 722317, 722417

സമഗ്ര ഡിടിപി ഗ്രൂപ്പ്

# കുന്ദമംഗലം ഗ്രാമപഞ്ചായത്ത്




Kunnamangalam Gramapanchayath

# നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി



കെ.പി. ചന്ദ്രൻ
പ്രസിഡണ്ട്



കെ.പി. കോയ
വൈ. പ്രസിഡണ്ട്



ഖാലിദ് കിളിമുണ്ട
ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി



ടി.കെ. സീനത്ത്
മെമ്പർ



ഒ. ഉസ്സയിൻ
മെമ്പർ



എ.പി. സഫിയ
മെമ്പർ



സി. അബ്ദുൾ ഗഫൂർ
മെമ്പർ



എം. സുജനകുമാരി
മെമ്പർ



മറുവാട്ട് മാധവൻ
മെമ്പർ



ഒ.പി. വാസു
മെമ്പർ



യു.സി. രാമൻ
മെമ്പർ



കെ. രാധ
മെമ്പർ



അയനാംതൊടി രാജൻ
മെമ്പർ



പി. വിജയലക്ഷ്മി
മെമ്പർ

# കുന്ദമംഗലം ഗ്രാമപഞ്ചായത്ത്
## അഡ്മിനിസ്ട്രേറ്റീവ് മേപ്പ്




KUNNAMANGALAM PANCHAYAT

Administrative Map

## ഒരു വാക്ക്

നിങ്ങളുടെയിടയിൽനിന്ന് അധികാരത്തിലേക്ക് വന്ന ഞാനും എന്റെ സഹപ്രവർത്തകരും ചുരുങ്ങിയ സമയംകൊണ്ട് നമ്മുടെ പഞ്ചായത്തിൽ ഒട്ടേറെ വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. എങ്കിലും ഇനിയും എത്രയോ കാര്യങ്ങൾ ചെയ്യാൻ ബാക്കിയിരിപ്പുണ്ട് എന്ന് ഞങ്ങൾക്ക് ബോധ്യമുണ്ട്. ഈ ബാധ്യത ഞങ്ങൾ ഉത്തരവാദിത്തത്തോടെ വരുംനാളുകളിൽ ഏറ്റെടുത്ത് നടത്തുമെന്ന് നിങ്ങൾക്ക് വിശ്വസിക്കാം.

ഈ വികസനരേഖ നമ്മുടെ പഞ്ചായത്തിലെ ഭാവിപ്രവർത്തനങ്ങൾക്കുള്ള ഒരു മാർഗസൂചികയാണ്. ഏറെ പ്രവർത്തകരുടെ അഹോരാത്രപരിശ്രമം ഈ റിപ്പോർട്ടിന്റെ പിന്നിലുണ്ട്. കർമ്മധീരരായ ഈ പൊതുപ്രവർത്തകർക്ക് പഞ്ചായത്തിലെ പൗരാവലിയുടെ പേരിൽ നന്ദി പ്രകാശിപ്പിക്കുന്നു.

ഈ റിപ്പോർട്ട് അവലംബിച്ച് പുതിയ നിർദേശങ്ങളും സ്കീമുകളും തയാറായാൽ മാത്രമേ നമ്മുടെ ഉദ്ദേശ്യം സഫലമാവുകയുള്ളൂ. നിങ്ങളുടെ വിശദമായ പഠനത്തിനും അതുവഴി പഞ്ചായത്തിന്റെ സമഗ്രവികസനത്തിനും ഈ രേഖ വഴികാട്ടിയാകുമെന്ന് ആശിക്കുന്നു.

എന്ന്,<br>
നിങ്ങളുടെ<br>
കെ.പി. ചന്ദ്രൻ<br>
ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്<br>
കുന്ദമംഗലം

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കുന്ദമംഗലം |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കുന്ദമംഗലം, കുറ്റിക്കാട്ടൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | കുന്ദമംഗലം |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| താലൂക്ക് | : | കോഴിക്കോട് |
| അസംബ്ലി മണ്ഡലം | : | കുന്ദമംഗലം |
| പാർലമെന്റ് മണ്ഡലം | : | മഞ്ചേരി |
| വിസ്തീർണ്ണം | : | 27.23 ച. കി. മി |
| അതിരുകൾ | : | വടക്ക്: കൊടുവള്ളി പഞ്ചായത്ത് |
| | | കിഴക്ക്: ചെറുപുഴ |
| | | പടിഞ്ഞാറ്: പൂനൂർ പുഴ |
| | | തെക്ക്: കോഴിക്കോട് കോർപ്പറേഷൻ |
| ജനസംഖ്യ | : | 40118 |
| പുരുഷന്മാർ | : | 20772 |
| സ്ത്രീകൾ | : | 19346 |
| എസ്– സി ജനസംഖ്യ | : | 5242 |
| ജനസാന്ദ്രത | : | 1473 |
| വീടുകൾ | : | 7264 |
| സാക്ഷരത | : | 92% |
| വാർഡുകൾ | : | 14 |
| പ്രസിഡണ്ട് | : | കെ.പി. ചന്ദ്രൻ |
| വൈ. പ്രസിഡണ്ട് | : | കെ. പി. കോയ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | ഖാലിദ് കിളിമുണ്ട |
| പഞ്ചായത്ത് സെക്രട്ടറി | : | കെ. ശോഭനറാണി |

# ആമുഖം

ഇന്ത്യജീവിക്കുന്നത് ഗ്രാമങ്ങളിലാണെന്നും ഗ്രാമങ്ങൾ തകർന്നാൽ ഇന്ത്യതകരുമെന്നും ദീർഘദർശനം ചെയ്യാൻ കഴിഞ്ഞ മഹാത്മജിയുടെ സ്വപ്നമായിരുന്നു ഗ്രാമസ്വരാജ്. ഇന്ത്യയിലെ ഗ്രാമങ്ങളേയും ഗ്രാമീണരേയും ഒരുപോലെ സ്നേഹിച്ച അദ്ദേഹം അധികാരം ഒരുപിടി ആളുകൾ കൈപ്പിടിയിലൊതുക്കാതെ ജനങ്ങളിലേക്ക് പകർന്നു നൽകണമെന്നാഗ്രഹിച്ചു. എന്നാൽ ഇന്ത്യയുടെ ഹൃദയം ഗ്രാമങ്ങളിലാണെന്ന സത്യം കണ്ടെത്താൽ തന്നെ നമുക്ക് വർഷങ്ങൾ വേണ്ടി വന്നു. അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ യശഃശരീരനായ ശ്രീ. രാജീവ് ഗാന്ധി നൽകിയ സംഭാവനകൾ വിസ്മരിക്കാവുന്നതല്ല.

സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ജനങ്ങളുടെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക, ജീവിത നിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയായിരുന്നു പഞ്ചവൽസര പദ്ധതികൾക്ക് രൂപം കൊടുത്തത്. പല മേഖലകളിലും നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. വൈവിധ്യം നിറഞ്ഞ ഭൂപ്രദേശങ്ങളും ജനവിഭാഗങ്ങളുമുള്ള ഇന്ത്യയിൽ പദ്ധതികൾ പൂർണമായും വിജയത്തിലെത്തിക്കാൻ കഴിഞ്ഞില്ല. അനിയന്ത്രിതമായ ജനസംഖ്യാവർദ്ധനവും ആസൂത്രണത്തിലെ പാളിച്ചകളും ആയിരുന്നു മുഖ്യകാരണം. പ്രകൃതിവിഭവങ്ങളുടെ ലഭ്യതയും പരിമിതിയും കണക്കിലെടുക്കാതെയുമുള്ള ആസൂത്രണം കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വപരവും ആയിരുന്നു.

ഗ്രാമീണ ജനതയുടെ കൈകളിലേക്ക് അധികാരം നൽകുന്നതിനായിരുന്നു ഭരണഘടനയുടെ 73,74 ഭേദഗതികൾ. ഇതിന്റെയടിസ്ഥാനത്തിലാണ് ഗ്രാമസഭകൾ നിലവിൽ വന്നത്. എട്ടാം പഞ്ചവൽസരപദ്ധതിയുടെ അന്ത്യഘട്ടത്തിൽ നിൽക്കുന്ന ജനങ്ങളിൽ അലക്ഷ്യമനോഭാവം മാററിയെടുത്ത് പ്രതീക്ഷയും ശുഭാപ്തി വിശ്വാസവും ദിശാബോധവും വളർത്തി പദ്ധതികളുടെ രൂപീകരണത്തിൽ അതിവിപുലമായ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തുകയാണ് 9-ാം പദ്ധതി ജനകീയ പദ്ധതിയായി രൂപപ്പെടുത്തുന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ജാതിമതാദി ഭിന്നതകൾക്കതീതമായി ആസൂത്രണത്തിലും വികസനപ്രവർത്തനത്തിലും പങ്കാളിത്തം ഉറപ്പ് വരുത്താൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയും. അധികാരത്തോടൊപ്പം സമ്പത്തും പഞ്ചായത്തുകൾക്ക് ല്ഭിക്കുമെന്നതിനാൽ ജനതാൽപര്യങ്ങൾ കൂടുതൽ സംരക്ഷിക്കുവാനും കഴിയുന്നു.

9ാം പഞ്ചവൽസരപദ്ധതിയിലെ പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം35-40% ആണ്. ഇതിനുപുറമേ കേരള സർക്കാരിന്റെ 60%ൽപ്പെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാർ ഫണ്ട്, വികസന ഏജൻസികൾ വഴി ലഭിക്കുന്ന ഫണ്ടുകൾ, എല്ലാററിനും പുറമേ ജനകീയ സംഭാവനകൾ, വിഭവങ്ങൾ, അധ്വാനശേഷി തുടങ്ങിയവ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകളാണ്. ഗ്രാമപഞ്ചായത്തുകൾ ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർണമല്ലെങ്കിലും പരമാവധി പരിഹാരം കാണാൻ ജനകീയാസൂത്രണ പദ്ധതികൊണ്ടു കഴിയും. ബഹുജന പങ്കാളിത്തം ഉറപ്പ് വരുത്തുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടേയും, ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടെയും നട

ത്തിപ്പ് കാര്യക്ഷമവും ത്വരിതഗതിയിലുള്ളതും, തൃപ്തികരവുമായി നിർവ്വഹിക്കാൻ കഴിയുമെന്ന് മാത്രമല്ല, അഴിമതിയുടെ എല്ലാ പഴുതുകളും അടയ്ക്കുവാനും കഴിയും.

കുന്ദമംഗലം പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടത്തിന് തുടക്കം കുറിച്ചത് 1996 സെപ്റ്റംബർ 9നാണ്. വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവരുടെയും പഞ്ചായത്തിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടേയും പങ്കാളിത്തം

## ഗ്രാമസഭാ പങ്കാളിത്തം

| വാർഡ് | ഗ്രാമസഭ ചേർന്ന തിയ്യതി | പുരു. | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | 22.9.96 | 83 | 8 | 91 |
| 2 | 2.10.96 | 102 | 49 | 151 |
| 3 | 2.10.96 | 85 | 9 | 94 |
| 4 | 21.9.96 | 100 | 36 | 136 |
| 5 | 29.9.96 | 128 | 22 | 150 |
| 6 | 29.9.96 | 154 | 38 | 192 |
| 7 | 21.9.96 | 89 | 57 | 146 |
| 8 | 21.9.96 | 85 | 28 | 113 |
| 9 | 29.9.96 | 113 | 20 | 133 |
| 10 | 29.9.96 | 108 | 22 | 130 |
| 11 | 29.9.96 | 159 | 20 | 179 |
| 12 | 1.10.96 | 186 | 60 | 246 |
| 13 | 22.9.96 | 86 | 8 | 94 |
| 14 | 2.10.96 | 86 | 68 | 154 |
| | ആകെ | 1,564 | 445 | 2,009 |

**പങ്കെടുത്തവരിൽ 22% സ്ത്രീകളാണ്**

ഉണ്ടായിരുന്നു. പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ നേരിട്ട് മനസ്സിലാക്കി ചർച്ചചെയ്തു വികസന റിപ്പോർട്ട് തയ്യാറാക്കുകയായിരുന്നു ഒന്നാംഘട്ട പ്രവർത്തനത്തിന്റെ ലക്ഷ്യം. വിശേഷാൽ ഗ്രാമസഭകളിൽ ബഹുജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് വേണ്ടി വിപുലമായ വാർഡ് തല സ്വാഗത സംഘങ്ങൾ വിളിച്ചുചേർത്ത് വ്യാപകമായ പ്രചരണം നടത്തി. തത്ഫലമായി ഗ്രാമസഭാ പങ്കാളിത്തം ഉയർന്നു. 1996 സപ്റ്റംബർ 21 മുതൽ ഒക്ടോബർ 2 വരെയുള്ള ദിവസങ്ങളിൽ 14 വാർഡ് ഗ്രാമസഭകളും വിളിച്ച് ചേർക്കപ്പെട്ടു. 1564 പുരുഷന്മാരും 445 സ്ത്രീകളും പങ്കെടുത്തു. ശരാശരി 143 പേർ. ഇതിൽ 22% സ്ത്രീകളാണ്.

വിവിധ വിഷയങ്ങളെ അധികരിച്ച് ഗ്രൂപ്പ് തിരിഞ്ഞു ചർച്ച ചെയ്തും പ്രത്യേക റിപ്പോർട്ടുകൾ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ചു. പഞ്ചായത്തിനെ സംബന്ധിക്കുന്ന സ്ഥിതി വിവരങ്ങൾ സർക്കാർ സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽ നിന്നു നേരിട്ടും, ചിലകേന്ദ്രങ്ങളിൽ സർവ്വെനടത്തിയും, വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ രണ്ട് സംഘങ്ങൾ പഞ്ചായത്തിൽ പഠനപര്യടനം നടത്തിയുമാണ് ശേഖരിച്ചത്. ഇങ്ങനെ ലഭ്യമായ വിവരങ്ങൾ അവലംബിച്ചാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയത്.

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണം മത്സ്യബന്ധനം
3. വിദ്യാഭ്യാസം
4. വ്യവസായം
5. കുടിവെള്ളം, പൊതുജനാരോഗ്യം
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
7. ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം
8. വനിതാക്ഷേമം
9. സംസ്കാരം.
10. സഹകരണമേഖല
11. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
12. വിഭവ സമാഹരണം

എന്നീ വിഷയങ്ങളെ അധികരിച്ചാണ് ഗ്രാമസഭകളിൽ ചർച്ചനടന്നതും റിപ്പോർട്ട് തയ്യാറാക്കിയതും ഇതിനുവേണ്ടി പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ ചെയർമാനും ജില്ലാ റിസോഴ്സ് പേഴ്സൺമാർ കൺവീനർമാരുമായി കമ്മിറ്റി രൂപീകരിച്ചിരുന്നു. ഈ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന്പഞ്ചായത്ത് തലത്തിൽ രണ്ടാം ഘട്ടപരിശീലനം നടത്തി. ഗ്രാമസഭാസംഘാടനം മുതൽ ഈ റിപ്പോർട്ട് തയ്യാറാക്കുന്നത് വരെ ഈ പഞ്ചായത്തിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ എന്നിവരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.

ഈ വികസന റിപ്പോർട്ടാണ് പഞ്ചായത്തിന്റെ 9ാം പദ്ധതിയുടെ മാർഗ്ഗരേഖ. ഇത് പരമാവധി വസ്തുനിഷ്ഠമാക്കാൻ ശ്രമിച്ചിട്ടുണ്ട്. വികസന സെമിനാറിലെ ചർച്ചകളിലൂടെ റിപ്പോർട്ട് സംപുഷ്ടമാവണം.

കുന്ദംമംഗലം ഗ്രാമപഞ്ചായത്തിലെ വിവിധ ജനവിഭാഗങ്ങളിൽ സ്വന്തം ഗ്രാമത്തെ കുറിച്ച് അഭിമാനബോധമുണർത്താനും, നാടിന്റെ പ്രശ്നങ്ങൾ സ്വന്തം പ്രശ്നമായി കാണാനും അതുവഴി ഒരു പുത്തൻ വികസന രാഷ്ട്രീയ സംസ്കാരം വളർത്തികൊണ്ടുവരുവാനും നമുക്ക് കഴിയണം. ഈ വികസനറിപ്പോർട്ടും വികസന സെമിനാറും ജനകീയാസൂത്രണപ്രസ്ഥാനവും അതിന് സഹായകമാവുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

# സാമൂഹിക സാംസ്കാരിക ചരിത്രം

കിഴക്ക് ചെറുപുഴയും പടിഞ്ഞാറ് പൂനൂർ പുഴയും അതിരിട്ടൊഴുകുന്ന ഒരു ഗ്രാമം. കോഴിക്കോട് പട്ടണത്തിൽ നിന്നും 13 കി. മീ. കിഴക്ക് മാറി പ്രകൃതിയുടെ വരദാനമായൊരു പ്രദേശം. പാതയോരങ്ങളിൽ മാവിൻകൂട്ടങ്ങൾ ഇടതിങ്ങി വളർന്നതിനാലാവാം പഴമക്കാർ ഈ പ്രദേശത്തെ മാക്കൂട്ടം എന്ന് വിളിച്ചു വന്നു. കുന്നുകൾ നിറഞ്ഞ ഗ്രാമമായത് കൊണ്ട് 'കുന്നമംഗലം' ആയെന്നും, അതല്ല മുല്ലകൾ കൊണ്ടനുഗ്രഹിക്കപ്പെട്ടത് എന്നർത്ഥത്തിൽ 'കുന്ദമംഗലം'ആയെന്നും സ്ഥലനാമവുമായി ബന്ധപ്പെട്ടു കേൾക്കുന്നു. മുല്ലമംഗലം, കുന്ദമംഗലം എന്നീ പേരുകളിലുള്ള തറവാടുകൾ ഇവിടെയുണ്ടായിരുന്നു. അതിനാൽ 'കുന്ദമംഗലം' എന്നു തന്നെയാവാനാണ് ഏറെ സാധ്യത.

കോഴിക്കോട് നഗരത്തിലെ മുച്ചുന്തി പള്ളിയുടെ ദൈനം ദിന ചെലവിലേക്ക് കുന്ദമംഗലം അംശത്തിൽ നിന്നും സ്വത്ത് അനുവദിച്ചു കൊണ്ടുള്ള പത്താം നൂറ്റാണ്ടിലേതെന്ന് കരുതപ്പെടുന്ന തിരുവണ്ണൂർ രേഖയിൽ കുന്ദമംഗലത്തെകുറിച്ച് പരാമർശമുണ്ട്. കുന്ദമംഗലം അംശത്തെ പിലാശ്ശേരി, കക്കോട്ടിരിശ്ശേരി, മാട്ടപ്പാറ്റ്, ചേലൂർ, കൊഴഞ്ചേരി, ചാത്തങ്കാവ്, മുണ്ടയ്ക്കൽ, ചെറുകുളത്തൂർ, പൂവ്വാട്ട് പറമ്പ്, ഒഴയാടി, പെരിങ്ങൊളം, വേളൂർ എന്നീ ദേശങ്ങളായി വിഭജിച്ചിരുന്നു. ആ പ്രദേശങ്ങളുമായി ബന്ധപ്പെട്ട ക്ഷേത്രങ്ങളും ഉണ്ടായിരുന്നു. പിലാശ്ശേരി (സുബ്രഹ്മണ്യക്ഷേത്രം) കക്കോട്ടിരിശ്ശേരി (കക്കോട്ടിരിശ്ശേരി ക്ഷേത്രം) മാട്ടപ്പാറ്റ് (അയിമ്പളത്ത്, കുറിഞ്ഞിപ്പിലാക്കിൽ, ചിമ്മാനത്ത്കാവ്) വെളൂർ (വലിയേടത്തിൽ ദേവീക്ഷേത്രം), ഒഴയാടി (ഒഴയാടി വിഷ്ണക്ഷേത്രം, മാനത്താനത്ത് ക്ഷേത്രം), പെരിങ്ങൊളം (ദേവീക്ഷേത്രം), ചെറുകുളത്തൂർ കുന്ദമംഗലത്ത് പള്ളിയറക്ഷേത്രം, മുണ്ടക്കൽ (ചെമ്പകശ്ശേരി ക്ഷേത്രം) ചേലൂർ (സുബ്രഹ്മണ്യ ക്ഷേത്രം) എന്നിവ പുരാതനങ്ങളും പ്രസിദ്ധങ്ങളുമായിരുന്നു. ഈ ദേശങ്ങൾ എല്ലാം ചേർന്നതായിരുന്നു പഴയ പുഴായിനാട് പിന്നീട് മുണ്ടയ്ക്കൽ, ചെറുകുളത്തൂർ, പൂവ്വാട്ട് പറമ്പ് എന്നിവ ഈ അംശത്തിൽ നിന്ന് മാറ്റുകയും കാരന്തൂർ, പൈങ്ങോട്ട് പുറം എന്നീ ഭാഗങ്ങൾ കൂട്ടിച്ചേർക്കുകയുമാണുണ്ടായത്.

പല പോരാട്ടങ്ങൾക്കും സാക്ഷ്യം വഹിച്ച പടനിലത്തിന് ചരിത്രത്തിൽ പ്രമുഖ സ്ഥാനമാണുള്ളത്. പഴയപോരാട്ടങ്ങളുടെ സാക്ഷിയായിരുന്ന ആൽത്തറയും ആലും ഇന്നും നിലനില്ക്കുന്നു. മാട്ടപ്പാട്ടെ അയിറ്റടക്കണ്ടി, കൊല്ലരുകണ്ടി, ഇരുമ്പിൽ ചീടത്തിൽ, എന്നീ സ്ഥലനാമങ്ങളും ഐതിഹ്യങ്ങളും ഇവിടങ്ങളിൽ വൻതോതിൽ ഇരുമ്പ് നിഷ്കർഷണം ചെയ്തു ആയുധങ്ങൾ നിർമ്മിച്ചിരുന്നുവെന്നതിനു തെളിവാണ്. പടനായകന്മാർക്ക് ആയോധന മുറഅഭ്യസിക്കുവാൻ കളരി കെട്ടിയ സ്ഥാനം പിന്നീട് കളരിക്കണ്ടിയായി മാറി. ഭഗവതിക്കോട്ട ഗോശാല, പാണ്ട്യാല, പോത്താല എന്നീ പേരുകൾ എല്ലാം തന്നെ പഴയ ചരിത്രസംഭവങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു.

ഒഴയാടി ദേശം ജന്മിമാർ എടക്കാട്ട് ഇല്ലക്കാരും കൊളായി ദേശത്തെ ജന്മിമാർ കൊളായി തറവാട്ടുകാരും വെളൂർ ദേശത്ത് വെളൂരെടം തറവാട്ടുകാരും ചേലൂർ ദേശത്ത് കൊടക്കാട്ട് മൂസ്സതുമാരും, പൈങ്ങോട്ടു പുറത്ത് പുല്ലങ്ങോട്ട് ഇല്ലാക്കാരും, മാട്ടപ്പാട്ട്, കക്കോട്ടിരിശ്ശേരി, പിലാശ്ശേരി എന്നിവിടങ്ങളിൽ മണ്ണത്തുർ തറവാട്ടുകാരും ഇവർ അന്നത്തെ അംശ അധികാരികളായിരുന്നു) ആയിരുന്നു ജന്മിമാർ. പ്രമുഖ ഹൈന്ദവ മുസ്ലീം തറവാട്ടുകാർ ഈ ഗ്രാമത്തിൽ സൗഹാർദ്ദപരമായി ജീവിച്ചിരുന്നു.

മൂന്നാം മൈസൂർ യുദ്ധത്തിന് വിരാമം കുറിച്ച് 1792ലെ ശ്രീരംഗപട്ടണം ഉടമ്പടിയോടെ സാമൂതിരിയുടെ ഭരണം അവസാനിക്കുകയും മലബാർ ഈസ്റ്റിന്ത്യ കമ്പനിയുടെ

കീഴിലാവുകയും ചെയ്തു. പിന്നീട് കുന്ദമംഗലം മദ്രാസ് പ്രോവിൻസിന്റെ ഭാഗമായി.

കോഴിക്കോട് താലൂക്ക് ഭരണ സൗകര്യത്തിനായി കോഴിക്കോട്, ചേവായൂർ, കുന്ദമംഗലം, കൊടുവള്ളി എന്നീ ഫർക്കകളായി വിഭജിച്ചു. 18 അംശങ്ങൾ ആയിരുന്നു കുന്ദമംഗലം ഫർക്കയിൽ. കുന്ദമംഗലം, കൊടുവള്ളി ഫർക്കകൾ ഉൾക്കൊള്ളുന്ന സബ്താലൂക്കിന്റെ ആസ്ഥാനമായിരുന്നു കുന്ദമംഗലം. ഇന്നും കേരളത്തിൽ നിലനില്ക്കുന്ന ഏക സബ്താലൂക്കാണ് കുന്ദമംഗലം.

വൈദേശികാധിപത്യത്തിനെതിരെയുള്ള പോരാട്ടത്തിൽ ഈ ഗ്രാമവും ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്. ധീരദേശാഭിമാനികളായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹബ്, കെ. കേളപ്പൻ, കെ. എ. കേരളീയൻ, ഇ. മൊയ്തുമൗലവി, എ. വി. കുട്ടിമാളു അമ്മ എന്നിവരുടെ പാദസ്പർശം കൊണ്ടനുഗ്രഹീതമായിരുന്നു ഈ മണ്ണ്. ദേശീയ സ്വാതന്ത്ര്യസമരത്തിനു നേതൃത്വം നൽകിയിരുന്ന ഇന്ത്യൻ നാ'ഷനൽ കോൺഗ്രസിന് ചൈതന്യം പകർന്നത് കാരാട്ട് ചന്തുക്കുട്ടി നായരായിരുന്നു. അബ്ദുറഹിമാൻകുട്ടി വൈദ്യർ, പുതിയോട്ടിൽ ശങ്കരൻ, കല്ലിൽ കറപ്പുട്ടി, എം. ടി. വാസു, പറച്ചിത്തോട്ടിൽ കുഞ്ഞിക്കണ്ടൻ എന്നിവരൊടൊപ്പം ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ നിരവധി പേർ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നടന്ന കള്ളുഷാപ്പ് പിക്കറ്റിംഗ്, വ്യക്തിസത്യാഗ്രഹം, ക്വിററ് ഇന്ത്യാസമരം, എന്നിവയിൽ ഈ പ്രദേശത്തെ സ്വാതന്ത്ര്യസമരസേനാനികൾ പങ്കെടുത്തിരുന്നു. 1940 കളിലെ വ്യക്തി സത്യാഗ്രഹത്തിൽ പങ്കെടുത്ത് എം. ടി. വാസു അറസ്റ്റ് ചെയ്യപ്പെട്ടു. 1941ൽ കിസാൻ ജാഥയിൽ കുന്ദമംഗലത്ത് നിന്നും 5 പേർ പങ്കെടുത്തു. അക്കാലത്തെ സ്വാതന്ത്ര്യസമരത്തിന്റെ ജിഹ്വയായിരുന്ന മാതൃഭൂമി ദിനപത്രം സമരഭടന്മാരുടെ ആവേശമായി നിലകൊണ്ടു.

ആദ്യകാലത്ത് ജാതിക്കും അനാചാരങ്ങൾക്കും എതിരായ മുന്നേറ്റങ്ങൾ ഇവിടെയും നടന്നിട്ടുണ്ട്. സാമൂഹ്യ അനാചാരങ്ങൾക്കെതിരായ പോരാട്ടത്തിന്റെ ഭാഗമായി നടന്ന ഗുരുവായൂർ സത്യഗ്രഹ സമരത്തിന്റെ വിശദീകരണയോഗം കുന്ദമംഗലത്ത് ചേർന്നിരുന്നു.

പ്രസ്തുത യോഗത്തിൽ വെച്ചാണ് 'കീരോറ്റി' എന്ന ഹരിജൻ സ്ത്രീ മാറ് മറക്കാൻ ഉപയോഗിച്ചിരുന്ന കല്ലുമാലകൾ പൊട്ടിച്ചെറിഞ്ഞുകൊണ്ട് ആദ്യമായി വസ്ത്രം ധരിക്കുവാൻ തയ്യാറായത്. ഇത് സവർണാധിപത്യത്തിനും സാമൂഹ്യ ഉച്ചനീചത്വത്തിനും എതിരായിട്ടുള്ള സമര രംഗത്തേക്ക് സമൂഹത്തെ കൊണ്ടെത്തിക്കുന്നതിനു പ്രചോദനമേകി. ഇതിനു നേതൃത്വം നൽകിയത് അബ്ദുറഹിമാൻ കുട്ടി വൈദ്യരായിരുന്നു

ഈ പ്രദേശത്ത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു നേതൃത്വം നൽകിയത് വി. ടി. അച്യുതൻ നായരായിരുന്നു.

കോളറ നാടെങ്ങും പടർന്നു പിടിച്ചപ്പോൾ ദാമോദരൻ റൈറ്ററുടെയും അബ്ദുറഹിമാൻകുട്ടി വൈദ്യരുടേയും നേതൃത്വത്തിൽ ഈ ഗ്രാമത്തിൽ ഒരു വളണ്ടിയർ സ്ക്വാഡ് പ്രവർത്തിച്ചിരുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് കുതിരലായങ്ങളും വിശ്രമ സങ്കേതങ്ങളും ഉണ്ടായിരുന്നു. ഏതാനും കലുങ്കുകളും കെട്ടിടങ്ങളും ഇന്നും ബ്രിട്ടീഷ് ഭരണകാലത്തിന്റെ അവിശിഷ്ടങ്ങളായി അവിടവിടെ നിലനില്ക്കുന്നുണ്ട്.

അറിവിനു വിലയേറുമെന്ന് അറിയാമായിരുന്ന ഒരു ഡപ്യൂട്ടിതഹസിൽദാർ-അദ്ദേഹം കുന്ദമംഗലം കോടതിയിലെ സബ്മജിസ്ട്രേറ്റു കൂടിയായിരുന്നു-1938ൽ നാട്ടുകാരെ വിളിച്ചു പണവും സ്ഥലവും നൽകിയാണ് കുന്ദമംഗലത്ത് ഒരു വായനശാലക്ക് രൂപം നൽകിയത്. പറച്ചിത്തോട്ടിൽ കുഞ്ഞിക്കണ്ടനായിരുന്നു ആദ്യത്തെ നടത്തിപ്പുകാരൻ പിന്നീട് ഈ ലൈബ്രറി ലോക്കൽ ലൈബ്രറിഅതോറിറ്റി ഏറ്റെടുത്തു.

പഞ്ചായത്തിലെ ആദ്യത്തെ അധ്യാപനരീതി മറ്റിടങ്ങളിലെപോലെ തന്നെ നിലത്തെഴുത്ത് പഠനം തന്നെയായിരുന്നു. കാരന്തൂർ, കുന്ദമംഗലം, പിലാശ്ശേരി, ചെത്തുകടവ് എന്നിവിടങ്ങളിൽ എഴുത്ത് പള്ളിക്കുടങ്ങൾ ഉണ്ടായിരുന്നു. പട്ടികജാതി വിഭാഗത്തിനുവേണ്ടി കാരന്തൂരിൽ ഒരു പഞ്ചമി സകൂളും മുസ്ലിങ്ങൾക്കുവേണ്ടി പതിമംഗലത്ത് ഒരു മുസ്ലീം ഗേൾസ് സ്കൂളും ഉണ്ടായിരുന്നു. ഈ പഞ്ചായത്തിലെ ആദ്യകാല വിദ്യാലയങ്ങൾ കളരിക്കണ്ടി കുന്ദമംഗലം ഈസ്റ്റ് A.L.P., കൊളായി L.P, പെരുവഴിക്കടവ് L.P എന്നിവയായിരുന്നു.

ഭാരതം സ്വാതന്ത്ര്യത്തിന്റെ പൊൻകിരണങ്ങളേറ്റ് പുളകമണിഞ്ഞപ്പോൾ ഒട്ടും പുറകിലല്ലാതെ ഈ ഗ്രാമവും ആഘോഷത്തിൽ പങ്കുചേർന്നു.

ഭൂസ്വത്തുക്കളിലധികവും ജന്മിമാരുടെ കൈവശമായിരുന്നു. ഭൂപരിഷ്കരണ നിയമം സാധാരണക്കാരനേയും ഭൂമിയുടെ അധിപനാക്കി മാറ്റി.

കുരിക്കത്തുരിൽ നിന്നും മാനിപുരത്തേക്ക് ഒരു റോഡ് ഉണ്ടായിരുന്നു. ഇക്കാലത്ത് കൊടുവള്ളി, മാനിപുരം, ഭാഗങ്ങളിൽ നിന്നും ജനങ്ങൾ സഞ്ചരിച്ചിരുന്നത് ഈ റോഡ് വഴി ആയിരുന്നു. കുന്ദമംഗലത്ത് നിന്നും മുക്കം ഭാഗങ്ങളിലേക്ക് പോകുന്ന വാഹനങ്ങളും ജനങ്ങളും ചങ്ങാടത്തിൽ ആയിരുന്നു ചെത്തുക

ടവിനക്കരെ കടന്നത്. കാളവണ്ടികളായിരുന്നു പഴയ കാലത്ത് സഞ്ചാരത്തിനും ചരക്ക് ഗതാഗതത്തിനും ഉപയോഗിച്ചത്. ക്രമേണ മോട്ടോർ വാഹനങ്ങളുടെ യുഗത്തിലേക്ക് കടന്നപ്പോൾ കുന്ദമംഗലത്ത് ആദ്യമായി ബസ്സോടിച്ചത് CWMS കമ്പനിയായിരുന്നു.

ജനങ്ങൾ പണ്ടു മുതലേ കൃഷിയുമായി ബന്ധപ്പെട്ട വരായിരുന്നു. കൈത്തൊഴിലുകളും പരമ്പരാഗത കുടിൽ വ്യവസായങ്ങളും നിലവിലുണ്ടായിരുന്നു. ഗ്രാമത്തിന്റെ തെക്ക് ഭാഗത്തായി കിടക്കുന്ന കാരന്തൂരിൽ നിന്നായിരുന്നു വയനാടൻ പ്രദേശങ്ങളിലേക്ക് നാളികേരവും, വെളിച്ചെണ്ണയും, പപ്പടവും കയറ്റി അയച്ചിരുന്നത്. പകരം വൻതോതിൽ നെല്ല് ഇങ്ങോട്ട് ഇറക്കുമതി ചെയ്തിരുന്നു.

ആരോഗ്യമേഖലയിൽ നാട്ടുവൈദ്യൻമാർ ഒട്ടനവധി ഉണ്ടായിരുന്നു. വിഷഹാരികളും, ആനചികിത്സാ വൈദ്യന്മാരും, ഇവിടങ്ങളിൽ ആരോഗ്യസേവകരായുണ്ടായിരുന്നു. ഗ്രാമത്തിലെ ആദ്യത്തെ അലോപ്പതി ഡോക്ടർ ശ്രീ. രാഘവൻ നായരായിരുന്നു. ആയോധനകലയായ കളരിയുടെ ഈറ്റില്ലമായിരുന്നു കാരന്തൂർ. അഭിഘാതചികിത്സക്കായി വിദേശത്തു നിന്നും സ്വദേശത്തു നിന്നും ആളുകൾ ഇവിടേക്കെത്തിയിരുന്നുവെന്നത് ശ്രദ്ധാർഹമാണ്.

തപാൽ സൗകര്യം പണ്ടു തന്നെ കുന്ദമംഗലത്തുണ്ടായിരുന്നു. ആദ്യത്തെ തപാലാഫീസ് ചുണ്ടിക്കുളത്തി നടുത്തായിരുന്നു. കുടയും ചൂടി മണിയും കിലുക്കി കടന്നുപോകുന്ന അഞ്ചലോട്ടക്കാരന്റെ രൂപം പഴയ തലമുറയുടെ ഓർമ്മകളിൽ ഇന്നും മായാതെ നില്ക്കുന്നു. ആദ്യമായി ടെലഫോൺ സൗകര്യം ലഭ്യമായതു 1965-66ലാണ്. പോസ്റ്റാഫീസിലായിരുന്നു ആദ്യത്തെ ഫോൺ സൗകര്യം ലഭിച്ചത്.

ജനാധിപത്യ സംവിധാനത്തിന്റെ അടിത്തറകളിലൊന്നായ സഹകരണപ്രസ്ഥാനത്തിന് ഈഗ്രാമത്തിൽ തുടക്കം കുറിച്ചത് കുന്ദമംഗലം PCC സൊസൈറ്റി (കുന്ദമംഗലം പ്രൊഡ്യൂസേഴ്സ്കം കൺസ്യൂമേഴ്സ് കോഓപ്പ്സൊസൈറ്റി) രൂപീകരിച്ചുകൊണ്ടാണ്. 31.7.1946ൽ രജിസ്റ്റർ ചെയ്ത പ്രസ്തുത സംഘം 9.8.1946ൽ പ്രവർത്തനം ആരംഭിക്കുമ്പോൾ പ്രസിഡണ്ട് എം. എ. പരമേശ്വരയ്യരായിരുന്നു.

ആഹ്ലാദവും ആഘോഷങ്ങളും കൊട്ടിയറിച്ചുകൊണ്ട് ചരിത്രത്തിന്റെ ഭാഗമായി കാവുകളിലും അമ്പലങ്ങളിലും ആണ്ടോടാണ്ട് ഉത്സവങ്ങൾ ആഘോഷിച്ചു വന്നു. മത സാമൂഹ്യക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനമായ മർക്കസ്സുസ്സഖാഫത്തി സ്സുന്നിയ്യ ഈ ഗ്രാമപഞ്ചായത്തിലെ കാരന്തൂരിലാണ് സ്ഥിതി ചെയ്യുന്നത്.

## ഭരണചരിത്രം

കുന്ദമംഗലം പഞ്ചായത്ത് നിലവിൽ വന്നത് 1956 ഒക്ടോബർ ഒന്നാം തിയ്യതിയാണ്. കുന്ദമംഗലം ടൗണിനടുത്ത് ഒരു ചെറിയ മുറിയിൽ ഓഫീസ് പ്രവർത്തനമാരംഭിക്കുമ്പോൾ അത് ഈ ഗ്രാമീണ ജനതയുടെ ചിരകാല സ്വപ്നത്തിന്റെ സാക്ഷാത്കാരമായിരുന്നു. ഒരു ക്ലാർക്ക് കബിൽ കലക്ടർ, ഒരു സ്വീപ്പർ എന്നിവരായിരുന്നു ജീവനക്കാർ.

കൈപൊക്കി വോട്ടായിരുന്നു ആദ്യം, സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മണ്ഡലത്തിൽ ഇന്നും നിറഞ്ഞു നിൽക്കുന്ന ശ്രീ. വി. കുട്ടികൃഷ്ണൻ നായരായിരുന്നു ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട്. 1 പി. കെ. കുഞ്ഞഹമ്മദ് 2. പാലത്തിങ്ങൽ അപ്പു, 3. എടത്തിൽ തൊടികയിൽ വി. ഉണ്ണീരിക്കുട്ടി 4.കൊടക്കണ്ടത്തിൽ ഇസ്മാൽക്കുട്ടി, 5.ചോലക്കമണ്ണിൽ മാധവൻ നായർ, 6. തച്ചോറക്കൽ കരിയാത്തൻ, 7. ഇച്ചാറമ്പിൽ കണ്ടൻ, 8. മുല്ലേരി ഗോപാലൻ, 9. കുറ്റിക്കാട്ടിൽ ചാത്തുക്കുട്ടി, 10, പുളിയാറക്കുഴിയിൽ കേലുക്കുട്ടി എന്നിവരായിരുന്നു മററംഗങ്ങൾ.

അക്കാലത്ത് പഞ്ചായത്ത് കോടതി നിലവിലുണ്ടായിരുന്നു. പഞ്ചായത്ത് പ്രസിഡണ്ടായിരുന്നു കോടതിയുടെ പ്രസിഡണ്ട് മറ്റംഗങ്ങൾ കോടതി മെമ്പർമാരുമായിരുന്നു. 200 ക വരെ സലയുളള സിവിൽ കേസുകൾ തീർപ്പ് കൽപ്പിക്കാൻ ഈ കോടതിക്കധികാരമുണ്ടായിരുന്നു.

1962 ജനുവരി ഒന്നാം തിയ്യതി മലബാർ ഡിസ്ട്രിക് ബോർഡ് നിർത്തലാക്കിയതിനെ തുടർന്ന് കാരന്തൂർ, പൈങ്ങോട്ട് പുറം എന്നീ പ്രദേശങ്ങൾ ഈ പഞ്ചായത്തിനോട് ചേർക്കപ്പെട്ടു. 1962ലാണ് എക്സി.ഓഫീസറുടെ തസ്തിക ഇവിടെ നിലവിൽ വന്നത്.

1963ൽ 9വാർഡുകളായി പഞ്ചായത്തിനെ വിഭജിച്ചു തെരഞ്ഞെടുപ്പ് നടത്തി. 1964 ജനുവരി ഒന്നിന് ശ്രീ. പി. കെ. ബാലകൃഷ്ണൻ നായർ പ്രസിഡണ്ടായി പുതിയ ഭരണ സമിതി നിലവിൽ വന്നു. സി. വി. മൊയ്തീൻ ഹാജിയായിരുന്നു വൈസ് പ്രസിഡണ്ട്. മറ്റംഗങ്ങൾ എം. കെ. ശങ്കരനുണ്ണി നായർ, ബി. ശങ്കരൻ, കെ. സി. നായർ, കെ. കണ്ണൻ, പി. കെ. സെയ്ത്, ടി. കെ. കുട്ട്യസ്സൻഹാജി, ശ്രീമതി. വി. കെ. സരോജിനി എന്നിവരായിരുന്നു. നീണ്ട 16 വർഷത്തിലധികം ഭരണം നടത്തുന്നതിന് ഈ ഭരണ സമിതിക്ക് ഭാഗ്യമുണ്ടായി.

1978ൽ വാർഡ് പുനർവിഭജനം നടത്തിയതിനെ തുടർന്ന് 11 വാർഡുകളുണ്ടായി. 1979 സെപ്റ്റംബറിൽ തെരഞ്ഞെടുപ്പ് നടന്നതിനെ തുടർന്നു വന്ന ഭരണ സമിതിയുടെ

പ്രസിഡണ്ടായി ശ്രീ. എൻ. ഇമ്പിച്ചിപെരവൻ ചുമതലയേററു. ശ്രീ. ഖാലിദ് കിളിമുണ്ടയായിരുന്നു വൈസ്പ്രസിഡണ്ട്. ഇവരെ കൂടാതെ ഇ. മുഹമ്മദ്, വി. കുട്ടിക്യഷ്ണൻ നായർ, കെ. സി. മാധവൻ, പള്ളിക്കൽ ക്യഷ്ണൻ മാസ്റ്റർ, കണിയാത്ത് ബാബു, വി. ഉസ്സയിൻകുട്ടി ഹാജി, ടി. പി. ബാലക്യഷ്ണൻ നായർ, പി. ക്യഷ്ണൻ നായർ, കുമാരി പി. കെ. വത്സല എന്നിവരാണ് ഭരണസമിയിലുണ്ടായിരുന്നത്. ഈ ഭരണസമിതി നിലവിരിക്കുമ്പോഴാണ് രജത ജൂബിലിയാഘോഷം നടത്തിയത്.

ശ്രീ. ഇമ്പിച്ചിപെരവൻ രാജിവെച്ചതിനെ തുടർന്ന് 15.12.1982ൽ ശ്രീ. ഖാലിദ് കിളിമണ്ട പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. 31.12.1983 വരെ അദേഹം ആസ്ഥാനത്ത് തുടർന്നു. 15.1.1984ന് ശ്രീ. ടി. പി. ബാലക്യഷ്ണൻ നായർ ഭരണ സമിതിയുടെ അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടു.

1.10.1984 മുതൽ 7.2.1988 വരെയുള്ള കാലഘട്ടത്തിൽ പഞ്ചായത്തിന്റെ ഭരണം സ്പെഷൽ ഓഫീസറായിരുന്നു നടത്തിയത്.

പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ 3ാം വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എം. കെ. ശങ്കരനുണ്ണിനായർ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. എം. കെ. മാമുവായിരുന്നു വൈസ്പ്രസിഡണ്ട്. ഇവർക്ക് പുറമെ (1) ശ്രീമതി. ടി. ദേവി (2) ശ്രീ. പി. പെരച്ചൻ മാസ്റ്റർ (3) ശ്രീ. എ. ബാലറാം (4) ഖാലിദ് കിളിമുണ്ട (5) ശ്രീ. വി. വാസു (6) ശ്രീമതി. എ. പി. സഫിയ (7) ശ്രീ. കെ. ദേവാനന്ദൻ (8) ടി. പി. ബാലകൃഷ്ണൻ നായർ (9) ശ്രീ. ഒ. പി. വാസു (10) ശ്രീ. ടി. എ. കുട്ട്യസ്സൻ ഹാജി എന്നിവർ പഞ്ചായത്ത് ബോർഡംഗങ്ങളായിരുന്നു. ഇടക്കാലത്ത് ഭരണമാറ്റത്തെ തുടർന്നു ശ്രീ ഖാലിദ്കിളിമുണ്ട പ്രസിഡണ്ടായും ശ്രീ. ഒ. പി. വാസു വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു.

അധികാരം ജനങ്ങളിലേക്ക് കൈമാറുന്നതിനായുള്ള 73,74 ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് നിയമപ്രകാരം നടത്തിയ ആദ്യത്തെ തെരഞ്ഞെടുപ്പിൽ നിലവിലുള്ള ഇപ്പോഴത്തെ 14 അംഗഭരണസമിതി 1995 ഒക്ടോബർ 2ന് ശ്രീ. കെ. പി. ചന്ദ്രന്റെ നേതൃത്വത്തിൽ ഭരണമേറ്റെടുത്തു, ശ്രീ. കെ. പി. കോയ വൈസ് പ്രസിഡണ്ടായും ശ്രീ. ഖാലിദ് കിളിമുണ്ട സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാനായും തെരഞ്ഞെടുക്കപ്പെട്ടു. ഇവരെ കൂടാതെ (1) സി. അബ്ദുൾ ഗഫൂർ (2) ശ്രീമതി. ടി. കെ. സീനത്ത് (3) ശ്രീ. ഒ. ഉസ്സയിൻ (4) ശ്രീമതി. എ. പി. സഫിയ (5) ശ്രീ. ഒ. പി. വാസു (6) എം. സുജനകുമാരി (7) മറുവാട് മാധവൻ (8) ശ്രീ. യു. സി. രാമൻ (9) ശ്രീമതി. കെ. രാധ ടീച്ചർ (10) ശ്രീ. അയനാംതൊടി രാജൻ (11) ശ്രീമതി. പി. വിജയലക്ഷ്മി എന്നിവരാണ് നിലവിലുള്ള ഭരണ സമിതി അംഗങ്ങൾ പഞ്ചായത്ത് സെക്രട്ടറിയടക്കം 16 ജീവനക്കാരാണ് ഇപ്പോഴുള്ളത്.

റവന്യുവകുപ്പിന്റെ കൈവശത്തിൽ നിന്നും ലഭിച്ച 50സെന്റ് സ്ഥലത്ത് 1964ൽ തന്നെ പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിച്ചിരുന്നു. 1981 ജനുവരി 1ന് പഞ്ചായത്ത് സ്പെഷൽഗ്രേഡ് പഞ്ചായത്തായി ഉയർത്തപ്പെട്ടു. ഭരണ സൗകര്യത്തിനായി ഓഫീസ് ഇപ്പോൾ ഷോപ്പിംഗ് കോപ്ലക്സ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

പല രംഗത്തും രാഷ്ട്രീയമായ ഏററുമുട്ടലുകൾ ഉണ്ടാകുമ്പോഴും വികസനാദി മേഖലകളിൽ പൊതു പങ്കാളിത്തം ഉണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിന്റെ മുൻകാലചരിത്രത്തിൽ ത്യാഗോജ്ജ്വലവും സൗഹാർദ്ദപരവുമായ ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ചവെച്ച മഹാരഥന്മാരായ പൊതുപ്രവർത്തകരുടെ പാതയിൽ മുന്നേറി, നാടിന്റെ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള ചരിത്രപരമായ കടമ നിറവേറ്റാൻ പുത്തൻ തലമുറ സന്നദ്ധമാവേണ്ടതുണ്ട്.



# ഭൂപ്രകൃതി

കോഴിക്കോട് കോർപ്പറേഷനോട് തൊട്ട് അറബിക്കടലിൽനിന്നും 13 കി.മീ. കിഴക്ക് മലകളും സമതലങ്ങളും വയലുകളും ഇടതിങ്ങി വൈവിധ്യമാർന്ന് ഭൂപ്രകൃതിയോടുകൂടിയ പ്രദേശമാണ് കുന്ദമംഗലം പഞ്ചായത്ത്. ഇതിന്റെ വിസ്തീർണം 27. 23 ച.കി.മീ ആണ്.

വയനാട് ചുരത്തിലേക്കും നാടുകാണിച്ചുരത്തിലേക്കും വഴി പിരിയുന്നത് ഇവിടെവച്ചാണ്. കോഴിക്കോട് കഴിഞ്ഞാൽ വയനാട് റോഡിലെ ഒരു പ്രധാന അങ്ങാടിയാണിത്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിനോദസഞ്ചാരികളും തീർത്ഥാടകരും വാഹനത്തൊഴിലാളികളും ഇവിടുത്തെ കച്ചവടത്തെ ചെറിയൊരളവോളം സ്വാധീനിക്കുന്നുണ്ട്.

മാവുകൾ കൂട്ടമായി വളർന്നിരുന്നതുകൊണ്ട് ഈ പ്രദേശം മാക്കൂട്ടം എന്നറിയപ്പെട്ടിരുന്നു.

കിഴക്ക് ചെറുപുഴയും പടിഞ്ഞാറ് പൂനൂർപുഴയും വടക്ക് കൊടുവള്ളി പഞ്ചായത്തിനോട് തൊട്ട് വള്ളിയാട്ടുമ്മൽ, വെള്ളാരംചാൽ മലനിരകളും തെക്ക് കോർപ്പറേഷൻ അതിരുകളോടടുത്ത കരിമ്പനക്കൽ, CWRDM കുന്നുകളുമാണ് ഇതിന്റെ അതിരുകൾ.

ഈ പഞ്ചായത്തിൽ ഉൾപ്പെട്ട 12-ാം വാർഡ് മറ്റു പ്രദേശങ്ങളിൽനിന്നും ഭൂമിശാസ്ത്രപരമായി വേറിട്ടുനിൽക്കുന്നു. ഇവയെ ബന്ധിപ്പിക്കുന്നത് കുന്ദമംഗലം-കുറ്റിക്കാട്ടൂർ MLA റോഡും കോട്ടാംപറമ്പ് റോഡുമാണ്. ചെറുപുഴയും പൂനൂർപുഴയും ഈ പഞ്ചായത്തിന്റെ അതിർത്തിപ്രദേശങ്ങളെ ഫലഭൂയിഷ്ടമാക്കുന്നു. കുന്ദമംഗലം എന്ന പേരിനെ അന്വർത്ഥമാക്കുംവിധം 40-ഓളം കുന്നുകൾ ഈ പഞ്ചായത്തിലുണ്ട്.

ഭൂപ്രകൃതിയനുസരിച്ച് കുന്ദമംഗലത്തെ അഞ്ചായിതിരിക്കാം

1. ഉയർന്ന പ്രദേശം
2. ചരിവുകൾ
3. സമതലം
4. വയൽ
5. പുഴയോരം

നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ 25 മീറ്ററിന് താഴെ 25 മുതൽ 165 മീറ്റർ വരെ എന്നിങ്ങനെ രണ്ടായി തരംതിരിക്കാം. ഏറ്റവും ഉയരം കൂടിയ ഭാഗം കൂടത്താൽ മലയാണ്. പഞ്ചായത്തിന്റെ വടക്കുഭാഗം മറ്റുഭാഗങ്ങളെ അപേക്ഷിച്ച് ഉയർന്നതാണ്.

## മൺതരങ്ങൾ

ഇവിടെ പ്രധാനമായി പശിമരാശിമണ്ണ്, ചെങ്കൽ മണ്ണ് എന്നീ മൺതരങ്ങളാണ് കാണപ്പെടുന്നത്.

ഉപരിതലമൺതരങ്ങളുടെ വിസ്തൃതി പട്ടികയിൽ ചേർക്കുന്നു.

## ഭൂവിനിയോഗം

പഞ്ചായത്തിൽ കൂടുതൽ സ്ഥലങ്ങളിൽ തെങ്ങ് കൃഷിചെയ്യുന്നു. മധ്യഭാഗത്തും പടിഞ്ഞാ

## കുന്ദമംഗലം ഗ്രാമപഞ്ചായത്ത് ഭൂപ്രകൃതി



റ്ഭാഗത്തുമാണ് കൂടുതൽ തെങ്ങുള്ളത്. നെൽകൃഷി വടക്കുപടിഞ്ഞാറുഭാഗത്തും കിഴക്കു വശത്തും കൂടുതലായുണ്ട്. ഇടവിളകളും പച്ചക്കറി കൃഷികളും പൊതുവെ കുറഞ്ഞുവരുന്നു. റബ്ബർ കൃഷിയും കുരുമുളക് കൃഷിയും നാമമാത്രമാണ്. മാവ്, പിലാവ്, കവുങ്ങ്, എന്നീ ഫലവൃക്ഷങ്ങൾ സമതലങ്ങളിൽ കാണപ്പെടുന്നു. പച്ചക്കറികൃഷി അല്പമെങ്കിലും നടക്കുന്നത് പഞ്ചായത്തിന്റെ കിഴക്കുഭാഗത്താണ്. വയൽപ്രദേശങ്ങളിൽ വാഴ ധാരാളമായി കൃഷിചെയ്യുന്നു. കാലിവളർത്തലും കോഴി വളർത്തലും കുറഞ്ഞുവരുന്നതായി കാണുന്നു.

## കാലാവസ്ഥ

പഞ്ചായത്തിലെ ശരാശരി മഴ 3386 മി.മീ. ആണ്. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലായ് മാസങ്ങളിലും ഏററവും കുറവ് മാർച്ച്, ഏപ്രിൽ മാസങ്ങളിലുമാണ്. വടക്കുകിഴക്കൻ മൺസൂൺ അല്പം വൈകിയാണ് രണ്ട് വർഷങ്ങളിലായി നമ്മുടെ പഞ്ചായത്തിൽ എത്തുന്നത്. തെക്കുപടിഞ്ഞാറൻ മൺസൂൺ ഓക്ടോബർ, നവംബർ മാസങ്ങളിൽ ലഭിക്കുന്നു. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി ഈ മൺസൂണിന്റെ കുറവ് അനുഭവപ്പെടുന്നു.

## ജലപ്രകൃതി

പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്ന രണ്ടുപുഴകളും അറബിക്കടലിൽ ചേരുന്നു. പുഴകളെ പോഷിപ്പിക്കുന്ന 7 തോടുകളും 18 കുളങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. തോടുകളുടെ മൊത്തം നീളം 18.5 കി.മീ. ആണ്. എല്ലാ കുളങ്ങളിലും ശുദ്ധ ജലം ലഭിക്കുന്നു. പഞ്ചായത്തിൽ ജലക്ഷാമം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ്. ജലലഭ്യതയുള്ള പ്രദേശം മൊത്തം ഏരിയയിൽ 8.44 ച.കി.മീ. ആണ്. കുന്നിൻഭാഗങ്ങളിൽ ജലലഭ്യത കുറവാണ്. ഭൂഗർഭജലത്തിന്റെ തോത് കുറഞ്ഞുവരുന്നതായും കാണുന്നു.

## ജനപ്രകൃതി

പഞ്ചായത്തിലെ ജനസംഖ്യ 40188 ആണ്. സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാർ കൂടുതലാണ്. പഞ്ചായത്തിൽ 7264 വീടുകളുണ്ട്. ഒരു വീട്ടിൽ ശരാശരി 5 ആളുകൾ താമസിക്കുന്നു. ജനസാന്ദ്രത 1473 ആണ്. ആറു വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 3301-ഉം 60 വയസ്സിനു മുകളിൽ പ്രായമുള്ളവർ 1120-ഉം ആണ്. ആകെ ജനസംഖ്യയിൽ 10.25% പട്ടികജാതിയും പട്ടികവർഗ്ഗവുമാണ്. ജനസംഖ്യയിലെ 92% ആളുകൾ സാക്ഷരർ ആണ്. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ എണ്ണവും കുറവല്ല. തൊഴിലില്ലാത്തവരുടെ എണ്ണം 31734. ഇതിൽ പുരുഷന്മാർ 19222-ഉം സ്ത്രീകൾ 12512-ഉം ആണ്. ജനങ്ങളിൽ കൂടുതലും കൃഷിയുമായി ബന്ധപ്പെട്ട തൊഴിൽ ചെയ്യുന്നു. ജനവാസം കൂടുതലുള്ളത് പുഴയോരങ്ങളിലും സമതലങ്ങളിലുമാണ്.

പണ്ട് നിലനിന്നിരുന്ന ജാതി, ഉച്ചനീചത്വങ്ങൾ നവോത്ഥാനപ്രസ്ഥാനങ്ങളിലൂടെ ഇല്ലാതായി. കുടിയേറ്റക്കാരായ 800-ഓളം തമിഴർ പഞ്ചായത്തിലുണ്ട്.

ജനസാന്ദ്രത കൂടുവാനുള്ള പ്രധാനകാരണം അനുകൂലമായ കാലാവസ്ഥയും സാംസ്കാരികമായ ഔന്നത്യവും നഗരത്തിനോടടുത്ത കിടപ്പും മെച്ചപ്പെട്ട ഗതാഗതമാർക്കറ്റിംഗ് സൗകര്യങ്ങളുമാണ് എന്ന് കണക്കാക്കാം.

○○



### ഭൂപ്രകൃതി മേഖല

പട്ടിക 1

| ഭൂപ്രകൃതി മേഖല | വിസ്തീർണ്ണം (ച.കി.മീ.) | ശതമാനം |
|---|---|---|
| ഉയർന്നപ്രദേശം | 5.01 | 18.42 |
| ചരിവ് | 4.17 | 15.29 |
| സമതലം | 14.25 | 52.35 |
| വയൽ പ്രദേശം | 2.58 | 9.46 |
| പുഴയോരം | 1.22 | 4.48 |
| ആകെ | 27.23 | 100 |

പട്ടിക 2

### മൺ തരങ്ങൾ

| നമ്പർ | ഇനം | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | ചെങ്കൽ മണ്ണ് | 23.15ച.കി.മീ | 85 |
| 2 | പശിമരാശി മണ്ണ് | 4.68 ച.കി.മീ | 15 |

### 1990 മുതൽ 1996 വരെ ഗ്രാമപഞ്ചായത്തിലെ വർഷപാതത്തിന്റെ വിവരം

യൂണിറ്റ് എം.എം.

| YEAR | JAN | FEB | MAR | APRIL | MAY | JUNE | JULY | AUG | SEP | OCT | NOV | DEC |
|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | 11.O | 0 | 0 | 0 | 592.9 | 537.9 | 705.1 | 331.1 | 77.3 | 356.1 | 112.8 | 0 |
| 1991 | 0 | 0 | 3.4 | 61.6 | 34.2 | 1002.9 | 1001.1 | 593.9 | 14.7 | 336.7 | 91.8 | 0 |
| 1992 | 0 | 0 | 0 | 19.0 | 161.4 | 918.9 | 895.5 | 592.6 | 244.6 | 349.0 | 195.5 | 0 |
| 1993 | 0 | 0 | 0 | 16.4 | 210.3 | 737.6 | 836.4 | 352.4 | 52.5 | 307.8 | 104.8 | 65.2 |
| 1994 | 0 | 0 | 0 | 138.7 | 109.0 | 1035.3 | 1343.0 | 484.5 | 200.6 | 432.8 | 71.2 | 8.6 |
| 1995 | 1.6 | 0 | 10.8 | 59.8 | 198.7 | 717.4 | 716.0 | 463.4 | 267.8 | 168.5 | 112.6 | 0 |
| 1996 | 0 | 1.0 | 47.6 | 32.8 | 64.2 | 719.8 | 723.6 | 339.6 | 381.4 | 289.8 | 20.2 | |



# കൃഷിയും ജലസേചനവും

കുന്ദമംഗലം പഞ്ചായത്ത് പണ്ടുമുതൽക്കേ കൃഷിയെ ആശ്രയിച്ച് പോന്നിരുന്നതാണ്. കുന്നിൻപ്രദേശങ്ങളും അവയുടെ താഴ്‌വരകളും അടങ്ങുന്നതാണ് ഈ ഗ്രാമം.

പ്രധാനമായും രണ്ട് മൺതരങ്ങളാണ് കാണുന്നത്. ചെങ്കൽ മണ്ണ്, പശിമരാശി മണ്ണ്.

മുഖ്യകൃഷികൾ നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക് മുതലായവയാണ്. പണ്ട്കാലത്ത് ജനങ്ങളുടെ മുഖ്യ ജീവിതോപാധി കൃഷിയായിരുന്നു. ഭൂരിഭാഗം ഭൂഉടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ഇതുസംബന്ധിച്ച് വാർഡു തിരിച്ച വിവരം പട്ടിക 1ൽകൊടുക്കുന്നു. 1ഹെക്ടറിൽ താഴെ ഭൂമി കൈവശമുള്ള കുടുംബങ്ങളുടെ എണ്ണം 90% ത്തോളം വരും.

ആകെ ഭൂവിസ്തൃതിയുടെ 21 ശതമാനവും മുമ്പ് നെൽകൃഷിക്കായിരുന്നു ഉപയോഗിച്ചിരുന്നത്. എന്നാൽ 1995 ആകുമ്പോഴേക്കും ഇത് 10% മായി കുറഞ്ഞു നെൽപാടങ്ങൾ കവുങ്ങിൻ തോപ്പുകളും, തെങ്ങിൻ തോപ്പുകളും പുരയിടങ്ങളുമായി മാറി. ഈ പ്രക്രിയയുടെ തുടക്കം 1950ൽ തുടങ്ങി 1970 ഓടെ ദ്രുതഗതിയിലായി.

ഈ പഞ്ചായത്തിലുൾപ്പെടുന്ന ഭൂമിയുടെ അവകാശം 5 ഓളം ജന്മിമാരുടെയും അവരുമയി ബന്ധപ്പെട്ട ദേവസ്വങ്ങളുടെയും അധീനതിയിലായിരുന്നു. പാട്ടവ്യവസ്ഥയിലായിരുന്നു അധികവും ജന്മികുടുംബങ്ങളിൽ പ്രമുഖർ ഒഴയാടി ഇല്ലം, കാരന്തൂർ ഇല്ലം, കൊളായി മന്നത്തൂർ, ചെമ്പകശ്ശേരി ഇല്ലം, പുല്ലങ്ങോട്ട് ഇല്ലം, എന്നിവയായിരുന്നു. സ്ഥിരം വിളകൾ കൃഷിചെയ്യാൻ കുടിയാന്മാരെ അനുവദിച്ചിരുന്നില്ല. രണ്ടാംവിള കഴിഞ്ഞാൽ കന്നുകാലികളെ മേയ്ക്കാൻ വിട്ടിരുന്നു.

1960 മുതൽ 71 വരെ നിലവിൽ വന്ന ഭൂപരിഷ്കരണ നിയമങ്ങളുടെ ഫലമായി കുടിയാന്മാർ കൈവശഭൂമിയുടെ അവകാശികളായിതീർന്നു. ഈ കാലയളവിൽ നാണ്യവിളകൾക്ക് മെച്ചപ്പെട്ട വില കട്ടിയിരുന്നു. ഇതുകാരണം പാടങ്ങൾ നിരത്തി നാണ്യവിളകൾ കൃഷിചെയ്യാൻ തുടങ്ങി. കൂടാത പുരയിടങ്ങളും മറ്റു സ്ഥാപനങ്ങളും പാടങ്ങൾ നിരത്തി ഉയർന്നുവരാൻ തുടങ്ങി. ഈ പ്രവണതയ്ക്ക് നിയന്ത്രണം ഉണ്ടായില്ലെങ്കിൽ അത് പരിസ്ഥിതിയേയും നെൽകൃഷിയെ പ്രത്യേകിച്ചും ദോഷകരമായി ബാധിക്കും. പഞ്ചായത്തിലെ ഭൂമി സംബന്ധിച്ച വിവരങ്ങൾ പട്ടികയായി കൊടുക്കുന്നു.

നെൽപാടങ്ങൾ നികത്തിയത് പച്ചക്കറികൃഷിയെ ഗണ്യമായി ബാധിച്ചിട്ടുണ്ട്. നെല്ല്, വാഴ, പച്ചക്കറി എന്നിവയായിരുന്നു പാടങ്ങളിലെ വിളക്രമം. പാടങ്ങൾ കുറഞ്ഞതോടെ പച്ചക്കറി കൃഷികളിൽ കാര്യമായ കുറവ് വന്നു. ഇതുകാരണം പച്ചക്കറി ഉല്പന്നങ്ങളുടെ ഇറക്കുമതി വൻതോതിൽ വർദ്ധിച്ചു. 0.4 ശതമാനം സ്ഥലത്തുമാത്രമേ പയറും പച്ചക്കറികളും കൃഷിചെയ്യുന്നുള്ളൂ.

പുരയിടകൃഷിയിലും കാര്യമായ മാറ്റം വന്നിട്ടുണ്ട്. മുമ്പ് പുരയിടങ്ങളിൽ തെങ്ങ്, കുരുമുളക്, മാവ്, പ്ലാവ് മുതലായവ കൃഷിചെയ്തിരുന്നു. ഇട വിളകളായി ചേമ്പ്, ചേന, വാഴ, പലതരം പച്ചക്കറി

കൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയും കൃഷി ചെയ്തിരുന്നു. കൃഷി തെങ്ങും കവുങ്ങുമായി ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. 1,2,5,6,12,14,8 വാർഡുകളിൽ ചെറിയ തോതിൽ റബ്ബർ കൃഷി തുടങ്ങിയിട്ടുണ്ട്. കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നുള്ള മാറ്റം കാർഷികമേഖലയെ ബാധിച്ചിട്ടുണ്ട്. ജനസംഖ്യാ വർദ്ധനവും കാർഷിക മേഖലയെ സ്വാധീനിച്ച മറ്റൊരു ഘടകമാണ്. കോഴിക്കോട് കോർപ്പറേഷന്റെ സമീപസ്ഥ പഞ്ചായത്ത് ആയതുകൊണ്ടും ഭൂമിക്ക് താരതമ്യേന വിലക്കുറവ് ആയതുകൊണ്ടും പട്ടണ പ്രദേശങ്ങളിൽ നിന്ന് ജനങ്ങളുടെ പ്രവാഹം പഞ്ചായത്തിലേക്ക് കൂടിവരുന്നുണ്ട്.

അശാസ്ത്രീയമായ റോഡ് നിർമ്മാണം കൊണ്ട് നിലവിലുണ്ടായിരുന്ന പല തോടുകളും നികന്നു. ഇതിന്റെ ഫലമായി നീർക്കെട്ടും പല തരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. കൂടതെ ഉൽപാദനക്ഷമതയേയും ഇതു ബാധിച്ചിട്ടുണ്ട്.

കുളങ്ങൾ തോടുകൾ മുതലായ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള സാമൂഹ്യ സംവിധാനം ഇപ്പോൾ ഇല്ലാതായി. ബണ്ടുകൾ ഇടിഞ്ഞും കാടും പടലും പിടിച്ച് തോടുകളുടെ ജലപ്രവാഹത്തിന് തടസ്സമുണ്ടായതും നീർക്കെട്ടിനുള്ള മറ്റൊരു കാരണമാണ്.

നാമമാത്ര ഭൂഉടമസ്ഥരുടെ മുൻതൂക്കം മൂലം കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം വർദ്ധിച്ചു. ഇത് ശാസ്ത്രീയമായ കാർഷികമുറകൾ നടപ്പാക്കുന്നുതിന് വിഘാതമായി തീർന്നു.

അശാസ്ത്രീയമായ കൃഷിരീതികൾ കൊണ്ടും തുണ്ടുവൽക്കരണം കൊണ്ടും മുഖ്യവിളകളായ തെങ്ങിന്റെയും നെല്ലിന്റെയും ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും ഇടിവ് സംഭവിച്ചിട്ടുണ്ട്. തെങ്ങുകളിൽ ശരാശരി ഉൽപ്പാദനക്ഷമത 30 ആണ്. നെല്ലിന്റെ ശരാശരി ഉൽപ്പാദനക്ഷമത ഒരു ഏക്രയ്ക്ക് 980 കി.ഗ്രാം (10 മേനി) ആണ്.

ഭൂരിഭാഗം കർഷകരുടേയും കാർഷിക വരുമാനം വളരെ തുച്ഛമാണ്. 1 ശതമാനത്തോളം ഭൂവുടമസ്ഥർക്ക് മാത്രമാണ് വരുമാനത്തിന്റ മുഴുവൻ ഭാഗവും കൃഷിയിൽനിന്ന് ലഭിക്കുന്നത്. 5 ശതമാനത്തോളം പേർക്ക് മാത്രമാണ് വരുമാനത്തിന്റെ പകുതിയെങ്കിലും കൃഷിയിൽ നിന്നും ലഭിക്കുന്നത്. കൃഷി മുഖ്യ വരുമാന മാർഗ്ഗമല്ലാത്തത് കൊണ്ട് പലരും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിൽ തൽപ്പരരല്ല.

കർഷകതൊഴിലാഴികളേയും തെങ്ങു കയറ്റതൊഴിലാളികളെയും കിട്ടാനുള്ള ബുദ്ധിമുട്ടാണ് മറ്റൊരു പ്രശ്നം. ആധുനിക വിദ്യഭ്യാസം വ്യപിച്ചതോടെ യുവതലമുറക്കാർ കൃഷിപ്പണിയിൽ നിന്നും പിൻവാങ്ങി.

നിർമ്മാണത്തൊഴിൽ രംഗമാണ് കൂടുതൽ ഇഷ്ടപ്പെടുന്നത് തൊഴിൽ സുരക്ഷിതത്വവും സാമൂഹിക മാന്യതയും ആണ് അവരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നത്. ഇതിന്റെ ഫലമായി കർഷകത്തൊഴിലാളികളുടെ കൂലി വർദ്ധിക്കുകയും അവർക്ക് ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. സ്ത്രീകൾക്ക് 50 മുതൽ 60 രൂപയും പുരുഷന്മാർക്ക് 100 മുതൽ 110 രൂപയുമാണ് കൂലിനിരക്ക്.

ഉൽപാദനക്ഷമത കുറയാനുള്ള മറ്റൊരു കാരണം ഗുണമേന്മയുള്ളതും അത്യുൽപ്പാദനശേഷിയുള്ളതുമായ നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവാണ്. ഇവ ഉപയോഗിക്കുന്നതിലുള്ള താല്പര്യക്കുറവും ഒരു കാരണമാണ്. ശാസ്ത്രീയമായ വിത്തുശേഖരണരീതിയും പലരും ഉപയോഗിക്കുന്നില്ല.

ശാസ്ത്രീയമായ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വിളയിറക്കാനും വളപ്രയോഗം നടത്താനുമുള്ള സംവിധാനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ നിലവിൽ വന്നിട്ടില്ല. കാലിസമ്പത്ത് ശേഷിച്ചതോടെ ജൈവവവളപ്രയോഗവും കുറഞ്ഞു വരുന്നു. പച്ചില വളങ്ങൾക്കും ക്ഷാമം അനുഭവപ്പെടുന്നു.

വിദഗ്ദ്ധ തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥ ഉണ്ടെങ്കിലും ഈ രംഗത്ത് യന്ത്രോപകരണങ്ങളുടെ ഉപയോഗം അതിനനുസരിച്ച് വർദ്ധിച്ചിട്ടില്ല. പഞ്ചായത്തിൽ 3 തെങ്ങുകയറ്റ യന്ത്രങ്ങളുണ്ട്. ഒരു പവർ സ്പെയറും രണ്ട് മെതിയന്ത്രങ്ങളും ഉണ്ട്. കൂടാതെ 38 നാപ് സ്റ്റാക്ക് സ്പെയർ, 16 റോക്ക് സ്പെയർ, ടില്ലർ എന്നിവയും ഉണ്ട്. 41 പമ്പ്സെറ്റുകളും പ്രവർത്തിക്കുന്നു.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2723 ഹെക്ടർ ആണ്. ഇത് ഉയർന്ന കുന്നിൻപ്രദേശം, കുന്നിൻ ചെരിവുകൾ, താഴ്വരകൾ എന്നിങ്ങനെയാണ് കാണപ്പെടുന്നത്.

## നെൽകൃഷി

നെൽകൃഷിയുടെ ഉപയോഗത്തിന് നാടൻ വിത്തിനങ്ങളേക്കാൾ സങ്കരയിനങ്ങളാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കൃഷിഭവനിലൂടെയാണ് സങ്കരയിനങ്ങളേറെയും വിതരണം ചെയ്യുന്നത്. വിള പരിവർത്തനരീതികൾ മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്നത് ഇപ്പോൾ പ്രയോഗത്തിലില്ല. നെൽകൃഷിയായത് ശേഷം വയലുകൾ പലപ്പോഴും തരിശി

ടുകയാണ്. പ്രധാനമായി ഉപയോഗിക്കുന്ന വിത്തിനങ്ങൾ ജ്യോതി, പവിഴം, കൾച്ചർ എന്നിവയാണ്. നാടൻ വിത്തിനങ്ങളും ചില പ്രദേശങ്ങളിൽ ഉപയോഗിക്കുന്നുണ്ട്.

തെങ്ങിന്റെ ഉൽപാദനക്ഷമതയെ ബാധിക്കുന്ന ഒരു പ്രധാന ഘടകം അശാസ്ത്രീയമായ കൃഷിരീതിയാണ്. വൃക്ഷസാന്ദ്രത കൂടുന്നതിനനുസരിച്ച് ഉൽപ്പാദനക്ഷമത കുറയുന്നു. ഇടവിളകൃഷി ഇല്ലാത്തത് മറ്റൊരു കാരണമാണ്. ശരാശരി ഒരേക്രിയയിൽ 90 തെങ്ങുകൾ ആണ് നിലവിൽ ഉള്ളത്. തെങ്ങുവെച്ച പലപാടങ്ങളിലും നീർക്കെട്ടുകൊണ്ട് ഉൽപാദനം കുറഞ്ഞ് വരുന്നു.

## വളം കീടനാശിനികൾ

1993-മുതൽ 1996 വരെ വിതരണം ചെയ്ത വളത്തിന്റെയും കീടനാശിനികളുടെയും കണക്കുകൾ പട്ടിക 12ൽ കൊടുക്കുന്നു.

## കാർഷിക വായ്പ

രണ്ട് സഹകരണ സ്ഥാപനങ്ങളടക്കം 4 ബാങ്കുകളാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. കാർഷിക മേഖലയിലേക്കുള്ള വായ്പത്തോത് കുറഞ്ഞ് വരുന്നതായിട്ടാണ് കാണുന്നത്.

## ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. രണ്ട് ഘട്ടങ്ങളായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന തെക്ക് പടിഞ്ഞാറൻ കാലവർഷവും, സെപ്തംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവും.

## തോടുകൾ, കുളങ്ങൾ, പുഴകൾ

അശാസ്ത്രീയമായ റോഡ് നിർമ്മാണത്തിന്റെ ഫലമായി മുമ്പ് ജലസേചനത്തിന് ഉപകരിച്ചിരുന്ന പലതോടുകളം നികന്നു പോയിട്ടുണ്ട്. ചില സ്ഥലത്ത് ചീർപ്പുകൾ ഉണ്ടെങ്കിലും ഒന്നും പ്രവർത്തന ക്ഷമമല്ല.

കുളങ്ങൾ ഭാഗികമായി മാത്രം ജലസേചനാവശ്യത്തിനായി ഉപയോഗിക്കുന്നു. പല കുളങ്ങളും സ്വകാര്യ വ്യക്തികളുടേതാണ്. കുഴൽ കിണറുകൾ കുടിവെള്ളത്തനായിട്ടാണ് ഉപയോഗിക്കുന്നത്. കുളങ്ങൾ പലതും വേനൽക്കാലങ്ങളിൽ വറ്റുന്നവയാണ്. 9,10,11,12 വാർഡുകളിലുള്ള ചില കുളങ്ങൾ തീരെ വറ്റാത്തവയാണ്.

പൂനൂർ പുഴയും ചെറുപുഴയുമാണ് പഞ്ചായത്തിന്റെ അതിർത്തി നിർണ്ണയിച്ചുകൊണ്ടൊഴുകുന്ന രണ്ട് പുഴകൾ. അപൂർവ്വം ചില സ്വകാര്യ വ്യക്തികൾ ജലസേചനത്തിനായി പുഴകളെ ഉപയോഗപ്പെടുത്തുന്നുണ്ട്. (പ്രധാനമായും ചെറുപുഴയെ)

## മണ്ണ് ജല സംരക്ഷണം

രണ്ട് പുഴകളുടെയും കരകൾ സംരക്ഷിക്കുന്നതിനായി കാര്യമായ പദ്ധതികളൊന്നും നിലവിൽ വന്നിട്ടില്ല. പണ്ടു കാലങ്ങളിൽ കുന്നിൻ ചരിവുകളിലുള്ള പറമ്പുകളിലും മറ്റും കയ്യാല കെട്ടി മണ്ണും ജലവും സംരക്ഷിച്ചിരുന്നു. ഇന്ന് ഈ കാര്യത്തിൽ ആരും തൽപരരാവുന്നില്ല.

## നഴ്സറികൾ

ഒരു സ്വകാര്യ വ്യക്തി നടത്തുന്ന ഒരു ചെറിയ നഴ്സറി മാത്രമേ പഞ്ചായത്തിൽ നിലവിലുള്ളൂ. പൂച്ചെടികളും മറ്റും വിതരണം ചെയ്യുന്ന മറ്റൊരു നഴ്സറിയുമുണ്ട്.

## കൃഷിഭവൻ

1987-ൽ ആണ് കൃഷിഭവൻ നിലവിൽ വന്നത്.

## പ്രശ്നങ്ങൾ

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും പഠന പര്യടനങ്ങളുടെയും അടിസ്ഥാനത്തിൽ കാർഷികരംഗത്ത് ഉയർന്ന് വന്നിട്ടുള്ള പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. ജലസേചന സൗകര്യമില്ലായ്മ നെല്ല്, തെങ്ങ്, പച്ചക്കറികൾ എന്നീ കൃഷികളെ കാര്യമായി ബാധിക്കുന്നു.
2. ജലസേചനത്തിനായി മൈനർ ഇറിഗേഷൻ സെക്ഷനിൽ നിന്ന് ലഭിച്ച സഹായത്താൽ പൂർത്തീകരിച്ച ഒരു ജലധാര പദ്ധതിയും പൂർത്തീകരിക്കാത്ത ഒരു പദ്ധതിയും ഉണ്ട്. ഇതുകൊണ്ട് ജലസേചന ആവശ്യങ്ങൾ നടത്താൻ സാധിക്കുന്നില്ല. മഴക്കാലത്ത് വെള്ളം ഒഴിഞ്ഞു പോകാൻ മാത്രമേ ഇത് ഉപകരിക്കുന്നുള്ളൂ. നടപ്പിലാക്കിയ മറ്റ് ജലസേചന പദ്ധതികൾ കൊണ്ടും കൃഷിക്കാർക്ക് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. നിലവിലുള്ള വിവിധ ജലസ്രോതസ്സുകൾ (തോടുകളും കുളങ്ങളും മറ്റും) പുനരുദ്ധരിച്ച് ജലസേനത്തിനായി ഉപയോഗിക്കുന്നില്ല.
3. നെൽകൃഷി പ്രായേണ നഷ്ടമാണ്. തുണ്ടുഭൂ

മിയിലെ കൃഷി വൻ നഷ്ടമാണ്. സംഘകൃഷി യുടെ അഭാവം.

4. ശാസ്ത്രീയമായി മണ്ണുപരിശോധിച്ച് വിളയിറ ക്കുന്നതിനും വളപ്രയോഗത്തിനും സംവിധാ നങ്ങൾ ഇല്ലായ്മ.
5. ഗുണമേന്മയുള്ളതും അത്യുൽപാദനശേഷിയു ള്ളതുമായ നടീൽ വസ്തുക്കൾ വേണ്ടത്ര ലഭി ക്കായ്ക. ശാസ്ത്രീയമായ വിത്തുശേഖരണ രീതിയുടെ അഭാവം.
6. കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനത്തിലും ഉൽപാദന ക്ഷമതയിലും ഉള്ള കുറവ്.
7. ജൈവ വളങ്ങളുടെ ഉപയോഗത്തിൽ വന്ന കുറവ്.
8. തെങ്ങുകൃഷിക്ക് ജലസേചനം ചെയ്യുന്നതി നുള്ള അശ്രദ്ധയും സൗകര്യമില്ലായ്മയും പറ മ്പുകളിലെ ഇടവിളകൃഷികളിൽ വന്ന കുറവ്.
9. മുമ്പ് വ്യാപകമായുണ്ടായിരുന്ന പച്ചക്കറി കൃഷി നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.
10. രോഗങ്ങൾ
    തെങ്ങ് കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, കൊമ്പൻചെല്ലി
    നെല്ല് - തണ്ടുതുരപ്പൻ, വേരുചീയൽ, ഇലചു രുട്ടി
    കുരുമുളക് - ദ്രുതവാട്ടം
    വാഴ - കൂമ്പടപ്പ്
    ഇഞ്ചി - കൂമ്പ്ചീയൽ
    കവുങ്ങ് - മഹാളി
11. ശാസ്ത്രീയമായി രാസവളങ്ങളും കീടനാശി നികളും ജൈവ കീടനാശിനികളും ഉപയോ ഗിക്കുന്നതിനുള്ള അശ്രദ്ധയും അറിവില്ലാ യ്മയും.
12. നീർക്കെട്ടിന്റെ ഫലമായി നെല്ല് പച്ചക്കറി കൃഷി എന്നിവ ചെയ്യാൻ സാധിക്കുന്നില്ല.
13. കാർഷികാവശ്യങ്ങൾക്ക് സർക്കാർ ഏജൻസി കളിൽ നിന്നും മറ്റ് ബാങ്കിംങ്ങ് സ്ഥാപനങ്ങ ളിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹാ യങ്ങളുടെ അപര്യാപ്തത.
14. വാർഡ്- പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കർഷകസമിതികളുടെ പ്രവർത്തനമില്ലാ യ്മയും നിർജ്ജീവതയും. ഇതുമൂലം കർഷ കസെമിനാറുകളും ചർച്ചാക്ലാസുകളും നടത്തി കർഷകരെ ബോധവൽക്കരിക്കാൻ കഴിയു ന്നില്ല.
15. കാർഷികവിഭവങ്ങൾ സംസ്ക്കരിച്ച് പല ഉൽപ്പ ന്നങ്ങളും ഉപോൽപ്പന്നങ്ങലും ഉണ്ടാക്കുന്നതി നുള്ള സൗകര്യമില്ലായ്മ കൊപ്ര ഡ്രയർ മുത ലായവ.
16. സ്ഥല പരിധി നിർണ്ണയിച്ചു കൊണ്ടുള്ള പല ആനുകൂല്യങ്ങളും ചെറുകിട കൃഷിക്കാർക്ക് ദോഷം ചെയ്യുന്നു.
17. കൃഷിഭവന്റെ സേവനം വേണ്ടത്ര അളവിൽ ലഭിക്കുന്നില്ല.
18. യഥാർത്ഥ കർഷകർക്ക് അർഹമായ പ്രോത്സാ ഹനവും സഹായവും ലഭിക്കാത്തതുകൊണ്ട് മറ്റു മേഖലകളിലേക്ക് വഴിമാറിപ്പോകുന്നു.
19. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തി നുള്ള സൗകര്യമില്ലായ്മ.
20. കർഷകത്തൊഴിലാളികളുടെയും തെങ്ങുകയ റ്റത്തൊഴിലാളികളുടെയും ക്ഷാമം. കൂലി വർദ്ധ നവുമൂലം കൃഷി ലാഭകരമാകുന്നില്ല.
21. രാസവളങ്ങളുടെ വിലക്കയറ്റം
22. നെൽകൃഷി ആദായകരമല്ലാത്തതുകൊണ്ട് പാടങ്ങൾ നിരത്തി കെട്ടിടങ്ങൾ നിർമ്മിക്കു കയും നാണ്യവിളകൾ കൃഷിചെയ്യുകയും ചെയ്യുന്നു.
23. കൃഷിനാശം സംഭവിച്ചവർക്ക് വേണ്ടത്ര നഷ്ട പരിഹാരം കിട്ടുന്നില്ല.
24. കൃഷിക്കാർക്കുള്ള പെൻഷൻ പദ്ധതി ഉദാര വൽക്കാത്തതിലുള്ള പ്രശ്നങ്ങൾ
25. കാർഷിക യന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.
26. അമിതമായ കീടനാശിനികൾ, രാസവളങ്ങൾ ഇവയുടെ ഉപയോഗം മൂലം മണ്ണിന്റെ ഗുണ മേന്മ നശിക്കുന്നു.
27. ജലസേചന സൗകര്യത്തിന് വൈദ്യുതിയുടെ കുറവ്.
28. സാധാരണക്കാരുടെ ഒരു ആഹാര പദാർത്ഥ മായ കപ്പ വ്യാപകമായി ഇടവിളയായും അല്ലാ തെയും കൃഷിചെയ്തിരുന്നു. ഇപ്പോൾ കപ്പ കൃഷിയിൽ കാര്യമായ ശ്രദ്ധ പതിയുന്നില്ല.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും സാധ്യതകളും

1. ചെറുപുഴ, പൂനൂർ പുഴ ഇവയുടെ തീരങ്ങളി ലായി സ്ഥിതി ചെയ്യുന്ന 1,2,4,6,9,11,13 എന്നീ വാർഡുകളിലെ വയലുകളിൽ ജലസേ ചനസൗകര്യങ്ങൾ ലഭിക്കുന്നതിനായി, തൈക്ക ണ്ടിക്കടവ്, എടമ്പാടൻ മണ്ണിൽ, താളിക്കുണ്ട്, ഉണ്ടോടിക്കടവ് മണ്ണിലടംക്കടവ്, പുതിയറ മണ്ണിൽക്കടവ് എന്നിവിടങ്ങളിൽ തടയണകൾ നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാ ക്കിയാൽ ഇരുന്നൂറോളം ഹൈക്ടറിൽ ഒരുപൂൽകൃഷി ഇരുപൂൽകൃഷിയാക്കാനും, ഇരുപൂൽകൃഷി മൂന്നുകൃഷിയാക്കാനും സാധിക്കും. കൂടാതെ പച്ചക്കറി കൃഷി വിക

സനത്തിനും സാധ്യതകൾ ഉണ്ട്.

2. നിലവിലുള്ള തോടുകൾ പുനരുദ്ധരിച്ച് ജല സേചനത്തിന് ഉപയോഗപ്പെടുത്തുണം. ഇതോടുകൂടി താഴ്ന്ന പ്രദേശങ്ങളിലെ നീർക്കെട്ടും ഒഴിവാക്കാവുന്നതാണ്. 5,7,14 വാർഡുകളിൽ കൂടി കടന്നുപോവുന്ന ഒറുവങ്കരത്തോട്, 12ാം വാർഡിൽകൂടി പോകുന്ന പെരിങ്ങളം - കുറ്റിക്കാട്ടൂർതോട് മൂലത്തോട്, 9,11 വാർഡുകളിൽ കൂടിപോവുന്ന ചാത്തൻകാവ് തോട് 1ാം വാർഡിലെ മനത്താനത്ത് താഴം- പാറക്കടവ് 8,3 വാർഡുകളിലൂടെ ഒഴുകുന്നതോട് ഇവ പുനരുദ്ധരിക്കേണ്ടതാണ്.

3. കൊളായ്ത്താഴം ഭാഗത്തുള്ള വെള്ളക്കെട്ട് ഒഴിവാക്കാൻ തോടു സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. മുകളിൽ പറഞ്ഞ 2,3 നിർദ്ദേശങ്ങൾ നിലവിൽ വന്നാൽ അൻപതോളം ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും പച്ചക്കറി കൃഷിയും വികസിപ്പിക്കാം.

4. പൊതുവായതും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ളതുമായ കുളങ്ങൾ നന്നാക്കി ജല സേചനത്തിന് ഉപയോഗിക്കാവുന്നതാണ്. 12 ,13,10,14,9, എന്നീ വാർഡുകളിൽ ഇത്തരം കുളങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്.

5. പഞ്ചായത്തിൽ അങ്ങിങ്ങായി കാണുന്ന പ്രകൃതിദത്തമായ നീരുറവകളെ ഉപയോഗപ്പെടുത്തി ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗിക്കാം. പാലക്കോട്ട് താഴം, മുകേരത്ത് താഴം, ചോലക്കൽ താഴം, പുതുക്കുളം എന്നിവിടങ്ങളിലും (13ാം വാർഡ്) 12,14,6,5, എന്നീ വാർഡുകളിലും ഇത്തരം നീരുറവകൾ ഉണ്ട്.

6. ഗുണമേന്മയുള്ളതും അത്യുൽപാദനശേഷിയുള്ളതുമായ വിത്തുകളും നടീൽ വസ്തുക്കളും കൃഷിക്കാർക്ക് വേണ്ടത്ര ലഭ്യമാകത്തക്ക വിധമുള്ള നഴ്സറികൾ പഞ്ചായത്തിൽ ഒന്നോ രണ്ടോ സ്ഥലത്ത് തുടങ്ങേണ്ടതാണ്. കൂടാതെ ഫ്ളോറികൾചർ, കൂൺ കൃഷിക്കാവശ്യമായ വിത്തുകൾ, ഔഷധസസ്യങ്ങൾ ഇവയുടെ വികസനത്തിനുള്ള നഴ്സറികൾ സ്ഥാപിക്കണം.

7. പച്ചക്കറി ഉൽപാദനവർദ്ധനക്കാവശ്യമായ വിത്തിനങ്ങൾ നഴ്സറികൾ വഴി വിതരണം നടത്തേണ്ടതാണ്.

8. മുഖ്യവിളകളായ നെല്ലിനും തെങ്ങിനും ഗ്രൂപ്പ് ഫാമിംഗ് ഉപയോഗപ്പെടുത്തണം. പച്ചക്കറി കൃഷി വികസനത്തിനും ഈ സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രത്യേകിച്ച് 12,9,2,6,10,11 എന്നീ വാർഡുകളിൽ ഈ സമ്പ്രദായം ഉപയോഗിക്കാം. മഴക്കാല പച്ചക്കറികൾക്ക് (പറമ്പുകളിൽ) പ്രോത്സാഹനം കൊടുക്കേണ്ടതാണ്.

9. ശാസ്ത്രീയമായ രീതിയിൽ മണ്ണ് പരിശോധിച്ച് വിളയിറക്കാനും വളപ്രയോഗത്തിനുമുള്ള ഒരു കേന്ദ്രമെങ്കിലും പഞ്ചായത്തിൽ തുടങ്ങണം.

10. രാസവള വിൽപന കേന്ദ്രങ്ങൾ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ശാസ്ത്രീയമായി ഇവ ഉപയോഗിക്കുന്നതിനുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളും കൃഷിഭവൻ മുൻകൈ എടുത്തുകൊണ്ട് നൽകേണ്ടതാണ്. പച്ചില വളത്തിന്റെയും, കാലിവളത്തിന്റെയും ഉപയോഗം വർദ്ധിപ്പിക്കണം. ശീമക്കൊന്ന, ഡെയ്ഞ്ച എന്നിവ കൂടിയ തോതിൽ വളർത്തേണ്ടതാണ്. കമ്പോസ്റ്റ് വളമുണ്ടാക്കുന്നതിനും മണ്ണിര വളർത്തുന്നതിനും കർഷകർക്ക് പരിശീലനം നൽകേണ്ടതാണ്.

11. ശരിയായ സുരക്ഷാസംവിധാനങ്ങളോടുകൂടി, ശരിയായ അളവിൽ കീടനാശിനി ഉപയോഗിക്കുന്നതിൽ കൃഷിക്കാർക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകേണ്ടതാണ്. കൃഷിഭവനും കൃഷിവികസനസമിതികളും ഇതിന് മുൻകൈ എടുക്കണം. ജൈവ കീട നിയന്ത്രണത്തെപ്പറ്റിയും പരിശീലനം നൽകേണ്ടതാണ്.

12. നീർത്തട പദ്ധതികൾ ആവിഷ്കരിച്ച് മണ്ണ് സംരക്ഷണവും ജലസംഭരണവും നടത്തേണ്ടതാണ്.

13. കാർഷിക ഉൽപ്പന്നങ്ങൾക്ക് ശരിയായ വില കിട്ടുന്നതിന് വേണ്ടി ഒരു വിപണന കേന്ദ്രമെങ്കിലും പഞ്ചായത്തിൽ ആരംഭിക്കണം.

14. ചാലിയാറിൽ നിർമ്മിക്കുന്ന റഗുലേറ്റർ കം ബ്രിഡ്ജ് (കവണക്കൽ പദ്ധതി) ഉപയോഗിച്ച് ചെറുപുഴയിൽ നിന്ന് തുടങ്ങി പൂനൂർ പുഴയിൽ അവസാനിക്കുന്ന കനാൽ പൂർത്തിയാക്കി ഈ പ്രദേശങ്ങളിലെ വയലുകളിൽ ജലസേചനം നടത്താവുന്നതാണ്.

15. കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി വിതരണം എല്ലാ പ്രദേശങ്ങളിലും ലഭ്യമാക്കുകയും ഉദാരവൽക്കരിക്കുകയും വേണം.

16. കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും വിള ഇൻഷൂറൻസ് വ്യാപകമാക്കണം.

17. എലി നശീകരണം വ്യാപകമാക്കണം.

18. കൃഷിക്കാർക്ക സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള വായ്പ വർദ്ധിപ്പിക്കുന്നതിനും സഹകരണ സ്ഥാപനങ്ങളുടെയും മറ്റ്

ബാങ്കിംങ്ങ് മേഖലകളെയും ഉപയോഗപ്പെടുത്തണം.

19. കൈതച്ചക്ക, ചക്കപ്പഴം, കശുമാങ്ങ തുടങ്ങിയ പഴവർഗങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള ഈ കേന്ദ്രങ്ങൾ തുടങ്ങണം. ചാത്തങ്കാവിലുള്ള MIE ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.
20. തെങ്ങ് ജലസേചനത്തിന് ഡ്രിപ് ഇറിഗേഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
21. കശുമാവ് കൃഷി വികസനത്തിന് ഊന്നൽ നൽകണം. 5,12,6 വാർഡുകളിൽ കശുമാവ് കൃഷിക്ക് സാധ്യതയുണ്ട്.
22. തെങ്ങ്, കവുങ്ങ് ഇവ വ്യാപകമായി കൃഷിചെയ്യാത്ത സ്ഥലങ്ങളിൽ കപ്പകൃഷി പ്രോത്സാഹിപ്പിക്കുന്ന പുതിയ തരം കപ്പ തണ്ടുകളുടെ വിതരണത്തിന് സൗകര്യമുണ്ടാക്കുക.
23. ചിലവേറിയ കാർഷിക ഉപകരണങ്ങൾ വാടകക്ക് കൊടുക്കാനുള്ള സംവിധാനങ്ങൾ പഞ്ചായത്തിൽ ഒന്നോ രണ്ടോ കേന്ദ്രങ്ങളിൽ അനുവദിക്കുക.
24. കൂവ്വകൃഷി പ്രോത്സാഹിപ്പിയ്ക്കുക.



പട്ടിക 1

## കുന്ദമംഗലം ഗ്രാമപഞ്ചായത്ത് കൈവശഭൂമി വിസ്തീർണം

അവലംബം : കൃഷിഭവൻ റിപ്പോർട്ട്

| വാർഡ് നമ്പർ | നാമ മാത്രകർഷകർ (1-ഹെക്ടറിൽതാഴെ) | ചെറുകിടകർഷകർ (1-2 ഹെക്ടർ) | വൻകിടകർഷകർ (2 ഹെക്ടറിനുമുകളിൽ) |
|---|---|---|---|
| 1 | 450 | 50 | 1 |
| 2 | 585 | 65 | 1 |
| 3 | 270 | 30 | 1 |
| 4 | 400 | 45 | 2 |
| 5 | 510 | 60 | 1 |
| 6 | 480 | 60 | 1 |
| 7 | 420 | 50 | - |
| 8 | 300 | 30 | 1 |
| 9 | 445 | 50 | 2 |
| 10 | 540 | 60 | 2 |
| 11 | 485 | 55 | 2 |
| 12 | 610 | 70 | 4 |
| 13 | 425 | 50 | - |
| 14 | 290 | 30 | 1 |
| ആകെ | 6210 | 705 | 20 |

പട്ടിക 2

## നെൽകൃഷി - വിളവിസ്തീർണം

അവലംബം : കൃഷിഭവൻ റിപ്പോർട്ട്

| നമ്പർ | വിള | വിസ്തീർണം (ഹെക്ടർ) | മൊത്തം ഉല്പാദനം (കി.ഗ്രാം) | ഉല്പാദനക്ഷമത (കി.ഗ്രാം /ഹെക്ടർ) |
|---|---|---|---|---|
| 1 | നെല്ല് (ഒന്നാം വിള) | 100 | 160000 | 1600 |
| 2 | നെല്ല് (രണ്ടാം വിള) | 150 | 420000 | 2800 |
| 3 | നെല്ല് (മൂന്നാം വിള) | 8 | 24000 | 3000 |

പട്ടിക 3

## ഭൂമി സംബന്ധിച്ച് വിവരങ്ങൾ (അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തരീർണം(ഹെക്ടർ) |
|---|---|
| നിലം | 580 |
| പുരയിടം | 2083 |
| പുറമ്പോക്ക് | 10 |
| കൃഷിയോഗ്യ തരിശ് | – |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 50 |
| ആകെ | 2723 |

പട്ടിക 4

## മറ്റു വിളകൾ – വിളവിസ്തീർണം

അവലംബം : കൃഷിഭവൻ റിപ്പോർട്ട്

| നമ്പർ | വിള | വിസ്തീർണം (ഹെക്ടർ) | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടർ) |
|---|---|---|---|---|
| 1 | പയർ | 65 | 91000 Kg | 1700 Kg |
| 2 | പച്ചക്കറികൾ | 8 | – | – |
| 3 | തെങ്ങ് | 1300 | 84,50,000 Nuts | 6500 Nuts |
| 4 | വാഴ | 40 | 600000 Kg | 15000 Kg |
| 5 | മരച്ചീനി | 10 | 95000 Kg | 9500 Kg |
| 6 | കുരുമുളക് | 30 | 9000 Kg | 300 Kg |
| 7 | പ്ലാവ് | 350 | 350000 Kg | 1000 Kg |
| 8 | കശുമാവ് | 15 | 8700 Kg | 580 Kg |
| 9 | മാവ് | 250 | 1250000 Kg | 5000 Kg |
| 10 | റബ്ബർ | 10 | 7500 Kg | 750 Kg |
| 11 | കവുങ്ങ് | 35 | 8750000 Nuts | 250000 Nuts |

പട്ടിക 5

## നടീൽ വസ്തു വിതരണം

അവലംബം : കൃഷിഭവൻ റിപ്പോർട്ട്

| നമ്പർ | ഇനം | എണ്ണം | | |
|---|---|---|---|---|
| | | 1993–94 | 1994–95 | 1995–96 |
| 1 | തെങ്ങ് | 700 | 390 | 630 |
| 2 | കശുമാവ് | 160 | 160 | 160 |
| 3 | കുരുമുളക് | 4200 | 5630 | 11000 |
| 4 | കവുങ്ങ് | 400 | 100 | 300 |
| 5 | നെല്ല് | 240 | 750 | 280 |
| 6 | ഫലവർഗച്ചെടികൾ | 95 | 435 | 107 |
| 7 | ജാതി | 80 | 65 | 25 |
| 8 | ഗ്രാമ്പൂ | – | 45 | 75 |
| 9 | പച്ചക്കറിവിത്ത് | 2400 | 1490 | 980 |
| 10 | പയർ | – | 280 | 200 |
| 11 | ചെറുപയർ | 420 | 48 | – |
| 12 | എള്ള് | 25 | 25 | – |
| 13 | കിഴങ്ങുവർഗം | 16 | 10 | – |
| 14 | ഇഞ്ചി-മിനികിറ്റ് | – | 15 | – |
| 15 | മഞ്ഞൾ | – | 3 | – |

പട്ടിക 6

### ജലസ്രോതസ്സുകൾ

| സ്രോതസ്സുകൾ | എണ്ണം |
|---|---|
| പുഴകൾ | 2 |
| തോടുകൾ | 7 |
| കുളങ്ങൾ | 13 |
| പൊതുകിണറുകൾ | 21 |
| പൊതുകുഴൽക്കിണറുകൾ | 14 |
| കിണറുകൾ | 4967 |
| നീരുറവകൾ | 4 |

# കൃഷി

പട്ടിക 7

## പ്രധാന തോടുകൾ, പുഴകൾ

| നമ്പർ | ജലമാർഗം | ദൂരം കി.മീ | വാർഡ് |
|---|---|---|---|
| 1 | ചെറുപുഴ | 9 | 6, 11 |
| 2 | പൂനൂർപ്പുഴ | 8 | 1,2,3,4,13 |
| 3 | ഒറുവങ്ങരതോട് | 3 | 5,7,14 |
| 4 | പെരിങ്ങളം-കുറ്റിക്കാട്ടൂർ തോട് | 3 | 12 |
| 5 | മൂലത്തോട് | 2 | 12 |
| 6 | ചാത്തങ്കാവ് തോട് | 2 | 9,11 |
| 7 | മനത്താനത്ത് താഴം-പാറക്കടവ് തോട് | 3 | 1,2 |
| 8 | 3ാം വാർഡിലെ തോട് | 2 | 3,8 |
| 9 | മാരിയോട്-ചെറുപുഴ തോട് | 3.5 | 5,6 |

പട്ടിക 8

## ദുരിതാശ്വാസവിതരണം

അവലംബം : കൃഷിഭവൻ റിപ്പോർട്ട്

| വർഷം | പ്രശ്നബാധിതപ്രദേശത്തിന്റെ വിസ്തീർണം(ഹെ.) വെള്ളപ്പൊക്കം | ധനസഹായം ലഭിച്ചവർ | വിതരണം ചെയ്ത തുക |
|---|---|---|---|
| 1994–95 | 10 | 376 | 123806 |
| 1995–96 | 3 | 36 | 25112 |

പട്ടിക 9

## തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

അവലംബം : കൃഷിഭവൻ റിപ്പോർട്ട്

| | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് | തെങ്ങുകൃഷി വിസ്തീർണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽട്ട് | ലീഫ്റോട്ട് | ബഡ്റോട്ട് | സ്റ്റെംബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 75 | 800 | 11,200 | 12000 | | | 8 | 1 | | 9 |
| 2 | 105 | 1600 | 15200 | 16800 | | | 7 | 2 | | 9 |
| 3 | 80 | 1280 | 11520 | 12800 | | | 9 | 1 | | 10 |
| 4 | 90 | 1440 | 12960 | 14400 | | | 6 | 3 | | 9 |
| 5 | 95 | 1440 | 13760 | 15200 | | | 5 | 2 | | 7 |
| 6 | 100 | 1600 | 14400 | 16000 | | | 7 | 1 | | 8 |
| 7 | 95 | 1440 | 13760 | 15200 | | | 6 | | | 6 |
| 8 | 85 | 1280 | 12320 | 13600 | | | 7 | 1 | | 8 |
| 9 | 95 | 1440 | 13760 | 15200 | | | 12 | 2 | | 14 |
| 10 | 80 | 1280 | 11520 | 12800 | | | 10 | 1 | | 11 |
| 11 | 125 | 1920 | 18080 | 20000 | | | 15 | 3 | | 18 |
| 12 | 115 | 1760 | 16640 | 18400 | | | 12 | 2 | | 14 |
| 13 | 70 | 1120 | 10080 | 11200 | | | 8 | 1 | | 9 |
| 14 | 90 | 1440 | 12960 | 14400 | | | 9 | 1 | | 10 |

പട്ടിക 10

## കുന്ദമംഗലം പഞ്ചായത്ത് പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികൾ

| നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയാക്കിയ വർഷം | എസ്റ്റിമേറ്റ് തുക | വിസ്തീർണ്ണം ഹെ | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | ജലധാരാപദ്ധതി<br>കുന്ദമഗംലം പഞ്ചായത്തിൽ മൂലത്തോടുമുതൽ വെളൂർ വരെ ബണ്ടുനിർമാണം – റീച്ച് 1 | 1995 | 1996 | 3,67447 | 19.72 | — |
| 2 | ജലധാരാപദ്ധതി<br>കുന്ദമഗംലം പഞ്ചായത്തിൽ മൂലത്തോടുമുതൽ വെളൂർ വരെ ബണ്ടുനിർമാണം – റീച്ച് 2 | 1996 | — | 3,34,367 | 18.35 | — |
| 3 | വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനങ്ങൾ | 1990 | 1990 | 91,000 | — | — |
| 1 | പുതുശ്ശേരി വയൽ – ചൂലൂർ പാടം തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | | | | | |
| 2 | ചാത്തൻകാവ് തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 1992 | 1992 | 2,60,000 | — | — |
| 3 | കക്കോട്ടിരിപാടം തോട്ടിൽ വിഡിബി നിർമാണം | 1990 | 1991 | 4,00000 | — | — |

പട്ടിക 11

## കുന്ദമംഗലം പഞ്ചായത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

| നമ്പർ | പദ്ധതിയുടെ പേര് | അയനക്കാട് വിസ്തീർണ്ണം | എസ്റ്റിമേറ്റ് തയ്യാറായി ട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| 1 | വെള്ളപൊക്ക ദുരിതാശ്വാസ പദ്ധതികൾ കുന്ദമംഗലം എ.യു.പി. സ്കൂളിനടുത്ത തോടിന്റെ പാർശ്വ ഭിത്തി സംരക്ഷണം | 3 | 1,18,00000 | |

പട്ടിക 12

## രാസവള–കീടനാശിനി വിപണനം

അവലംബം : കൃഷിഭവൻ റിപ്പോർട്ട്

| നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993–94 | | 1994–95 | | 1995–96 | |
|---|---|---|---|---|---|---|---|
| | | രാസവളം(MT) | കീടനാശിനി | രാസവളം(MT) | കീടനാശിനി | രാസവളം(MT) | കീടനാശിനി |
| 1 | കെ.സി.ആർ.ബി. കുന്ദമംഗലം | 126 | | 146 | | 109 | |
| 2 | എസ്.സി.ബി. | 61 | | 58 | | 52 | |
| 3 | പടനിലം ട്രേഡേർസ് | – | | – | | 7.5 | 45 |



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

പഞ്ചായത്തിലെ വളർത്തുമൃഗങ്ങളിൽ സിംഹഭാഗവും പശു, ആട് എന്നിവയാണ്. ചെറിയ ശതമാനം ഉഴവുകാളകളും ഉണ്ട്. അത്യുല്പാദന ശേഷിയുള്ള പശുക്കളുടെ എണ്ണം 10 ശതമാനത്തോളം മാത്രമാണ്. മാംസാവശ്യത്തിനായി, പോത്ത്, എരുമ എന്നിവയെ പുറമേനിന്നും ഇറക്കുമതി ചെയ്യുകയാണ്. ഈ ആവശ്യത്തിനായി ആടുകളേയും പുറത്തുനിന്ന് കൊണ്ടുവരികയാണ്.

കോഴിയാണ് പ്രധാന വളർത്തുപക്ഷി. മിക്കവാറും എല്ലാ വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. ഇറച്ചിക്കോഴികളെ ധാരാളമായി പുറത്തുനിന്നും ഇറക്കുമതി ചെയ്യുകയാണ്. പഞ്ചായത്തിലെ 5, 6, 12 വാർഡുകളിൽ പോൾട്രിഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. അതേപോലെ 5, 6, 9, 11, 12 വാർഡുകളിൽ ബയോഗ്യാസ് പ്ലാന്റും നിലവിലുണ്ട്. ഏകമൃഗാശുപത്രി കുന്ദമംഗലം ടൗണിൽത്തന്നെ പ്രവർത്തിക്കുന്നു.

കാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങളിൽ അധികവും ദഹനസംബന്ധമായ രോഗങ്ങൾ, പരാദരോഗങ്ങൾ, ധാതുലവണങ്ങളുടെ അഭാവം മൂലമുള്ള രോഗങ്ങൾ എന്നിവയാണ്. ത്വക്രോഗങ്ങളും പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ട രോഗങ്ങളും കാണപ്പെടുന്നു. ഏകമൃഗാശുപത്രിയുടെ സേവനം വിദൂരവാർഡുകളായ 4, 5, 6, 11, 12 എന്നിവിടങ്ങളിൽ ലഭിക്കുന്നില്ല. മൃഗാശുപത്രിയുടെ ഇന്നതെത പോരായ്മകൾ പരിഹരിച്ചു അതിന്റെ സേവനം പഞ്ചായത്തിലെ എല്ലാ വാർഡിലും ലഭ്യമാക്കണം.

കോഴിവസന്ത എന്ന രോഗം ഗാർഹികാടിസ്ഥാനത്തിൽ കോഴിവളർത്തുന്നവരെ അലട്ടുന്നു. ഇതിനുള്ള ഫലപ്രദമായ കുത്തിവെപ്പ് ലഭ്യമാണെങ്കിലും അധികം പേരും ഉപയോഗപ്പെടുത്തുന്നില്ല. ഇറച്ചിയാവശ്യത്തിന് നൂറുകണക്കിന് കോഴികളെ പുറത്തുനിന്നും മൊത്തമായി ഇറക്കുമതി ചെയ്യുന്നതും ചെറുകിട കോഴിവളർത്തുകാരെ തളർത്തുന്നു. ഒരാഴ്ചയിൽ ആയിരക്കണക്കിന് കോഴിമുട്ട പഞ്ചായത്തിൽ വിറ്റഴിയുന്നുണ്ടെങ്കിലും ഇതിന്റെ 2 ശതമാനംപോലും ഉദ്പാദനം നടക്കുന്നില്ല.

## പ്രധാനപ്രശ്നങ്ങൾ

1. തീറ്റപ്പുൽ, വൈക്കോൽ എന്നിവയുടെ ദൗർലഭ്യവും കാലിത്തീറ്റയുടെ ക്രമാതീതമായ വില വർധനവും കർഷകരെ വിഷമത്തിലാക്കുന്നു.

2. ശാസ്ത്രീയമായ കാലിവളർത്തലിന്റെയും കാലിത്തൊഴുത്തുനിർമാണത്തിന്റെയും അപര്യാപ്തത

3. പാലിന്റെ ഉല്പാദനച്ചെലവിനനുസൃതമായ വില ലഭിക്കുന്നില്ല. പാൽ വില്പനയ്ക്കും പ്രയാസം നേരിടുന്നു.

4. വ്യാപകമായ രീതിയിലും വാണിജ്യാടിസ്ഥാനത്തിലും കാലികളെ വളർത്താനുള്ള സാങ്കേതികജ്ഞാനത്തിന്റെയും സാമ്പത്തികസഹായത്തിന്റെയും അഭാവം.

5. കോഴിവസന്തകാരണം കോഴികൾ കൂട്ട

ത്തോടെ നശിച്ചുപോകുന്നതും ഈ രോഗത്തിനെ തിരെയുള്ള പ്രതിരോധകുത്തിനെപ്പിനെപ്പറ്റിയുള്ള ജനങ്ങളുടെ അജ്ഞതയും.

6. പഞ്ചായത്തിലെ ഏകമൃഗാശുപത്രിയിൽ ആവശ്യമായതിന്റെ പകുതിപോലും മരുന്നുകൾ ലഭിക്കുന്നില്ല. ഇവിടെ ഫ്രിഡ്ജ് ഉപയോഗശൂന്യ മായി കിടക്കുകയാണ്. ശരിയായ വിധത്തിലുള്ള ഒരു ഓപ്പറേഷൻടേബിൾപോലും ഇവിടെയില്ല.

## സാധ്യതകളും നിർദ്ദേശങ്ങളും

1. പച്ചപ്പുൽകൃഷി ചെയ്യാൻ വിത്തും വളവും സൗജന്യമായോ നാമമാത്രവിലയ്ക്കോ ലഭ്യമാക്കുക.

2. കുന്ദമംഗലം കോ-ഓപ്പ് മിൽക്ക് സപ്ലൈ സൊസൈറ്റിയുടെ പ്രവർത്തനവും പ്രയോജനവും പഞ്ചായത്തിലെ എല്ലാ വാർഡിലും ലഭ്യമാക്കണം.

3. നല്ലയിനം കന്നുകുട്ടികളെയും ആട് മുയൽ എന്നിവയുടെ കുഞ്ഞുങ്ങളെയും കോഴിക്കുഞ്ഞുങ്ങളെയും മൃഗാശുപത്രി മുഖേന വിതരണം ചെയ്യണം.

4. വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും പ്രതിരോധകുത്തിവെപ്പ് നടത്തുന്നതിനും ചികിത്സക്കും മൃഗാശുപത്രിയുടെ ഒരു മോബൈൽയൂണിറ്റ് സ്ഥാപിക്കുകയും മൃഗാശുപത്രിയുടെ പോരായ്മകൾ പരിഹരിക്കുകയും ചെയ്യുക.

5. വന്ധ്യതാനിർമാർജനക്യാമ്പ് നടത്തുകയും പേപ്പട്ടിനിർമാർജനപ്രവർത്തനം ശക്തമാക്കുകയും ചെയ്യണം.

6. വളർത്തുമൃഗങ്ങൾ ചത്താൽ ലഭിക്കുന്ന ഇൻഷൂർസംഖ്യ പൂർണമായും സത്വരമായും ലഭ്യമാക്കാൻ നടപടി എടുക്കണം.

7. ശാസ്ത്രീയരീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുകയും പരിസരമലിനീകരണം ഒഴിവാക്കുകയും ചെയ്യണം.

## കൂടുതൽ നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ ആവശ്യമായ കോഴിയിറച്ചി, ആട്ടിറച്ചി, കോഴിമുട്ട എന്നിവയുടെ നാലിൽ ഒരു ഭാഗംപോലും പ്രാദേശികമായി ഉല്പാദിപ്പിക്കപ്പെടുന്നില്ല. ഇതിന് പരിഹാരമായി ചില നിർദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

എ.) പഞ്ചായത്തിലെ പരമാവധി കുടുംബങ്ങൾക്ക് 4 മാസം പ്രായമായ 2 ആട്ടിൻകുഞ്ഞുങ്ങളെ വീതം വിതരണം ചെയ്തു, വളർത്തിയെടുക്കാൻ സഹായിക്കുക. ഇതിന്റെ വില ഒന്നര വർഷത്തിനുശേഷം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാവുന്നതാണ്.

ബി.) 8 ആഴ്ച പ്രായമെത്തിയ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ പ്രതിരോധകുത്തിവെപ്പ് നടത്തിയ ശേഷം ഒരു കുടുംബത്തിന് 5 എണ്ണം വീതം, പരമാവധി കുടുംബങ്ങൾക്ക് വിതരണം നടത്തുക.

സി.) മറ്റൊരു നിർദ്ദേശം എഗ്ഗർ നഴ്സറി സ്ഥാപിക്കാനുള്ളതാണ്. കോഴിക്കുഞ്ഞുങ്ങളെ പുറത്തുനിന്നും വാങ്ങി 8 ആഴ്ചക്കാലം വളർത്തിയെടുത്ത് വില്പന നടത്തുക. ഇങ്ങനെ ഒരു വർഷം 6 ബാച്ച് കുഞ്ഞുങ്ങളെ വളർത്തിയെടുക്കാൻ സാധിക്കും. ഈ പദ്ധതിയിലൂടെ കോഴിയിറച്ചിയുടെ ദൗർലഭ്യം പരിഹരിക്കാനും നല്ലയിനം കോഴിയിറച്ചി ലഭ്യമാക്കാനും സാധിക്കും.

## മത്സ്യബന്ധനം

കടൽത്തീരങ്ങൾ തീരെ ഇല്ലാത്ത കുന്ദമംഗലം പഞ്ചായത്തിന്റെ രണ്ടതിരുകളിലൂടെ പൂനൂർപുഴയും ചെറുപുഴയും ഒഴുകുന്നുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ മത്സ്യബന്ധനം നടക്കുന്നില്ല. പണ്ടുകാലങ്ങളിൽ ഈ നദികളിൽ നിന്നും നല്ലയിനം വരാൽ, കടുങ്ങാലി, വാള തുടങ്ങിയ മത്സ്യങ്ങൾ ധാരാളം ലഭിച്ചിരുന്നു. ഇവയെപ്പറ്റി പറയുമ്പോൾ പഴമക്കാരുടെ ചുണ്ടിൽ ഇന്നും രുചിയുടെ നുണയൂറുന്നു.

ഈ രണ്ട് നദികൾക്ക് പുറമേ ശുദ്ധജലമത്സ്യകൃഷിക്കാവശ്യമായ കുളങ്ങളും പാടങ്ങളും പഞ്ചായത്തിൽ ഉണ്ട്. ശാസ്ത്രീയമായ ശുദ്ധജലമത്സ്യകൃഷി നടത്തുന്നതിനാവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായം ലഭ്യമാക്കിയാൽ ഈ രംഗത്തേക്ക് ആളുകളെ ആകർഷിക്കാൻ കഴിയും. മത്സ്യവിതരണം നടത്തി ഉപജീവനം കഴിക്കുന്ന തൊഴിലാളികളുടെ എണ്ണം പഞ്ചായത്തിൽ വളരെയധികമാണ്. പഴയ രീതിയിൽ ചുമടായും സൈക്കിൾ, മോപ്പഡ് എന്നിവയിലും മത്സ്യവിതരണം നടത്തുന്നുണ്ട്. സാധാരണക്കാരന് പ്രിയപ്പെട്ട മത്തി, അയല എന്നിവയാണ് കൂടുതൽ വിൽക്കപ്പെടുന്നത്.

## പ്രശ്നങ്ങൾ

1. ശാസ്ത്രീയമായ മത്സ്യവില്പനകേന്ദ്രങ്ങളുടെ അഭാവംമൂലം പരിസരമലിമീകരണം ഉണ്ടാകുന്നു.

2.ശാസ്ത്രീയമായ ചെമ്മീൻ കൃഷി വികസനത്തിനാവശ്യമായ സാമ്പത്തിക, സാമ്പത്തികസാങ്കേതികസഹായം നൽകുക.

3. മത്സ്യവിപണനത്തിന് ആധുനികരീതിയിലുള്ള വില്പനകേന്ദ്രങ്ങൾ നിർമ്മിക്കുക.

4 മത്സ്യവിതരണത്തൊഴിലാളികൾക്ക് മത്സ്യവിതരണോപാധികൾ സ്വായത്തമാക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം നൽകുക.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

പട്ടിക 1
വളർത്തുമൃഗങ്ങളും പക്ഷികളും

| ഇനം | എണ്ണം |
|---|---|
| പശു | 2837 |
| എരുമ | 8 |
| ആട് | 697 |
| കാള | 54 |
| കോഴി | 16140 |
| താറാവ് | ലഭ്യമല്ല |
| മറ്റുള്ളവ | ലഭ്യമല്ല |

പട്ടിക 2

| വളർത്തുമൃഗം | ആകെഎണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം ബീജസങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 1628 | 615 | 284 |
| കിടാരി | 1207 | 309 | 137 |
| എരുമ | 8 | 4 | 2 |



# വ്യവസായം

കിഴക്കും പടിഞ്ഞാറും പുഴകളാൽ ചുറ്റപ്പെട്ടതും 27-23 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ളതുമായ ഈ പഞ്ചായത്തിനെ കോഴിക്കോട് വയനാട് റോഡ് രണ്ടായി വിഭജിച്ചു കടന്നു പോവുന്നു. കോഴിക്കോട് നഗരത്തിൽ നിന്ന് 13 കിലോമീറ്റർ ദൂര വ്യത്യാസമുള്ള ഈ പഞ്ചായത്തിൽ വ്യവസായിക ആവശ്യത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ഗതാഗതം തുടങ്ങിയവ വളരെ മുമ്പെ വളർന്നു വന്നിരുന്നു. എങ്കിലും കഴിഞ്ഞകാലത്ത് പറയത്തക്ക വ്യവസായങ്ങളൊന്നും ഉണ്ടായിരുന്നില്ല.

പരമ്പരാഗത മേഖലയിൽ ഉൽപ്പാദിപ്പിച്ചിരുന്ന എണ്ണ, വെളിച്ചെണ്ണ കാലിത്തീറ്റ, പപ്പടം മുതലായവ അന്യനാടുകളിൽ വളരെ മുമ്പെ പ്രശസ്തിയാർജ്ജിച്ചിരുന്നു. 50 വർഷങ്ങൾക്ക് മുമ്പ് ഇരുപത്തിയഞ്ചോളം, കൊപ്രയാട്ട് മരച്ചക്കുകൾ നിലവിലുണ്ടായിരുന്ന ഈ പഞ്ചായത്തിൽ അതിന് ആനുപാതികമായി ആധുനിക വ്യവസായങ്ങളൊന്നും തഴച്ചു വളരാത്തത് എന്തുകൊണ്ടാണെന്ന് ഗൗരവപരമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

എടുത്ത് പറയാൻ കഴിയുന്ന മുൻകാല വ്യവസായങ്ങളിൽ പ്രധാനമായത് 1954ൽ മൊയ്തീൻ ഹാജിയുടെ ഉടമസ്ഥതയിൽ ആരംഭിച്ച ഭൂപതി സോപ്പും ഭൂപതി ബീഡിയുമാണ്. സിഗാർ നിയമം വന്നതോടുകൂടി നൂറോളം തൊഴിലാളികൾ ഉണ്ടായിരുന്ന ബീഡി നിർമ്മാണം നിർത്തിവെച്ചു. സോപ്പ് നിർമ്മാണം ഇപ്പോൾ ഭാഗികമായി നടക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പൊതുമേഖലയിലോ സഹകരണമേഖലയിലോ വ്യവസായ സ്ഥാപനങ്ങൾ ഇല്ല എന്നത് ചിന്തനീയമായ ഒരു വിഷയമാണ്. ആകെയുള്ളത് സ്വകാര്യമേഖലയിലെ ചെറുകിട വ്യവസായ യൂനിറ്റുകളും പരമ്പരാഗത–കുടിൽ വ്യവസായങ്ങളുമാണ്. ഇതിൽ പരമ്പരാഗത കുടിൽ മേഖല ആകെ വ്യവസായത്തിന്റെ 40% കയ്യടക്കിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ വിവിധ മേഖലകളിലായി 8834 പേർ ജോലി ചെയ്യുന്നു. 8027 പുരുഷന്മാരും 807 സ്ത്രീകളും. എന്നാൽ ആകെ വ്യവസായ തൊഴിലാളികൾ മൊത്തം തൊഴിൽ സേനയുടെ 12% മാത്രമേ വരുന്നുള്ളൂ. മോട്ടോർ വാഹനരംഗത്ത് പ്രവർത്തിക്കുന്നവർ 1496 (16.9%)ഓളം വരും. ഇതിൽ ഭൂരിഭാഗവും ചെത്ത്കടവ്, വരിട്ട്യാക്ക്, കാരന്തൂർ, പന്തീർപാടം, പിലാശ്ശേരി, കുരിക്കത്തൂർ എന്നിവിടങ്ങളിലെ വിവധമേഖലകളിൽ ജോലി ചെയ്യുന്നു. പഞ്ചായത്തിനകത്ത് ജോലി ചെയ്യുന്ന 995 വ്യവസായ തൊഴിലാളികളിൽ 612 പുരുഷന്മാരും 383 സ്ത്രീകളുമുണ്ട്.

നിലവിലുള്ള വ്യവസായ യൂനിറ്റുകളുടെ എണ്ണവും തൊഴിലാളികളുടെ എണ്ണവും ഉപയോഗിക്കുന്ന വൈദ്യുത ഊർജ്ജവും പട്ടിക 1ൽ

വിവിധ മേഖലകളിലെ കൂലി നിരക്കുകൾ പട്ടിക 2ൽ

പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 3ൽ

### വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

പഞ്ചായത്തിലെ മൊത്തം തൊഴിൽ സേനയിൽ പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള അനുപാതം 11:1 ആണെങ്കിലും വ്യവസായ മേഖലയിൽ സ്ത്രീകളുടെ എണ്ണം ഏതാണ്ട് പുരുഷന്മാർക്ക് തുല്യമാണ്. പക്ഷെ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള വ്യവസായ യൂണിറ്റുകളുടെ എണ്ണം തുലോം പരിമിതമാണ്.

തീപ്പെട്ടിക്കൊള്ളി നിർമ്മാണം, സ്റ്റോൺ ക്രഷർ, അച്ചാർ നിർമ്മാണം, നൂൽനൂൽപ്പ് എന്നീ മേഖലകളിലാണ് സ്ത്രീകൾ ഏറ്റവും കൂടുതൽ ജോലിചെയ്യുന്നത്. ഇതിൽ നൂൽനൂൽപ്പ്, അച്ചാർ നിർമ്മാണം, തീപ്പെട്ടിക്കൊള്ളി നിർമ്മാണം എന്നീ മേഖലകളിലെ സ്ത്രീകളുടെ കൂലി നിരക്ക് വളരെ തുച്ഛമാണ് എന്നത് അടിയന്തിരശ്രദ്ധ പതിയേണ്ട ഒരു യാഥാർത്ഥ്യമാണ്.

## പ്രശ്നങ്ങൾ

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വ്യാവസായിക വളർച്ചയ്ക്കാവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങളായ ഗതാഗത സൗകര്യങ്ങൾ, വൈദ്യുതി വാർത്താവിനിമയ സംവിധാനങ്ങൾ, ഉയർന്ന വിദ്യാഭ്യാസ നിലവാരം, ഉയർന്ന ആരോഗ്യ പരിരക്ഷ, ഉയർന്ന വിദേശവരുമാനം, വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവർ, ജനക്ഷേമ പ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം എന്നിവയെല്ലാം ഉണ്ടെങ്കിലും വ്യവസായ വളർച്ച വേണ്ടത്ര കൈവരിക്കാൻ കഴിയാതെ പോയത് താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. ശാസ്ത്രീയമായ വ്യവസായനയത്തിന്റെ അഭാവം.
2. മുഖ്യ കാർഷികോല്പന്നങ്ങളായ നാളികേരം, അടക്ക എന്നിവ വ്യവസായികരംഗത്ത് വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.
3. കുന്ദമംഗലം ബ്ലോക്കിൽ ഏറ്റവും കൂടുതൽ വാഹനങ്ങൾ സ്വകാര്യമേഖലയിലുള്ള ഈ പഞ്ചായത്തിൽ മോട്ടോർ വാഹന രംഗത്ത് വ്യവസായങ്ങൾ തുടങ്ങാനുള്ള പ്രോത്സാഹനത്തിന്റെ അഭാവം.
4. വൈദ്യുത കണക്ഷൻ കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ.
5. വോൾട്ടേജ് ക്ഷാമം.
6. ബാങ്കുകളിൽ നിന്നും മറ്റും ധനസഹായം കിട്ടാനുള്ള വിഷമം.
7. ഗൾഫ് പണത്തെ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിയാതെ പോയത്.
8. വനിതകൾക്ക് തൊഴിലവസരങ്ങൾ കുറവ്.
9. സാങ്കേതിക പരിജ്ഞാനം കുറവ്
10. വിപണന സാധ്യത കുറവ്.
11. വ്യവസായമേഖലയുമായുള്ള സമ്പർക്ക കുറവ്.
12. മരവ്യവസായത്തിനാവശ്യമായ തടി ലഭിക്കാനുള്ള വിഷമം.
13. സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് തൊഴിൽ നൽകാനുള്ള പദ്ധതികളുടെ അശാസ്ത്രീയത.
14. പരമ്പരാഗത കുടിൽ വ്യവസായമേഖലയിലെ തൊഴിലാളികൾക്കും കൈത്തൊഴിലുകാർക്കും വേണ്ട പരിശീലനവും സാമ്പത്തിക സഹായവും ലഭിക്കായ്ക.
15. മനുഷ്യാധ്വാനത്തെ ആധാരമാക്കി പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കാതിരിക്കൽ.
16. സ്ത്രീകളുടെ കുറഞ്ഞ കൂലി നിരക്ക്.

## സാധ്യതകൾ

വിദ്യഭ്യാസപരമായും സാങ്കേതിക വൈദഗ്ദ്ധ്യപരമായും മുന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ 40118 ഓളം ജനസംഖ്യയും, 7264 വീടുകളും ഉണ്ട്. 585 പേർ ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നു. പരമ്പരാഗത മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരുടെ എണ്ണം ഏതാണ്ട് 40% ഓളം വരും. എങ്കിലും വിദേശത്തു നിന്നുള്ള വരുമാനത്തെയും പഞ്ചായത്തിലെ വൈദഗ്ദ്ധ്യത്തെയും മാർക്കറ്റിനെയു മുൻനിർത്തിയുള്ള വ്യവസായങ്ങളൊന്നും നമുക്ക് വളർത്തിയെടുക്കാൻ കഴിഞ്ഞില്ല എന്നത് ഖേദകരമാണ്.

തീപ്പെട്ടിക്കൊള്ളി നിർമ്മാണം, സ്റ്റോൺ ക്രഷറുകൾ, പപ്പടം തുടങ്ങിയ മേഖലകളിലാണ് ഏറ്റവും കൂടുതൽ തൊഴിലാളികൾ ഉള്ളത്. ഇതിൽ തീപ്പെട്ടിക്കൊള്ളി നിർമ്മാണം തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പലയൂണിറ്റുകളും അടച്ചുപൂട്ടി. ഇതിനു കാരണം പഞ്ചായത്തിൽ നിലനിൽക്കുന്ന വേൾട്ടേജ് ക്ഷാമവും തമിഴ്നാട് മാർക്കറ്റിലെ കിടമത്സരവുമാണ്. കൂടാതെ ഭൂരിഭാഗ സ്ത്രീതൊഴിലാളികളുള്ള ഈ മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി നിരക്കും ഇവയുടെ തകർച്ചക്ക് കാരണമാകുന്നു. ഈ വ്യവസായത്തെ തകർച്ചയിൽ നിന്ന് രക്ഷിക്കാൻ തീപ്പെട്ടി നിർമ്മാണം ആരംഭിക്കുക മാത്രമാണ് ഏക മാർഗ്ഗം. അതിനുള്ള എല്ലാ സാധ്യതകളും ഈ പഞ്ചായത്തിലുണ്ട്.

ഏറ്റവും കൂടുതൽ വാഹനങ്ങളും വാഹന

തൊഴിലാളികളും ഉള്ള നമ്മുടെ പഞ്ചായത്തിൽ ജില്ല കേന്ദ്രീകരിച്ചു തന്നെ വാഹനങ്ങളുടെ ടയർ നിർമ്മാണ ഫാക്ടറി വൻകിട മേഖലയിൽ ആരംഭിക്കാവുന്നതാണ്.

ഗൾഫുമാർക്കറ്റുകളിലേക്ക് കയറ്റുമതി ചെയ്യപ്പെടുന്ന വാമന ഫുഡ് പ്രൊഡക്ടിന്റെ ഒരു യൂണിറ്റും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ സ്ത്രീകൾക്ക് തൊഴിൽ സാധ്യതയുള്ള ഈ യൂണിറ്റിനെ ഇനിയും വികസിപ്പിക്കാവുന്നതാണ്.

30 സ്ത്രീകൾ ജോലി ചെയ്യുന്ന സർവ്വോദയ സംഘത്തിന്റെ കീഴിലുള്ള ഒരു നൂൽനൂൽപ്പ് കേന്ദ്രം നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പരമ്പരാഗത സൗകര്യങ്ങൾ മാത്രമുള്ള ഈ കേന്ദ്രത്തിൽ ഉല്പാദനത്തിനനുസരിച്ചുള്ള കൂലിയായതുകൊണ്ട് പ്രതിദിനം 15രൂപ മാത്രമെ ഒരു തൊഴിലാളിക്ക് വേതനമായി ലഭിക്കുന്നുള്ളൂ. മോട്ടർ ഘടിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിച്ചാൽ കൂലിനിരക്കും തൊഴിൽ ലഭ്യതയും ഉയർത്താൻ കഴിയും.

തടി വ്യവസായവുമായി ബന്ധപ്പെട്ട് 12ഓളം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ മരംകൊണ്ടുള്ള വീട്ടുപകരണങ്ങൾക്ക് ആവശ്യക്കാർ ഏറെയുണ്ടെങ്കിലും മരത്തിന്റെ ലഭ്യത ഇതിനൊരു ഭീഷണിയായി നിലനിൽക്കുന്നു. അതിനാൽ കോൺക്രീറ്റുകൊണ്ടുള്ള ജനൽ, കട്ടില, തുടങ്ങിയവ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ സാദ്ധ്യത പഞ്ചായത്തിലുണ്ട്.

നമുക്ക് സുലഭമായി ലഭിക്കുന്ന നാളികേരം, അടയ്ക്ക എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം പരിമിതമാണ്. തെങ്ങ്, ചിരട്ട, തേങ്ങ എന്നിവ ഉപയോഗിച്ചുള്ള വ്യവസായ സ്ഥാപനങ്ങൾ ഇനിയും ഇവിടെ സ്ഥാപിക്കേണ്ടതുണ്ട്. ഇത് കൂടുതൽ തൊഴിൽ ലഭ്യത ഉറപ്പ് വരുത്തും.

നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ആരംഭിക്കാൻ കഴിയുന്ന വ്യവസായങ്ങൾ പട്ടിക 4ൽ

കമ്പോള സാധ്യയുള്ള ചെറുകിട വ്യവസായങ്ങൾ പട്ടിക 5ൽ

**മിനിവ്യവസായ എസ്റ്റേറ്റ് (MIE)**

1967ൽ തുടങ്ങിയ MIE യുടെ സ്ഥിതി ഇന്ന് വളരെ ദയനീയമാണ്. രണ്ട് വ്യവസായ യൂണിറ്റുകളൊഴിച്ച് ബാക്കിയുള്ളവയെല്ലാം അടച്ചുപൂട്ടി അസംസ്കൃത പദാർത്ഥങ്ങളുടെ അഭാവവും സാങ്കേതിക പരിജ്ഞാനമില്ലായ്മയും ബാങ്കുകളിൽ നിന്നു പ്രവർത്തന മൂലധനം ലഭിക്കായ്കകയും വൈദ്യുതി പ്രതിസന്ധിയും ഈ വ്യവസായ ശാലകളുടെ തകർച്ചയ്ക്ക് കാരണമായി.

ഈ എസ്റ്റേറ്റിനെ പൂർണ്ണമായി പഞ്ചായത്തിന്റെ ഭരണ പരിധിയിൽകൊണ്ടുവരികയും ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെയും ജില്ലാ വ്യവസായ കേന്ദ്രം, CMD തുടങ്ങിയ മറ്റു സ്ഥാപനങ്ങളുടെയും സഹായത്തോടെ പുതിയ സംരഭകരെ വളർത്തിയെടുത്താൽ ഈ എസ്റ്റേറ്റിനെ തകർച്ചയിൽ നിന്ന് രക്ഷിക്കാൻ കഴിയും.

**വൈദ്യുതി ഉല്പാദനവും വിതരണവും**

ഈ പഞ്ചായത്തിലെ വ്യവസായങ്ങളുടെ തകർച്ചക്ക് പ്രധാന കാരണങ്ങളിലൊന്ന് വൈദ്യുതി പ്രതിസന്ധിയാണ്. വ്യവസായ യൂണിറ്റുകൾക്കാവശ്യമായ വൈദ്യുതി ലഭിക്കാതിരുന്നതും പുതിയ യൂണിറ്റുകൾക്ക് കണക്ഷൻ ലഭിക്കാതിരിക്കുന്നതും നിലവിലുള്ള വോൾട്ടേജ് ക്ഷാമവും വ്യവസായ യൂണിറ്റുകളുടെ തകർച്ച പൂർണ്ണമാക്കി.

വൈദ്യുതി ഉത്പാദനത്തിന് നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര സാധ്യത കാണുന്നില്ലെങ്കിലും കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും പുതിയ സബ് സ്റ്റേഷൻ നിർമ്മിച്ചും ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കാവുന്നതാണ്.

**വ്യവസായ സമിതി**

നമ്മുടെ പഞ്ചായത്തിലെ വ്യവസായികളെയും വ്യവസായ സംരഭകരെയും ഉൾപ്പെടുത്തി ഒരു വ്യവസായ സമിതി എത്രയും വേഗം രൂപീകരിക്കേണ്ടതുണ്ട്. വ്യവസായികൾക്കും സംരഭകർക്കും ആവശ്യമായ പരിശീലനം നൽകാനും ബാങ്ക് വായ്പ, വിദ്യുച്ഛക്തി കണക്ഷൻ തുടങ്ങിയ സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കാനും ഈ സമിതിക്ക് കഴിയും.

## നിർദ്ദേശങ്ങൾ

1. കുന്ദമംഗലം ബ്ലോക്ക് കേന്ദ്രീകരിച്ച് നമ്മുടെ പഞ്ചായത്തിൽ വാഹനങ്ങളുടെ ട്യൂബ് നിർമ്മാണ ശാല ആരംഭിക്കുക.

2. നവീന രീതിയിലുള്ള തൊണ്ടഴുക്കൽ സമ്പ്രദായം നടപ്പിലാക്കി യന്ത്രവൽകൃത ചൂടി നിർമ്മാണം ആരംഭിക്കുക.

3. ചൂടികൊണ്ടുള്ള മറ്റുല്പ്പന്നങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുക.

4. കെൽട്രോണുമായി ബന്ധപ്പെട്ടൊരു ഇലക്ട്രോണിക് അസംബ്ലിംഗ് യൂണിറ്റ് സ്ഥാപിക്കുക.

5. വ്യവസായം തുടങ്ങുന്നതിന് താല്പര്യ

മുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നൽകുകയും അതിൽ നിന്ന് വ്യവസായ സംരഭകരെ വളർത്തിയെടുക്കുന്നതിന് വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്യുക.

6. വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള എല്ലാ വൈദ്യുത ലൈനുകളും ത്രീ ഫേസ് ആക്കി മാറ്റുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

7. വ്യവസായ സംരഭകർക്ക് പഠന യാത്ര സംഘടിപ്പിക്കുക.

8. 'വ്യവസായ കേരളം' പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തുക.

9. മിനി വ്യവസായ എസ്റ്റേറ്റ് പൂർണ്ണമായും പഞ്ചായത്തിന്റെ ഭരണ സമിതിയിൽ കൊണ്ടുവരിക.

10. പഞ്ചായത്തിൽ നിന്ന് ഗൾഫിൽ ജോലി ചെയ്യുന്നവരുടെ വിദേശ വരുമാനം വ്യവസായിക വളർച്ചക്ക് ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിക്കുക.

11. വ്യവസായ സംരഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും പ്രസ്തുത രംഗത്ത് നല്ല സാഹചര്യങ്ങൾ സൃഷ്ടിക്കാനും ഒരു മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുക.

12. വ്യവസായ കാർഷിക പ്രദർശനം സംഘടിപ്പിക്കുക.

13. വൈദ്യുതി ലാഭിക്കാൻ എല്ലാ വീടുകളിലും കോംപാക്ട് ഫ്ളൂറസന്റ് ലാമ്പുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക. ഇതുമൂലം ഓരോ ബൾബും വർഷത്തിൽ 50 യൂണിറ്റോളം വൈദ്യുതി ലാഭിക്കും.

14. കരകൗശല രംഗത്ത് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് Deputy Commissioner, Ministry of Handloom and Textiles, Trichur എന്നിവരുമായി ബന്ധപ്പെട്ട ഒരു ക്രാഫ്റ്റ് സെന്റർ സ്ഥാപിക്കുക.

15. ഒരു ഗ്രാമീണബാങ്ക് പഞ്ചായത്തിലാരംഭിക്കുക.

16. ഇവിടെ ലഭിക്കുന്ന നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധ തരം വ്യവസായങ്ങളെ പറ്റി ബോധവൽക്കരണം നടത്തുന്നതിന് നാളികേര വികസന ബോർഡ്, കേരഫെഡ്, കയർ വികസന ഡയരക്ടർ, റീജിനൽ റിസർച്ച് ലബോറട്ടറി, തിരുവനന്തപുരം തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു പരിശീലനം സംഘടിപ്പിക്കുക.

17. മോട്ടോർ വ്യവസായ മേഖലകളിൽ ഒരു സഹകരണ സംഘം സ്ഥാപിക്കുക.

18. റെഡിമെയ്ഡ് വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് പ്രസ്തുത രംഗത്തെ നവീനരീതികളെ പറ്റി മനസ്സിലാക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, മദ്രാസ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് പരിശീലനം നൽകുക.

### മറ്റ് ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കശുവണ്ടി സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുക.
2. പോളിത്തീൻ കവർ നിർമ്മാണം.
3. റൈസ് മിൽ.
4. കുട, സോഫ നിർമ്മാണം.
5. കൊപ്ര ഡ്രയർ യൂണിറ്റ്.
6. പെനോയിൽ, കീടനാശിനികൾ.
7. മാല, വള, റിബ്ബൺ നിർമ്മാണം.
8. ചന്ദനത്തിരി, മെഴുകുതിരി.
9. കശുമാങ്ങയിൽ നിന്ന് വീഞ്ഞ്, ജാം തുടങ്ങിയവ.
10. നോട്ട് ബുക്ക് നിർമ്മാണം.
11. ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്.

19. ഈ പഞ്ചായത്തിലെ തൊഴിൽസേനയിൽ 17% വരുന്ന മോട്ടോർ വാഹന സർവ്വീസ് മേഖലകളിലെ ജീവനക്കാർ ഇന്ന് നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണേണ്ടതുണ്ട്.

വ്യവസായ സംരംഭകർക്ക് പരിശീലനം നല്കുന്നതിന് ബന്ധപ്പെടേണ്ട സ്ഥാപനങ്ങൾ.

a. District Industrial Centre, Kozhikode.

b. Small Industries Service Institute, Trichur.

c. National Small Industries Corporation, Trichur.

d. Kerala State Industrial and Technolagy Consultoncy Organisation,Eranakulam.

e. STED Project Office,Kozhikode.

f. REC, Kozhikode.

g. National Institute For Entrepreneurship And Small Business Development, New Delhi.

h. Entrepreneurship Development Institute Of India, Ahamadabad.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാപ്രകാരം നിശ്ചയിച്ച് നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായിക രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാനും ദാരിദ്ര്യം, തൊഴിലില്ലായ്മ എന്നിവ ഒരളവോളം പരിഹരിക്കാനും കഴിയും.

പട്ടിക 1

## വ്യവസായ യൂണിറ്റുകളെ സംബന്ധിച്ചവിവരങ്ങൾ

| നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | തൊഴിൽ ശതമാനം | വ്യവസായങ്ങളുടെ എണ്ണം | യൂണിറ്റുകൾ ശതമാനത്തിൽ | ഒരു യൂണിറ്റ് ഉപയോഗിക്കുന്ന വൈദ്യുത ഊർജ്ജം |
|---|---|---|---|---|---|---|---|---|
| | | പു | സ്ത്രീ | ആകെ | | | | |
| 1 | അച്ചാർ. നിർമ്മാണം | 4 | 38 | 42 | 4.2 | 2 | 1.4 | 7.46 |
| 2 | അവിൽ വ്യവസായം | 6 | 12 | 18 | 1.8 | 2 | 1.4 | 27.6 |
| 3 | തടി വ്യവസായം | 42 | – | 42 | 4.2 | 5 | 3.5 | 14.17 |
| 4 | പപ്പടം നിർമ്മാണം | 175 | – | 175 | 17.4 | 35 | 25 | – |
| 5 | വെളിച്ചെണ്ണ | 34 | – | 34 | 3.4 | 16 | 11.4 | 11.19 |
| 6 | ധാന്യം പൊടിയ്ക്കുന്ന മില്ല് | 22 | – | 22 | 2.2 | 11 | 7.8 | 11.19 |
| 7 | ഓട്ടോമൊബൈൽ വർക് ഷോപ്പ് | 58 | – | 58 | 5.8 | 13 | 9.2 | 3.6 |
| 8 | വാഹന ബോഡി | 38 | – | 38 | 3.8 | 4 | 2.8 | 7.46 |
| 9 | ഫർണ്ണീച്ചർ | 14 | – | 14 | 1.4 | 2 | 1.4 | 3.73 |
| 10 | നൂൽനൂൽപ്പ് | – | 31 | 31 | 3.1 | 1 | 0.7 | – |
| 11 | തീപ്പെട്ടിക്കൊള്ളിനിർമ്മാണം | 14 | 110 | 124 | 12.4 | 8 | 5.7 | 7.46 |
| 12 | ക്രഷർ | 16 | 80 | 96 | 9.6 | 6 | 4.2 | 22.38 |
| 13 | ഇഷ്ടിക നിർമ്മാണം | 6 | 19 | 25 | 2.5 | 3 | 2.1 | 3.6 |
| 14 | സോപ്പ് നിർമ്മാണം | 10 | – | 10 | 1 | 2 | 1.4 | 7.46 |
| 15 | എഞ്ചിനീയറിംഗ് | 12 | – | 12 | 1.2 | 3 | 2.1 | 22.3 |
| 16 | പാനീയ നർമ്മാണം | 4 | 3 | 7 | 0.7 | 2 | 1.4 | 3.6 |
| 17 | പെയ്ന്റ് | 2 | – | 2 | 0.2 | 1 | 0.7 | 1.49 |
| 18 | ക്ഷീരോൽപ്പന്ന നിർമ്മണം | – | 10 | 10 | 1 | 1 | 0.7 | – |
| 19 | ബേക്കറി | – | 28 | 28 | 2.8 | 5 | 3.5 | – |
| 20 | റൈസ് മില്ല് | 4 | 2 | 6 | 0.6 | 1 | 0.7 | 18.65 |
| 21 | ഹോമിയോ മരുന്ന് | 4 | – | 4 | 0.4 | 1 | 0.7 | 3.73 |
| 22 | കക്ക നിർമ്മാണം | 4 | – | 4 | 0.4 | 2 | 1.4 | – |
| 23 | ഗ്ലാസ് ചാനൽ | 3 | 2 | 5 | 0.5 | 1 | 0.7 | 7.46 |
| 24 | റബ്ബർ പ്രൊഡക്ട് | 8 | 4 | 12 | 1.2 | 1 | 0.7 | 37.3 |
| 25 | മറ്റു ചെറുകിട വ്യവസായങ്ങൾ | 16 | 8 | 24 | 2.4 | 8 | 5.7 | – |
| 26 | മറ്റു പരമ്പരാഗത കുടിൽ വ്യവസായങ്ങൾ | 116 | 36 | 152 | 15.2 | 4 | 2.8 | – |
| | ആകെ | 612 | 383 | 995 | 100 | 140 | 100 | |

പട്ടിക 2

## വിവിധ മേഖലകളിലെ കൂലി നിരക്ക്

| നമ്പർ | ഇനം | കൂലിനിരക്ക് പു. | സ്ത്രീ |
|---|---|---|---|
| 1 | അച്ചാർ നിർമ്മാണം | – | 25 |
| 2 | അവിൽ നിർമ്മാണം | 45 | 30 |
| 3 | തടിവ്യവസായം | 100 | – |
| 4 | പപ്പടം നിർമ്മാണം | 100 | – |
| 5 | ഓയിൽ മിൽ | 100 | – |
| 6 | തീപ്പെട്ടിക്കൊള്ളി നിർമ്മാണം | 45 | 20 |
| 7 | ക്രഷർ | 65 | 55 |
| 8 | നൂൽ നൂൽപ്പ് | – | 18 |
| 9 | ഇഷ്ടിക നിർമ്മാണം | 60 | 45 |
| 10 | പാനീയ നിർമ്മാണം | 60 | – |
| 11 | കൊപ്ര സംസ്ക്കരണം | 65 | – |
| 12 | ഭക്ഷ്യധാന്യം പൊടിയ്ക്കൽ | 75 | 40 |
| 13 | സോപ്പ് നിർമ്മാണം | 70 | – |
| 14 | പെയിന്റ് നിർമ്മാണം | 60 | – |
| 15 | ഓട്ടോ മൊബൈൽ വർക് ഷോപ്പ് | 65 | – |
| 16 | എഞ്ചിനിയറിംഗ് | 70 | – |
| 17 | ക്ഷീരോല്പ്പന്ന നിർമ്മണം | – | 35 |
| 18 | ബേക്കറി | 40 | 25 |
| 19 | കല്ലുവെട്ട് | 80 | – |
| 20 | വാഹന ബോഡി നിർമ്മാണം | 90 | – |
| 21 | മറ്റ് വ്യവസായങ്ങൾ | 45–80 | 15–40 |

*അവലംബം : ഗ്രാമസഭാ റിപ്പോർട്ട് & സെക്കന്ററി ഡാറ്റ*

പട്ടിക 3

## പരമ്പരാഗത കുടിൽ വ്യവസായങ്ങളെ സമ്പന്ധിച്ച വിവരങ്ങൾ

| നമ്പർ | ഇനം | വ്യവസായങ്ങളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം പു | സ്ത്രീ | ശതമാനം |
|---|---|---|---|---|---|
| 1 | കക്ക നിർമ്മാണം | 2 | 4 | – | 1.2 |
| 2 | പപ്പട നിർമ്മാണം | 35 | 175 | – | 52.8 |
| 3 | മൺപാത്ര നിർമ്മാണം | 4 | 4 | 8 | 3.6 |
| 4 | കല്ല്വെട്ട് | – | 112 | 28 | 42.2 |
| | ആകെ | 41 | 295 | 36 | 100 |

*അവലംബം : ഗ്രാമസഭാ റിപ്പോർട്ട്*

പട്ടിക 4

## നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ആരംഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ

| നമ്പർ | ഇനം |
|---|---|
| 1 | കന്നുകാലി തീറ്റ നിർമ്മാണം |
| 2 | യന്ത്രവൽകൃത ചൂടി നിർമ്മാണം |
| 3 | യന്ത്രമുപയോഗിച്ച് പച്ചചകിരിനാര് നിർമ്മാണം |
| 4 | ചകിരിച്ചവറ് ഉപയോഗിച്ച് വളം |
| 5 | തേങ്ങാവെള്ളം ഉപയോഗിച്ച് ശീതളപാനീയം |
| 6 | കറിപൗഡർ നിർമ്മാണം |
| 7 | സാന്റ് പേപ്പർ നിർമ്മാണം |
| 8 | മരംകൊണ്ടുള്ള പാക്കിംഗ് കെയ്സുകൾ |
| 9 | ചിരട്ടപ്പൊടി, ചാർക്കോൾ (ആക്റ്റിവേറ്റഡ് കാർബൺ) |
| 10 | തെങ്ങ് കൊണ്ടുള്ള ഫർണ്ണീച്ചറുകൾ |
| 11 | മിഠായി നിർമമാണം |
| 12 | കാർഡ്ബോർഡ് പെട്ടികൾ, നോട്ടുബുക്കു നിർമ്മാണം |
| 13 | അടയ്ക്കാ സംസ്ക്കരണം |
| 14 | പട്ടുനൂൽ വ്യവസായം |
| 15 | നവീന രീതിയിലുള്ള തൊണ്ടഴുക്കൽ |
| 16 | ചാർക്കോൾ ഓയിൽ |
| 17 | വാഴനാരുപയോഗിച്ച് ഫാൻസി ഫൈബർ |
| 18 | കയിൽ, ചട്ടകം, സ്പൂൺ മുതലായ ഗൃഹോപകരണങ്ങൾ |
| 19 | ഐസ്ക്രീം കപ്പ്, കപ്പും സോസറും, ഹെയർ പിൻ ക്ലിപ്പ് |
| 20 | ചിപ്പ്സ് നിർമ്മാണം (നേന്ത്രക്കായ , കപ്പ, ഉരുളക്കിഴങ്ങ്) |

*അവലബം : ഗ്രാമസഭാ റിപ്പോർട്ട്*

### പട്ടിക 5
## കമ്പോള സാധ്യതയുള്ള വ്യവസായങ്ങൾ

| നമ്പർ | ഇനം |
|---|---|
| 1 | വാഹനങ്ങളുടെ റബ്ബർ ട്യൂബ് നിർമ്മാണം |
| 2 | അലൂമിനിയം പാത്ര നിർമ്മാണം |
| 3 | ഇനാമൽ പെയ്ന്റ് നിർമ്മാണം |
| 4 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം |
| 5 | കോൺക്രീറ്റ് കൊണ്ടുള്ള കട്ടില, ജനൽ നിർമ്മാണം |
| 6 | അനുബന്ധ മേഖലയിൽ ഇലക്ട്രോണിക് അസംബ്ലിങ്ങ് |
| 7 | ഇലക്ട്രോണിക് ഓവർ ലോഡ് കട്ട് ഓഫ് |
| 8 | സ്വിച്ച് ബോർഡ് |
| 9 | കുട്ടികളുടെ ഷൂ നിർമ്മാണം |
| 10 | ഉന്നത നിലവാരമുള്ള റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം |
| 11 | കറി പൗഡർ |
| 12 | സ്റ്റീൽ ഫർണ്ണീച്ചർ |
| 13 | നാളികേര ഉല്പ്പന്നങ്ങളുടെ ആധുനിക രീതിയിലുള്ള സംസ്ക്കരണ യൂണിറ്റ് |
| 14 | നെയ്ത്ത് |
| 15 | കിടക്ക നിർമ്മാണം |
| 16 | പ്ലാസ്റ്റിക്ക് കൊണ്ടുള്ള അടുക്കള പാത്രങ്ങൾ |
| 17 | ക്ലീനിംഗ് പൗഡർ |
| 18 | ഫാൻസി ലെതർ ഉല്പന്നങ്ങൾ |
| 19 | ചിരട്ടകൊണ്ടുള്ള ഉല്പന്നങ്ങൾ |
| 20 | ഹവായ് ചെരുപ്പ് |
| 21 | കണ്ണടകളുടെ ഫ്രെയ്മും ഗ്ലാസും |

അവലംബം : സി.എം.ഡി. മാർക്കറ്റ് സർവ്വെ



# വിദ്യാഭ്യാസം

സ്വാതന്ത്ര്യത്തിനുമുൻപു തന്നെ വിദ്യാഭ്യാസം നേടുന്നതിനുള്ള പരിമിതമായ ചില സംവിധാനങ്ങൾ നമ്മുടെ പഞ്ചായത്തിലുമുണ്ടായിന്നു. അവ എഴുത്തുപള്ളികൾ എന്ന് അറിയപ്പെട്ടിരുന്നു. അവിടെ പഠിപ്പിക്കുന്നവരെ എഴുത്തശ്ശൻ എന്നാണ് വിളിച്ചുവന്നിരുന്നത്. കാരന്തൂർ, കുന്ദമംഗലം, കളരിക്കണ്ടി, ചെത്തുകടവ്, പിലാശ്ശേരി, പയിങ്ങോട്ടുപുറം എന്നീഭാഗങ്ങളിലെല്ലാം എഴുത്തുപള്ളികൾ ഉണ്ടായിരുന്നു. പിന്നീട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി മാനേജ്മെന്റ് സ്ക്കൂളുകൾ സ്ഥാപിതമായി. ഇന്ന് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എയ്ഡഡ് പ്രൈമറി വിദ്യാലയങ്ങൾ സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ സ്ഥാപിക്കപ്പെട്ടവയാണ്. പെരുവഴക്കടവ് സ്കൂൾ, കുന്ദമംഗലം ഈസ്റ്റ് എ.യു.പി. സ്കൂൾ, കളരിക്കണ്ടി സ്കൂൾ, കൊളായി സ്കൂൾ എന്നിവ പഞ്ചായത്തിലെ ആദ്യകല സ്ക്കൂളുകളാണ്. പയിങ്ങോട്ടു പുറത്തുണ്ടായിരുന്ന പ്രൈമറി സ്ക്കൂൾ (ഇന്ന് നിലവിലുള്ള സ്ക്കൂളല്ല.) കുന്ദമംഗലം ഗേൾസ് സ്കൂൾ (പതിമംഗലം) ബോർഡ് സ്കൂൾ (കുന്ദമംഗലം) എന്നിവ പിന്നീട് നിലച്ചുപോയ സ്കൂളുകളാണ്. പട്ടികജാതി വിഭാഗങ്ങളിൽപെടുന്നവർ, പെൺകുട്ടികൾ എന്നിവർ അക്കാലത്ത് ഇന്നത്തെ പോലെ വ്യാപകമായി സ്കൂളിൽ പോയിരുന്നില്ല. കുന്ദമംഗലത്ത് സ്ഥാപിക്കപ്പെട്ടിരുന്ന ഗേൾസ് സ്കൂൾ, കാരന്തൂരിൽ ഡിസ്ട്രിക്റ്റ് ബോർഡിന്റെ ആഭിമുഖ്യത്തിൽ പട്ടികജാതി വിഭാഗങ്ങളിൽ പെട്ടവർക്കായി സ്ഥാപിതമായ പഞ്ചമി സ്കൂൾ എന്നിവ ഈ വിഭാഗങ്ങളെ സ്കൂളിലേക്ക് ആകർഷിക്കാൻ സഹായകമായി. ഡിസ്ട്രിക്റ്റ് ബോർഡിന്റെ നേതൃത്വത്തിൽ പടനിലം പ്രദേശത്ത് ഏകാധ്യാപക വിദ്യാലയം ഉണ്ടായിരുന്നു. ആ വിദ്യാലയമാണ് പിന്നീട് പടനിലം GLPS ആയി തീർന്നത്. നമ്മുടെ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള ഏക സർക്കാർ വിദ്യാലയവും ഇതുതന്നെ. പ്രൈമറി വിദ്യാഭ്യസത്തിനുള്ള സൗകര്യമേ അക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളൂ. 1951 ൽ കുന്ദമംഗലം ഹൈസ്ക്കൂൾ സ്ഥാപിക്കപ്പെട്ടതോടെയാണ് സെക്കന്ററി വിദ്യാഭ്യസത്തിനുള്ള സൗകര്യം ഇവിടെയുണ്ടായത്. വിദ്യാഭ്യാസ തൽപരരായ ഒരു കൂട്ടം സാമൂഹ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ രൂപീകൃതമായ കുന്ദമംഗലം ഏജുക്കേഷൻ സൊസൈറ്റിയുടെ ശ്രമഫലമായിട്ടാണ് കുന്ദമംഗലം ഹൈസ്ക്കൂൾ സ്ഥാപിക്കപ്പെട്ടത്. 1982 ൽ കാരന്തൂരിൽ മർക്കസ് ഹൈസ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. റസിഡൻഷ്യൽ സ്കൂൾ അല്ലെങ്കിലും മർക്കസ് മാനേജ്മെന്റിന്റെ കീഴിൽ തന്നെയുള്ള ഹോസ്റ്റലിൽ താമസിച്ചുകൊണ്ട് ദൂരെയുള്ള സ്ഥലങ്ങളിൽ നിന്നുമുള്ള ധാരാളം വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്നു. മർക്കസ് അനാഥാലയത്തിലെ അന്തേവാസികളും ഇവിടെ തന്നെയാണ് പഠിക്കുന്നത്.

ഇന്ന് പഞ്ചായത്തിൽ 8 എൽ. പി. സ്കൂളുകളും 4 യു.പി. സ്കൂളുകളും രണ്ട് ഹൈസ്ക്കൂളുകളും ഉണ്ട്. പട്ടിക വർഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുവാനുള്ള ട്രൈബൽഹോസ്റ്റലും പ്രവർത്തിക്കുന്നു. 5009 ആൺകുട്ടികളും 3320 പെൺകുട്ടികളുമായി 8329 കുട്ടികൾ എല്ലാ

സ്കൂളുകളിലും കൂടി പഠിക്കുന്നു. ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും അനുപാതം 3:2. ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും എണ്ണത്തിലുള്ള വലിയ വ്യത്യാസത്തിനുകാരണം മർക്കസ് ഹൈസ്ക്കൂളിലെ പെൺകുട്ടികളുടെ എണ്ണത്തിലുള്ള കുറവാണ്. (ആൺ 2,035, പെൺ 534) ഇപ്പോൾ അവിടെ പെൺകുട്ടികൾക്കായി പ്രത്യേക ഡിവഷനുകൾ തുടങ്ങിയിട്ടുണ്ട്. പഞ്ചായത്തിലെ ആകെയുള്ള വിദ്യാർത്ഥികളിൽ 398 ആൺകുട്ടികളും 350 പെൺകുട്ടികളും പട്ടികജാതി പട്ടികവർഗത്തിൽപെടുന്നു. ഇത് മൊത്തം കുട്ടികളുടെ 8.98% വരും. വിവിധ ക്ലാസുകളിൽ തോറ്റു പഠിക്കുന്നവർ 623 (7.47%).

സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് നിസാരമാണ്. കഴിഞ്ഞ വർഷം 24 കുട്ടികൾമാത്രമാണ് കൊഴിഞ്ഞു പോയത്.

ഒരു കി.മീ.നുള്ളിൽ ഒരു ലോവർ പ്രൈമറി സ്കൂൾ എന്നതാണ് സംസ്ഥാന തലത്തിലുള്ള കണക്ക്. നമ്മുടെ പഞ്ചായത്തിൽ ഇത് ഏറെക്കുറെ ശരിയാണെങ്കിലും ചില പ്രദേശങ്ങളിൽ കുട്ടികൾക്ക് കൂടുതൽ ദൂരം നടക്കേണ്ടി വരുന്നുണ്ട്. 14–ാംവാർഡിൽ നെച്ചിപ്പൊയിൽ, 6ാം വാർഡിൽ തീക്കുനി കാരന്തൂർ വടക്കുന്തല, വെള്ളാരം കുന്ന് എന്നീഭാഗങ്ങളിലാണ് ഈ പ്രശ്നം കൂടുതലായി അനുഭവപ്പെടുന്നത്.

കാരന്തൂർ AMLPS, കളരിക്കണ്ടി ALPS എന്നിവ LP സ്കൂളുകളാണെങ്കിലും അവിടങ്ങളിൽ 5ാം ക്ലാസുകൂടി പ്രവർത്തിക്കുന്നുണ്ട്.

1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ 2,859 കുട്ടികൾ പഠിക്കുന്നു. (34%)

പഞ്ചായത്തിലെ ഈ വർഷത്തെ ഒന്നാം ക്ലാസിലെ എൻറോൾമെന്റ് 673 ആണ്. കഴിഞ്ഞ വർഷത്തേക്കാൾ 86 കുട്ടികൾ കുറവ് എൻറോൾമെന്റിലുള്ള കുറവുകൊണ്ട് കൂടുതൽ വിഷമം അനുഭവപ്പെടുന്നത് പ്രൈമറി സ്കൂളുകൾക്കാണ്. പഞ്ചായത്തിലെ ഏക ഗവ: സ്കൂളായ പടനിലം GLP സ്കൂളിൽ 70 കുട്ടികൾ മാത്രമാണ് പഠിക്കുന്നത്.

എയിഡഡ് സർക്കാർമേഖലയിൽ പ്രീ പ്രൈമറി വിദ്യാലയങ്ങൾ പഞ്ചായത്തിലില്ല. എന്നാൽ അംഗൻവാടികളിലൂടെ പ്രീ പ്രൈമറി വിദ്യാഭ്യാസം നേടുവാനുള്ള സൗകര്യമുണ്ട്. ആയിരം പേർക്ക് ഒരു അംഗൻവാടി എന്നതാണ് സംസ്ഥാന തലത്തിലുള്ള കണക്ക്. ഈ അടിസ്ഥാനത്തിൽ 24അംഗൻവാടികൾ പഞ്ചായത്തിൽ സ്ഥാപിക്കപ്പെടേണ്ടതുണ്ട്. ഇപ്പോൾ 16 അംഗൻവാടികളാണ് ഉള്ളത്. വിവിധ അംഗൻവാടികളിലായി 574 കുട്ടികൾ പഠിക്കുന്നു.

പ്രീപ്രൈമറിയോടൊപ്പം പ്രൈമറി ക്ലാസുകളും നടത്തപ്പെടുന്ന മൂന്ന് അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പഞ്ചായത്തിലുണ്ട്. മൂന്ന് മലയാളം നഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നു. കഴിഞ്ഞ പത്ത് വർഷങ്ങൾക്കുള്ളിലാണ് ഈ സ്കൂളുകളെല്ലാം സ്ഥാപിക്കപ്പെട്ടത്.

കോഴിക്കോട് ജില്ലാ പഞ്ചായത്ത് ആസൂത്രണം ചെയ്ത ജനപങ്കാളിത്തത്തോടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുള്ള കർമ്മ പരിപാടി നമ്മുടെ പഞ്ചായത്തിലും നടന്നുവരുന്നു. പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായി പഞ്ചായത്തുതലത്തിലും വാർഡുമെമ്പർമാർ ചെയർമാന്മാരായി വാർഡു തലങ്ങളിലും വിദ്യാഭ്യാസ സമിതികൾ ആരംഭിച്ചിട്ടുണ്ട്. മൂന്ന് നാല് ക്ലാസുകളിലെ കുട്ടികൾക്കിടയിൽ വേണ്ടത്ര പഠനനിലവാരം ഇല്ലാത്തവരെ കണ്ടെത്തുവാനായി സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു ടെസ്റ്റ് നടത്തി ഈ വിഭാഗത്തിൽ 384 പേർ ഉണ്ടെന്ന് കണ്ടെത്തി. (ഈ ക്ലാസുകളിലെ 26% കുട്ടികൾ) ഇവർക്കായുള്ള പരിഹാരബോധന പ്രവർത്തനങ്ങൾ ചില സ്കൂളുകളിൽ നടക്കുന്നുണ്ട്. പ്രൈമറി അധ്യാപകർക്കായി 5 പരിശീലന പരിപാടികൾ ഇതിനകം നടന്നു. പഞ്ചായത്തു പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ ഒരു ടീം സ്കൂളുകളിൽ നടത്തിയ സൗഹൃദ സന്ദർശനം ജനകീയ മോണിറ്ററിങ്ങിന് തുടക്കമായി.

SSLC ക്ക് ശേഷം പഠിക്കുവാനുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ പരിധിയിൽ വിരളമാണ്. സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങളാണ് ഇവയെല്ലാം.

അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് 1974-75 കാലങ്ങളിൽ ഗ്രന്ഥശാല സംഘത്തിന്റെ ആഭിമുഖ്യത്തിൽ വായനശാലകൾ കേന്ദ്രമാക്കി വയോജന വിദ്യാഭ്യാസ ക്ലാസുകൾ നടന്നിരുന്നു. കാൻഫെഡിന്റെ ആഭിമുഖ്യത്തിൽ ചുരുക്കും ചില ക്ലാസുകളും നടന്നിരുന്നു.

1989 ൽ ആരംഭിച്ച സമ്പൂർണ്ണ സാക്ഷരതായജ്ഞമാണ് ഈ രംഗത്തു നടന്ന എടുത്തുപറയത്തക്ക പ്രവർത്തനം. ജനകീയ സർവ്വേയുടെ ഭാഗമായി കണ്ടെത്തിയ 1145 നിരക്ഷകർക്കായി 201 ക്ലാസുകൾ സംഘടിപ്പിച്ചു. സന്നദ്ധ സേവനത്തിന് തയ്യാറായ 315 ഇൻസ്ട്രക്ടർമാർ ഒരു വർഷം നീണ്ടു നിന്ന ഈ യജ്ഞത്തിൽ പങ്കാളികളായി. മുഴുവൻ നിരക്ഷരരേയും സാക്ഷരതാ ക്ലാസുകളിലെത്തിച്ച ജില്ലയിലെ ആദ്യത്തെ പഞ്ചായത്ത്, സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനം നടത്താൻ സാധിച്ച ജില്ലയിലെ ആദ്യത്തെ പഞ്ചായത്ത് എന്നീ ബഹുമതികൾ ഈ രംഗത്ത് നാം നേടുകയുണ്ടായി.

തുടർസാക്ഷരതാ പ്രവർത്തനങ്ങൾ

സംസ്ഥാനതലത്തിൽ മന്ദീഭവിച്ചത് പഞ്ചായത്തിലെ പ്രവർത്തനങ്ങളേയും ബാധിച്ചു. രണ്ടു ജനവിദ്യാ കേന്ദ്രങ്ങൾ കുന്ദമംഗലത്തും പിലാശ്ശേരിയിലുമായി സ്ഥാപിക്കപ്പെട്ടുവെങ്കിലും കാര്യമായ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല.

മൺമറഞ്ഞവരും സർവ്വീസിൽ നിന്നു പിരിഞ്ഞെങ്കിലും ഇപ്പോഴും പൊതുപ്രവർത്തനം നടത്തുന്നവരുമായ ഒട്ടേറെ അധ്യാപകർ നമ്മുടെ പഞ്ചായത്തിലുണ്ട്. കുന്ദമംഗലം HS ഹെഡ്മാസ്റ്ററായിരുന്ന ശ്രീ.ടി.കെ. വെങ്കിടേശ്വരനും ശ്രീ.കെ. നാരായണമേനോൻ, ശ്രീ കെ. നാരായണൻ നമ്പൂതിരി എന്നിവർക്കും ദേശീയ അധ്യാപക അവാർഡ് ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയുടെ ഒരു ഏകദേശ രൂപമാണ് ഇവിടെ സൂചിപ്പിച്ചത് ഗ്രാമസഭകളിൽ നടന്ന ചർച്ചകളും ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളും ഈ പശ്ചാത്തലത്തിൽ പരിശോധിയ്ക്കപ്പെടണം.

14 ഗ്രാമസഭകളിലും വിദ്യാഭ്യാസത്തെപ്പറ്റി സജീവമായ ചർച്ചകൾ നടന്നതായി ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. വിദ്യാഭ്യാസ നിലവാരത്തകർച്ചയിൽ ജനങ്ങൾക്കുള്ള ഉൽക്കണ്ഠ ഈ റിപ്പോർട്ടുകളിൽ വ്യക്തമായി പ്രതിഫലിക്കുന്നു. ഉന്നയിക്കപ്പെട്ട പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. നമ്മുടെ പൊതു വിദ്യാലയങ്ങളിലെ അധ്യായന നിലവാരം മോശമാണ്.

2. വിദ്യാർത്ഥി രാഷ്ട്രീയം സ്കൂളുകളിലെ അച്ചടക്കരാഹിത്യത്തിനും നിലവാരത്തകർച്ചയ്ക്കും കാരണമാകുന്നു.

3. പ്രൈമറി വിദ്യാലയങ്ങളിലേ പഠന സൗകര്യങ്ങൾ തൃപ്തികരമല്ല.

4. SSLC യ്ക്കു ശേഷം സാങ്കേതിക വിഷയങ്ങൾ പഠിക്കുന്നതിനും കോളേജ് വിദ്യഭ്യാസത്തിനുമുള്ള സൗകര്യം പഞ്ചായത്തിലില്ല.

5. സ്ക്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണ സമ്പ്രദായം മെച്ചപ്പെടുത്തണം.

6. അംഗൻവാടികളുടെ എണ്ണവും സൗകര്യങ്ങളും വർദ്ധിപ്പിക്കണം.

7. തുടർ സാക്ഷരതാ പ്രവർത്തനങ്ങളുടേയും ജനവിദ്യാകേന്ദ്രങ്ങളുടേയും പ്രവർത്തനം തൃപ്തികരമല്ല.

8. 100% പ്രമോഷൻ കുട്ടികളിൽ പഠനത്തിനുള്ള താലപര്യം കുറയ്ക്കുന്നുണ്ട്.

9. നിലവിലുള്ള TV. പരിപാടികളിൽ പലതും വിദ്യാർത്ഥികളെ വഴി തെറ്റിക്കുന്നവയാണ്.

10. സിലബസ് ലഘൂകരിയ്ക്കപ്പെടണം.

11. അധ്യാപകനിയമനം PSCയിലൂടെയാക്കണം.

12. പഞ്ചായത്തിൽ കൂടുതൽ പ്രൈമറി സ്കൂളുകൾ സ്ഥാപിക്കണം.

13. വായനാശാലകളോടനുബന്ധിച്ച് പ്രീപ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കാൻ കഴിയണം.

14. സാധ്യതയുള്ള പ്രൈമറി വിദ്യാലയങ്ങൾ അപഗ്രേഡ് ചെയ്യണം.

15. പ്രൈമറി വിദ്യാലയങ്ങളിലേക്ക് 1 കി.മീ. ലധികം നടക്കേണ്ടി വരുന്നു സാഹചര്യം പരിഹരിക്കണം.

16. പാഠപുസ്തകങ്ങളുടെ ലഭ്യത, വിതരണം എന്നിവകര്യക്ഷമമാക്കുകയും വിലവർദ്ധിപ്പിയ്ക്കാതിരിക്കുകയും വേണം.

17. അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കണം.

18. PTA യോഗങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കണം.

19. സ്കൂളിൽ തൊഴിൽ പരിശീലന സൗകര്യം വർദ്ധിപ്പിയ്ക്കണം.

20. പരീക്ഷാരീതി, ചോദ്യപേപ്പറുകൾ ഇവ മെച്ചപ്പെടുത്തണം.

21. പഞ്ചായത്ത് വിദ്യാഭ്യാസസമിതികാര്യക്ഷമമാക്കണം.

22. വിദ്യാലങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കുന്നതിൽ മാനേജ്മെന്റ് കൂടുതൽ ശ്രദ്ധിയ്ക്കണം.

23. പാഠ്യേതര വിഷയങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകണം.

പൊതുവിദ്യാലയങ്ങളിലെ വിദ്യാഭ്യസ നിലവാരത്തകർച്ച കൂടുതൽ പഠനവിധേയമാക്കപ്പെടണം. സ്കൂളുകളിലെ അക്കാദമിക് നിലവാരത്തെ കുറിച്ചുള്ള സ്ഥിതി വിവരം പരിശോധിക്കുമ്പോൾ UP, HS ക്ലാസുകളിലെ കൂടുതൽ കുട്ടികളും 40%ത്തിൽ കുറവ് മാർക്ക് നേടുന്നവരാണെന്ന് കാണുന്നു.

| 40% ത്തിൽ കുറവ് മാർക്കുള്ളവർ | | |
|---|---|---|
| LP | UP | HS |
| 42% | 62.73% | 68.86% |

രണ്ട് ഹൈസ്ക്കൂളുകളിലേയും SSLC റിസൾട്ടിൽ മർക്കസ് ഹൈസ്ക്കൂളിലാണ് മെച്ചപ്പെട്ട റിസൾട്ട് കിട്ടിക്കൊണ്ടിരിയ്ക്കുന്നത്.

പ്രൈമറി വിദ്യാലയങ്ങളിലെ പഠന സൗകര്യങ്ങൾ വളരെ പരമിതമാണ്. അനാകർഷങ്ങളും ജീർണ്ണിച്ചതുമായ കെട്ടിടങ്ങൾ, വേണ്ടപോലെ റിപ്പയർ നടന്നിട്ടില്ലാത്ത ഫർണ്ണിച്ചറുകൾ, പഠനോപക

രണങ്ങളുടെ കുറവ് വേർതിരിച്ചിട്ടില്ലാത്ത ക്ലാസ്മുറികൾ എന്നിവ പ്രൈമറി വിദ്യാലയങ്ങളുടെ പ്രധാനപ്രശ്നങ്ങളാണ്. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളും അപര്യാപ്തമാണ്. 6LP സ്കൂളുകളിലും 1യു.പി. സ്കൂളിലും കളിസ്ഥലമില്ല.

രണ്ട് ഹൈസ്കൂളുകൾക്കും പഠനസൗകര്യങ്ങളുടെ കുറവില്ല. ഓഡിയോ- വിഷ്വൽ ഉപകരണങ്ങൾ, ലാബ്, ലൈബ്രറി സൗകര്യങ്ങൾ, ആവശ്യമായ ക്ലാസ്മുറികൾ എന്നിവയുണ്ട്. സമരം കാരണം പ്രവൃത്തി ദിവസങ്ങൾ നഷ്ടപ്പെടുന്നത് കുന്ദമംഗലം ഹൈസ്ക്കൂളിൽ റിസൾട്ട് കുറയുന്നതിന് ഒരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. മർക്കസ് HSലും കുന്ദമംഗലം HSലും പഠിയ്ക്കുന്ന വിദ്യാർത്ഥികളുടെ സാമൂഹ്യ-സാമ്പത്തിക ചുറ്റുപാടുകളിലുള്ള വ്യത്യാസവും രക്ഷിതാക്കളുടെ ബോധനിലവാരത്തിലുള്ള വ്യത്യാസവും ഇതിന് പ്രധാന കാരണങ്ങളാണ്.

പഠന സൗകര്യങ്ങളുടെ കുറവിനോടൊപ്പം ഫലപ്രദമാകാത്തതും വിരസവുമായിത്തീരുന്ന അധ്യയന രീതി നിലവാരത്തകർച്ചയ്ക്ക് പ്രധാന കാരണമാണ്.

പ്രീ പ്രൈമറി വിദ്യഭ്യാസത്തിന് അംഗൻവാടികളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും. അംഗൻവാടികൾ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളാണെന്നതിനു പുറമേ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടിയാണെന്ന് മനസ്സിലാക്കപ്പെടണം. അംഗൻവാടികൾ നന്നായാൽ കുട്ടികളുടേയും അമ്മമാകരുടേയും ആരോഗ്യം വർദ്ധിയ്ക്കുന്നതോടൊപ്പം വിദ്യാഭ്യാസ നിലവാരം ഉയരുകയും ചെയ്യും. അംഗൻവാടികളുടെ ഇപ്പോഴത്തെ സ്ഥിതി പട്ടികയിൽ നിന്നും മനസ്സിലാക്കാം.

പുതിയ സ്കൂളുകൾക്കുള്ള ആവശ്യങ്ങൾ ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ സ്കൂളുകൾ സ്ഥാപിക്കുകയും അർഹമായവ അപ്ഗ്രേഡ് ചെയ്യുകയും വേണം. എന്നാൽ താഴെ പറയുന്നകാര്യങ്ങൾ ഈ വിഷയവുമായി ബന്ധപ്പെട്ട് പരിഗണിയ്ക്കപ്പെടണം.

1. നമ്മുടെ പഞ്ചായത്തിൽ 100% എൻറോൾമെന്റ് വന്നുകഴിഞ്ഞു. അടുത്തവർഷങ്ങളിൽ എന്റോൾമെന്റ് ഇന്നത്തെ നിരക്കിനേക്കാൾ കൂടുവാനുള്ള സാധ്യതയില്ല.

2. ഇന്നത്തെ എൻറോൾമെന്റ് നിരക്ക് വെച്ച് കുട്ടികളെ പഠിപ്പിയ്ക്കാനാവശ്യമായ അധ്യാപകർ പഞ്ചായത്തിലുണ്ട്.

നമ്മുടെ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും PTA കമ്മിറ്റികളും മാതൃസമിതികളും ഉണ്ട്. വിപുലമായതോതിൽ സാമ്പത്തിക സമാഹാരണം നടത്തി 24 മുറികളുള്ള കെട്ടിടം നിർമ്മിയ്ക്കുന്നതിനും സ്കൂൾബസ്സ് വാങ്ങുന്നതിനും സാധിച്ച മർക്കസ് ഹൈസ്ക്കൂൾ PTA മറ്റു PTAകളിൽ നിന്ന് വ്യത്യസ്ഥമായ പ്രവർത്തനം കാഴ്ചവെച്ചു. ഗൾഫ് മേഖലകളിൽ നിന്നും കേരളത്തിന്റെ ഇതരഭാഗങ്ങളിൽനിന്നും ധനസമാഹരണത്തിനുള്ള സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ടാണ് PTA അഭിമാനരമായ ഈ പ്രവർത്തനം നടത്തിയത്. സ്കൂളിന്റെ ചുറ്റുവട്ടത്തുനിന്നുള്ള ധനസമാഹരണ സാധ്യതയേ മറ്റു PTA കൾക്കുള്ളൂ. എങ്കിലും കഴിഞ്ഞ പ്രവർത്തന വർഷത്തിൽ 60,000ത്തോളം രൂപ ഈ PTA കമ്മറ്റികൾ സമാഹരിക്കുകയും സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളും അക്കാദമിക സൗകര്യഹങ്ങളും മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളിന്റെ നിലമെച്ചപ്പെടുത്തുന്നതിന്നുള്ള ശ്രമങ്ങൾ നടത്തുമ്പോൾ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും വേണ്ടത്ര സഹകരണമുണ്ടാമുണ്ടാകുന്നില്ലെന്ന പരാതി പല PTA കൾക്കുമുണ്ട്.

## പൊതു നിർദ്ദേശങ്ങൾ

1. അംഗൻവാടികൾ, പൊതുവിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് പദ്ധതികളാവിഷ്കരിക്കുക.

2. നിലവിലുള്ള വിദ്യാലയങ്ങൾക്കു ദോഷകരമാകാത്തവിധത്തിൽ അത്യാവശ്യമായ സ്ഥലങ്ങളിൽ പ്രൈമറി സ്കൂളുകൾ സ്ഥാപിക്കുകയും നിലവിലുള്ളവയെ അപ്ഗ്രേഡ് ചെയ്യുകയും ചെയ്യുക.

3. SSLC യ്ക്കു ശേഷമുള്ള പഠനത്തിന് പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോളേജ് എന്നിവ ആരംഭിക്കുക.

4. തുടർ സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമാക്കുക.

5. ഇപ്പോൾ രൂപീകൃതമായ വാർഡ് വിദ്യഭ്യാസസമിതികളും സ്കൂൾ വിദ്യാഭ്യാസസമിതികളും ശക്തിപ്പെടുത്തുക.

6. അയൽപക്ക വിദ്യാലയ സമ്പ്രദായം പ്രചരിപ്പിയ്ക്കുന്നതിനും വിദ്യാലയങ്ങളിലെ ദുഷ്പ്രവണതകൾ ഇല്ലാതാക്കുന്നതിനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

7. ഏറ്റവും പ്രധാനമായി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും വിദ്യാലയ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പഞ്ചായത്ത് തല സ്കൂൾ കോംപ്ലക് രൂപീകരിക്കുക. ഇതിന്റെ കീഴിൽ പുനഃപരിശീലനം, മൂല്യനിർണ്ണയം, പഠ്യേതരവും പാഠ്യാനുബന്ധവുമായ പ്രവർത്തനങ്ങളുടെ സംഘാടനം, മോണിട്ടറിംഗ് എന്നിവയ്ക്ക് പ്രത്യേക സമിതികളുണ്ടാക്കുക.

പട്ടിക 1

## കുട്ടികളുടെ എണ്ണം

| | സ്കൂളിന്റെ പേര് | കുട്ടികൾ | | | SC-ST | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | എ.എൽ.പി.എസ്. കൊളായ് | 67 | 55 | 122 | 0 | 5 | 5 | 2 | 3 | 5 |
| 2 | സാമി ഗുരുക്കൾ മെമ്മോറിയൽ എൽ.പി.സ്കൂൾ, കാരന്തൂർ | 56 | 44 | 100 | — | — | — | 3 | 1 | 4 |
| 3 | എ.എം. എൽ.പി എസ്, കാരന്തൂർ | 210 | 159 | 369 | 3 | 0 | 3 | 7 | 6 | 13 |
| 4 | എം.എൽ.പി.എസ്, കുന്ദമംഗലം | 141 | 136 | 277 | 10 | 7 | 17 | 4 | 6 | 10 |
| 5 | ജി.എൽ.പി.എസ്, പടനിലം | 35 | 35 | 70 | 5 | 2 | 7 | 3 | 2 | 5 |
| 6 | എ.എൽ.പി.എസ്, കളരിക്കണ്ടി | 140 | 121 | 261 | 10 | 12 | 22 | 4 | 6 | 10 |
| 7 | എ.എൽ.പി.എസ്, പെരുവഴികടവ് | 49 | 56 | 105 | 6 | 8 | 14 | 4 | 0 | 4 |
| 8 | എ.എൽ.പി.എസ്, പൈങ്ങോട്ടു പുറം | 111 | 107 | 218 | 3 | 7 | 10 | 3 | 5 | 8 |
| 9 | എ.യു.പി.എസ്, കുന്ദമംഗലം | 561 | 602 | 1163 | 118 | 74 | 192 | 17 | 21 | 38 |
| 10 | എം.എം.യു.പി.എസ്, മാക്കൂട്ടം | 444 | 446 | 890 | 48 | 45 | 93 | 15 | 13 | 28 |
| 11 | എം.യു.പി.എസ്, പിലാശ്ശേരി | 308 | 259 | 597 | 55 | 44 | 99 | 9 | 12 | 21 |
| 12 | എ.യു.പി.എസ്, കുന്ദമംഗലം ഈസ്റ്റ് | 290 | 267 | 557 | 49 | 42 | 91 | 12 | 8 | 20 |
| 13 | മർക്കസ് ഹൈസ്ക്കൂൾ | 2035 | 534 | 2569 | 13 | 11 | 24 | 84 | 16 | 70 |
| 14 | കുന്ദമംഗലം, ഹൈസ്ക്കൂൾ | 562 | 469 | 1031 | 78 | 93 | 171 | 23 | 17 | 40 |
| | ആകെ | 5009 | 3320 | 8329 | 398 | 350 | 748 | 160 | 116 | 276 |

പട്ടിക 2

## തോറ്റ് പഠിക്കുന്നവരും പഠനം നിർത്തിയവരും

| ക്ലാസ് | തോറ്റ് പഠിക്കുന്നവർ | | | | | പഠനം നിർത്തിയവർ | | | | |
|---|---|---|---|---|---|---|---|---|---|---|
| | SC | ST | മറ്റുള്ളവർ | | ആകെ | SC | ST | മറ്റുള്ളവർ | | ആകെ |
| | B | G | B | G | | B | G | B | G | |
| II | 7 | 3 | 32 | 17 | 59 | — | 1 | — | 2 | 3 |
| III | 3 | 3 | 26 | 19 | 51 | 1 | — | — | — | 1 |
| IV | 8 | 5 | 33 | 15 | 61 | — | — | — | — | — |
| V | 3 | 3 | 23 | 19 | 48 | 3 | — | — | — | 3 |
| VI | 9 | 4 | 26 | 6 | 45 | — | — | 1 | 5 | 6 |
| VII | 4 | 7 | 40 | 29 | 80 | 2 | 1 | 1 | 3 | 7 |
| VIII | 5 | 6 | 101 | 45 | 147 | 1 | — | — | — | 1 |
| IX | 3 | 7 | 77 | 35 | 122 | 2 | 1 | — | 2 | 5 |
| X | — | — | — | — | — | — | — | — | — | — |
| ആകെ | 42 | 38 | 358 | 185 | 623 | 9 | 3 | 2 | 12 | 26 |

### പട്ടിക 3

| I മുതൽ IV വരെ പഠിക്കുന്നവരുടെ എണ്ണം | | | | I ാം ക്ലാസിൽ പഠിക്കുന്നവരുടെ എണ്ണം | | | | 2 ാം ക്ലാസിൽ പഠിക്കുന്നവരുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|---|---|
| B | G | T | % | B | G | T | % | B | G | T | % |
| 1480 | 1379 | 2859 | 34 % | 327 | 346 | 673 | 8.08 % | 399 | 360 | 759 | 9.11 % |

പട്ടിക 4

### അംഗൻവാടി – സ്ഥിതി വിവരങ്ങൾ

| നമ്പർ | വാർഡ് | കെട്ടിടം | | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | കുട്ടികൾ | | | SC ST | | | പഠനോപകരണങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | താല്ക്കാലികം | | | | BG | G | Total | BG | G | Total | |
| 96 | 1 | ✔ | — | ✔ | ✕ | ✕ | 23 | 22 | 45 | 7 | 6 | 13 | ✕ |
| 95 | 2 | ✔ | — | ✔ | ✔ | ✕ | 14 | 16 | 30 | 3 | 5 | 8 | ✕ |
| 97 | 3 | ✔ | — | ✕ | ✕ | ✕ | 29 | 26 | 55 | 5 | 2 | 7 | ✕ |
| 99 | 4 | ✔ | — | ✔ | ✔ | ✕ | 17 | 18 | 35 | 8 | 11 | 19 | ✕ |
| 103 | 5 | ✔ | — | ✕ | ✕ | ✕ | 9 | 11 | 20 | 4 | 5 | 9 | ✕ |
| 102 | 6 | ✔ | — | ✕ | ✔ | ✕ | 31 | 26 | 57 | 6 | 4 | 10 | ✕ |
| 104 | 6 | ✔ | — | ✔ | ✕ | ✕ | 30 | 25 | 55 | 8 | 7 | 15 | ✕ |
| 133 | 7 | ✔ | — | ✕ | ✕ | ✕ | 16 | 24 | 40 | — | — | — | ✕ |
| 100 | 8 | ✔ | — | ✔ | ✕ | ✕ | 17 | 13 | 30 | 4 | 2 | 6 | ✕ |
| 105 | 8 | — | ✔ | ✔ | ✔ | ✕ | 26 | 16 | 42 | 0 | 1 | 1 | ✕ |
| 94 | 10 | — | ✔ | ✕ | ✕ | ✕ | 16 | 12 | 28 | 2 | 0 | 2 | ✕ |
| 101 | 11 | — | ✔ | ✔ | ✕ | ✕ | 17 | 13 | 30 | 2 | 4 | 6 | ✕ |
| 92 | 12 | ✔ | — | — | — | — | 18 | 12 | 30 | — | — | — | ✕ |
| 124 | 12 | — | ✔ | ✕ | ✕ | ✕ | 27 | 12 | 39 | 3 | — | 3 | ✕ |
| 93 | 13 | ✔ | — | ✔ | ✕ | ✕ | 24 | 14 | 38 | 4 | 0 | 4 | ✕ |
| 98 | 14 | ✔ | — | ✕ | ✕ | ✕ | 21 | 18 | 39 | 1 | 1 | 2 | ✕ |
| | | | | | | | 308 | 266 | 613 | 48 | 57 | 105 | |

പട്ടിക 5

| എസ്.എസ്.എൽ.സി.യ്ക്കു ശേഷം പഠിയ്ക്കുവാനുള്ള സ്ഥാപനങ്ങൾ | |
|---|---|
| ഇനം | എണ്ണം |
| പാരലൽ കേളേജുകൾ | 7 |
| ഐ.ടി.സി | 1 |
| ടൈപ്പ് റൈറ്റിംഗ് | 4 |
| കംപ്യൂട്ടർ സെന്റർ | 2 |
| മറ്റു തൊഴിൽ പരിശീലന കേന്ദ്രങ്ങൾ | 3 |

പട്ടിക 6

## ഭൗതിക സാഹചര്യം

| സ്കൂൾ | വൈദ്യുതി | കുടിവെള്ളം | കക്കൂസ് | മൂത്രപ്പുര | സ്റ്റാഫ് റൂം | പാചകമുറി | ആവശ്യത്തിന് ഫർണിച്ചർ ഉണ്ടോ | ചുറ്റു മതിൽ | കളി സ്ഥലം |
|---|---|---|---|---|---|---|---|---|---|
| 1 കൊളായ് എ.എൽ.പി.എസ് | ✕ | ✔ | ✕ | 1 | ✔ | ✔ | ✕ | ✕ | ✕ |
| 2 സാമി ഗുരുക്കൾ മെമ്മോറിയൽ LPസ്കൂൾ | ✕ | ✔ | 1 | 2 | ✕ | ✔ | ✕ | ✔ | $6X15m^2$ |
| 3 AMLPS, കാരന്തൂർ | ✔ | ✔ | 1 | 1 | ✔ | ✔ | ✕ | ✔ | 322 sqft. |
| 4 AMLPS, കുന്ദമംഗലം | ✕ | ✔ | 1 | 2 | ✕ | ✔ | ✕ | ✕ | ✕ |
| 5 ജി.എൽ.പി.എസ്, പടനിലം | ✕ | ✕ | ✕ | ✕ | ✕ | ✕ | ✔ | ✕ | ✕ |
| 6 എ.എൽ.പി.എസ്, കളരിക്കണ്ടി | ✕ | ✕ | 1 | 1 | ✔ | ✕ | ✕ | ✕ | ✕ |
| 7 എ.എൽ.പി.എസ്, പെരുവഴികടവ് | ✕ | ✔ | ✕ | 1 | ✕ | ✕ | ✕ | ✕ | ✕ |
| 8 എ.എൽ.പി.എസ്, പൈങ്ങോട്ടുപുറം | ✕ | ✔ | ✕ | 2 | ✕ | ✕ | ✕ | ✕ | ✕ |
| 9 എ.യു.പി.എസ്, കുന്ദമംഗലം | ✔ | ✔ | 2 | 3 | ✔ | ✔ | ✕ | ✔ | 40 സെ |
| 10 എ.എം.യു.പി.എസ്, മാക്കൂട്ടം | ✔ | ✔ | ✕ | 2 | ✕ | ✕ | ✕ | ✔ | 0.5 ഏ |
| 11 എ.യു.പി.എസ്, പിലാശ്ശേരി | ✔ | ✔ | 1 | 2 | ✔ | ✔ | ✕ | ✕ | ✕ |
| 12 എ.യു.പി.എസ്,കുന്ദമംഗലം ഈസ്റ്റ് | ✔ | ✔ | 1 | 2 | ✔ | ✔ | ✕ | ✔ | 30 സെ |
| 13 മർക്കസ് എച്ച്എസ് | ✔ | ✔ | 5 | 2 | ✔ | ✔ | ✔ | ✔ | 1ഏ |
| 14 കുന്ദമംഗലം എച്ച്എസ് | ✔ | ✔ | 4 | 2 | ✔ | ✔ | ✔ | ✔ | 60 സെ |

# വിദ്യാഭ്യാസം

എസ്.എസ്. എൽ. സി. റിസൾട്ട്

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| മർക്കസ് ഹൈസ്ക്കൂൾ | 80% | 78% | 64% | 54% | 60% |
| കുന്ദമംഗലം ഹൈസ്ക്കൂൾ | 20% | 28% | 31% | 22% | 28% |

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

| എച്ച്.എസ്.എ.മാർ (സ്പെഷലിസ്റ്റ് അദ്ധ്യാപകർക്ക് പുറമെ) | ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ | അനുപാതം |
|---|---|---|
| 58 | 2794 | 1 : 48 |

| പ്രൈമറി അദ്ധ്യാപകർ സ്പെഷ്യലിറ്റ് അദ്ധ്യാപകർക്ക് പുറമേ | പ്രൈമറി വിദ്യാർത്ഥികൾ | അനുപാതം |
|---|---|---|
| 151 | 5535 | 1.37 |



# കുടിവെള്ളം

പരിസരശുചിത്വം ശുദ്ധമായ കുടിവെള്ളം മാലിന്യനിർമാർജനം എന്നിവ ഒരു പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യസ്ഥിതിയെ ചികിത്സാസൗകര്യങ്ങളേക്കാൾ ബാധിക്കുന്ന ഘടകങ്ങളാണ്. പഞ്ചായത്തിലെ ആകെ വീടുകളിൽ 31%-ത്തോളം വീടുകൾക്ക് സ്വന്തമായ കുടിവെള്ള സൗകര്യമില്ല. 90%-ത്തോളം കുടുംബങ്ങളും കുടിവെള്ളത്തിന് കിണറിനെ ആശ്രയിക്കുന്നു. സ്വന്തം കിണറോ മറ്റുള്ളവരുടെ കിണറോ അല്ലെങ്കിൽ പൊതുകിണറോ-പൈപ്പുവെള്ളം, കുളങ്ങൾ, പുഴ എന്നിവിടങ്ങളിൽ നിന്നും കുടിവെള്ളം എടുക്കുന്നവർ 10%ത്തിൽ കുറവാണ്. ആകെ വിസ്തൃതിയിൽ 1/3 ഭാഗം രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. 14 വാർഡുകളിലും കുടിവെള്ളം ഒരു പ്രധാനപ്രശ്നമാണ്. കുന്നിൻപ്രദേശങ്ങൾ, കോളനിപ്രദേശങ്ങൾ എന്നിവിടങ്ങളിൽ കുടിവെള്ളപ്രശ്നം രൂക്ഷമാണ്.

കേരളാവാട്ടർ അതോറിറ്റിയുടെ 3 ജലവിതരണപദ്ധതികൾ പഞ്ചായത്തിൽ ഉണ്ട്.

1. കാരന്തൂർ പൂനൂർ പുഴയിൽ നിന്നും പരപ്പമ്മൽ ഭാഗത്ത് 25,000 ലിറ്റർ ടാങ്കിലേക്ക് രണ്ട് മോട്ടോർ ഉപയോഗിച്ച് (7.5 HP, 5 HP) വെള്ളം പമ്പു ചെയ്യുന്നു. ഈ പദ്ധതിക്ക്

15 പൊതുകണക്ഷനുകളും 113 വീടുകണക്ഷനും ഉണ്ട്.

2. കാരന്തൂർ കല്ലറകോളനി-കുന്ദമംഗലം മുപ്രക്കുന്ന് കോളനി എന്നിവിടങ്ങളിലേക്ക്ഹരിജൻ കോളനി സ്കീം ആയി കാരന്തൂർ പദ്ധതിയിൽ നിന്നുതന്നെ 10,000 ലി. 2 ടാങ്കുകളിലേക്ക് വെള്ളം ശേഖരിക്കുന്നു. ഈ സ്കീം അനുസരിച്ച് 10 പൊതു ടാപ്പുകളു 9 സ്വകാര്യടാപ്പുകളും ഉണ്ട്. ഈ ടാപ്പുകൾ ഫലത്തിൽ പ്രവർത്തിക്കുന്നില്ല. കല്ലറകോളനിയിലേക്ക് വെള്ളം പമ്പ് ചെയ്യുന്ന പമ്പ് ഹൗസിന് ചോർച്ചയുണ്ട്. 10 HP, 7.5 HP മോട്ടോറുകൾ ഉപയോഗിച്ചാണ് ഇവിടെനിന്നും വെള്ളം പമ്പുചെയ്യുന്നത്.

3. ആമ്പ്രമ്മൽ ഹരിജൻ കോളനിസ്കീം അനുസരിച്ച് 12.5 HP മോട്ടോർ ഉപയോഗിച്ച് 10,000 ലിറ്റർ ടാങ്കിലേക്ക് വെള്ളം ശേഖരിക്കുന്നു. ഈ സ്കീം അനുസരിച്ച് വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം 17 പൊതുടാപ്പുകൾ ഉണ്ട്. ഇവ പ്രവർത്തനക്ഷമമാണ്. കുന്ദമംഗലം ടൗണിലേക്ക് ഈ പദ്ധതിപ്രകാരം വെള്ളം ലഭിക്കുന്നു.

പഞ്ചായത്തിൽ മൊത്തം 122 വീടുകണക്ഷനുകളും 42 പൊതു കണക്ഷനുകളും വാട്ടർ അതോറിറ്റിയുടെ കണക്ക്പ്രകാരം ഉണ്ട്.

രാജീവ്ഗാന്ധി നേഷനൽ ഡ്രിങ്കിംഗ് വാട്ടർ സ്കീമിന്റെ ഭാഗമായി രണ്ടു പദ്ധതികൾ പഞ്ചായത്തിൽ ഉണ്ട്.

1. 9-ാം വാർഡിൽ സൗരോർജമോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പുചെയ്തുകൊണ്ടുള്ള ഒരു കുടിവെള്ളപദ്ധതി രാജീവ്ഗാന്ധി 4 സെന്റ് കോളനിയിൽ നിലവിലുണ്ട്. ഇതിന് 'അനർട്ടി'ന്റെ സഹായമുണ്ട്.

2. 1-ാം വാർഡിൽ വെള്ളാരംകുന്ന് കോളനിയിൽ ടാങ്ക് നിർമ്മിച്ച് മനത്താനത്ത് താഴെ കിണർ

കുഴിച്ച് മോട്ടോർ ഉപയോഗിച്ച് വെള്ളമെത്തിച്ച് ജല വിതരണം നടത്തുന്നതിനുള്ള പദ്ധതി ഇതിന്റെ മതിപ്പ് എസ്റ്റിമേറ്റ് 3 ലക്ഷം രൂപയാണ്.

പഞ്ചായത്തിലെ പ്രധാന ശുദ്ധജലസ്രോതസ്സ് കിണറുകൾ ആണ്.

21 പൊതുകിണറുകളിൽ 15 എണ്ണവും അറ്റകുറ്റപ്പണി ആവശ്യമുള്ളതാണ്.

പല സ്ഥലങ്ങളിലും കുടിവെള്ളത്തിന് ഒന്നും രണ്ടും കിലോമീറ്റർ നടന്ന് വെള്ളം ശേഖരിക്കേണ്ട അവസ്ഥ ഉണ്ട്.

പകുതി കിണറുകളിലും 6 മാസം മാത്രമേ വെള്ളം ലഭിക്കുന്നുള്ളൂ. മുൻകാലങ്ങളിൽ വറ്റാത്ത കിണറുകളും ഇപ്പോൾ നേരത്തേ വറ്റുന്നു.

പഞ്ചായത്തിൽ കുടിവെള്ളസൗകര്യം മെച്ചപ്പെടുത്താവുന്ന 11 കുളങ്ങൾ ഉണ്ട്. പൂനൂർപുഴ, ചെറുപുഴ എന്നീ പുഴകൾ പഞ്ചായത്തിന്റെ അതിർത്തിയിലൂടെ കടന്നുപോകുന്നു.

എല്ലാ വാർഡുകളിലും പ്രത്യേകിച്ച് കോളനികളിൽ വേനൽക്കാലത്ത് ലോറിയിൽ കുടിവെള്ളമെത്തിക്കുന്നു.

12, 14 വാർഡുകളിലെ ജലസ്രോതസ്സുകൾ കുടിവെള്ളത്തിന് ഉപയോഗപ്പെടുത്താവുന്നവയാണ്.

10-ാം വാർഡിൽ മലാക്കുഴിയിൽ 27 കുടുംബങ്ങൾ സഹകരിച്ച് 52,000 രൂപ മുടക്കി ജനകീയകമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഒരു മിനിവാട്ടർ സ്കീം നടപ്പാക്കിയിരുന്നത് കുടിവെള്ളപ്രശ്ന പരിഹാരത്തിന് ഒരു ഉത്തമ മാതൃകയാണ്. ഇപ്പോൾ ഇത് പ്രവർത്തനക്ഷമമല്ല.

പഞ്ചായത്തിലെ എല്ലാവാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

**കുടിവെള്ളക്ഷാമബാധിതപ്രദേശങ്ങൾ**

| വാർഡ് | കുടിവെള്ളപ്രശ്നമുള്ള പ്രദേശങ്ങൾ |
|---|---|
| 1 | പടാളിയിൽ, ചേറ്റൂൽ, കിഴക്കുമ്പാട്ട്, തടത്തിൽ, വെള്ളാരംകുന്ന്, കലങ്ങോട്കുന്ന്, അംഗൻവാടിപ്രദേശം, പരപ്പമ്മൽ |
| 2 | കല്ലറ കോളനി, തെറ്റത്ത്, കോരങ്ങണ്ടി, ആശാരിക്കണ്ടി, പന്തലങ്ങൽ, തെക്കെയിൽ |
| 3 | പന്തീർപാടം ടൗൺ, പൂത്തംപറമ്പത്ത്, മലയൊടിയാവുമ്മൽ, പൂളക്കാംപൊയിൽ, കിഴക്കേത്തറ ഭാഗം, കോരങ്കണ്ടി ഭാഗം, കാരയിൽ, പൂളോറ |
| 4 | കാരക്കുന്നുമ്മൽ, മൊരട്ടമ്മൽ, അരീച്ചോല, ചാലിയിൽ, മുറിയനാൽ, കരുവാരപ്പറ്റ, ചൂലാംവയൽതടത്തിൽ, അമ്പലപ്പറമ്പ്, തോട്ടത്തിൽ. |
| 5. | പനങ്ങാട് കുന്ന്, കുട്ടമ്പ്രക്കുന്ന്, തൂവപ്പാറമ്മൽ, മാരിയോട്, പുൽക്കുന്ന്, വെള്ളാരംചാൽ, വള്ളിയോട്ടുമ്മൽ, പറയിമടക്കുന്നുമ്മൽ, ഭൂമിക്കുഴി, കുമ്മങ്ങോട് |
| 6 | കാരക്കുന്നത്ത്, പിലാശ്ശേരി ലക്ഷംവീട്, പാലോറമ്മൽ, കാഞ്ഞിരക്കൂടത്തിൽ, തീക്കുനി, എറോച്ചുടലാ, എരഞ്ഞിക്കൽ. |
| 7 | കൂടത്താലുമ്മൽ, തണ്ണിക്കുണ്ടുമ്മൽ, വട്ടംപാറക്കൽ,കിഴക്കോടൻചാലിൽ, മോക്കോത്ത്, ആനിക്കാട്ടുമ്മൽ, ഓളോങ്ങൽ, വട്ടംപറമ്പിൽ, പാലക്കൽ, മൊടപ്പിലാക്കൽ, പൂളോറ, മാട്ടുവാൾ, ചക്കുംകൊള്ളിൽ, ഓണപ്പിലാക്കൽ |
| 8 | പന്തീർപ്പാടം, വരിട്ടിയാക്ക്, ചെത്തുകടവ്, ചുണ്ടേക്കുഴി, പുളിയശ്ശേരി |
| 9 | ചേലൂർ തടായി, രാജീവ്ഗാന്ധി കോളനി, കുറുമണ്ണിൽ നാലുസെന്റ്, മേലേചാലിൽ, കൊല്ലോലത്ത് |
| 10 | കുറ്റിക്കാട്ടിൽ കോളനി, മുപ്രമ്മൽ ഹരിജൻ കോളനി, കരിമ്പനക്കൽ കോളനി, പടിഞ്ഞാറേപ്പാട്ട് കോളനി, ചേരിഞ്ചാൽ, തെക്കേപ്പുറായിൽ, കാരക്കാട്ടുമീത്തൽ |
| 11 | ശിവഗിരി, തെറ്റുപറമ്പ് കോളനികൾ, കുരിക്കത്തൂർ, കള്ളിക്കുന്ന്, പാണോത്ത് മീത്തൽ |
| 12 | കാരാട്ടുകുന്നുമ്മൽ, എരഞ്ഞോളി മീത്തൽ, എടവലത്ത് മീത്തൽ, ആനശ്ശേരി മീത്തൽ, അരിയോറ ഭാഗത്ത്, തടത്തിൽ മീത്തൽ, പാലോറക്കുന്ന്, പൈങ്ങോട്ടുപുറം എൽ.പി. സ്കൂൾ, അംഗണവാടികൾ |
| 13 | എരുമോറക്കുന്ന്, വെള്ളാരംകുന്ന്, പരപ്പക്കുന്ന്, മൂത്തേറ്റ് മണ്ണ്, ചേരിഞ്ചാൽ, പാലക്കാട്ട്താഴം, അംഗൻവാടിപ്രദേശം |
| 14 | ആനിക്കാട്ട് ഭാഗം, തേവർകണ്ടി ഭാഗം, കൂടത്താൽ മല, കളരിക്കണ്ടി നൊച്ചിപ്പൊയിൽ |

നിലവിലുള്ള ശുദ്ധജലവിതരണപദ്ധതികൾ പ്രവർത്തനക്ഷമമാക്കേണ്ടതും നവീകരി

ക്കേണ്ടതുമുണ്ട്.

വയൽ നികത്തൽകാരണം ഭൂഗർഭജല ത്തിന്റെ അളവ് കുറഞ്ഞുവരുന്നു.

നിലവിലുള്ള പൊതുകിണറുകളും കുഴൽകിണറുകളും ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ പരിമിതമാണ്.

കിണർ കുഴിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും നൽകുന്ന ധനസഹായങ്ങൾ വർദ്ധിപ്പിക്കണം.

## പരിഹാരനിർദ്ദേശങ്ങൾ

***കേരളാവാട്ടർ അതോറിറ്റിയുടെ കീഴിൽ കാരന്തൂരിൽ നിലവിലുള്ള ജലവിതരണപദ്ധതി നവീകരിക്കുന്നതിനുള്ള നിർദേശങ്ങൾ***

- പനൂർ പുഴയിൽ ഒരു കിണർകൂടി കുഴിക്കുക
- പുഴയിലുള്ള ഗാലറിപൈപ്പ് നവീകരിക്കുകയും എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുക
- പമ്പ്ഹൗസിൽ ഇപ്പോഴുള്ള 7.5 HP, 5HP മോട്ടോറുകൾക്ക് പകരം 20HP യുള്ള രണ്ട് മോട്ടോറുകൾ സ്ഥാപിക്കുക
- പരപ്പക്കുന്നിലുള്ള ടാങ്കിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുക. ആവശ്യമെങ്കിൽ ഒരു ടാങ്കു കൂടി നിർമിക്കുക.
- കല്ലറ കോളനിയിലേക്കുള്ള പമ്പ്ഹൗസിലെ ചോർച്ച നിർത്താനുള്ള നടപടി സ്വീകരിക്കുക
- മെയിൻ പമ്പ്ഹൗസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഓപ്പറേറ്റിംഗ് സംവിധാനം ഏർപ്പെടുത്തുക
- സപ്ലൈ ലൈനിൽ വാൾവ് വെച്ച് ജലവിതരണം ക്രമീകരിക്കുക
- കൂടുതൽ പൊതുടാപ്പുകൾ പഞ്ചായത്തിന്റെ കൂടുതൽ ഭാഗങ്ങളിൽ സ്ഥാപിക്കുക

### കാരന്തൂർ കുന്ദമംഗലം ഹരിജൻ കോളനിസ്കീം

ഈ സ്കീം പ്രകാരമുള്ള പദ്ധതി ഫലത്തിൽ പ്രവർത്തിക്കുന്നില്ല.

- കോളനികളിലെ പൈപ്പുകൾ പ്രവർത്തനക്ഷമമാക്കുക
- ഇപ്പോഴുള്ള 10,000 ലി. ടാങ്കിന് പകരം 25,000ലി. ടാങ്കുകളാക്കുക.
- ടാപ്പുകൾ കൂടുതൽ സ്ഥാപിക്കുക, പ്രത്യേകിച്ച് കുറ്റിക്കാട്ടിൽ കോളനി പ്രദേശങ്ങളിൽ മുപ്രക്കുന്ന് ടാങ്കിൽനിന്നും 9-ാംവാർഡിലെ മേലേച്ചാൽ ഭാഗത്തേക്കും ജലവിതരണം നടത്താവുന്നതാണ്.

### ആമ്പ്രമ്മൽ ഹരിജൻ കോളനി സ്കീം

- ടാങ്കിന്റെ കപാസിറ്റി ഉയർത്തുക
- പൂനൂർ പുഴയിലുള്ള കിണർ നന്നാക്കുകയും ഒരു കിണർകൂടി കുഴിക്കുകയും ചെയ്യുക
- പമ്പ് ഹൗസിൽ ഇപ്പോഴുള്ള 12.5HP മോട്ടോറിനുപകരം 20 HP മോട്ടോർ ഉപയോഗിക്കുക.
- ടാപ്പുകൾ ദുരുപയോഗം ചെയ്യുന്നത് തടയണം
- കൂടുതൽ ടാപ്പുകൾ സ്ഥാപിച്ച് പഞ്ചായത്തിന്റെ കൂടുതൽ ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കണം.

**ഗ്രാമസഭകളിൽനിന്നുംവന്ന ചെറുകിട പദ്ധതികൾക്കുള്ള നിർദേശങ്ങൾ**

- 2-ാം വാർഡിൽ കല്ലറ കോളനിയിൽ ടാങ്ക് കെട്ടി തൈക്കണ്ടിക്കടവിൽ കിണർ കുഴിച്ച് പൈപ്പുവഴി വെള്ളമെത്തിക്കാവുന്നതാണ്. ഇതിനെ ഇപ്പോഴുള്ള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയുമായി ബന്ധിപ്പിക്കാവുന്നതാണ്.
- 3-ാം വാർഡിൽ കിഴക്കേത്തറ ഭാഗത്ത് കുളം കുഴിച്ച് മലയൊടിയാവുമ്മൽ ടാങ്ക്കെട്ടി പൈപ്പ് വഴി കുടിവെള്ളമെത്തിക്കാവുന്നതാണ്.
- 5-ാം വാർഡിൽ ചെറുപുഴയിൽ നിന്നും കാക്കേരി ഭാഗത്തും പൂനൂർ പുഴയിൽ നിന്നും വള്ളിയോടുമ്മൽ ഭാഗത്തും ടാങ്ക കെട്ടി പൈപ്പ്ലൈൻ വഴി 5-ാം വാർഡിൽ മൊത്തം വെള്ളമെത്തിക്കാം.
- 6-ാം വാർഡിൽ കാക്കോട്ടിരിവയലിൽ കുളം കുഴിച്ച് പാലോറക്കുന്നിൽ ടാങ്ക് നിർമിച്ച് മിനി വാട്ടർ സ്കീം നടപ്പിലാക്കിയാൽ പാലോറ, കാഞ്ഞിരകൂടത്തിൽ പ്രദേശങ്ങളിൽ വെള്ളമെത്തിക്കാം.
- 6-ാം വാർഡിൽ കൊട്ടാരത്തിൻ പടിയിലുള്ള സ്വകാര്യകുളം ഏറ്റെടുത്ത് പമ്പ്ഹൗസ്, പൈപ്പ്ലൈൻ വഴി എരഞ്ഞിക്കൽ, എറോച്ചുടല കോളനിപ്രദേശങ്ങളിൽ വെള്ളം എത്തിക്കാം.
- 7-ാം വാർഡിൽ പടിഞ്ഞാറെപൊയിൽ ഭാഗത്ത് ഒരു കിണർ കുഴിച്ച് കൂടത്താൽ കോളനിയിൽ ടാങ്ക് നിർമിച്ച് പൈപ്പ് ഇട്ടാൽ ഈ പ്രദേശങ്ങളിൽ ജലക്ഷാമത്തിന് പരിഹാരമുണ്ടാക്കാം,
- 10-ാം വാർഡിൽ മനത്താനത്ത് വയലിലെ മണൽകുളം ഉപയോഗപ്പെടുത്തി നിലവിലുള്ള ടാങ്കും മോട്ടോറും ഉപയോഗിച്ച് വാർഡിലെ ജലക്ഷാമമുള്ള പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാം.
- 10-ാം വാർഡിൽ കുറ്റിക്കാട്ടിൽ താഴെഭാഗം

പൊയിൽ പ്രദേശത്ത് നീർച്ചോലകളുള്ള ഭാഗത്ത് കിണർ കുഴിച്ച് മുപ്രകോളനിയിൽ ടാങ്ക് കെട്ടി 10-ാം വാർഡിലെ കുന്നിൻപ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കാം. ഇതിനെ KWA യുടെ പദ്ധതിയുമായി ബന്ധിപ്പിക്കാം.

- 12-ാം വാർഡിൽ MLA റോഡിനടുത്തുള്ള കുളം കുഴിച്ച് പമ്പുചെയ്ത് കാരാട്ടുകുന്നുമ്മൽ ഭാഗത്ത് ടാങ്ക് നിർമിച്ച് പൈപ്പുവഴി വാർഡിന്റെ ജലക്ഷാമമുള്ള പ്രദേശങ്ങളിൽ വെള്ളമെത്തിക്കാം.
- എരഞ്ഞോളിമീത്തൽ താഴെ വയലിലുള്ള കുളം കുഴിച്ച് വെള്ളം പമ്പ് ചെയ്ത് മുകളിൽ ടാങ്കെട്ടി വെള്ളമെത്തിക്കാം
- 9-ാംവാർഡിൽ ചേലൂർ തടായിൽ ടാങ്ക്നിർമിച്ച് ചാത്തൻകാവുവയലിൽ കിണർ കുഴിച്ച് പൈപ്പുലൈൻ വഴി വാർഡുമുഴുവൻ വെള്ളമെത്തിക്കാം.
- 13-ാം വാർഡിൽ വെളുപ്പാൻതാഴത്ത് കിണർകുഴിച്ച് വെള്ളാരംകുന്നുമ്മൽ ഭാഗത്ത് ടാങ്ക് നിർമിച്ച് വെള്ളമെത്തിക്കാം.
- പള്ളിക്കൽതാഴത്ത് കിണർ കുഴിച്ച് എരുമോറക്കുന്ന് ഭാഗത്ത് ടാങ്കട്ടി കുടിവെള്ള പ്രശ്നം പരിഹരിക്കാം.

## പഞ്ചായത്ത്തല പദ്ധതി

- 3-ാം വാർഡിൽ താളിക്കുണ്ട് ഭാഗത്ത് പൂനൂർപുഴയിൽ കിണർ കുഴിച്ച് പറക്കുന്നത്ത് തടായിൽ ടാങ്കെട്ടി പഞ്ചായത്ത് മുഴുവൻ പൈപ്പുവഴി വെള്ളമെത്തിക്കാം. ഇതിനെ കല്ലറ കോളനിയിലെ പൈപ്പ്ലൈനുമായി ബന്ധിപ്പിക്കാവുന്നതാണ്.
- 14-ാം വാർഡിലെ മേലേടത്ത് ഒരു കുളം ഉണ്ട്. ഈ സ്വകാര്യകുളം ഏറ്റെടുത്ത് കൂടത്താൻ മലയിൽ ടാങ്ക് കെട്ടി പൈപ്പുവഴി പഞ്ചായത്തിന്റെ പല ഭാഗങ്ങളിലേക്കും വെള്ളമെത്തിക്കാം. കൂടത്താൻ മലയുടെ താഴ്വാരങ്ങളിൽ നീരുറവകളുള്ള സ്ഥലങ്ങളിൽ കിണർ കുഴിച്ചും ടാങ്കിൽ വെള്ളമെത്തിക്കാം. ഇത് ഏറ്റവും ഉയർന്ന കുന്നിൻപ്രദേശമാണ്.

## മറ്റു നിർദ്ദേശങ്ങൾ

കൂടുതൽ സ്ഥലങ്ങളിൽ എല്ലാ വാർഡുകളിലും പൊതുകിണറുകൾ കുഴിക്കുക. പുതിയതായി കിണർ കുഴിക്കാൻ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ

കേടായ കിണറുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സാമ്പത്തികസഹായം നൽകുക.

കുടിവെള്ളം സംരക്ഷിക്കുന്നതിനും മഴവെള്ളം സംഭരിച്ചുവെക്കുന്നതിനും CWRDM-ന്റെ സഹായത്തോടെ സന്നദ്ധപ്രവർത്തകരെ ഉപയോഗപ്പെടുത്തി ബോധവൽക്കരണം നടത്തുക.

വയലുകൾ നികത്തുന്നതും അശാസ്ത്രീയമായ മണൽവാരലും തടയുക.

മർക്കസ് പരിസരത്ത് ടാപ്പുകൾ സ്ഥാപിക്കുക. ചെറുപുഴയിൽ ചെക്ക് ഡാം നിർമിക്കുക

ചാലിയാർ റഗുലേററർ കം ബ്രിഡ്ജ് പണി പൂർത്തിയായാൽ ചെറുപുഴയിലെ ജലം ഉയർന്ന് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും

CWRDM സ്ഥാപനത്തിലേക്ക് പൂനൂർപുഴയിൽ നിന്നും കിട്ടുന്ന വെള്ളം 150 മീറ്റർ പൈപ്പിട്ടാൽ ചേരിഞ്ചാൽ ഭാഗത്ത് വെള്ളം ലഭിക്കും.

മിൽമയുടെ പൈപ്പ്ലൈൻ ശിവഗിരി കോളനിവരെ നീട്ടി കുടിവെള്ളം എത്തിക്കുക.

ആമ്പ്രമ്മൽ ടാപ്പ് കമ്മങ്ങോട്ട് ഭാഗത്തേക്കും എത്തിക്കുക.

പെരുവണ്ണാംമുഴിയിൽ നിന്നും ചാലിയാറിൽ നിന്നും ജലം എത്തിച്ച് കോഴിക്കോട് കോർപ്പറേഷൻ നടപ്പാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികൾ കുന്ദമംഗലം പഞ്ചായത്തിലേക്കുകൂടി വ്യാപിപ്പിച്ചാൽ ഇവിടുത്തെ കുടിവെള്ളപ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാകും. ഇതുമായി ബന്ധപ്പെട്ട് ജപ്പാൻ സഹായത്തോടെയുള്ള ഒരു സ്കീമിൽ കുന്ദമംഗലം പഞ്ചായത്തിനെ ഉൾപ്പെടുത്തുകയും അതിനുവേണ്ടി ഒരു സർവേ നടക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ കോർപ്പറേഷനും 16 പഞ്ചായത്തുകളും ഉൾപ്പെടുന്നു. ഈ പദ്ധതി പെട്ടെന്ന് നടപ്പാക്കാനുള്ള നടപടികൾ ജില്ലാതലത്തിൽ ഉണ്ടാകണം.



# കുടിവെള്ളം

പട്ടിക 1

KWA പദ്ധതികൾ – RWSS

| RWSS കാരന്തൂർ | കല്ലറ– മുപ്രക്കുന്ന് | ആമ്പ്രമ്മൽ കോളനികൾ | മൊത്തം ടാപ്പ് | സ്വകാര്യ കണക്ഷനുകൾ |
|---|---|---|---|---|
| 128 | 19 | 17 | 164 | 122 |

പട്ടിക 2

| കിണറുകൾ<br>പൊതു കിണറുകൾ<br>വെള്ളമുള്ളത് | <br><br>ഭാഗമായി വെള്ളമുള്ളത് | സ്വകാര്യ കിണറുകൾ | കുഴൽ കിണറുകൾ |
|---|---|---|---|
| 6 | 15 | 4967 | 14 |

സ്വകാര്യ കിണർ– അംഗനവാടികളിൽ നിന്നും കിട്ടിയ വിവരങ്ങൾ

## പുതുതായി കിണർ കുഴിക്കാൻ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ

പട്ടിക 5

| വാർഡ് | കിണർ | കുഴൽ കിണർ |
|---|---|---|
| 1 | അംഗൻവാടി , | ചേറ്റൂർ, പരപ്പമ്മൽ, കിഴക്കുമ്പാട്, മേലേ തടത്തിൽ, മനത്താനത്ത്, കലങ്ങോട്, വടക്കുതല |
| 2 | തെക്കയിൽ കോളനി | – |
| 3 | കോരംങ്കണ്ടി | നെടുംചാലിൽ, കാരയിൽ, പന്തീർപാടം |
| 4 | – | പടനിലം സ്കൂൾ |
| 5 | തുവ്വപ്പാറ,വെള്ളാരം ചാൽ, പുൽക്കുന്ന് | – |
| 6 | എരഞ്ഞിക്കൽ, പാലോറമല | പൊയ്യയിൽ, കക്കോട്ട് ഭാഗത്ത് |
| 7 | – | പടനിലം സ്കൂൾ |
| 8 | ചുണ്ടേക്കുഴി, പുളിയശ്ശേരി | – |
| 9 | – | മേലേ ചാൽ |
| 10 | കരിനക്കൽ 4 സെന്റ് | കാരക്കാട്ട് മീത്തൽ, മനത്താനത്ത്, ചേരി ഞ്ചാൽ |
| 11 | ശിവഗിരി കോളനി, തെറ്റത്ത്പറമ്പ് | പെരുവഴിക്കടവ് സ്കൂൾ കോളനി, പാണോത്ത് മീത്തൽ കോളനി |
| 12 | ഈയ്യക്കണ്ടി, തടത്തിൽമീത്തിൽ, എടവലത്ത് മീത്തൽ, പാലോറക്കുന്ന് പൈങ്ങോട്ടു പുറം എൽ.പി.സ്കൂൾ അംഗൻ വാടികൾ (ഈസ്റ്റ് വെസ്റ്റ) മാങ്കുനി മിത്തൽ | - |
| 13 | – | – |
| 14 | – | കളരിക്കണ്ടി സ്കൂൾ, നൊച്ചിപ്പൊയിൽ, പണി ക്കരങ്ങാടി |




# ആരോഗ്യം

1956ൽ പഞ്ചായത്ത് രൂപീകരിക്കപ്പെട്ട വർഷം തന്നെ കുന്ദമംഗലത്ത് ഒരു ഗവൺമെന്റ് ഡിസ്പെൻസറി സ്ഥാപിക്കപ്പെട്ടു. അതുവരെ ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന പൊതു സ്ഥാപനങ്ങളൊന്നും ഉണ്ടായിരുന്നില്ല. കുന്ദമംഗലത്ത് സ്വകാര്യ ചികിത്സ നടത്തിയിരുന്ന ഡോക്ടർ രാഘവൻ നായർക്ക് ഡിസ്ട്രിക് ബോർഡിന്റെ സഹായം ലഭിച്ചിരുന്നു. കുന്ദമംഗലം സബ് ജയിലിൽ തടവുകാരെ പരിശോധിച്ചിരുന്നതും ഇദ്ദേഹമാണ്. 1962 ൽ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സിക്കുന്നതിന് ഒരു വാർഡ് പൊതുജനസഹകരണത്തോടെ സ്ഥാപിച്ചു. 1986ൽ നാട്ടുകാരുടെ സഹകരണത്തോടെ ഒരു മെറ്റേണിറ്റി ബ്ലോക്കും സ്ഥാപിതമായി. പണ്ട് ആരോഗ്യരംഗത്ത് അശാസ്ത്രീയമായ പല ചികത്സാരരീതികളും നിലനിന്നിരുന്നു. പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിതമായതോടെ ആധുനിക ചികിത്സാസൗകര്യം കുന്ദമംഗലം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമായി. ഇതിനു പുറമെ ഇന്ന് 2 സ്വകാര്യ അലോപ്പതി ആശുപത്രികൾ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന 12 കേന്ദ്രങ്ങൾ, 10 ഹോമിയോ ക്ലീനിക്കുകൾ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന 5 ആയുർവേദ ഡോക്ടർമാർ, യുനാനി ക്ലിനിക്ക്, 9 പാരമ്പര്യ വൈദ്യന്മാർ, 3 വിഷചികിത്സ നടത്തുന്ന സ്ഥാപനങ്ങൾ, 1 ദന്താശുപത്രി എന്നിവ കുന്ദമംഗലം പഞ്ചായത്തിൽ ഉണ്ട്. 10 അലോപ്പതി മെഡിക്കൽ ഷോപ്പുകളും 1 ഹോമിയോ മെഡിക്കൽ ഷോപ്പും 13 ആയുർവ്വേദ മെഡിക്കൽ ഷോപ്പുകളുമുണ്ട്. മെഡിക്കൽ കേളേജ് ആശുപത്രി കുന്ദമംഗലത്ത് നിന്നും 7 കി.മീ. അകലെ സ്ഥിതി ചെയ്യുന്നു. ഇത്രയും സ്ഥാപനങ്ങളും സൗകര്യങ്ങളും ഉണ്ടായിട്ടും ആരോഗ്യസ്ഥിതിയിൽ തൃപ്തികരമായ പുരോഗതി ഉണ്ടായതായി കണക്കുകൾ പരിശോധിക്കുമ്പോൾ കാണുന്നില്ല.

ഒരു പ്രദേശത്തിന്റെ ആരോഗ്യസ്ഥിതി സാധാരണ അളക്കാവുന്നത് മരണ സൂചികകളും രോഗാതുരതയുമായി ബന്ധപ്പെടുത്തിയാണ്. കുന്ദമംഗലം പഞ്ചായത്തിൽ 1995-96ലെ ജനനം 625ഉം മരണം 226ഉം ആണ്. ജനന മരണ നിരക്കുകൾ സംസ്ഥാന ശരാശരിക്ക് ഏകദേശം തുല്യമാണ്.

പട്ടിക1

| | | |
|---|---|---|
| 1 | പൊതുമരണനിരക്ക് | 5.74 |
| 2. | കുട്ടികളുടെ മരണനിരക്ക് | 6.4 |
| 3. | മാതൃമരണനിരക്ക് | 1.6 |
| 4. | ജനനനിരക്ക് | 15.89 |

**രോഗാതുരത :** രോഗാതുരതയുടെ കാര്യത്തിൽ സ്ഥിതി ആശാവഹമല്ല. പൊതുവായ രോഗികളുടെയും സ്ഥായിയായ രോഗികളുടെയും ആശുപത്രിയിലെ ഔട്ട്പേഷ്യന്റ് രോഗികളുടെയും സംഖ്യ സമഗ്രമായ ആരോഗ്യ സുരക്ഷാപ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്ത് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത കാണിക്കുന്നു 95-96 വർഷം പ്രൈമറി ഹെൽത്ത് സെന്ററിൽ എത്തിയ ആകെ

രോഗികളുടെ എണ്ണം 48960 ആണ്.

പട്ടിക 2 രോഗാതുരത 1995–96

| രോഗം | രോഗികൾ |
|---|---|
| മലമ്പനി | 15 |
| ക്ഷയം | 22 |
| കുഷ്ഠം | 6 |
| തിമിരം | 54 |
| രക്തസമ്മർദ്ദം | 320 |
| പ്രമേഹം | 125 |
| ഹൃദ്രോഗം | 34 |
| ക്യാൻസർ | 22 |

### സ്ഥാപനങ്ങളും ജീവനക്കാരും

കുന്ദമംഗലം പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

| | |
|---|---|
| പ്രാഥമികാരോഗ്യകേന്ദ്രം | 1 |
| ഫാമിലി വെൽഫയർ സെന്റർ | 4 |

ഇവയിൽ 26 ജീവനക്കാരുണ്ട് 5 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ജനറൽവാർഡ്, മെറ്റേണിറ്റി വാർഡ് എന്നിവയിൽ 6 വീതം രോഗികളെ കിടത്തി ചികിത്സിക്കുള്ള സൗകര്യം ഉണ്ട്. ക്വാട്ടേഴ്സ് ഇല്ലാത്തതുകൊണ്ട് ഡോക്ടർമാരുടെ സേവനം മുഴുവൻ സമയം ലഭ്യമാകുന്നില്ല.

ജനങ്ങൾക്ക് പ്രൈമറി ഹെൽത്ത് സെന്ററിൽ പോകുന്നത് പ്രയോജനകരമല്ല എന്ന തോന്നൽ ഉള്ളതുകൊണ്ട് സ്വകാര്യ പ്രാക്ടീസ് ചെയ്യുന്നവരുടെ അടുത്ത് പോകുന്ന രീതിയാണ് ഇന്നുള്ളത്. ഈ സ്ഥിതി മാറ്റി ആശുപത്രിയിൽ വിശ്വാസം ഉണ്ടാക്കി എടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ആശുപത്രിയിൽ ഇൻപേഷ്യന്റ്സിന്റെ എണ്ണം 1993–94 ൽ 887 ഉണ്ടായിരുന്നത് 95–96 വർഷം 663 ആയി കുറഞ്ഞു. മെറ്റേണിറ്റി വാർഡിൽ ഓപ്പറേഷൻ തിയേറ്റർ ഇല്ലാത്തതുകൊണ്ട് രോഗികൾ വളരെ കുറവാണ്. കുന്ദമംഗലം സബ് താലൂക്കിന്റെ ഹെഡ് ക്വാട്ടേഴ്സ് ആണ് എന്നതുകൊണ്ട് ഈ കേന്ദ്രം വളരെ പ്രാധാന്യമർഹിക്കുന്നു. ചാത്തമംഗലം, ചൂലൂർ, പെരിങ്ങൊളം പയിമ്പ്ര എന്നീ പ്രദേശങ്ങളിലുള്ളവർക്ക് കൂടി ആരോഗ്യരംഗത്ത് ആശ്രയമായിട്ടുള്ള പൊതു ആരോഗ്യ കേന്ദ്രമാണ് കുന്ദമംഗലം പ്രൈമറി ഹെൽത്ത് സെന്റർ. സമീപ ഭാവിയിൽ താലൂക്ക് ആസ്പത്രി ആവാനുള്ള സാധ്യതയും ഉണ്ട്.

### പ്രായഘടന

പഞ്ചായത്തിൽ 1 വയസ്സിന് താഴെയുള്ള കുട്ടികൾ 597 ഉം 1–2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ 618 ഉം 2–3 വയസ്സുവരെ പ്രായമുള്ളവർ 587 ഉം. 3–5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ 1499 ഉം ആണ്. 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ 1120 ആണ്.

### കുട്ടികളുടെ പോഷണ നിലവാരം

പഞ്ചായത്തിൽ മൊത്തം കുട്ടികളിൽ 53.13% ആവശ്യമായ ആരോഗ്യമുള്ളതും 46.73% പോഷകാഹാരക്കുറവുള്ളവരും 0.14% രൂക്ഷമായ പോഷകാഹാരക്കുറവുള്ളവരും ആണ്.

### പ്രതിരോധ കുത്തിവെപ്പ്

കുത്തിവെപ്പുകൾ പ്രധാനമായും നടക്കുന്നത് പ്രാഥമികാരോഗ്യ കേന്ദ്രം സബ് സെന്ററുകൾ, അംഗൻവാടികൾ എന്നീ കേന്ദ്രങ്ങളിലൂടെയാണ്.

ഒരു പ്രദേശത്തിന്റെ മരണനിരക്ക്, രോഗാതുരത എന്നീ കാര്യങ്ങൾ പ്രധാനമായി കുടിവെള്ള ലഭ്യത, മലവിസർജ്ജനരീതി, ശുചിത്വബോധം എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

### കക്കൂസ്

പഞ്ചായത്തിലെ ജനങ്ങളിൽ തുറന്ന സ്ഥലത്ത് മലവിസർജ്ജനം ചെയ്യുന്നവർ, സുരക്ഷിതമല്ലാത്ത കക്കൂസ് ഉപയോഗിക്കുന്നവർ, സുരക്ഷിതമായ കക്കൂസ് ഉപയോഗിക്കുന്നവർ എന്നിങ്ങനെ തരം തിരിക്കാം. 7264 വീടുകളിൽ 32% കക്കൂസ് ഇല്ലാത്തവയാണ്. മൊത്തം 3748 IRDP കുടുംബങ്ങൾ ഉള്ളതിൽ 2188 കുടുംബങ്ങൾക്കും കക്കൂസ് ഇല്ല. പഞ്ചായത്തിലെ എല്ലാ ഹരിജൻ കോളനികളിലും കക്കൂസിന്റെ അപര്യാപ്തത പ്രധാനപ്പെട്ട പ്രശ്നമാണ്. കോളനികളിൽ 75% വീടുകൾക്കും കക്കൂസ് ഇല്ല. പഞ്ചായത്തിൽ ഗ്രാമസഭകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട പ്രധാന രോഗം വയറിളക്ക രോഗമാണ്. സാമ്പത്തിക പരാധീനത, സ്ഥലപരിമിതി, ആവശ്യകതയെക്കുറച്ച് ബോധ്യമില്ലായ്മയും എന്നിവയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

### പരിസരശുചീകരണം

വീടുകളിൽ പാരമ്പര്യരീതിയനുസരിച്ച്

വിറക് കത്തിച്ചുള്ള അടുപ്പുകളാണ് മിക്കവാറും കാണാൻ കഴിയുന്നത്. ദക്ഷത കൂടിയ പുകകുറഞ്ഞ ആധുനികരീതിയിലുള്ള അടുപ്പുകളുടെ പ്രചാരം വളരെകുറവാണ്. മണ്ണെണ്ണ സ്റ്റൗ, ഗ്യാസ് സ്റ്റൗ, ഇലക്ട്രിക് സ്റ്റൗ എന്നിവ ഉപയോഗിക്കുന്നവർ 8%ത്തിൽ കുറവായിരിക്കും.

കുടിവെള്ളത്തിന് മറ്റുള്ളവരുടെ പൊതു കിണർ, പൊതു ടാപ്പ്, കുളം, പുഴ എന്നിവ ഉപയോഗിക്കുന്നവർ 40%ത്തോളം ഉണ്ട്.

മലിനജലനിർമ്മാർജ്ജനത്തിന് യാതൊരു സംവിധാനവും ഇല്ലാത്ത വീടുകളാണ് അധികവും. ഖരമാലിന്യങ്ങൾ പുറത്തേക്ക് എറിഞ്ഞുകളയുന്ന രീതിയാണ് ഭൂരിപക്ഷം വീടുകളിലും ഉള്ളത്. കരിച്ചുകളഞ്ഞും കമ്പോസ്റ്റ് കുഴികൾ ഉണ്ടാക്കിയും സംസ്കരിക്കുന്നവർ വളരെ കുറവാണ്.

## ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന പരിസരപ്രശ്നങ്ങൾ

കൊതുകുശല്യം രൂക്ഷമായി അനുഭവപ്പെടുന്ന വാർഡുകൾ 1,2,10,13 എന്നിവയാണ്.

പലവാർഡുകളിലും ചപ്പുചവറുകൾ കുന്നുകൂടി മാലിന്യമുണ്ടാകുന്ന അവസ്ഥയുണ്ട്.

9,8 വാർഡുകളിൽ റബ്ബർ ചാനൽ കമ്പനി, സ്റ്റോൺ ക്രഷർ മാലിന്യങ്ങൾ രൂക്ഷമായ പ്രശ്നങ്ങളാണ്.

കോളനികളിൽ പൊതുവെ മാലിന്യങ്ങൾ നിക്ഷേപിക്കാൻ സൗകര്യമില്ല.

12ാം വാർഡിൽ 800 തമിഴർ താമസിക്കുന്ന വെളുപ്പാൻ പ്രദേശത്ത് മലിനീകരണ പ്രശ്നങ്ങളുണ്ട്.

പഞ്ചായത്തിൽ പൊതുവേ മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള ശാസ്ത്രീയമായ സംവിധാനങ്ങൾ ഇല്ല. അങ്ങാടികളിൽ നിന്നും ഹോട്ടലുകളിൽ നിന്നും മത്സ്യമാർക്കറ്റിൽ നിന്നും പച്ചക്കറി കടകളിൽ നിന്നും മാലിന്യങ്ങൾ ഓടയിലേക്ക് ഒഴുകുന്നു. ഡ്രൈനേജ് സംവിധാനം ശാസ്ത്രീയമായി ഇല്ല. അഴുക്കുചാൽ ചില ഭാഗങ്ങളിൽ തൂർന്നുകിടക്കുന്നു. ശാസ്ത്രീയമായ അറവുശാല മത്സ്യ മാർക്കറ്റ് എന്നിവയില്ല.

വയലിന്റെ എകദേശം പകുതിയേളം നികത്തി പറമ്പാക്കി മാറ്റി. ഇത് ഭൂഗർഭജലത്തിന്റെ അളവ് കുറയ്ക്കുന്നു.

മർക്കസ് സ്ഥാപനത്തിലെ അഴുക്കുവെള്ളം മൂലമുള്ള മലിനീകരണം 10 വർഷമായി സമീപവാസികൾക്ക് പ്രശ്നമാണ്. കാന്റീനിലെ ഭക്ഷണാവശിഷ്ടങ്ങൾ, അഴുക്കുവെള്ളം ഓടയിലേക്ക് ഒഴുക്കുന്നത്, മാലിന്യങ്ങൾ അടുത്തുള്ള പറമ്പുകളിൽ കെട്ടികിടക്കുന്നത് എല്ലാം പ്രധാന പ്രശ്നങ്ങളാണ്.

## പരിഹാര നിർദേശങ്ങൾ

1) കുന്ദമംഗലം പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.

1. ലബോറട്ടറി സൗകര്യവും എക്സ്റേ യൂണിറ്റും ആരംഭിക്കുക. മറ്റ് ഹെൽത്ത്സെന്റുകളിൽ നിന്നും വ്യത്യസ്തമായി മെറ്റേണിറ്റി ബ്ലോക്ക് സൗകര്യമുള്ളതുകൊണ്ട് ഇത് അത്യാവശ്യമാണ്.

2. കുന്ദമംഗലം പ്രൈമറി ഹെൽത്ത് സെന്ററിൽ ഒരു വാർഡ്കൂടി ആരംഭിക്കുക. കുന്ദമംഗലം സബ് താലൂക്കിന്റെ ആസ്ഥാനമായതുകൊണ്ട് സമീപ പ്രദേശങ്ങളിലുള്ളവരും ഈ കേന്ദ്രത്തെയാണ് ആശ്രയിക്കുന്നത്.

3. ആശുപത്രിയിൽ കോമ്പൗണ്ട് വാൾ, ഫർണ്ണീച്ചർ, വാഹനം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

4. ഒഴിവുള്ള തസ്തികകൾ ഉടനെ നികത്തേണ്ടതാണ്.

5. ഹോസ്പിറ്റലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മറ്റി ഹോസ്പ്പിറ്റൽ സൗഹൃദസമിതി ഇവയുടെ പ്രവർത്തം കാര്യക്ഷമമാക്കുക.

6. ഹോസ്പിറ്റലിലെ വോൾട്ടേജ് പ്രശ്നം പരിഹരിക്കുക.

7. അവശ്യം വേണ്ട മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക.

8. എമർജൻസി മരുന്നുകൾ വാങ്ങാൻ ഇപ്പോൾ ആശുപത്രിക്ക് ഫണ്ടില്ല. ഇതു പരിഹരിക്കാൻ പഞ്ചായത്തുതലത്തിൽ സംവിധാനം ഉണ്ടാകണം.

9. സബ് സെന്ററുകളുടെ സൗകര്യം മെച്ചപ്പെടുത്തുക.

2) കോളനി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

കോളനികളിൽ കക്കൂസ്, കുടിവെള്ളം ഇവ സ്ഥാപിക്കുന്നതിന് ഒരു ഊർജ്ജിത പരിപാടി തയ്യാറാക്കുക.

3) സർക്കാർ ഉടമസ്ഥതയിലോ സഹകരണാടിസ്ഥാനത്തിലോ ഹോമിയോപതി ആയുർവേദ ഡിസ്പെൻസറികൾ സ്ഥാപിക്കുക.

4) പഞ്ചായത്ത് ബിൽഡിങ്ങിന്റെ സമീപം ഒരു പൊതു വിശ്രമ കേന്ദ്രവും കമ്മ്യൂണിറ്റിഹാളും ഉണ്ടാക്കുക കുട്ടികൾക്ക് കളിസ്ഥലം ഉണ്ടാക്കുക.

5) അംഗനവാടികൾ കേന്ദ്രീകരിച്ച് ആരോഗ്യപ്രശ്നങ്ങളെ കുറച്ച് ബോധവൽക്കരണം നടത്തുക.

6) പൊതുശ്മശാനത്തിനായി അനുവദിച്ച

അഞ്ചാംവർഡിലെ സ്ഥലത്ത് സൗകര്യമുണ്ടാക്കുക.

7) കുന്ദമംഗലത്തും കാരന്തൂരും പൊതു കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.

8) പ്രൈമറി ഹെൽത്ത് സെന്ററിൻ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുക.

9) പഞ്ചായത്തു തലത്തിൽ ഒരു ഫാമിലി കൗൺസിലിംഗ് സെന്റർ ആരംഭിക്കുക.

10) ഒരു രക്തഗ്രൂപ്പ് ഡയറക്ടറി പഞ്ചായത്ത്തലത്തിൽ അത് സൂക്ഷിക്കുക.

11) തെരുവു നായ്ക്കളുടെ ശല്യം തടയുന്നതിന് നടപടിയെടുക്കുക.

12) സബ്ബ് സെന്ററുകൾ ഇല്ലാത്ത എല്ലാ വാർഡുകളിലും ഫാമിലി വെൽഫെയർ സബ്ബ് സെന്റുകൾ ആരംഭിക്കുക.

**മലിനീകരണ നിവാരണ നിർദ്ദേശങ്ങൾ.**

1. മർക്കസ് സ്ഥാപനത്തിൽ നിന്നുള്ള മാലിന്യമുണ്ടാക്കുന്ന മലിനീകരണ പ്രശ്നങ്ങൾ തടയുന്നതിന് ആർ.ഡി.ഓ. നിർദ്ദേശിച്ച നിവാരണ മാർഗ്ഗങ്ങൾ ഉടെന നടപ്പിലാക്കുക.

a) ഭക്ഷണ അവശിഷ്ടങ്ങൾ ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുക.

b) അഴുക്കുവെള്ളം ഡിസ്പേർഷൻ പിറ്റ് നിർമ്മിച്ച് അതിൽ സംസ്കരിക്കുക.

c) ഈ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതുവരെ അഴുക്കുവെള്ളം ടാങ്കർ ലോറിയിൽദൂരെ കൊണ്ടുപോവണം.

d) മലിനജലം ഇടവഴിലിലേക്കും കോമ്പൗണ്ടിന് പുറത്തേക്കും തുറന്ന് വിടരുത്.

2. ചപ്പുചവറുകൾ സാനിറ്ററി രീതിയിൽ സംസ്കരിക്കുക. ഹോട്ടലുകളിലേയും പച്ചക്കറികടകളിലേയും ഖരമാലിന്യങ്ങളും ഇങ്ങനെ സംസ്ക്കരിക്കാം. ഇവ ഓടകളിലേക്ക് ഒഴുക്കുന്നത് തടയണം.

3. സ്റ്റോൺ ക്രഷർ ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കാതിരിക്കുക. സാങ്കേതികമാർഗ്ഗങ്ങൾ ഉപയോഗിച്ച് മലിനീകരണം തടയുക.

4. വയൽ നികത്തി വീടുണ്ടാക്കുന്നത് കർശനമായി നിരോധിക്കുക.

5. മണൽ വാരുന്നതിന് ശാസ്ത്രീയമായ മാനദ്ണ്ഡങ്ങൾ അവലംബിക്കുക.

6. പഞ്ചായത്തുതലത്തിൽ വിദഗ്ദ്ധരടങ്ങിയ മലിനീകരണ നിയന്ത്രണ സെൽ രൂപീകരിക്കുക.

7. കോളനികളിൽ കക്കൂസുകൾക്ക് പൊതു സെപ്റ്റിക് ടാങ്കുകൾ കെട്ടി ഓരോ വീടിനും ഓരോ കക്കൂസ് നിർമ്മിച്ചുകൊടുക്കുക.

8. കക്കൂസ് നിർമ്മാണത്തിന് ധനസഹായവും ബോധവൽക്കരണവും നടത്തുക.

തെറ്റായ ആരോഗ്യ ശീലങ്ങളായ പുകവലി, മദ്യപാനം, മയക്കുമരുന്നുപയോഗം എന്നിവയ്ക്ക് എതിരെ ബോധവൽക്കരണം നടത്തി പ്രതിരോധമാണ് ചികിത്സയേക്കാൾ നല്ലതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുക. ഇതിനായി ആരോഗ്യ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിൽ ഊന്നുന്നതായിരിക്കട്ടെ 9ാം ജനകീയ പദ്ധതി.



# ആരോഗ്യം

പട്ടിക 3

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993–94 | 1583 | 1374 | 142 | 21503 |
| 1994–95 | 1638 | 1167 | 86 | 28801 |
| 1995–96 | 1131 | 2153 | 114 | 44960 |

## സ്ഥാപന വിവരങ്ങൾ

പട്ടിക – 5

| സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം | ഉദ്യോഗസ്ഥൻമാരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|
| 1. പ്രഥമിക ആരോഗ്യകേന്ദ്രം | പ്രൈമറി ഹെൽത്ത് സെന്റർ | സ്വന്തം | 26 | 1956 | – |
| 2. ഫാമിലി വെൽഫെയർ സബ്സെന്റർ പിലാശേരി | സബ്സെന്റർ | | സ്വന്തം | 1968 | നേരത്തെനൽകിയ ഉടമ സ്ഥലത്തിന്റെ അവകാശ വാദത്തിൽ മുൻസിഫ് കോടതിയിൽ കേസ് നടത്തുന്നു. |
| 3. ഫാമിലി വെൽഫെയർ സബ്സെന്റർ പയിങ്ങോട്ടുപുറം | സബ്സെന്റർ | | സ്വന്തം | 1994 | വൈദ്യുതി ഇല്ല ഫർണ്ണീച്ചർ ഇല്ല |
| 4. ഫാമിലി വെൽഫെയർ സബ്സെന്റർ ചൂലാം വയൽ | സബ്സെന്റർ | | സ്വന്തം | 1994 | വൈദ്യുതി ഇല്ല ഫർണ്ണീച്ചർ ഇല്ല |
| 5. ഫാമിലി വെൽഫെയർ സബ്സെന്റർ കുരിക്കത്തൂർ | സബ്സെന്റർ | | സ്വന്തം | 1994 | വൈദ്യുതി ഇല്ല ഫർണ്ണീച്ചർ ഇല്ല |

പട്ടിക 4

## ആരോഗ്യ സ്ഥാപനങ്ങളിലെ രോഗികളുടെ വിവരം

| | | | രോഗങ്ങൾ സംബന്ധിച്ച വിവരം- പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് | ത്വക്ക് രോഗം | വാതരോഗം | പകർച്ചവ്യാധികൾ | വിഷചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | 887 | 23989 | 1726 | 1264 | 2416 | - | 18583 | 23989 |
| 1993-94 | 618 | 24602 | 1854 | 1326 | 2618 | - | 19804 | 24602 |
| 1994-95 | 787 | 31692 | 2204 | 1464 | 2836 | - | 25188 | 31692 |
| 1995-96 | 663 | 48960 | 2900 | 1632 | 3216 | - | 41212 | 48960 |

പട്ടിക 6

## കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

| പ്രായം | നോർമ്മൽ | | 1ാം ഗ്രേഡ് | | 2ാം ഗ്രേഡ് | | 3ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 162 | 201 | 97 | 106 | 14 | 16 | - | 1 |
| 1-3 വയസ്സ് | 284 | 286 | 271 | 286 | 35 | 42 | 1 | - |
| 3-6 വയസ്സ് | 405 | 416 | 262 | 298 | 52 | 64 | - | 2 |

1 ാം ഗ്രേഡ്- ലഘുവായ പോഷണകുറവുള്ളവർ
2 ാം ഗ്രേഡ്- മിതമായ പോഷണകുറവുള്ളവർ
3 ാം ഗ്രേഡ്- ഗുരുതരമായ പോഷണകുറവുള്ളവർ

പ്രതിരോധ കുത്തിവെപ്പ് : കുത്തിവെപ്പുകൾ പ്രധാനമായും നടക്കുന്നത് പ്രാഥമികാരോഗ്യ കേന്ദ്രം, സബ് സെന്ററുകൾ, അംഗൻവാടികൾ എന്നീ കേന്ദ്രങ്ങളിലൂടെയാണ്.

പട്ടിക 7

## കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെപ്പ്

| കുട്ടികൾ | ബി.സി.ജി | ഡി.പി.റ്റി | | | | പോളിയോ | | | | ഡി.റ്റി | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1വയസ്സിൽതാഴെ | 585 | 501 | 483 | 469 | - | 501 | 483 | 469 | - | - | - | - | - | 184 |
| 1-3വയസ്സ് | 1201 | 1201 | 1201 | 1201 | 603 | 1201 | 1201 | 1201 | 603 | - | - | - | - | 1200 |
| 3 -6 വയസ്സ് | 1498 | 1498 | 1498 | 1498 | 1498 | 1498 | 1498 | 1498 | 1498 | 37 | 37 | - | 79 | 1498 |

പട്ടിക 8

## ടെറ്റനസ് ടോക്സോയിഡ് (TT)

| ഗർഭിണികൾ | 1 D | 2D | BD |
|---|---|---|---|
| | 305 | 288 | 3 |



# ഗതാഗതം

ഈ മേഖലയിൽ പ്രധാനം റോഡുകൾതന്നെയാണ്. പഞ്ചായത്തിൽ ആകെ 92.440 കി.മീ. റോഡുണ്ട്. സംസ്ഥാനത്ത് ച.കി.മീ. വിസ്തീർണത്തിന് ശരാശരി 3.2 കി.മീ. റോഡാണുള്ളത്. ഈ പഞ്ചായത്തിൽ അത് 3.39 കി.മീ. ആണ്.

കൊടുവൻമുഴി-കുരിക്കത്തൂർ, കുന്ദമംഗലം-താളിക്കുണ്ട്, ചാത്തൻകാവ്- പെരുവഴിക്കടവ്, പൊയ്യയിൽ-കാക്കോട്ടരി, പടനിലം-കളരിക്കണ്ടി, തേവർകണ്ടി എന്നീ റോഡുകളാണ് പഴയ കാലത്തുണ്ടായിരുന്നത്. 1958- 59 കാലത്താണ് ആദ്യത്തെ പഞ്ചായത്ത് റോഡായ വര്യട്യാക്ക്-പെരിങ്ങൊളം റോഡ് നിർമിച്ചത്. നാട്ടുകാർ ശ്രമദാനമായി ചില റോഡുകൾ പഞ്ചായത്തിൽ നിർമിച്ചിട്ടുണ്ട്. 1973-ൽ 24 ദിവസംകൊണ്ട് 25 കോളേജ് വിദ്യാർത്ഥികളും 75 നാട്ടുകാരും 1 കി.മീ. നീളത്തിൽ നിർമിച്ച പിലാശ്ശേരി മണ്ണിലക്കടവ് വഴി ആർ.ഇ.സി. റോഡ് ജനപങ്കാളിത്തത്തോടെ പഞ്ചായത്തിൽനടന്ന പ്രവൃത്തിക്ക് ഉദാഹരണമാണ്.

പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഒരു പ്രധാനറോഡാണ് കോഴിക്കോട് -വൈത്തിരി-ഗൂഡലൂർ (സ്റ്റേറ്റ് ഹൈവേ-29). ടിപ്പുസുൽത്താൻ നിർമിച്ച ചെങ്കൽറോഡ് ബ്രിട്ടീഷുകാരുടെ കാലത്താണ് ടാർ ചെയ്തത്. ടിപ്പു, പഴശ്ശി തുടങ്ങിയവരുടെ കുതിരക്കുളമ്പടികളും ദേശീയപ്രസ്ഥാനത്തിന്റെ പാദപതനങ്ങളുമേറ്റ ഈ റോഡ് ഇപ്പോൾ വാഹനങ്ങളുടെ ആധിക്യംകൊണ്ട് വീർപ്പുമുട്ടുകയാണ്. ചെറുതും വലുതുമായ 4348 വാഹനങ്ങൾ ഒരു ദിവസം ഇതു വഴി കടന്നുപോകുന്നുണ്ട്. (പട്ടിക R.1)

91 പഞ്ചായത്ത് റോഡുകളാണുള്ളത്. ടാർ ചെയ്ത 55. 735 കി.മീ റോഡുണ്ട്. മിക്ക റോഡുകളിലും അറ്റകുറ്റപ്പണി നടക്കാത്തതിനാൽ പൊട്ടിപ്പൊളിഞ്ഞു കിടക്കുകയാണ്. ഫണ്ടിന്റെ ദൗർലഭ്യമാണ് കാരണം. ഓടകളില്ലാത്തതിനാൽ മഴക്കാലങ്ങളിൽ സഞ്ചാരയോഗ്യമല്ലാത്തവയാണ് മിക്കറോഡുകളും. (പട്ടിക R.2) ഇപ്പോൾ രണ്ടു റോഡുകളിൽക്കൂടി ടാറിങ് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

പഞ്ചായത്തിൽ 1983-ൽ നിർമിച്ച ബസ്സ്റ്റാന്റ് ഇന്ന് മിക്ക ബസ്സുകളും ഉപയോഗിക്കുന്നേയില്ല. സ്ഥലപരിമിതിയാണ് കാരണം. ബസ്സുകൾ ക്രമാതീതമായി വർധിച്ചുകൊണ്ടിരിക്കുകയാണ്. KSRTC ബസ്സുകൾക്കു പുറമേ 140 സ്വകാര്യ ബസ്സുകൾ ഇതിലെ സർവീസ് നടത്തുന്നുണ്ട്. 1995- 96 വർഷത്തിൽ ബസ്സ്റ്റാന്റിന്റെ അറ്റകുറ്റപ്പണിക്ക് 79821 രൂപ ചെലവഴിച്ചിട്ടുണ്ട്.

കുന്ദമംഗലം ടൗണിലും കാരന്തൂരിലും ടാക്സി വാഹനങ്ങൾ ഉണ്ടെങ്കിലും പാർക്കിങ് സൗകര്യം വേണ്ടത്രയില്ല. (പട്ടിക R.3) ഇരുന്നൂറോളം വാഹനങ്ങൾ കുന്ദമംഗലം ടൗണിൽ മാത്രമുണ്ട്. ഇതിൽ ഓട്ടോറിക്ഷകളാണ് കൂടുതൽ. 120. പന്ത്രണ്ട് മണിക്കൂർ സർവീസ് നടത്തുന്ന ഒരു ഓട്ടോറിക്ഷയിൽ ശരാശരി 20 യാത്രക്കാർ സഞ്ചരിക്കുന്നുണ്ട്.

1961 ഒക്ടോബർ 2-ന് ഉദ്ഘാടനം ചെയ്യപ്പെട്ട മുഹമ്മദ് അബ്ദുറഹിമാൻ ബ്രിഡ്ജ് (ചെത്തുകടവ്) പഞ്ചായത്തിലെ ഗതാഗതവികസനരംഗത്തെ ഒരു നാഴികക്കല്ലാണ്. അതിനുമുമ്പ് ഈ കടവിൽ

ചങ്ങാടത്തിലൂടെയായിരുന്നു വാഹനങ്ങളെ അക്കരെയെത്തിച്ചിരുന്നത്. 1969 സപ്തംബർ 27-ന് ഉദ്ഘാടനം ചെയ്ത പടനിലം പാലവും 1991 മാർച്ച് 28-ന് തുറന്ന പണ്ടാരപ്പറമ്പ് പാലവുമാണ് പഞ്ചായത്തിനെ മറ്റ് പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന മറ്റു രണ്ടുകണ്ണികൾ.

മുപ്പത് വർഷംമുമ്പുവരെ ചരക്കുഗതാഗതം നിർവഹിച്ചിരുന്ന കാളവണ്ടികളും അവ ഉരുണ്ടുനീങ്ങിയിരുന്ന പരുക്കൻ പാതകളും പുത്തൻ ഭാരലോറികൾക്കും കറുത്ത നിരത്തുകൾക്കും വഴിമാറിയപ്പോൾ പഞ്ചായത്തിലെ ഒരു വലിയ വിഭാഗം ജനങ്ങൾക്ക് ഗതാഗതരംഗത്ത് ജീവിതം കരിപ്പിടിപ്പിക്കാൻ സാധിച്ചു എന്നുള്ളത് മറന്നുകൂടാ. കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ വാഹനഉടമകളുള്ള പഞ്ചായത്ത് ഒരുപക്ഷേ കുന്ദമംഗലമായിരിക്കും.

പഞ്ചായത്ത് JRY പദ്ധതിയിൽ വർഷംതോറും നല്ലൊരു സംഖ്യ റോഡിനുവേണ്ടി ചെലവാക്കുന്നുണ്ട്. പൊതുവിഭാഗത്തിൽ ചെലവാക്കിയ 4,94,400 രൂപയുടെ 80 ശതമാനവും റോഡുകൾക്കാണ് ഉപയോഗിച്ചത്. പഞ്ചായത്ത് റോഡുകൾക്ക് മാത്രം 1995-96 വർഷത്തിൽ 1,36,068 രൂപ ചെലവഴിച്ചു. ഈ വർഷം 26 റോഡുകൾക്ക് വേണ്ടി ചെലവഴിച്ചത് 11 ,03,291 രൂപയാണ്.

## പ്രശ്നങ്ങൾ

### *എ. റോഡ്നിർമ്മാണം*

**1. ടാർറോഡുകളുടെ പ്രശ്നങ്ങൾ:** വളരെക്കുറച്ച് പഞ്ചായത്തുറോഡുകൾ മാത്രമാണ് ടാർ ചെയ്തത്. ടാർ ചെയ്തവ തന്നെ പലതും പൂർത്തിയാക്കിയിട്ടില്ല. ഒന്നാംഘട്ടം ടാർ ചെയ്തു രണ്ടാം ഘട്ടം തുടങ്ങുമ്പോഴേക്കും ആദ്യത്തേത് പൊട്ടിപ്പൊളിഞ്ഞിരിക്കും.

പഞ്ചായത്തിലൂടെ കടന്നുപോകുന്ന CVG റോഡിൽ കാരന്തൂർ മുതൽ കുന്ദമംഗലം വരെ അപകടമേഖലയാണ്. തെരക്കുള്ള സമയങ്ങളിൽ മിനുട്ടിൽ ഏകദേശം 5 വാഹനങ്ങളിതിലെ കടന്നുപോകുന്നു. സംസ്ഥാനത്ത് രണ്ടുവർഷം കൂടുമ്പോൾ 28.7 ശതമാനം വാഹനങ്ങൾ വർധിക്കുന്നുണ്ട് എന്നാണ് കണക്ക്. അങ്ങനെയാകുമ്പോൾ അടുത്ത 5 വർഷത്തിൽ ഈ റോഡിൽ ഇപ്പോഴത്തേതിന്റെ ഇരട്ടിയിലധികം വാഹനങ്ങൾ ഓടേണ്ടിവരും. പ്രദേശത്തിന്റെ മറ്റു മേഖലയിലുണ്ടാകുന്ന വികസനത്തിനനുസരിച്ച് ഇരുചക്രവാഹനങ്ങൾ ഇതിലും കൂടാനാണ് സാധ്യത. നിലവിലുള്ള ടാർ റോഡുകളുടെ ശോചനീയവസ്ഥയെപ്പറ്റി വാർഡ് ഗ്രാമസഭകളിൽ നിന്ന് പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

PWD റോഡുകളിൽത്തന്നെ എല്ലാഭാഗത്തും ഓടകളില്ലാത്തതും കാരന്തൂർ മെഡിക്കൽ കോളേജ് റോഡിൽ കാരന്തൂർ മുതൽ ഹൗസിങ് സൊസൈറ്റിവരെ റോഡിന് വീതി കുറവായതിനാൽ കാൽനടയാത്രക്കാർക്കുള്ള പ്രശ്നവും ഗ്രാമസഭകളിൽ നിന്ന് പരാതിയായി ഉയർന്നിട്ടുണ്ട്.

**2. ടാറിടേണ്ട റോഡുകൾ:** ഗ്രാമസഭകളിൽനിന്ന് 57 പഞ്ചായത്ത് റോഡുകൾ ടാറിടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. (പട്ടിക R.4) 40 വർഷം പഴക്കമുള്ള റോഡുപോലും ആകെ 400 മീ. മാത്രമാണ് ടാറിട്ടത്.

**3. റിപ്പയർ ചെയ്യേണ്ട റോഡുകൾ:** വിവിധ വാർഡുകളിൽനിന്ന് 37 റോഡുകൾ റിപ്പയർ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ ചിലത് റോഡുകളാണെന്നല്ലാതെ ഗതാഗതയോഗ്യമല്ലാത്തവയാണ്. ചിലത് പല കാരണങ്ങളാൽ പൂർണമാകാത്തവയുമാണ്. ഓടകളില്ലാത്തതിനാൽ മഴക്കാലത്ത് കുത്തിയൊലിച്ചുപോകുന്ന മൺപാതകളും ഇതിൽപ്പെടും. മെറ്റൽ റോഡുകളുടേയും മൺറോഡുകളുടേയും ശോചനീയവസ്ഥ ഓരോ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്.

**4. പുതിയ റോഡുകൾ:** 35 റോഡുകൾ പുതുതായി നിർമിക്കണമെന്നാണ് ഗ്രാമസഭാറിപ്പോർട്ട് ആവശ്യപ്പെടുന്നത്. ഇന്ന് നിലവിലുള്ള ഫുട്പാത്തുകളും ഇടവഴികളും റോഡാക്കിമാറ്റണമെന്നാണ് മിക്ക വാർഡുകളുടേയും ആവശ്യം. ഇതിലും അപൂർണറോഡുകളും രണ്ടു റോഡുകളെ ബന്ധപ്പെടുത്തുന്നവയുമുണ്ട് (പട്ടിക R.6)

**5. ഫുട്പാത്ത് നിർമ്മാണം :** പഞ്ചായത്തിന്റെ വിവിധവാർഡുകളിൽ പണിയേണ്ട 35 ഫുട്പാത്തുകളെക്കുറിച്ചാണ് ഗ്രാമസഭാറിപ്പോർട്ട്. ഇതിൽ കോഴിക്കോട് വയനാട് റോഡിൽ കാരന്തൂർ മുതൽ കുന്ദമംഗലം വരെയും കുന്ദമംഗലം AUP സ്കൂൾമുതൽ AMLPS വരെയും ഫുട്പാത്തുണ്ടായാൽ വിദ്യാർത്ഥികൾക്ക് വളരെ സഹായകമായിരിക്കും. പാടങ്ങളുടേയും തോടുകളുടേയും ഓരത്തുകൂടി ഫുട്പാത്തുകൾ പണിയാൻ ആവശ്യമുയർന്നിട്ടുണ്ട്. (പട്ടിക R.7)

**6. ഇടവഴി റിപ്പയർ:** 29 ഇടവഴികളാണ് റിപ്പയർ ചെയ്യാൻ ആവശ്യപ്പെട്ടത്. ഇടവഴികളിൽ പടവ് നിർമ്മിക്കുകയും അരികുകൾ വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുകയുമാണ് ആവശ്യം. (പട്ടിക R.8)

**7. പാലം:** പൂനൂർ പുഴയിൽ പാറക്കടവ്, വടക്കുംതല, മണ്ണെടുപ്പാത്ത് കടവ്, പുത്തൂർക്കടവ്, തുറയിൽക്കടവ് എന്നിവിടങ്ങളിലും ചെറുപുഴയിൽ പെരുവഴിക്കടവിലും പാലം പണിയാൻ ആവശ്യമുയർന്നിട്ടുണ്ട്. പുളക്കമണ്ണിലും പിലാശേരി എടത്തിൽക്കടവിലും കൂടാൽക്കടവിലും നടപ്പാലത്തിനാണ് ആവശ്യം.

**8. ഓട്ടോ ടാക്സി ജീപ്പ്:** കുന്ദമംഗലത്ത് ഓട്ടോ ടാക്സി ടെംപോ സ്റ്റാന്റ് എന്നിവ പുതുതായി നിർമ്മിക്കാനും കാരന്തൂരിൽ PWD വക ഭൂമിയുപയോഗിച്ച് ഓട്ടോ-ടാക്സി സ്റ്റാന്റ് നിർമിക്കാനും ആവശ്യമുയർന്നിട്ടുണ്ട്.

**9. ബസ്സ്റ്റാന്റ്:** കുന്ദമംഗലത്തെ ബസ്സ്റ്റാന്റ് വരുംകാലത്തെ വികസനം കണക്കാക്കി പരമാവധി ബസ്സുകൾക്ക് പാർക്ക് ചെയ്യാനുള്ള സൗകര്യത്തോടെ വികസിപ്പിക്കണമെന്ന് മിക്കവാറും വാർഡിൽനിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

**10. കലുങ്ക്:** വടക്കുംതല റോഡിൽ പുല്ലാട്ട് ഭാഗത്ത് അനുഭവപ്പെടുന്ന നീർക്കെട്ട് ഒഴിവാക്കാൻ അവിടെയുള്ള കലുങ്ക് പുതുക്കിപ്പണിയാൻ ആവശ്യമുയർന്നിട്ടുണ്ട്.

**11. ബസ്വെയ്റ്റിങ് ഷെഡ് (R.9):** പന്തീർപാടം കുന്നത്ത്താഴം, പുൽപറമ്പിൽ, കാരന്തൂർ മെഡി. കോളേജ് റോഡ്, ഒവുങ്ങര, പള്ളിക്കൽത്താഴം, കൊളായിത്താഴം, പൊയ്യയിൽ, വെസ്റ്റ് പിലാശ്ശേരി, കളരിക്കണ്ടി, പൈങ്ങോട്ടുപുറം, മാങ്കുനിത്താഴം, എരഞ്ഞോളിത്താഴം എന്നീ കേന്ദ്രങ്ങളിൽ ബസ്വെയ്റ്റിങ്ഷെഡ് നിർമിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**12. ഓടനിർമാണം:** പഞ്ചായത്ത് റോഡുകളിലും വര്യട്യാക്ക്-മാനിപുരം, കുന്ദമംഗലം-പെരിങ്ങൊളം, കോഴിക്കോട്-വയനാട് റോഡിൽ സ്വീകാർ ഹോട്ടൽ മുതൽ പുതിയോട്ടിൽ പുറായി വരേയും കുന്ദമംഗലം ബസാർ എന്നിവിടങ്ങളിൽ ഓടകൾ നിർമിക്കാൻ നിർദേശമുണ്ട്.

**13. യാത്രാസൗകര്യം:** കുന്ദമംഗലത്തുനിന്ന് സിവിൽസ്റ്റേഷൻഭാഗത്തേക്കും തിരിച്ചും യാത്ര ചെയ്യാനുള്ള വിഷമം ഗ്രാമസഭാറിപ്പോർട്ടിൽ ഉണ്ട്. തെരക്കുള്ള സമയങ്ങളിൽ മണിക്കൂറുകളോളം ഇവിടെ ബസ്സ് കാത്തുനിൽക്കേണ്ടിവരുന്നു. ഇതിനു പരിഹാരമായി ചെലവൂരിൽ അവസാനിക്കുന്ന സ്വകാര്യബസ്സുകൾ കുന്ദമംഗലംവരെ നീട്ടണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. പിലാശ്ശേരി വഴി KSRTC ബസ്സ് ഓടിക്കുക, കുന്ദമംഗലത്ത് അവസാനിക്കുന്ന KSRTC ബസ്സ് പിലാശ്ശേരിയിലേക്ക് നീട്ടുക ചെത്തുകടവ്-പെരിങ്ങൊളം റൂട്ടിൽ നിലച്ചുപോയ ബസ്സ് ഗതാഗതം പുനഃസ്ഥാപിക്കുക എന്നിവയാണ് മറ്റ് നിർദേശങ്ങൾ.

## സാധ്യതകൾ

1. കാലിക്കറ്റ്-വയനാട് റോഡിലെ ഗതാഗതത്തെരക്കും അപകടവും പരിഹരിക്കാൻ ഒരു ബൈപാസ് റോഡ് നിർമാണം ആവശ്യമാണ്. താല്കാലിക സംവിധാനമെന്ന നിലയിൽ ഡിവൈഡറുകൾ സ്ഥാപിച്ച് നാല് ലൈൻ ആക്കുകയും പൂർണമായി ഓടകൾ പണിത് ഫുട്പാത്ത് നിർമിക്കുകയും വേണം.

2. ടാർ ചെയ്ത പഞ്ചായത്ത് റോഡുകൾ കുറവായതിനാൽ അടിയന്തരമായി മുൻഗണന നിർണയിച്ച് ഓരോ വാർഡിലുമുള്ള റോഡുകൾ ടാർ ചെയ്യണം. (പട്ടിക R.4)

3. ഓരോ വർഷവും നിലവിലുള്ള റോഡിനുവേണ്ടി മാത്രം ഭീമമായ സംഖ്യ ചെലവിടുന്നുണ്ട്. ഓടകളില്ലാത്തതാണ് പ്രധാനപ്രശ്നം. റോഡുപണിയോടൊപ്പംതന്നെ ഓടകളുണ്ടാക്കുന്ന സംവിധാനവും നിലവിൽ വരണം.

4. വിവിധപദ്ധതികളിൽ റോഡുകൾക്ക് പണം അനുവദിക്കുന്നത് റോഡുകളുടെ വീതികൂടി കണക്കിലെടുത്ത് ആയതുകൊണ്ട് വീതിയുടെ അടിസ്ഥാനത്തിൽ റോഡുകൾ തരിതിരിച്ചുള്ള ഒരു കണക്ക് ആവശ്യമാണ്.

5. റോഡുകളുടെ ഇനംതിരിച്ച് സമഗ്രവിവരത്തോടുകൂടിയ ഒരു പട്ടിക പഞ്ചായത്തിൽ തയാറാക്കണം. ഓരോ റോഡും നിർമിച്ച വർഷവും അതിനനുവദിച്ച സംഖ്യയും പദ്ധതിയും റോഡിനുവേണ്ടി വിനിയോഗിക്കപ്പെട്ട മനുഷ്യാധ്വാനവും ഒക്കെയുള്ള ഒരു വിവരണം ഇന്ന് ലഭ്യമല്ല.

6. ഗ്രാമസഭകളിൽനിന്നുവന്ന ആവശ്യങ്ങൾ ഓരോന്നും ജനപങ്കാളിത്തത്തോടെ നടപ്പിൽവരുത്തേണ്ട സാധ്യത ആരായേണ്ടതുണ്ട്.

7. ഒരു റോഡിന്റെ ഗുണഭോക്താക്കൾ മൊത്തം ചെലവിന്റെ ഒരു നിശ്ചിതശതമാനം പണമായോ മനുഷ്യാധ്വാനമായോ വിനിയോഗിക്കണമെന്ന ഒരു നിഷ്കർഷ കൊണ്ടുവരുന്നത് നന്നായിരിക്കും. ഇത് ആകെ ചെലവിന്റെ മൂന്നിലൊന്നെങ്കിലും ആയിരിക്കണം.

8. പുതിയ റോഡ് പണിയുമ്പോഴുണ്ടാകുന്ന പരിസ്ഥിതിപ്രശ്നം പരിഹരിക്കാൻ റോഡിന്റെ

**നിർമാണഘട്ടത്തിൽ തന്നെ റോഡരുകിൽ മരംവച്ചു പിടിപ്പിക്കാനും മണ്ണ് സംരക്ഷണനടപടികൾ സ്വീകരിക്കാനുമുള്ള നിർദ്ദേശമുണ്ടാകണം.**

**9. പഞ്ചായത്തിലെ റോഡുകളുടെ ദൂരം മാത്രമല്ല വികസനത്തിന്റെ അളവുകോലെന്നും റോഡുകളിൽ മറ്റ് മേഖലയിലെ വികസനത്തിന് എങ്ങനെ പ്രയോജനപ്പെടുന്നു എന്നതാണ് കാര്യം എന്നുമുള്ള അവബോധം ജനങ്ങളിൽ വളർത്തിയെടുക്കണം.**

**10. റോഡ് നിർമാണത്തിനും അറ്റകുറ്റപണിക്കും ഓടകൾ പണിയാനുമൊക്കെ ജനകീയസമിതികളിലൂടെയുള്ള സന്നദ്ധപ്രവർത്തനം വിനിയോഗിക്കാവുന്നതാണ്.**

**11. ഓട്ടോമോബൈൽ വർക്ക്ഷോപ്പുകളും ബസാറിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളും കാൽനടയാത്രക്കാർക്കും ഗതാഗതത്തിനുമുണ്ടാകുന്ന തടസ്സമൊഴിവാക്കാൻ സംവിധാനമേർപ്പെടുത്തണം.**

OO



പട്ടിക ആർ 1

LOCATION 14.500KM FROM CALICUT

## CLASSIFIED TRAFFIC VOLUME SURVEY OF FATST VEHICLES

3 DAYS TRAFFIC SURVEY SHEET CALICUT VYTHIRY GUDALLUR ROAD (SH. 29)

| Date | 2Wheel | Jeep, car, Taxi | Autoriskhaw | Mini bus | bus | L.C.V (Tempo) | Zacle Vehicle (lorry) | Tractor | Cycle Rikshaw | Cycle | Trolly | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 16-9-96 | 898 | 1180 | 609 | 22 | 691 | 257 | 410 | - | 123 | 1 | 1 | 4192 |
| 17-9-96 | 975 | 1136 | 601 | 30 | 675 | 248 | 421 | 2 | 124 | 1 | 1 | 4214 |
| 19-9-96 | 933 | 1364 | 656 | 22 | 714 | 280 | 512 | 2 | 154 | - | 1 | 5571 |
| Total | 2806 | 3680 | 1866 | 74 | 2080 | 785 | 1343 | 4 | 401 | 2 | 3 | 13044 |
| Avarage | 935 | 1226 | 622 | 25 | 693 | 262 | 447 | 1 | 134 | 1 | 1 | 4348 |

*അവലംബം : (കുന്ദമംഗലം എ.യു.പി. സ്കൂളിന് സമീപം വെച്ച് പൊതുമരാമത്ത് വകുപ്പ് നടത്തിയ സർവ്വെ)*

പട്ടിക ആർ 9

## പഞ്ചായത്തിൽ നിലവിലുള്ള ബസ് വെയിറ്റിംഗ് ഷെഡുകൾ

| നമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 1 | 13 | കൊളായ് താഴം |
| 2 | 1 | മർക്കസ് |
| 3 | 3 | പന്തീർപാടം |
| 4 | 10 | ജങ്കിഷ് ടാക്കീസ് |
| 5 | 7 | പതിമംഗലം |
| 6 | 7 | ചൂലാംവയൽ |
| 7 | 5 | പടനിലം |
| 8 | 6 | പിലാശ്ശേരി |
| 9 | 9 | ചെത്തുകടവ് |
| 10 | 10 | ഒഴയാടി |
| 11 | 8 | ആനപ്പാറ |
| 12 | 9 | വര്യാട്ട്യാക്ക് |
| 14 | 7 | മുറിനാൽ |
| 15 | 5 | പിലാശ്ശേരി |

## നിലവിലുള്ള ടാർ റോഡുകൾ

പട്ടിക 2

| നമ്പർ | റോഡ് | ഉടമസ്ഥത | നീളം കി.മി | വീതി മീ. |
|---|---|---|---|---|
| 1 | കോഴിക്കോട്-വൈത്തിരി-ഗൂഡല്ലൂർ റോഡ് (കാരന്തൂർ മുതൽ പടനിലം വരെ) | PWD | 7.5 | 7 |
| 2 | കാരന്തൂർ - മെഡിക്കൽ കോളേജ് (കൊളായി താഴം വരെ) | PWD | 1.5 | 5.5 |
| 3 | ചെത്തുകടവ്- കുരിക്കത്തൂർ (കുരക്കത്തൂർ വരെ) | PWD | 3.5 | 3.8 |
| 4 | കുന്ദമംഗലം കുറ്റിക്കാട്ടൂർ -MLA (പഞ്ചായത്തതിർത്തി വരെ) | PWD | 4 | 3.8 |
| 5 | കുന്ദമംഗലം - അഗസ്ത്യൻമുഴി (ചെത്തുകടവ് വരെ) | PWD | 2.8 | 5.5 |
| 6 | പന്തീർപാടം - തേവർകണ്ടി | PWD | 2.5 | 3.8 |
| 7 | പന്തീർപാടം - പണ്ടാരപ്പറമ്പ്കടവ് | PWD | 0.6 | 3.8 |
| 8 | വര്യട്ട്യാക്ക് - പിലാശ്ശേരി | PWD | 5.2 | 3.8 |
| 9 | കാരന്തൂർ - ഏട്ടൻകുണ്ട് | പഞ്ചായത്ത് | 0.6 | 3.8 |
| 10 | തേക്കിൻ ചുവട്ടിൽ കല്ലറകോളനി | പഞ്ചായത്ത് | 1.5 | 3.8 |
| 11 | ചേരിഞ്ചാൽ- കോട്ടാമ്പറമ്പ് | പഞ്ചായത്ത് | 3 | 3.8 |
| 12 | കുന്ദമംഗലം -പൂതക്കണ്ടി (കുറിയേരിവരെ) | പഞ്ചായത്ത് | 0.25 | 3.8 |
| 13 | പടനിലം-കളരിക്കണ്ടി | പഞ്ചായത്ത് | 1.6 | 3.8 |
| 14 | മുറിയനാൽ -കൂഡത്താലുമ്മൽ കോളനി | പഞ്ചായത്ത് | 2 | 3.8 |
| 15 | വര്യട്ട്യാക്ക് - പെരിങ്ങൊളം | പഞ്ചായത്ത് | 1.2 | 3.8 |
| 16 | പോയ്യയിൽ -കക്കോട്ടിരി (ഒന്നാംഘട്ടം) | പഞ്ചായത്ത് | 0.4 | 3.8 |
| 17 | കുരക്കത്തൂർ-പെരുവഴിക്കടവ് | പഞ്ചായത്ത് | 1 | 3.8 |

പട്ടിക (ആർ) 3

## പഞ്ചായത്തിൽ വാടകക്ക് ഓടുന്ന വാഹനങ്ങൾ

| കേന്ദ്രം | ഓട്ടോറിക്ഷ | കാർ | ജീപ്പ് | ഗുഡ്സ് ഓട്ടോ | പിക്കപ്പ് വാൻ (മിനി ലോറി) |
|---|---|---|---|---|---|
| കുന്ദമംഗലം ടൗൺ | 120 | 12 | 20 | 10 | 30 |
| കാരന്തൂർ | 12 | 1 | 14 | 2 | 8 |
| പടനിലം | 3 | – | 5 | – | 1 |

## ടാറിടാൻ വേണ്ടി ഗ്രാമസഭകൾ നിർദ്ദേശിച്ച റോഡുകൾ

പട്ടിക 4

| ക്രമനമ്പർ | വാർഡ് | റോഡ് | ദൂരം കി.മീ. |
|---|---|---|---|
| 1 | 1 | ഓവുങ്ങര– മാനത്താനത്ത് താഴം | 1 |
| 2 | 1 | കാരന്തൂർ – വടക്കുംതല (പൂർത്തിയാക്കണം) | 1.5 |
| 3 | 2 | കുന്ദമംഗലം – പൂതംകണ്ടി (പൂർത്തിയാക്കണം) | 1 |
| 4 | 2 | കാരന്തൂർ 8/5 പുത്തൂർ കടവ് (പൂർത്തിയാക്കണം) | 1.5 |
| 5 | 2 | കുന്ദമംഗലം– തെറ്റത്ത്– പൂതംകണ്ടി | 2 |
| 6 | 2 | കാരന്തൂർ – ഏട്ടൻകുണ്ട്– തൈക്കണ്ടികടവ് | 1.25 |
| 7 | 3 | കുന്ദമംഗലം – കോരംകണ്ടി ലക്ഷംവീട്– തോട്ടുംപുറം | 2.5 |
| 8 | 3 | പുൽപ്പറമ്പിൽ – പരപ്പിൽപീടിക | 2 |
| 9 | 4 | ആമ്പ്രമലകോളനി റോഡ് രണ്ടാം ഘട്ടം | 1.6 |
| 10 | 5 | പിലാശ്ശേരി മുണ്ടക്കൽ –മാരിയോട് | 2 |
| 11 | 5 | കളരിക്കണ്ടിസ്കൂൾ – ശ്മശാനം | 1.2 |
| 12 | 5 | പടനിലം –വള്ളിയാട്ടുമ്മൽ കോളനി | .8 |
| 13 | 5 | പിലാശ്ശേരി വെസ്റ്റ് –മാരിയോട് | 1.5 |
| 14 | 6 | പൊയ്യയിൽ –തീക്കുനി– കാക്കോട്ടിരി പിലശ്ശേരി | .6 |
| 15 | 6 | വടക്കയിൽ ലക്ഷം വീട് – പിലാശ്ശേരി | .6 |
| 16 | 6 | നാരാങ്ങാളി– ചോയിമഠം | 1 |
| 17 | 6 | വാഴപ്പറമ്പ്– പാലോറ | |
| 18 | 6 | പിലാശ്ശേരി മണ്ണിലിടം | 1 |
| 19 | 6 | പിലാശ്ശേരി– അംഗനവാടി – പാലോറ ഹരിജൻ കോളനി | .700 |
| 20 | 8 | മിൽക്ക് സൊസൈറ്റി – നൊച്ചിപൊയിൽ | 1 |
| 21 | 9 | വരട്ട്യാക്ക് തീപ്പെട്ടിക്കമ്പനി–കുന്ദമംഗലംഇസ്റ്റ് എ.യു.പി. എസ് | 1.2 |
| 22 | 11 | കുരിക്കത്തൂർ– പെരുവഴിക്കടവ്–ചെറുകുളത്തൂർ (റീടാർ ചെയ്യുക) | 1.5 |
| 23 | 11 | ചെത്തുകടവ്–കൂടാൽകടവ് റോഡ് | 1.5 |
| 24 | 12 | കുറ്റിക്കാട്ടൂർ–കോട്ടാംപറമ്പ് | 2.5 |
| 25 | 13 | എരുമോറക്കുന്ന്– കൊളായിതാഴം | 1.6 |
| 26 | 13 | പള്ളിക്കൽ താഴം– ചേരിഞ്ചാൽ | |
| 27 | 13 | നാരായണാ ഫാർമസി– എരുമോറകുന്ന് | |

## ടാറിടാൻ വേണ്ടി ഗ്രാമസഭകൾ നിർദ്ദേശിച്ച റോഡുകൾ

പട്ടിക 4 തുടർച്ച

| ക്രമനമ്പർ | വാർഡ് | റോഡ് | ദൂരം കി.മീ. |
|---|---|---|---|
| 28 | 13 | ഹൗസിംഗ് സൊസൈറ്റി – വെള്ളാരംകുന്ന് | |
| 29 | 13 | പാറക്കടവ്–വയനാട് റോഡ് അപ്രോച്ച് | |
| 30 | 13 | പെരുമ്പൊയിൽ– ഭഗവതി മണ്ണിൽ | |
| 31 | 14 | ഒറുവുങ്ങര–പുതുക്കുടി–കൂടത്താൽ | 2 |
| 32 | 14 | ഒറുവുങ്ങര–പുതിയേടത്ത് താഴം | 2 |
| 33 | 14 | കളരിക്കണ്ടി–മാമ്പറ്റ ക്വാറി | 1 |
| 34 | 14 | നൊച്ചിപ്പൊയിൽ–കൂടത്താൽ | 1 |
| 35 | 14 | പുതിയേടത്ത് താഴം–പൈങ്കേറ്റുകര | 1 |
| 36 | 14 | മറുവാട്ട്പുറായിൽ–ചപ്പോത്തിൽ | 1 |
| 37 | 14 | മാമ്പറ്റ–പുതിയേടത്ത് താഴം | 1 |
| 38 | 14 | തിയ്യരുകണ്ടി – ശിവഗിരി | 1.5 |
| 39 | 9 | ചേലൂർതടായി – കോളനി | .6 |
| 40 | 12 | പൈങ്ങോട്ടുപുറം ലക്ഷംവീട് റോഡ് | 1 |
| 41 | 4 | ഉണ്ടോടിക്കടവ്–ചാലിൽ റോഡ് രണ്ടാംഘട്ടം | |
| 42 | 69 | ആനപ്പാറ – ചാത്തൻക്കവ് | .6 |
| 43 | 9 | കുമ്മങ്ങോട്ട്പുറയിൽ കുളിച്ചാള | 1 |
| 44 | 14 | ഒറുവുങ്ങര പൈങ്കേറ്റുകര –കൂടത്താൽ | |
| 45 | 8 | പാലക്കാട്ടിൽ പുറായി – ലക്ഷംവീട് കോളനി | |
| 46 | 1 | കാരന്തൂർ വടാളി 4 സെന്റ് റോഡ് | 1 |
| 47 | 1 | കന്തൂർ ഓവുങ്ങര വെള്ളാരംകുന്ന് | 1 |
| 48 | 10 | തെക്കെപ്പുറായിൽ – പുതിയോട്ടിൽ | 2 |
| 49 | 10 | ചുണ്ടിക്കുളം – എം.എൽ.എ.റോഡ് | 1 |
| 50 | 5 | കരിമ്പ –പൂലോട് റോഡ് | |
| 51 | 3 | കാരയിൽ റോഡ് | |
| 52 | 11 | കള്ളിക്കുന്ന് തീയ്യരു കണ്ടി ശിവഗിരി | |
| 53 | 2 | വടക്കുംതല വായനശാല | |
| 54 | 7 | ചൂലാംവയൽ –അക്കനാടൻ കുഴി | 1.5 |
| 55 | 7 | പടനിലം –തണ്ണികുണ്ട് | 1 |
| 56 | 7 | ചെറുക്കാട്ത്ത് പുറായി | 1 |
| 57 | 7 | മുറിയനാൽ – കൂടത്താലുമ്മൽ റോഡ് ടാറിങ്ങ് പൂർത്തീകരിക്കണം | |

## റിപ്പയർ ചെയ്യാൻ വേണ്ടി ഗ്രാമസഭകൾ നിർദ്ദേശിച്ച റോഡുകൾ

**പട്ടിക – ആർ 5**

| ക്രമനമ്പർ | വാർഡ് | റോഡ് | ദൂരം കി.മീ. |
|---|---|---|---|
| 1 | 2 | ചോറ്റാനിക്കര വടക്കുംതറ | 0.8 |
| 2 | 4 | പണ്ടാരംപറമ്പ് കടവ് – ആമ്പ്രമല | 1.5 |
| 3 | 5 | പടനിലം കളരിക്കണ്ടി | 1.6 |
| 4 | 5 | വെസ്റ്റ് പിലാശ്ശേരി മാരിയേട് | 1 |
| 5 | 5 | ഒറുവങ്ങര പൂലോട് | 1 |
| 6 | 6 | മൂലത്ത് പുളക്കമണ്ണിൽ | 1 |
| 7 | 8,6,4 | വര്യട്ട്യാക്ക് മാനിപുരം പി.ഡബ്ല്യ.ഡി. | 3.8 |
| 8 | 7 | പതിമംഗലം തണ്ണിക്കുന്ന് | 1 |
| 9 | 7 | ഒറോങ്ങര അക്കനാടൻകുഴി | 1 |
| 10 | 7 | പടനിലം ഓണപ്പിലാക്കിൽ | 1 |
| 11 | 9,11 | ചെത്ത്ക്കടവ് മെഡിക്കൽകോളേജ് പി.ഡബ്ല്യ.ഡി | 3.5 |
| 12 | 9 | വര്യട്ട്യാക്ക് പെരിങ്ങൊളം | 1.2 |
| 13 | 10 | ചുണ്ടിക്കുളം എം.എൽഎ. റോഡ് | 1 |
| 14 | 10 | ഒഴയാടി വടക്കേപാടം | 1 |
| 15 | 10 | കുന്നംമംഗലം പെരിങ്ങളം എം.എൽ.എ. റോഡ് | 4 |
| 16 | 10 | പുതിയോട്ടിൽ ആലുള്ളകണ്ടി | 2 |
| 17 | 10 | ചലിൽത്താഴം മുപ്പറക്കുന്നിൽ ഹരിജൻകോളനി എം.എൽഎ. റോഡ് | 1.5 |
| 18 | 9 | നടുവിലേശ്ശേരി കുളിച്ചാള | 1.5 |
| 19 | 11 | മീത്തൽവീട്ടൽ തീപ്പെട്ടി കമ്പനി പൂർതത്തിയാക്കണം | 1 |
| 20 | 12 | എരഞ്ഞോളിത്താഴം മുത്തോനത്താഴം പൂർത്തയാക്കണം | 1 |
| 21 | 13 | അരീക്കൽക്കാവ്  കോർപ്പറേഷൻ അതിർത്തി | .5 |
| 22 | 6 | കരിക്കണ്ടി കരിമ്പങ്ങൽ | .7 |
| 23 | 13 | വേളാട്ട്കണ്ടി പാറക്കടവ് തൈക്കണ്ടിക്കടവ് | 3 |
| 24 | 2 | ആശാരുകണ്ടി കുറിഞ്ഞാട്ട് താളിക്കുണ്ട് | 2 |
| 25 | 2 | തണ്ടാംമണ്ണ് എടത്തിൽപടി | 1.5 |
| 26 | 2 | കേളങ്ങോത്ത് പുതക്കണ്ടി | 1..5 |
| 27 | 2 | വളപ്പിൽ പീടിക വടക്കെയിൽ | 2 |
| 28 | 12 | തലക്കുഴിത്താഴം മിയ്യാട്ട്താഴം ലക്ഷംവീട് | 1 |
| 29 | 12 | പള്ളത്ത്താഴം ആനച്ചേരിത്താഴം | 1 |
| 30 | 12 | വരിയംപടിക്കൽ ഊളംപള്ളി ഈസ്റ്റ് പൈങ്ങോട്ട്പുറം | 1 |
| 31 | 12 | ചാലിൽ പാലോറകുന്ന് | 1 |
| 32 | 12 | പൈങ്ങോട്ട്പുറം ഈസ്റ്റ് വെസ്റ്റ് ലിങ്ക് ഹെൽത്ത് സെന്റർ വഴി | 1 |
| 33 | 12 | സി.ഡബ്ല്യ.ആർ.ഡി.എം. ഈസ്റ്റ് പൈങ്ങോട്ട്പുറം പൂർത്തിയാക്കണം | 1 |
| 34 | 12 | മിയ്യാട്ട്താഴം വള്ളിയോട്ടിൽ താഴം | .7 |
| 35 | 10 | ചാലിൽപുറായി എം.എൽ.എ. റോഡ് | 1 |
| 36 | 2 | ആശാരുകണ്ടി | |
| 37 | 7 | കിഴക്കെകാരയിൽ | .75 |

## ഗ്രാമസഭകളിൽ നിന്ന് പുതുതായി നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ട റോഡുകൾ

### പട്ടിക – ആർ 6

| ക്രമനമ്പർ | വാർഡ് | റോഡ് | ദൂരം കി.മീ. |
|---|---|---|---|
| 1 | 1 | കാരന്തൂർ കക്കാട് | 1 |
| 2 | 1 | ഓവുങ്ങര വടക്കുംതല | 2 |
| 3 | 1 | പരിയങ്ങാട് കാരന്തൂർ അങ്ങാടി | 1 |
| 4 | 2 | താളിക്കുണ്ട്- എടത്തോലത്ത്- പട്ടലിൽ | 1 |
| 5 | 2 | താളിക്കുണ്ട് –പാറപ്പുറത്ത് –ആശാരുകണ്ടി | 1 |
| 6 | 2 | ചക്കാലക്കൽ –കാരന്തൂർ ഹരിജൻ കോളനി | |
| 7 | 3 | പുൽപ്പറമ്പിൽ പുത്തലത്ത് കിഴക്കേടത്ത് താഴം | |
| 8 | 4 | ചുടലകക്കണ്ടി ആമ്പ്രമല | .5 |
| 9 | 5 | വെസ്റ്റ് പിലാശ്ശേരി മാരിയോട് റോഡ് –മുണ്ടക്കലൽ മാരിയോട് റോഡ് | |
| 10 | 5 | വെസ്റ്റ് പിലാശ്ശേരി തൂവ്വപ്പാറ | |
| 11 | 5 | പിലാശ്ശേരിപാടം മുണ്ടക്കൽ | |
| 12 | 5 | പിലാശ്ശേരി മുണ്ടക്കൽ മാരിയോട് റോഡ് കൊടുവള്ളി ഹൈസ്ക്കൾ റോഡുമായി ബന്ധിപ്പിക്കകെ | |
| 13 | 5 | വെള്ളാരംചാൽ കോളനിറേഡുമായി ശ്മശാനം റോഡ് ബന്ധിപ്പിക്കുക | |
| 14 | 5 | പുൽകന്ന് റോഡ് വെളള്ളാരംചാൽ കോളനി റോഡുമായി ബന്ധിപ്പിക്കകെ | |
| 15 | 5 | പാറമമ്മൽ പള്ളി കട്ടമ്പ്ര മുണ്ടക്കൻ റോഡ് മാരിയോട് റോഡുമായിബന്ധിപ്പിക്കുക | |
| 16 | 5 | കളരിക്കണ്ടി മുസ്ലീപള്ളി റോഡ് പാറമ്മലിലേക്ക് എത്തിക്കുക | |
| 17 | 6 | പൊയ്യയിൽ പിലാശ്ശേരി റോഡ് മാഞ്ഞക്കാവ് വയൽ | |
| 18 | 6 | മംഗലശ്ശേരി കാഞ്ഞിരകുടത്തൽ പാലോറമ്മൽ കോളനി | |
| 19 | 6 | പോത്തല ഇരുട്ടമാക്ക് വായപ്പറമ്പ് കാർക്കോട്ടരി റോഡ് | |
| 20 | 6 | കാലാറമ്പത്ത് ഇറാചുടല കളരിക്കണ്ടി റോഡ് | |
| 21 | 6 | നായരുകുന്ന് പൊറ്റമ്മൽ | |
| 22 | 6 | പാറോപ്പടിക്കൽ കൊറ്റിവട്ടം കടവ് | |
| 23 | 6 | പാറമ്മൽ പാലത്ത്മണ്ണ് കടവ് | |
| 24 | 7 | കിഴക്കെകൊരയിൽ ഫുട്പാത്ത് റോഡ് ആക്കുക | |
| 25 | 7 | ഇപ്പംചേരിമ്മൽ ഫുട്പാത്ത് റോഡ് ആക്കുക | |
| 26 | 8 | ആനപ്പാറ പുളിയശ്ശേരി റോഡ് പാലക്കാട് പുറായി ലക്ഷംവീട് കോളനിറോഡുമായി ബന്ധിപ്പിക്കുക | |
| 27 | 8 | കൈരളിമഹിളാ സമാജം റോഡ് വാസു മെമ്മോറിയൽ റോഡുമായി ബന്ധിപ്പിക്കുക | |

| ഗ്രാമസഭകളിൽ നിന്ന് പുതുതായി നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ട റോഡുകൾ<br>പട്ടിക – ആർ 6 തുടർച്ച | | | |
|---|---|---|---|
| 28 | 8 | മലയൊടിയാവുമ്മൽ ഹരിജൻ ശ്മശാനം ആനപ്പാറ | |
| 29 | 8 | കുന്നമംഗലം മുക്കം റോഡ് പിലാശ്ശേരി ജംങ്ഷൻ നൊച്ചിപ്പൊയിൽ | |
| 30 | 10 | മനത്താനത്ത് ക്ഷേത്രം റോഡ് കോട്ടാംപ്പറമ്പ് റോഡ് | |
| 31 | 10 | മുക്കം റോഡ് കുറ്റിക്കാട്ടിൽ ഹരിജൻ കോളനി | |
| 32 | 10 | കരിമ്പനിയ്ക്കൽ 4 സെന്റ് ഇടവഴി റോഡാക്കുക | |
| 33 | 11 | പെരുവഴിക്കടവ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | |
| 34 | 11 | പെരുവഴിക്കടവ് ചെത്ത്ക്കടവ് തീരദേശ റോഡ് | |
| 35 | 12 | എം.എൽഎ. റോഡ് ഹെൽത്ത് സെന്റർ | |
| 36 | 12 | തലക്കുഴിത്താഴം എരഞ്ഞോളിത്താഴം ലിങ്ക് | |
| 37 | 12 | വെളുപ്പാൽത്താഴം ലക്ഷംവീട് കോളനി | |
| 38 | 12 | മായനാട് ലിങ്ക് (കോഴിക്കൽതാഴം വഴി) | |
| 39 | 13 | കൊളായ്ത്താഴം മഠത്തിൽ കോട്ടാംപറമ്പ് | |
| 40 | 13 | പള്ളിക്കൽത്താഴം വെള്ളാരംകുന്ന് | |
| 41 | 11 | അരീക്കൽക്ഷേത്രം മേലെപുതിയോട്ടിൽ | |
| 42 | 13 | കൊളായ്ത്താഴം ചേരിഞ്ചാൽ | |
| 43 | 13 | കൊളായ്ത്താഴം കൊളായ് സ്കൂൾ കോട്ടാംപറമ്പ് | |
| 44 | 1 | പടാളിയിൽ മനത്താനത്ത് താഴം | 1 |
| 45 | 13 | കൊളായ്ത്താഴം കോട്ടാംപറമ്പ് | |
| 46 | 13 | പാലക്കോട്ട് താഴം വയൽ ചേരിഞ്ചാൽ | |
| 47 | 13 | പരപ്പമ്മൽ ഹരിഹര ക്ഷേത്രം | |
| 48 | 14 | ചെപ്പുകുളംപുറായി കൂടത്താൽകോളനി | |
| 49 | 14 | പുതിയേടത്ത്താഴം പാറക്കോത്ത് | |
| 50 | 4 | മുറിയാനൽ പൂനൂർപുഴ (എടപ്പിൽ ഇടവഴി വികസിപ്പിക്കുക) | 0.75 |
| 51 | 12 | എം.എൽ.എ. റോഡ് (ചേരിക്കമ്മൽ) മാണിയമ്പലത്താഴത്ത് | |
| 52 | 12 | വെള്ളങ്കോട്ട് താഴം കാരാട്കുന്ന് ആനശ്ശേരിത്താഴം | |
| 53 | 2 | കുന്ദമംഗലം പൂതക്കണ്ടി റോഡ് കോരക്കണ്ടിവരെ നീട്ടുക | |
| 54 | 3 | കുന്നത്ത്കോരംകണ്ടി | |
| 55 | 9 | തെക്കെയിൽ പുലേരി പുറായി | |
| 56 | 7 | ഒറുവങ്ങര ഉപ്പൻ ചേരിമ്മൽ | 1 |

## ഗ്രാമസഭകളിൽ നിന്ന് പുതുതായി നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ട ഫുട്പാത്തുകൾ

**പട്ടിക -ആർ 7**

| ക്രമനമ്പർ | വാർഡ് | ഫുട്പാത്ത് |
|---|---|---|
| 1 | 1,13,2,10 | കാരന്തൂർ മുതൽ കുന്ദമംഗലം വരെ CVG റോഡിൽ |
| 2 | 3,10 | കുന്ദമംഗലം AUP സ്കൂൾ- വലിയേടത്ത് താഴം |
| 3 | 5 | അയമ്പളം- വള്ളിയാട്ടുമ്മൽ |
| 4 | 5 | മുണ്ടക്കൽ - കട്ടമ്പ്ര ഇടവഴി |
| 5 | 8,9 | കണ്ണടപ്പിൽപുറായി- ചെത്തുകടവ് തോട് |
| 6 | 13 | ചേരിഞ്ചാൽ-നിസ്ക്കാരപ്പള്ളി ഇടവഴി |
| 7 | 10 | മനത്താനത്ത് താഴം- നിർദ്ദിഷ്ട 11M വരെ |
| 8 | 10,3 | കുന്ദമംഗലം AUP സ്കൂൾ മുതൽ AMLP സ്കൂൾ വരെ |
| 9 | 3,10 | കുന്ദമംഗലം AUP സ്കൂൾ മുൻഭാഗത്ത് ഓവുപാലം വീതികൂട്ടി ഫുട്പാത്ത് |
| 10 | 9 | ചെത്തുകടവ് മെയിൻ റോഡിലേക്കുള്ള പടവ് |
| 11 | 12 | പൂത്തലത്ത് താഴം വെളുത്താറമ്പത്ത് താഴം |
| 12 | 12 | കലങ്ങോട്ട് ഭാഗത്തേക്ക് |
| 13 | 12 | എരഞ്ഞോളിത്താഴം- കക്കാട്മ്മൽ |
| 14 | 12 | വള്ളിയോട്ടിൽ- പൊക്കരത്ത്കണ്ടി |
| 15 | 12 | മാടഞ്ചേരി താഴം - MLA റോഡ് |
| 16 | 12 | മാണിയമ്പലത്ത് താഴം- അരിയോറക്കുന്ന് |
| 17 | 12 | പള്ളത്ത് താഴം- കലങ്ങോട്താഴം |
| 18 | 13 | ചോലക്കൽ താഴം- എരുമോറക്കുന്ന് |
| 19 | 13 | പാണരുതാഴം |
| 20 | 6 | തേവരുകണ്ടി- അമരക്കാട്ട് |
| 21 | 6 | പൊയ്യപ്പുറത്ത് വയൽ- കുനിയിൽ താഴം |
| 22 | 6 | പോത്താല കൈപ്പച്ചാക്ക് |
| 23 | 12 | ഒർലക്കാട്ട് താഴം- കാട്ടാലപ്പുറം |
| 24 | 12 | കരിക്കണ്ടി താഴം – കാരാട്കുന്ന് |
| 25 | 12 | പുത്തലത്ത് താഴം--കാരാട്ട് കുന്ന് |
| 26 | 12 | ചെറുകുന്ന്താഴം സ്കൂൾ റോഡ് |
| 27 | 4 | പടനിലം- പൂനൂർപുഴ |
| 28 | 1 | ഒവുങ്ങര-വടക്കുംതല റോഡ് |
| 29 | 12 | ചെറുവലത്ത്താഴം- നാഗൻകോട് കുന്ന് |
| 30 | 12 | താമടത്തിൽതാഴം- പാലോറക്കുന്ന് |
| 31 | 12 | നെല്ലിക്കോട്ട്താഴം- ആനശ്ശേരിക്കുന്ന് |
| 32 | 12 | തലക്കുഴിതാഴം- നെല്ലിശ്ശേരിമീത്തൽ |
| 33 | 3 | പന്തീർപാടം - കിഴക്കേടത്ത് ഫുട്പാത്ത് പൂർത്തിയാക്കുക. |
| 34 | 11 | വയപ്പുറത്ത്താഴം |
| 35 | 9 | ചേലൂർപാടം കിഴക്കയിൽ |

## ഗ്രാമസഭകളിൽ നിന്ന് പുതുതായി നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ട ഇടവഴികൾ

### പട്ടിക - 8

| ക്രമനമ്പർ | വാർഡ് | ഇടവഴി |
|---|---|---|
| 1 | 4 | ചൂലാംവയൽ- പടിഞ്ഞാറ് ഭാഗത്തേക്ക് |
| 2 | 4 | പതിമംഗലം -ഉണ്ടോടിക്കടവ് -ആമ്പ്രമല |
| 3 | 4 | കുളക്കുഴി - അരീച്ചോല |
| 4 | 4 | ചൂലാംവയൽ - അമ്പലപ്പറമ്പ് |
| 5 | 4 | കണ്ടിയിൽതാഴം - കാരക്കുന്ന് |
| 6 | 4 | അരിക്കാടത്ത് പുറായി - കാരക്കുന്ന് |
| 7 | 4 | കയമൂച്ചിയിൽ - ആമ്പ്രമല ചുടലക്കണ്ടി |
| 8 | 5 | കയ്യുത്ത്യാലങ്ങൽ -കുട്ടമ്പ്ര |
| 9 | 5 | മുണ്ടക്കൽ - തുവ്വപ്പാറ |
| 10 | 5 | മുണ്ടക്കൽ - കുട്ടമ്പ്രമല |
| 11 | 9 | ചാലിൽപുറായി -മേലെച്ചാലിൽ |
| 12 | 1 | തച്ചോറക്കൽതാഴം- കൽപ്പള്ളി മേത്തേൽ |
| 13 | 14 | ചെപ്പുകുളം പുറായി -ആനിക്കാട്ടുമ്മൽ |
| 15 | 1 | ഓവുങ്ങര - കല്ലറക്കോളനി |
| 16 | 2 | കുന്ദമംഗലം AUP സ്കൂൾ - ആക്കോളിമുക്ക് |
| 17 | 9 | ചാലിൽ -മേലെ ചാലിൽ |
| 18 | 10 | ഓഴയാടി - വടക്കെപാടം |
| 19 | 10 | കാരക്കാട്ടുമേത്തൽ-കുഴിമ്പാട്ടിൽ |
| 20 | 10 | ചേരിഞ്ചാൽ - പടിയാട്ട് |
| 21 | 13 | കുഴിപുളത്തിൽ മീത്തൽ |
| 22 | 13 | വേഞ്ചേരി മീത്തൽ |
| 23 | 13 | പുൽപറമ്പിൽ |
| 24 | 12 | എടക്കുട്ടാടത്ത് മേത്തൽ |
| 25 | 12 | ഒരലക്കാട്ട് |
| 26 | 12 | നൂഞ്ഞിങ്ങരതാഴം - മലയിൽ മീത്തൽ |
| 27 | 12 | മാങ്കുനി മേത്തൽ |
| 28 | 2 | ചളുക്കിൽ ഇടവഴി |
| 29 | 2 | വളപ്പിൽപീടിക - വടക്കയിൽ 4 സെന്റ് |



# ഊർജ്ജം

1958-59 കാലത്ത് ആദ്യത്തെ പഞ്ചായത്ത് ബോർഡ് അംഗങ്ങളുടേയും പൊതുപ്രവർത്തകരുടേയും ശ്രമഫലമായി വെസ്റ്റ്-കോസ്റ്റ് ഇലക്ട്രിസിറ്റി കമ്പനിയുടെ വൈദ്യുതി കുന്ദമംഗലത്ത് എത്തിയതോടെയാണ് പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി വിളക്കുകൾ പ്രകാശിച്ചുതുടങ്ങിയത്. അന്ന് വളരെ കുറച്ചുപേർക്കുമാത്രമാണ് വൈദ്യുതി ലഭിച്ചത്. അതിനുമുമ്പ് പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ മണ്ണെണ്ണ ഉപയോഗിച്ച് ഇരുപതോളം കേന്ദ്രങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിച്ചിരുന്നു. പിന്നീട് ഇലക്ട്രിസിറ്റി ബോർഡ് നിലവിൽവന്നപ്പോൾ കോഴിക്കോട്ടുള്ള ആപ്പീസിനു കീഴിലായിരുന്നു പഞ്ചായത്തിൽ വൈദ്യുതിവിതരണം നടന്നത്. ഏതാണ്ട് മുപ്പത് വർഷം മുമ്പ് കുന്ദമംഗലത്ത് വൈദ്യുതി സെക്ഷൻ ആപ്പീസ് സ്ഥാപിതമായതോടുകൂടി പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും വൈദ്യുതി എത്തി. ചില ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല.

ഇപ്പോൾ എല്ലാ വിഭാഗങ്ങളിലുമായി 5291 വൈദ്യുതി ഉപഭോക്താക്കളാണ് പഞ്ചായത്തിലുള്ളത്. (പട്ടിക E.1)

മൊത്തം വീടുകളുടെ 59% മാത്രമാണ് വൈദ്യുതീകരിച്ചത് എന്നാണ് കണക്ക്.

കുറ്റിക്കാട്ടൂർ 11 KV സബ്സ്റ്റേഷനിൽനിന്ന് 2 ഫീഡറുകളിലായാണ് പഞ്ചായത്തിന് വൈദ്യുതി ലഭിക്കുന്നത്. ഒരു ഫീഡറിൽനിന്ന് നരിക്കുനി, കൊടുവള്ളി ഭാഗത്തേക്കും രണ്ടാമത്തേതിൽനിന്ന് ചാത്തമംഗലം, മുക്കം ഭാഗങ്ങളിലേക്കും വൈദ്യുതി കൊടുക്കുന്നുണ്ട്. 193.306 കി.മീ. സിംഗിൾ ഫേസ്, 123.481 കി.മീ. ത്രീഫേസ്, 50 കി.മീ. 11 KV, 5 കി.മീ. 66 KV ലൈനുകളാണ് പഞ്ചായത്തിലൂടെ കടന്നുപോകുന്നത്.

24-2-96-ന് തറക്കല്ലിട്ട 110 KV സബ്സ്റ്റേഷന്റെ പ്രവർത്തനം പഞ്ചായത്തിലെ 8-ാം വാർഡിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്റ്റേഷന്റെ പ്രാരംഭപ്രവർത്തനം 1988-89 കാലത്താണ് ആരംഭിച്ചത്. 9.03 ഏക്കർ സ്ഥലമാണ് ഈ സ്ഥാപനത്തിനുവേണ്ടി ഏറ്റെടുത്തത്. കുന്ദമംഗലം അടക്കം 5 പഞ്ചായത്തുകളിലെ വൈദ്യുതിപ്രശ്നം പരിഹരിക്കാനുള്ള ഈ പദ്ധതിക്ക് 4.93 കോടി രൂപ അടങ്കലുള്ള എസ്റ്റിമേറ്റിനാണ് ഭരണാനുമതി ലഭിച്ചത്. താല്കാലികമായി രണ്ട് 66/11KV ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും തുടർന്ന് 110/11KV ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുമാണ് പദ്ധതി. ഈ ഒക്ടോബർ മാസത്തോടുകൂടി ആദ്യഘട്ടം ചാർജ്ചെയ്യണമെന്നാണ് പദ്ധതിയെങ്കിലും ഇതുവരെ ഒന്നുമായില്ല. ഈ സബ്സ്റ്റേഷൻ മാത്രമാണ് പഞ്ചായത്തിലെ വൈദ്യുതി പരഹാരിത്തിനുള്ള ഏക ആശാകിരണം.

വർഷത്തിൽ ശരാശരി 50 ഓർഡിനറി കണക്ഷനുകളാണ് കുന്ദമംഗലം സെക്ഷൻ ഓഫീസിൽനിന്ന് പഞ്ചായത്തിൽ നൽകുന്നത്. വിവിധവിഭാഗങ്ങളിലായി കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപോക്ഷകരുടെ എണ്ണം 620 ആണ്. (പട്ടിക E2, E3) ഏറ്റവും ഒടുവിൽ കണക്ഷൻ കൊടുത്തത് 25-4-95-ന് അപേക്ഷ സമർപ്പിച്ചവർക്കാണ്.

പഞ്ചായത്തിൽ ആദ്യം സ്ഥാപിച്ച ട്രാൻസ്ഫോർമർ കാരന്തൂർ ഓവുങ്ങരയിലാണ്.

ഇപ്പോൾ നിലവിലുള്ള 23 ട്രാൻസ്ഫോർമറും കൂടുതൽ ഭാരം വഹിക്കുന്നവയാണ്. (പട്ടികE4)

പഞ്ചായത്തിൽ 427 സ്ട്രീറ്റ് ലൈറ്റുകളുണ്ട് (പട്ടിക E5). പ്രതിവർഷം 91,220 രൂപ സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പഞ്ചായത്ത് ചെലവഴിക്കുന്നു. പഞ്ചായത്തിൽ കൂടുതലും വൈദ്യുതി വെളിച്ചത്തിനാണ് ഉപയോഗിക്കുന്നത്. ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗികുന്നത് സ്റ്റോൺ ക്രഷർ വ്യവസായത്തിനാണ്.

വ്യാപകമായി ഉപയോഗിക്കപ്പെടുന്ന മറ്റൊരു ഇന്ധനം മണ്ണെണ്ണയാണ്. പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്ന മണ്ണെണ്ണയുടെ 12% പാചകത്തിനാണ് ഉപയോഗിക്കുന്നത്. ഭൂരിപക്ഷം വീടുകളിലും പാചകത്തിനുള്ള ഇന്ധനം വിറകുതന്നെയാണ്. തെങ്ങ് ഉല്പന്നങ്ങളാണ് ഇതിൽ പ്രധാനം. സർക്കാർ പാചകവാതകഡിപ്പോ പഞ്ചായത്തിലില്ല. മൂന്ന് സ്വകാര്യ ഏജൻസികളിലായി പഞ്ചായത്തിൽ 259 പാചകവാതക ഉപഭോക്തക്കളുണ്ട്. പാരമ്പര്യേതര ഊർജത്തിന്റെ ഉപഭോഗം പഞ്ചായത്തിൽ താരതമ്യേന കുറവാണ്. ദക്ഷത കൂടിയ അടുപ്പുകൾ ഒരു ശതമാനത്തിൽ താഴെയേ വരു. ചേലൂർ തടായി രാജീവ്ഗാന്ധി കോളനിയിൽ ഒരു സൗരോർജപമ്പ്സെറ്റ് പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ വോൾട്ടേജ് കമ്മിയുടേയും അപ്രഖ്യാപിത കറന്റ് കട്ടിന്റെയും പരാതി വ്യാപകമായിട്ടുണ്ട്. ഒരു ഇലക്ട്രിക്പോസ്റ്റ് തകർന്നാൽ ബദൽ സംവിധാനത്തിന് ഇപ്പോൾ മാർഗമില്ല. ഇന്നത്തെ തോതിൽ ഉപഭോഗം വർദ്ധിച്ചാൽ അടുത്ത ഏതാനും മാസങ്ങൾക്കകം ഫീഡറുകൾ ഓഫാക്കേണ്ടിവരുമെന്നതാണ് അവസ്ഥ.

2. വിവിധവാർഡുകളിലായി 48 സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്. (പട്ടിക E6)

3. പഞ്ചായത്തിൽ 23 സ്ഥലങ്ങളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ഇതിൽ കോളനി പ്രദേശങ്ങളും പെടും.

4. സൗരോർജപ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്, കാറ്റിൽ നിന്നുള്ള വൈദ്യുതി എന്നിവക്ക് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഭൗതികസാഹചര്യമുണ്ടെങ്കിലും സംരഭകരെ തൊട്ടുണർത്താനുള്ള പദ്ധതികൾ ഇല്ല.

5. വൈദ്യുതി ഉപഭോഗത്തിനുള്ള സ്ലാബ് സമ്പ്രദായം ഒഴിവാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം പണം ഈടാക്കുന്ന സമ്പ്രദായം വേണമെന്ന് ഗ്രാമസഭകളിൽ ആവശ്യമുയർന്നിട്ടുണ്ട്.

6. കുന്ദമംഗലം-പൂതക്കണ്ടി വയലിലുള്ളതും വള്ളിയാട്ടുമ്മൽ കോളനി റോഡിലുമുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണമെന്നും REC ഭാഗത്തുനിന്ന് പിലാശ്ശേരിക്കുള്ള ഇലക്ട്രിക് കണക്ഷൻ മാറ്റ് കുന്ദമംഗലം ലൈനിൽനിന്നാക്കണമെന്നും ഗ്രാമസഭാ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

7. എട്ടാം വാർഡിലെ പടിഞ്ഞാറ് ഭാഗത്തുള്ള ത്രീഫേസ് ലൈൻ പാണരുകണ്ടത്തിൽ പുറായിവരെ നീട്ടണമെന്നും അരീക്കോട്-കണ്ണൂർ വൈദ്യുതി ലൈൻ മൂലം നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ഉടൻ നൽകുകയും അവർക്ക് സൗജന്യവൈദ്യുതി നൽകണമെന്നും ആവശ്യമുയർന്നിട്ടുണ്ട്.

8. പഞ്ചായത്തിൽ ഒമ്പത് സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണമെന്നാണ് ആവശ്യം. (പട്ടിക E.8)

9. പാചകഗ്യാസിന്റെ സർക്കാർ ഏജൻസി ഡിപ്പോ കുന്ദമംഗലത്ത് സ്ഥാപിക്കണമെന്ന് ഗ്രാമസഭാ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## സാധ്യതകൾ

1. കുന്ദമംഗലത്ത് നിർമാണത്തിലിരിക്കുന്ന 110 KV സബ്സ്റ്റേഷനിൽനിന്ന് അടിയന്തരമായി ഒരു 11 KV ഫീഡർ പഞ്ചായത്തിന് മാത്രമായി കിട്ടണം.

2. കോളനികളിലും, പിലാശ്ശേരി പാലോറ മലയിലും സോളാർ എനർജി സിസ്റ്റം സ്ഥാപിക്കാനും കാരന്തൂരിലെ എരുമോറക്കുന്നിൽ കാറ്റിൽനിനന് വൈദ്യുതി ഉണ്ടാക്കുന്ന സംവിധാനം ഏർപ്പെടുത്താനുമുള്ള പദ്ധതികൾ വേണം.

3. ആവശ്യമുള്ളിടത്ത് സ്ട്രീറ്റ ലൈറ്റുകൾ സ്ഥാപിക്കുകയും നിലവിലുള്ളവ സ്ഥിരമായി പ്രകാശിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

4. പുകയില്ലാത്ത അടുപ്പുകൾ മറ്റു പാരമ്പര്യേതര ഊർജസംവിധാനങ്ങൾ എന്നിവയെപ്പറ്റി വ്യാപകമായ പ്രചരണത്തിന് പദ്ധതികൾ ആവിഷ്കരിക്കണം.

5. പഞ്ചായത്തിൽ വൈദ്യുതി എത്തിക്കാൻ നിർദേശിക്കപ്പെട്ട സ്ഥലങ്ങളിൽ സമഗ്രമായ സർവേ നടത്തി പദ്ധതിക്ക് പ്ലാൻ തയാറാക്കണം.

6. വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ കോംപാക്ട് ഫ്ളൂറസെന്റ് ലൈറ്റുകൾ തുടങ്ങിയവ ഉപയോഗിക്കണം.

പാചകത്തിന് വൈദ്യുതി ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്താനുള്ള സംവിധാനം വേണം.

കുന്ദമംഗലത്ത് പാചകവാതകവിതരണത്തിനുള്ള ഒരു സർക്കാർ ഏജൻസി സ്ഥാപിക്കണം.

## പഞ്ചായത്തിൽ നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ

പട്ടിക ഇ 1

| | ഗാർഹികം | വ്യാപാരം | വ്യാവസായികം | കാർഷികം | ആകെ |
|---|---|---|---|---|---|
| എണ്ണം | 4068 | 90.3 | 114 | 206 | 5291 |
| ശതമാനം | 76.9 | 17.1 | 2.2 | 3.8 | 100 |

പട്ടിക ഇ 2

വൈദ്യുതി കണക്ഷൻ ലഭിക്കാൻ
ബാക്കിയുള്ളഅപേക്ഷകരുടെ എണ്ണം

| ORDINARY | OTP | OYEC |
|---|---|---|
| 403 | 49 | 168 |

പട്ടിക ഇ 3
ഈ വർഷം അനുവദിച്ച കണക്ഷൻ

| ORDINARY | OTP | OYEC |
|---|---|---|
| 40 | 20 | 249 |

പട്ടിക ഇ 5

## പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| ബൾബ് | | ട്യൂബ് | മെർക്കുറി | സോഡിയം വേപ്പർ |
|---|---|---|---|---|
| 40 W | 60 W | | | |
| 363 | 42 | 12 | 6 | 4 |

പട്ടിക ഇ 4

## പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രൻസ്ഫോർമറുകൾ

| ക്രമനമ്പർ | പേര് | കപ്പാസിറ്റി KV |
|---|---|---|
| 1 | പൈങ്ങോട്ടുപുറം | 63 |
| 2 | CWRDM ഗേറ്റ് | 100 |
| 3 | കാരന്തൂർ | 250 |
| 4 | പാറക്കടവ് | 100 |
| 5 | CWRDM പമ്പ് ഹൗസ് | 100 |
| 6 | KSEB ഓഫീസ് | 160 |
| 7 | കുന്ദമംഗലം I | 160 |
| 8 | കുന്ദമംഗലം II | 100 |
| 9 | പന്തീർപാടം | 100 |
| 10 | ടെലഫോൺ എക്സ്ചേഞ്ച് | 100 |
| 11 | ചൂലാംവയൽ | 100 |
| 12 | പതിമംഗലം | 100 |

| ക്രമനമ്പർ | പേര് | കപ്പാസിറ്റി KV |
|---|---|---|
| 13 | ഉണ്ടോടിക്കടവ് | 63 |
| 14 | പടനിലം | 63 |
| 15 | CWRDM ഓഫീസ് | 100 |
| 16 | ചാത്തൻകാവ് | 250 |
| 17 | കുന്ദമംഗലം മിനി | 160 |
| 18 | ചെത്തുകടവ് | 100 |
| 19 | പൊയ്യയിൽ | 100 |
| 20 | കളരിക്കണ്ടി | 100 |
| 21 | പിലാശ്ശേരി I | 100 |
| 22 | പിലാശ്ശേരി II | 100 |
| 23 | കരിക്കത്തൂർ | 100 |
| കൂടാതെ CWRDM സ്വന്തമായി 250 KV. HT ട്രാൻസ്ഫോർമറുമുണ്ട്. | | |

## ഗ്രാമസഭകളിൽ നിന്ന് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ നിർദ്ദേശിച്ച സ്ഥലങ്ങൾ പട്ടിക – ഇ 6

| ക്രമനമ്പർ | സ്ഥലം |
|---|---|
| 1 | വടക്കുംതല റോഡ് |
| 2 | പടാളിയിൽ കലങ്ങോട്കുന്ന് റോഡ് |
| 3 | ഒവുങ്ങര -മനത്താനത്ത് താഴം റോഡ് |
| 4 | കാരന്തൂർ 4 സെന്റ് റോഡ് |
| 5 | ജങ്കിഷ് ടാക്കീസ് -വെളൂർ ഇടവഴി |
| 6 | കുന്ദമംഗലം പൂതക്കണ്ടി റോഡ് |
| 7 | കുന്ദമംഗലം 8/5 പൂതൂർക്കടവ് റോഡ് |
| 8 | കാരന്തൂർ വടക്കുംതല വായനശാല മണ്ണെടുപ്പാത്ത് കടവ് |
| 9 | മൂന്നാം വാർഡിലെ റോഡുകൾ |
| 10 | പണ്ടാരപ്പറമ്പ് ആമ്പ്രമല വഴി |
| 11 | മുറിയനാൽ.- വടക്കോട്ട് ഇടവഴി |
| 12 | കളരിക്കണ്ടി പിലാശ്ശേരി റോഡിൽ പ്രകാശിക്കാത്തവ നന്നാക്കുക. |
| 13 | വെസ്റ്റ് പിലാശ്ശേരി, പടനിലം അങ്ങാടി- സോഡിയം വാപ്പർ ലാംപ്. |
| 14 | പൊയ്യ - കലാറമ്പത്ത്- ചോയിമഠം റോഡ് |
| 15 | പിലാശ്ശേരി പാറമ്മൽ വടക്കയിൽ ലക്ഷം വീട് റോഡ് |
| 16 | പിലാശ്ശേരി -എടത്തിൽ കടവ് മാഞ്ഞ ക്കാവ് റോഡ് |
| 17 | ആനപ്പാറ ആസ്പത്രിക്ക് സമീപം സോഡിയം വാപ്പർ ലാംപ് |
| 18 | തീപ്പെട്ടിക്കമ്പനി- കുന്ദമംഗലം ഈസ്റ്റ് എ.യു.പി. സ്കൂൾ റോഡ് |
| 19 | ചുണ്ടിക്കുളം -MLA റോഡ് |
| 20 | പെരിങ്ങൊളം മനത്താനത്ത് താഴം - കോട്ടാംപറമ്പ് റോഡ് |
| 21 | പുതിയോട്ടിൽ - ആലുള്ളകണ്ടി പുറായി റോഡ് |
| 22 | പാട്ടൊയിൽ - അമ്പലപ്പടി റോഡ് |
| 23 | മനത്താനത്ത് ക്ഷേത്രത്തിനടുത്ത് സോഡിയം വാപ്പർ ലാംപ് |
| 24 | ചെത്തുകടവ് - മിനി, പെരുവഴിക്കടവ്- സോഡിയം വാപ്പർ ലാംപ് |
| 25 | പൈങ്ങോട്ടുപുറം ഇടവഴികളിൽ |
| 26 | MLA റോഡ് |
| 27 | കാരന്തൂർ എരുമോറക്കുന്ന് റോഡ് |
| 28 | ഹൗസിങ്ങ് സൊസൈറ്റി റോഡ് |
| 29 | കൊളായ്ത്താഴം ചേരിഞ്ചൻ റോഡ് |
| 30 | ഹരിഹരക്കടവ് ക്ഷേത്രം റോഡ് |

## പട്ടിക - ഇ 6
### തുടർച്ച

| ക്രമനമ്പർ | സ്ഥലം |
|---|---|
| 31 | പരപ്പമ്മൽ ഹരിഹരക്കടവ് വഴി |
| 32 | പള്ളിക്കൽതാഴം - ചേരിഞ്ചാൽ റോഡ് |
| 33 | കൊളായ് സ്കൂൾ വഴി |
| 34 | ചേരിഞ്ചാൽ - വെള്ളാരംകുന്ന് റോഡ് |
| 35 | ആമ്പ്രമല കോളനി റോഡ് |
| 36 | കളരിക്കണ്ടി - മാമ്പറ്റ റോഡ് |
| 37 | കുറ്റിക്കാട്ടൂർ കോട്ടാംപറമ്പ് റോഡ് |
| 38 | പള്ളത്ത് താഴം ആനശ്ശേരി താഴം |
| 39 | 12ാം വാർഡിലെ ലക്ഷം വീട് റോഡ് |
| 40 | 8ാം വാർഡിലെ മുഴുവൻ റോഡുകളിലും |
| 41 | തെറ്റത്ത് പൂതക്കണ്ടി റോഡ് (വാർഡ് 2) |
| 42 | കാരന്തൂർ കല്ലറക്കോളനി റോഡ് (വാർഡ് 2) |
| 43 | മീത്തൽ വടക്കയിൽ 4 സെന്റ് കോളനി |
| 44 | ചാത്തൻകാവ് തീപ്പെട്ടിക്കമ്പനി കുന്ദമംഗലം ഈസ്റ്റ് AUPS |
| 45 | ചാത്തൻകാവ് MLA റോഡ് |
| 46 | കമ്മങ്ങാട്ട് പുറായി കുളിച്ചാള റോഡ് |
| 47 | ഒറുവങ്ങര കൂടത്താലുമ്മൽ റോഡ് (വാർഡ് 7) |
| 48 | പൂളോറ കിഴക്കെകാരയിൽ റോഡ് (വാർഡ് 7) |
| 49 | പടനിലം - തണ്ണിക്കുണ്ട് റോഡ് (വാർഡ് 7) |
| 50 | മുറിയനാൽ - ഹരിജൻ കോളനിറോഡ് (വാർഡ് 7) |

## ഗ്രാമസഭകളിൽ നിന്ന് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ
### പട്ടിക ഇ 8

| ക്രമനമ്പർ | സ്ഥലം |
|---|---|
| 1 | വടക്കും തല |
| 2 | കുന്ദമംഗലത്ത് ഉയർന്ന കെ.വി. ട്രാൻസ്ഫോർമർ |
| 3 | ആമ്പ്രമ്മൽ |
| 4 | പടനലം ഭാഗത്ത് ട്രാൻസ്ഫോർമർ നന്നാക്കുക. |
| 5 | 11ാം വാർഡിൽ |
| 6 | പൈങ്ങോട്ട് പുറം, കിഴക്ക്, പടിഞ്ഞാറ് ഭാഗങ്ങളിൽ |
| 7 | കാരന്തൂർ സഹകരണ ബാങ്കിനു സമീപം |
| 8 | 14ാം വാർഡിൽ |
| 9 | 13ാം വാർഡിൽ കൊളായ്ത്താഴം |

## ഗ്രാമസഭകളിൽ നിന്ന് വൈദ്യുതി എത്തിക്കാൻ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ

**പട്ടിക - ഇ 7**

| ക്രമനമ്പർ | സ്ഥലം |
|---|---|
| 1 | വെള്ളാരംകുന്ന്, കലങ്ങോട്കുന്ന് |
| 2 | മുണ്ടക്കൽ ഭാഗത്തുള്ള 50 വീടുകൾക്ക് |
| 3 | വെസ്റ്റ് പിലാശ്ശേരി മാരിയോട് ഭാഗം |
| 4 | തുവ്വപ്പാറ കോളനി |
| 5 | വെള്ളാരൻചാൽ ഭാഗം |
| 6 | പുളിയശ്ശേരി ലക്ഷം വീട് കോളനി |
| 7 | കുറ്റിക്കാട്ടിൽ ഹരിജൻ കോളനി |
| 8 | കരിമ്പനക്കൽ കോളനി |
| 9 | സി.ഡബ്ല്യു.ആർ.ഡി.എം. വലിയപറമ്പ് ഭാഗം |
| 10 | പൈങ്ങോട്ടു പുറം എരഞ്ഞോളിത്താഴം |
| 11 | 14ാം വാർഡിലെ മലമ്പ്രദേശം |
| 12 | ചേലൂർ തടായി കോളനി |
| 13 | 9ാം വാർഡിലെ ലക്ഷം വീട്, 4 സെന്റ് കോളനികളിൽ |
| 14 | പിലാശ്ശേരി വടക്കയിൽ ലക്ഷം വീട് കോളനി |
| 15 | 12ാം വാർഡിലെ ലക്ഷം വീട് കോളനി |
| 16 | നെല്ലിക്കോട്ട് മീത്തൽ (വാർഡ് 12) |
| 17 | 8ാം വാർഡിലെ പുളിയശ്ശേരി ലക്ഷം വീട് കോളനി |
| 18 | കാരയിൽ ഭാഗം (3ാം വാർഡ്) |
| 19 | പാലോറ ഹരിജൻ കോളനി (വാർഡ് 6) |
| 20 | തീക്കുനി ഭാഗം (വാർഡ് 6) |
| 21 | കാഞ്ഞിരക്കൂടം (വാർഡ് 6)) |
| 22 | 11ാം വാർഡിൽ തെറ്റു പറമ്പ്, ശിവഗിരി, ഇയ്യപ്പടിയങ്ങൽ, പാണോത്ത് മീത്തൽ കോളനി |
| 23 | ആമ്പ്രമ്മൽ പട്ടികജാതി കോളനിയിലേക്ക് ത്രീഫേസ് ലൈൻ. |



# മാർക്കറ്റ്

കുന്ദമംഗലം പഞ്ചായത്തിൽ ഏതെങ്കിലും പ്രത്യേക സാധനങ്ങളുടെ മാർക്കറ്റ് ഇല്ല. പുരാതനകാലത്ത് കുന്ദമംഗലം ബസാറിനടുത്ത് ഒരു കന്നുകാലിച്ചന്ത ഉണ്ടായിരുന്നു. വളരെ മുമ്പുതന്നെ അത് നിലച്ചു. ആധുനിക ഉപഭോഗസംസ്കാരത്തിന്റെ കടന്നുകയറ്റം ഈ പഞ്ചായത്തിലേയും വിപണനകേന്ദ്രങ്ങളെ ബാധിച്ചിട്ടുണ്ട്. അടുത്ത കാലത്ത് കുന്ദമംഗലം ബസാറിലും അയൽപ്രദേശത്തും ധാരാളം ഷോപ്പിംഗ് കോംപ്ലക്സുകളും, വ്യാപാരസ്ഥാപനങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഹാർഡ്‌വേർസ്, റെഡിമെയ്ഡ്, ഫാൻസി, ബേക്കറി കടകളാണ് ഇപ്പോൾ കൂടുതലായി തുടങ്ങുന്നത്. കുന്ദമംഗലം, കാരന്തൂർ എന്നീ രണ്ട് സ്ഥലങ്ങളാണ് ഇന്ന് പ്രധാന വ്യാപാരകേന്ദ്രങ്ങൾ. കുന്ദമംഗലത്ത് വയനാട് റൂട്ട് ദേശസാൽക്കരണത്തോടെ മന്ദീഭവിച്ച വിറ്റുവരവിന് സ്വകാര്യബസ് സർവീസ് പുനരാരംഭിച്ചതോടെ പുഷ്ടിപ്പെട്ടിട്ടുണ്ട്. 142 വ്യാപാരികളാണ് കുന്ദമംഗലം ടൗണിലുള്ളത്. കെട്ടിടനിർമാണവസ്തുക്കളാണ് അങ്ങാടിയിൽ പ്രധാനമായും വിറ്റഴിയുന്നത്. കെട്ടിടനിർമാണരംഗത്ത് ഈയിടെയുണ്ടായ നിശ്ചലാവസ്ഥ വ്യാപാരത്തേയും ബാധിച്ചിട്ടുണ്ട്. ചുരുക്കം ചില സ്റ്റേഷനറി വസ്തുക്കളുടെ മൊത്തവ്യാപാരവും ഇവിടെ നടക്കുന്നു. 14 രജി. കയറ്റിറക്ക് തൊഴിലാളികളാണ് ഇവിടെയുള്ളത്.

കാരന്തൂർ പ്രധാനമായും നാളികേരവിപണനകേന്ദ്രമാണ്. കൊപ്ര, വെളിച്ചെണ്ണ എന്നിവയുമായി ബന്ധപ്പെട്ട് നല്ലൊരു വ്യാപാരസംഘം ഇവിടെയുണ്ട്.

സഹകരണസ്ഥാപനങ്ങൾ സിമന്റ്, കമ്പി, ഇഷ്ടിക, വളം, പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ, പാൽ എന്നിവ വിപണനം നടത്തുന്നുണ്ട്. (പട്ടിക M1)

കുന്ദമംഗലത്തുള്ള മാവേലിസ്റ്റോറിൽ ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് 5000 രൂപയാണ്. ഓണക്കാലത്ത് 12,000 രൂപവരെ ഇതുയർന്നിട്ടുണ്ട്. പഞ്ചായത്തിലെ ക്ഷീരോല്പാദകസഹകരണസംഘത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ 27% പഞ്ചായത്തിന് പുറത്താണ് വിതരണം നടത്തുന്നത്. എന്നാൽ ദിവസം 500 ലിറ്റർ പാൽ മിൽമ ഏജൻസിമുഖേന പഞ്ചായത്തിൽ വിതരണം നടത്തുന്നു. ഏകദേശം 2,500 കോഴിമുട്ടകളാണ് ദിനംപ്രതി പഞ്ചായത്തിൽ വിൽക്കുന്നത്.

504 വ്യാപാരസ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ഭരണസമിതി ലൈസൻസ് നൽകിയിട്ടുണ്ട്.

ഷോപ്പിംഗ് കോംപ്ലക്സിൽ നിന്ന് പ്രതിവർഷം 62,500 രൂപ വരുമാനമുണ്ട്. പഞ്ചായത്തിലുള്ള ഒരു മത്സ്യമാർക്കറ്റിൽ നിന്ന് 45,000 രൂപയാണ് വരുമാനം.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ആഴ്ചച്ചന്തകൾ വേണമെന്ന് കാരന്തൂർ, ആമ്പ്രമ്മൽ, കളരിക്കണ്ടി, കുന്ദമംഗലം, ഈസ്റ്റ് പൈങ്ങോട്ടുപുറം എന്നീസ്ഥലങ്ങളിൽനിന്നുള്ള ഗ്രാമസഭകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

2 കാരന്തൂർ, പാറമ്മൽ അങ്ങാടി,

പന്തീർപ്പാടം എന്നീ സ്ഥലങ്ങളിൽ മത്സ്യ-മാംസ മാർക്കറ്റും കുന്ദമംഗലത്തെ മത്സ്യ-മാംസമാർക്കറ്റ് നവീകരിക്കാനും, ആധുനികരീതിയിലുള്ള ഒരു അറവുശാല സ്ഥാപിക്കാനും ഗ്രാമസഭകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

3. പിലാശ്ശേരി, പടനിലം, കളരിക്കണ്ടി, കാരന്തൂർ എന്നീ സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾക്ക് ആവശ്യമുയർന്നിട്ടുണ്ട്.

4. 5-ാം വാർഡിൽ മലഞ്ചരക്ക് വിപണന കേന്ദ്രം കളരിക്കണ്ടിയിൽ പച്ചക്കറി സംഭരണ കേന്ദ്രം, 12-ാം വാർഡിൽ സഹകരണസ്റ്റോർ, ഈസ്റ്റ് പൈങ്ങോട്ടുപുറത്ത് റേഷൻഷോപ്പ്, എന്നിവ സ്ഥാപിക്കാൻ ആവശ്യമുയർന്നിട്ടുണ്ട്.

5. കാർഷികോല്പന്നങ്ങൾ വിൽക്കുമ്പോൾ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാൻ ചാത്തൻകാവിൽ MIE കേന്ദ്രമായി ഒരു പൊതു വെയിങ് ബൂത്ത് സ്ഥാപിക്കാൻ ഗ്രാമസഭ ആവശ്യപ്പെട്ടു.

6. പത്താം വാർഡിലെ ഓഴയാടിയിൽ ഒരു കന്നുകാലിച്ചന്ത സംഘടിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

7. പഞ്ചായത്തിൽ വിപണനമേളകൾ സംഘടിപ്പിക്കാനും IRDP ഉല്പന്നങ്ങളുടെ സ്ഥിരം വിതരണകേന്ദ്രം സ്ഥാപിക്കാനും നിർദേശമുണ്ട്.

8. ഇപ്പോൾ നിലവിലുള്ള മത്സ്യ-മാംസ മാർക്കറ്റിന്റെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ഗ്രാമസഭ ആവശ്യപ്പെട്ടിട്ടുണ്ട്.

## സാധ്യതകൾ

1. മാറിവരുന്ന അഭിരുചിക്കനുസരിച്ച് ഉല്പന്നങ്ങൾ വിപണനത്തിനെത്തിക്കാൻ സംവിധാനം ഉണ്ടാവണം. ഉദാഹരണം ഫിൽട്ടർ ചെയ്ത വെളിച്ചെണ്ണ പോളിത്തീൻ കവറിലാക്കി മാർക്കറ്റിലെത്തിക്കാം.

2. ബേക്കറി ഉല്പന്നങ്ങൾ സഹകരണാടിസ്ഥാനത്തിൽ വിപണനം ചെയ്യാനുള്ള ക്രമീകരണം വേണം.

3. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ പഞ്ചായത്തിൽതന്നെ വിതരണം ചെയ്യാനുള്ള സംസ്കരണപ്രവർത്തനവും, മാർക്കറ്റിങ് സംവിധാനവും ഉണ്ടാകണം.

4. കോഴിമുട്ട, കോഴിയിറച്ചി, പച്ചക്കറി എന്നിവയുടെ ആവശ്യമനുസരിച്ച് ആഭ്യന്തരഉല്പാദനം സംഭരിച്ച് പഞ്ചായത്ത് തലത്തിൽ കേന്ദ്രീകൃതരീതിയിൽ വിപണനം നടത്താവുന്നതാണ്.

5. സഹകരണസ്ഥാപനങ്ങൾ മാർക്കറ്റിൽ ഇടപെട്ടപ്പോൾ വളരെ ആശാവഹമായ ഫലമാണുണ്ടായത്. ഈ ഇടപെടൽ കൂടുതൽ വ്യാപാരമേഖലകളിലേക്ക് വ്യാപിപ്പിക്കണം.

6. പഞ്ചായത്ത്തലത്തിൽ ഒരു ആഴ്ചച്ചന്ത സംഘടിപ്പിക്കാവുന്നതാണ്.

7. പഞ്ചായത്തിൽ കിട്ടുന്ന വിഭവങ്ങൾ കണ്ടെത്തി ആവശ്യവും മിച്ചവും കണക്കാക്കി കേന്ദ്രീകൃതമായി വിപണനം ചെയ്യാനുള്ള ഒരു ശാസ്ത്രീയസംവിധാനം ക്രമീകരിച്ചാൽ നിശ്ചയമായും ഈ മേഖല സംപുഷ്ടപ്പെടും.



പട്ടിക 1

## പൊതുസ്ഥാപനങ്ങളിലെ ഒരു വർഷത്തെ വിറ്റുവരവ് (95–96)

| ക്രമ നമ്പർ | സ്ഥാപനം | വളം രൂപ | സിമന്റ്,കമ്പി ഓട്. രൂപ | ഓണച്ചന്ത രൂപ | പാൽ ലി. | സഹകരണ സ്റ്റോർ രൂപ |
|---|---|---|---|---|---|---|
| 1 | കുന്ദമംഗലം കോ-ഓപ്പ്. റൂറൽ ബാങ്ക് | 7,33091 | – | 24284 | – | – |
| 2 | കാരന്തൂർ സർവ്വീസ് സഹകരണ ബാങ്ക് | 3,09,965 | 14,43,749 | 81,377 | – | 1149521 |
| 3 | കുന്ദമംഗലം കോ-ഓപ്പ്. സഹകരണ ബാങ്ക് | – | 25,00000 | – | – | – |
| 4 | കുന്ദമംഗലം ക്ഷീരോൽപാദക വിതരണ കോ.ഓപ്പ്. സൊസൈറ്റി | – | – | – | 266546.600 | – |



# പാർപ്പിടം

അടിസ്ഥാന ജീവിത സൗകര്യങ്ങളിൽ അത്യാവശ്യഘടകമായ പാർപ്പിട രംഗത്ത് നമ്മുടെ പഞ്ചായത്തിൽ ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ട്. ജീവിത രീതിയിൽ നഗരസംസ്കാരത്തിന്റെ അംശങ്ങൾ ഏറെ പ്രകടമാവുന്നത് പഞ്ചായത്തിലെ ഭവന നിർമ്മാണ രംഗത്തും സുഖഭോഗവസ്തുക്കളുടെ ഉപയോഗത്തിലുമാണ്.

ആധുനികത സമൂഹത്തിൽ കൂട്ടുകുടുംബം, തറവാട് വീട് എന്നിങ്ങനെയുള്ള സങ്കൽപ്പങ്ങൾക്ക് മാറ്റം വരുത്തി. ചെറിയകുടുംബം അതിനൊരു വീട് എന്നത് വീടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കാനിടയാക്കി. നമ്മുടെ പഞ്ചായത്തിലെ 40,118 ജനങ്ങൾക്ക് 7264 വീടുകളാണുള്ളത്. മതിയായ രേഖകളില്ലാത്തതും നിർമ്മാണത്തിലിരിക്കുന്നതുമായ വീടുകളുടെ എണ്ണം നൂറുകണക്കിനാണ്. ഈ കണക്കു പ്രകാരം 5 മുതൽ 6 പേർ കുടുംബാംഗങ്ങളായ വീടുകളാണ് നമ്മുടേത് എന്ന് കാണിക്കുന്നു. പഞ്ചായത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 1,500 എന്ന തോതിലാണ്.

ഗൾഫ് സ്വാധീനം

മടങ്ങിയെത്തുന്ന ഒരു ശരാശരി ഗൾഫുകാരന്റെ ഒരു പ്രധാന ഉദ്ദേശ്യം കൈയിലുള്ള തുകയത്രയും മുടക്കി വലിയ വീടുകളുണ്ടാക്കുക എന്നതായി മാറിയിരിക്കുന്നു. ഉത്പാദനമേഖലയിലേക്കല്ല, ആർഭാടമായ ജീവിതസൗകര്യങ്ങളിലാണ് സമ്പാദ്യം നിക്ഷേപിക്കുന്നത്.

പാർപ്പിടം ഒരു പ്രധാന സാമൂഹ്യപ്രശ്നമായി ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. മൊത്തം വീടുകളിൽ 2,150 എണ്ണം (30%) അവശ്യസൗകര്യങ്ങൾ ഇല്ലാത്തവയാണ്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിലാണ് ടെറസ്സുവീടുകളുടെ നിർമാണം വ്യാപകമായത്.

മാതൃകയിലും ശില്പഭംഗിയിലും ആധുനികതയും അനാവശ്യമായ ആർഭാടവുമുള്ള വീടുകളുടെ നിർമാണം ഒരു വശത്ത് വർദ്ധിച്ചുവരുമ്പോൾത്തന്നെ അത്യാവശ്യ സൗകര്യങ്ങൾ പോലുമില്ലാത്ത കുടിലുകളുടെ ബാഹുല്യം സാമൂഹികാസമത്വത്തിലേക്ക് വിരൽ ചൂണ്ടുന്നു.

വയൽ നികത്തി വീടുണ്ടാക്കുന്ന പ്രവണത പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വർദ്ധിച്ചുവരുന്നു. ലക്ഷംവീട്, നാലുസെന്റ്, മിച്ചഭൂമി എന്നിവിടിങ്ങളിലുള്ളവർ ഏറെപ്പേരും കുടിലുകളിലാണ് കഴിയുന്നത്. കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ചുള്ള പാർപ്പിടസൗകര്യങ്ങൾ കണ്ടെത്താൻ കഴിവില്ലാത്തവരാണ് സാധാരണക്കാരിൽ ഭൂരിഭാഗവും.

ഭവനനിർമ്മാണരംഗത്ത് പഞ്ചായത്തിൽ കാരന്തൂരിൽ ഒരു സഹകരണ ഹൗസിങ് സൊസൈറ്റി നിലവിലുണ്ട്. പ്രവർത്തനപരിധി നമ്മുടെ പഞ്ചായത്ത് മാത്രമല്ല. വായ്പാസൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിലുള്ളവർ പ്രയോജനപ്പെടുത്തുന്നുണ്ട്. ഹൗസിങ്ബോർഡ്, കോഴിക്കോട് വികസനഅതോറിറ്റി, കോഴിക്കോട് ജില്ലാ സഹകരണബാങ്ക് എന്നീ സ്ഥാപനങ്ങൾ വഴി വായ്പകൾ വാങ്ങി വീടുനിർമിച്ച നിരവധി കുടുംബങ്ങളുണ്ട്.

വികസനബ്ലോക്കുമുഖേനയും പഞ്ചായത്തു വഴിയും പട്ടികജാതി വിഭാഗങ്ങൾക്കും മറ്റു ദുർബ ലവിഭാഗങ്ങൾക്കും ഉദാരവായ്പാപദ്ധതികൾ വഴിയും സഹായപദ്ധതികൾ വഴിയും വീട് നിർമി ക്കുന്നതിന് കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ 183 പേർക്ക് മാത്രമേ സഹായങ്ങൾ ലഭിച്ചിട്ടുള്ളൂ.

കെട്ടിടനിർമാണത്തിന് പ്ലാൻ തയാറാക്കി ക്കൊടുക്കുന്ന അഞ്ച് സ്ഥാപനങ്ങൾ പഞ്ചായത്തി ലുണ്ട്. നിർമാണ രംഗത്ത് വിദഗ്ധതൊഴിലാളിക ളുടെ കൂലിനിരക്ക്

| | |
|---|---|
| ആശാരി | 125-150 രൂപ |
| കല്പണി (ചെത്ത്, പടവ്, തേപ്പ്) | 125-140 രൂപ |
| സഹായി | 100-110 |
| കോൺക്രീറ്റ് കരാർ നിരക്ക് യൂണിറ്റിന് 3000 രൂപ | |
| പെയിന്റിങ് | 110-125 |

ഓട് സിമിന്റ് മണൽ കമ്പി എന്നിവയൊഴി കെയുള്ള നിർമാണ സാമഗ്രികൾ പഞ്ചായത്തിൽ ആവശത്തിന് ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്.

ചെങ്കല്ല് പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങ ളിലും വെട്ടിയെടുക്കുന്നുണ്ട്. കല്ലൊന്നിന് കൂലി 3.50 രൂപ മുതൽ 4.50 രൂപവരെയാണ്. രണ്ട് കരി ങ്കൽക്വോറികൾ 5 സ്റ്റോൺ ക്രഷർ, 3 ഇഷ്ടികക്ക മ്പനി, 6 സിമന്റ് കട്ട, ഹോളോബ്രിക്സ്, ജാളി, ജനൽ എന്നിവയുടെ നിർമാണ കേന്ദ്രം.

## പ്രശ്നങ്ങൾ

1. വിവിധ ഭവനനിർമാണ വായ്പാ ഏജൻസികളുടെ പ്രവർത്തനത്തെപ്പറ്റി യഥാസമയം വിവരം ലഭിക്കുന്നില്ല. നാമമാത്രമായ സഹായ ങ്ങൾക്ക് നിയന്ത്രണമില്ലാതെ അപേക്ഷ സ്വീകരി ക്കുന്ന നിലപാട് കാരണം സാധാരണക്കാരന് സാമ്പത്തികമായും മാനസികമായും ക്ലേശിക്കുന്ന അവസ്ഥ ഉണ്ടാകുന്നു.

2. ലഭ്യമായ വായ്പാതുകയുടെ എത്രയോ ഇരട്ടിയാണ് വർദ്ധിച്ചുവരുന്ന നിർമാണച്ചെലവ്. ഇതുമൂലം ലഭിച്ച സഹായംകൊണ്ട് പണി പൂർത്തി യാക്കാൻ കഴിയാതെ വരികയും കൂടിയ പലിശക്ക് മറ്റു വായ്പാസ്ഥാപനങ്ങളെ സമീപിക്കേണ്ടിവരി കയും ചെയ്യുന്നു.

3. വായ്പകൾക്കും സഹായ പദ്ധതി കൾക്കും അപേക്ഷ നൽകാനുള്ള വ്യവസ്ഥകൾ സങ്കീർണമാണ്. അതേ സമയം വായ്പ ലഭിക്കുന്ന തിന് കാലതാമസം നേരിടുന്നു.

4. വിദഗ്ധതൊഴിലാളികളുടെ ദൗർലഭ്യം.

5. വീടുനിർമാണത്തിന് അനുമതിക്കുള്ള അപേക്ഷ മുതൽ പ്ലാൻ അംഗീകരിച്ച് വീട്ടുനമ്പർ ലഭിക്കുന്നതുവരെയുള്ള നടപടികൾ സാധാരണ ക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലാണ്.

6. ലക്ഷംവീട്, നാലുസെന്റ് കോളനി വീടു കളിൽ പലതും വാസയോഗ്യമല്ല. കക്കൂസ്, കിണർ തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളുള്ളവ വിരള മാണ്.

7. സ്വന്തമായി വീടില്ലാത്തതും ഉണ്ടാക്കാൻ സാമ്പത്തികബുദ്ധിമുട്ടുള്ളതുമാണ് ഭൂരിഭാഗം ജന ങ്ങളുടേയും പ്രധാനപ്രശ്നം.

നിർദേശങ്ങളും സാധ്യതകളും

1. വീടില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും വീടുണ്ടാക്കുന്നതിന് സാമ്പത്തികസഹായം അനു വദിക്കണം.

2. ലക്ഷംവീടിന്റെ ഘടന മാറ്റണം.

3. ലക്ഷംവീട്, നാലുസെന്റ്, മിച്ചഭൂമി എന്നി വിടങ്ങളിൽ താമസിക്കുന്നവരുടെ പാർപ്പിടപ്രശ്ന ങ്ങൾ പഠനം നടത്തി അടുത്ത അഞ്ചു വർഷത്തി നകം പരിഹരിക്കാൻ പദ്ധതിവേണം. ഇവർക്ക് ക്രയ വിക്രയസ്വാതന്ത്ര്യമുള്ള പട്ടയം നൽകണം. കുടിലു കൾക്ക് പ്ലാനില്ലാതെ വീടുനമ്പർ നൽകുന്നതിന് നട പടി വേണം.

4. ഭവനനിർമാണവായ്പക്കുള്ള നടപടിക്ര മങ്ങൾ ലഘൂകരിക്കുകയും കാലതാമസം ഒഴിവാ ക്കുകയും വേണം.

5. പ്ലാൻ അംഗീകരിക്കുന്നതിനുള്ള അധി കാരം സി.ഡി.എ.യിൽനിന്ന് പഞ്ചായത്തിലേക്ക് മാറ്റണം.

6. വായ്പകളും ധനസഹായങ്ങളും അനു വദിക്കുന്നതിന് അർഹരായവരെ തെരഞ്ഞെടു ക്കുന്ന രീതി സുതാര്യമാക്കണം.

7. കുറഞ്ഞ നിരക്കിൽ കെട്ടിനിർമാണസാമ ഗ്രികളുടെ ഉല്പാദനവും വിപണനവും ഏറ്റെടുക്കാ വുന്ന ഒരു സഹകരണസ്ഥാപനം ആരംഭിക്കാം.

8. കെട്ടിടനിർമാണച്ചെലവിന് കൂടിയ പരിധി നിശ്ചയിക്കുകയും നിയന്ത്രണം ഏർപ്പെടുത്തുകയും വേണം.

9. ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീ കരിക്കണം.

10. നിർമാണത്തൊഴിൽ പരിശീലനകേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കണം.

11. ദുർബലവിഭാഗങ്ങൾക്ക് വീട് നിർമിച്ചു കൊടുക്കുന്നതിനുള്ള പദ്ധതികൾക്ക് ജനപങ്കാ ളിത്തം ഉണ്ടാക്കണം.

പട്ടിക 1

## പഞ്ചായത്തിലെ വീടുകളുടെ കണക്ക്

| വാർഡ് | ടെറസ്സ് | ഓട് | ഓല | ഓട് കുടിൽ | കുടിൽ | ആകെ |
|---|---|---|---|---|---|---|
| 1 | 71 | 232 | 4 | 24 | 71 | 402 |
| 2 | 83 | 391 | 9 | 100 | 101 | 684 |
| 3 | 32 | 225 | 6 | 16 | 72 | 351 |
| 4 | 69 | 306 | 8 | 2 | 106 | 491 |
| 5 | 59 | 267 | 11 | 59 | 140 | 536 |
| 6 | 48 | 264 | 14 | 46 | 169 | 541 |
| 7 | 81 | 282 | 7 | 27 | 125 | 522 |
| 8 | 98 | 206 | 6 | 31 | 95 | 436 |
| 9 | 80 | 336 | 4 | 50 | 52 | 522 |
| 10 | 190 | 379 | 8 | 1 | 101 | 679 |
| 11 | 87 | 319 | 12 | 26 | 111 | 555 |
| 12 | 78 | 380 | 10 | 6 | 227 | 701 |
| 13 | 117 | 223 | 3 | 64 | 97 | 504 |
| 14 | 40 | 165 | 4 | 30 | 101 | 340 |
| ആകെ | 1133 | 3975 | 106 | 482 | 1568 | 7264 |

*അവലംബം : പഞ്ചായത്ത് രജിസ്റ്റർ*

പട്ടിക 2

## കുന്ദമംഗലം ബ്ലോക്ക് മുഖേന വിവിധ പദ്ധതികളിലായി ലഭിച്ച ഭവന നിർമ്മാണ സഹായങ്ങളുടെ കണക്ക്

| വർഷം | RLEGP | NREP | IAY | MWS | JRY | ആകെ |
|---|---|---|---|---|---|---|
| 1986–87 | 16 | – | – | – | – | 16 |
| 87–88 | 14 | 4 | – | – | – | 18 |
| 88–89 | 8 | 12 | – | – | – | 20 |
| 89–90 | – | – | – | – | 7 | 7 |
| 90–91 | – | – | – | 6 | 3 | 9 |
| 91–92 | – | – | – | 10 | 4 | 14 |
| 92–93 | – | – | 2 | – | 3 | 5 |
| 93–94 | – | – | 6 | – | 7 | 13 |
| 94–95 | – | – | 16 | 7 | 5 | 28 |
| 95–96 | – | – | – | 10 | 1 | 11 |
| ആകെ | 38 | 16 | 24 | 33 | 30 | 141 |

പട്ടിക 3

## പഞ്ചായത്തുവഴി നൽകിയ ഭവന നിർമ്മാണ സഹായങ്ങൾ

| വർഷം | എണ്ണം | സഹായതുക രൂപ | ആകെ രൂപ |
|---|---|---|---|
| 91–92, 92–93 | 4 | 2,500 വീതം | 10,000 |
| 93–94 | 12 | 14,500 വീതം | 1,74,000 |
| 94–95 | 16 | 15,800 വീതം | 2,32,000 |
| 95–96 | 10 | 15,800 വീതം | 1,58,000 |
| | 42 | — | 5,74,000 |

## നിർമ്മാണ സാമഗ്രികളുടെ വില

**പട്ടിക 4**

| | | |
|---|---|---|
| ഫസ്റ്റ് ക്ലാസ് ഓട് | 1000 എണ്ണം | 5500 രൂപ |
| ചെങ്കല്ല് | 1000 എണ്ണം | 8000 രൂപ |
| സിമന്റ് കട്ട | 1000 എണ്ണം | 7000 രൂപ |
| ഇഷ്ടിക | 1000 എണ്ണം | 2250 രൂപ |
| സിമന്റ് | 1 (പേക്കറ്റ്) | 190 രൂപ വരെ |
| ഇരുമ്പുകമ്പി | 1 (കി.ഗ്രാം) | 16 –17 രൂപ |
| പൂഴി | 150 ഫൂട്ട് | 1000 –1100 രൂപ |
| മെറ്റൽ | 1 ഫൂട്ടിന് | 12 രൂപ |
| ബോളർ | 1 ലോഡ് | 850 രൂപ |
| മരം തെങ്ങ് | | 1000 –1200 വരെ |
| പ്ലാവ് | | 1000 വരെ |
| തേക്ക് | | 1200 മേൽ |



# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കുന്ന ഒട്ടേറെ പദ്ധതികൾ നമുക്കുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും സാമൂഹ്യക്ഷേമവകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികളും പെൻഷനുകളുമാണ് ഈ രംഗത്തെ സർക്കാർ പദ്ധതികൾ. നമ്മുടെ പഞ്ചായത്തിൽ ഇനിയും ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതുണ്ട്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും 5 വർഷത്തേക്ക് വിവിധപദ്ധതികൾ മുഖേന തിരഞ്ഞെടുത്തു കുറെ കുടുംബങ്ങളെ സ്വയം പര്യാപ്തതയിലെത്തിക്കുകയും ചെയ്യുന്നതിനുളള് IRDP യുടെ പദ്ധതിയുടെ പ്രവർത്തനങ്ങൾ വഴി നമ്മുടെ പഞ്ചായത്തിൽ സഹായം ലഭിച്ചവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

കുന്ദമംഗലം വില്ലേജും കുറ്റിക്കാട്ടൂർ വില്ലേജിന്റെ ഭാഗമായ പയിങ്ങോട്ടു പുറവുമുൾപ്പെടുന്ന കുന്ദമംഗലം ഗ്രാമപഞ്ചായത്ത് കുന്ദമംഗലം, പിലാശ്ശേരി എന്നീ വി.ഇ.ഓ. സർക്കിളുകളായി വിഭജിച്ചിരിക്കുന്നു.

കുന്ദമംഗലം സർക്കിളിൽ 1, 2, 3, 8, 9, 10, 11, 12, 13 വാർഡുകളും പിലാശ്ശേരി സർക്കിളിൽ 4,5,6,7,14 വാർഡുകളും ഉൾപ്പെടുന്നു.

92 ലെ IRDP സർവ്വെ പ്രകാരം 14 വാർഡുകളിലായി 3748 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഇത് പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളുടെ 51.6% മാണ്. റിപ്പോർട്ട് വർഷം വരെ 1133 (30.3%) കുടുംബങ്ങൾക്ക് വിവിധ സംരംഭങ്ങൾക്കായി സഹായം നൽകിയിട്ടുണ്ട്. ഇതിൽ 481 കുടുംബങ്ങൾ പട്ടികജാതിയിൽ പെടുന്നവരാണ്. സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയക്ക് മുകളിലെത്തിയ കുടുംബങ്ങൾ 527 (47.5%) ആണ്. സഹായം ലഭിച്ചതിൽ 157 പേർ സ്ത്രീകളാണ്. സഹായം ലഭിച്ചവരുൾപ്പെടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ 4354. വിവിധയിനങ്ങളിലായി 16 ലക്ഷത്തോളം രൂപ ചിലവഴിച്ചു. ഒരു കുടുംബത്തിന് ശരാശരി ലഭിച്ച തുക 9686 രൂപയാണ്.

കുന്ദമംഗലം പഞ്ചായത്തിലെ 1മുതൽ 8ഉം 13ഉം 14ഉം വാർഡുകളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കുന്ദമംഗലം ശാഖയും 9,10,11,12 വാർഡുകളിൽ നെടുങ്ങാടി ബാങ്കിന്റെ കുന്ദമംഗലം ശാഖയും വായ്പ നൽകുന്നുണ്ട്. കൂടാതെ പഞ്ചായത്തിന്റെ കാരന്തൂർ ഒഴികെയുള്ള ഭാഗങ്ങൾ കുന്ദമംഗലം കോ- ഓപ്പ്- റൂറൽ ബാങ്കും കാരന്തൂർ ഭാഗത്ത് കാരന്തൂർ സർവ്വീസ് സഹകരണ ബാങ്കും വായ്പ നൽകുന്നു.

വായ്പ അനുവദിക്കുന്നതിന് SBT ക്കും നെടുങ്ങാടി ബാങ്കിനും ഉദാരമായ സമീപനമാണുള്ളത്. നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ച DWCRA യൂണിറ്റുകളിൽ മൂന്നെണ്ണം നെടുങ്ങാടി ബാങ്കും ഒരെണ്ണം SBT യുമാണ് ധനസഹായം നൽകുന്നത്.

ധനസഹായം ലഭിച്ചവരിൽ ഏതാണ്ട് 50% കുടുംബങ്ങൾ മാത്രമെ ജീവിത സൗകര്യം മെച്ചപ്പെടുത്തി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ വരുമാനമുള്ള

വരായിട്ടുള്ളൂ.

ലഭിക്കുന്ന സഹായങ്ങളുടെ ദുരുപയോഗവും ഈ പദ്ധതിയെപറ്റി പൊതുവെയുള്ള വികലമായ കാഴ്ചപ്പാടും പ്രധാന പ്രശ്നമാണ്. ഉദ്യോഗസ്ഥർക്ക് അതാത് കാലങ്ങളിൽ കൊടുക്കുന്ന ടാർജറ്റ് അടിച്ചേൽപ്പിക്കുമ്പോൾ അവ പ്രയോഗികമാണോ എന്ന് നോക്കുന്നില്ല. പദ്ധതിയുടെ വിജയത്തിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നില്ല. ശരാശരി കുടുംബ ഓഹരി നിക്ഷേപമുണ്ടാക്കുന്നതിനുവേണ്ടി ഒന്നിലധികം പദ്ധതി അടിച്ചേൽപ്പിക്കുന്നതു മൂലം ദുരുപയോഗത്തിന് സാധ്യത കൂടുന്നു. തിരിച്ചടവിന്റെ സാധ്യത കണക്കിലെടുക്കുന്നില്ല. IRDP ഉല്പന്നങ്ങളുടെ മാർക്കറ്റിങ്ങിന് പൊതുവായ വിപണന കേന്ദ്രം ഇല്ല.

## നിർദ്ദേശങ്ങൾ

IRDP പദ്ധതി കാലോചിതമായ മാറ്റത്തിന് വിധേയമാക്കണം. ദാരിദ്ര്യരേഖാ പരിധി 22,630 യെങ്കിലും ആക്കി ഉയർത്തണം പ്രതിദിന ചിലവ്. (62രൂപ) സർവ്വേ ലിസ്റ്റിലുള്ള അർഹരായവർക്ക് അവർ ആവശ്യപ്പെടുന്ന സമയത്ത് സഹായം നൽകാൻ കഴിയണം.

പദ്ധതി വിജയകരമായി നടത്താൻ ആവശ്യമായ തുക നൽകാൻ കഴിയണം.

നിലവിലുള്ള ടാർജറ്റ് സമ്പ്രദായത്തിലും കുടുംബ ഓഹരി നിക്ഷേപം നിശ്ചയിക്കുന്നതിലും മാറ്റം വരുത്തണം.

പദ്ധതി നടത്തിപ്പിനെ പറ്റി ബോധവൽക്കരണം വേണം. (IRDP വായ്പകൾ തിരിച്ചടയ്ക്കേണ്ട ധാരണയാണിന്ന്, ഭൂരിഭാഗം ജനങ്ങൾക്കും ഉള്ളത്.)

അർഹരായവരെ ജനകീയമായി തെരഞ്ഞെടുക്കണം.

## DWCRA

പത്തോ അതിലധികമോ സ്ത്രീകൾക്ക് കൂട്ടായ തൊഴിൽ സംരഭങ്ങൾക്ക് IRDP വായ്പ വഴി ആരംഭിക്കാവുന്ന ക്ഷേമ പദ്ധതിയാണ് DWCRA. നമ്മുടെ പഞ്ചായത്തിൽ നാലു യൂണിറ്റുകൾ ഉണ്ട്. ഇതിൽ മൊത്തം 36 പേർ അംഗങ്ങളാണ്.

സ്ത്രീകളുടെ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തി സാമൂഹ്യ പദ്ധതി ഉയർത്തുന്നതിനും ഗ്രാമീണ തൊഴിൽ മേഖല ശക്തിപ്പെടുത്തുന്നതിനും വളരെയേറെ സാധ്യതയുള്ള ഈ പദ്ധതി നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര പചാരത്തിൽ വന്നിട്ടില്ല. നിലവിലുള്ള യൂണിറ്റുകളുടെ പ്രശ്നങ്ങളും പരാധീനതകളും പൂർണ്ണമായും തരണം ചെയ്യാൻ പഞ്ചായത്തിന്റെ ശ്രദ്ധയും സഹായവും ആവശ്യമാണ്. സന്നദ്ധ സംഘടനാ പ്രവർത്തകർ അടങ്ങുന്ന കമ്മറ്റിയുടെ സഹായം ഇതിനായി പ്രയോജനപ്പെടുത്താം.

വായ്പേതര സഹായങ്ങളുടെ തുക വർദ്ധിപ്പിച്ച് പരമാവധി ബാധ്യത കുറഞ്ഞ യൂണിറ്റുകൾ തുടങ്ങാൻ കഴിഞ്ഞാലെ ഇത്തരം യൂണിറ്റുകൾക്ക് നിലനിൽക്കാൻ കഴിയൂ.

## ട്രൈസം

18 മുതൽ 35 വരെയുള്ള യുവതീയുവാക്കൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ വിവിധ തൊഴിലുകളിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പഞ്ചായത്തിൽ 17 ഇനങ്ങളിലായി 83 പേർക്ക് തൊഴിൽ പരിശീലനം നൽകിയതായി കണക്കുണ്ട്. ട്രൈസം പരിശീലനം ലഭിച്ച 74 പേർ സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ അഭ്യസ്തവിദ്യരിൽ തൊഴിലില്ലായ്മ രൂക്ഷമാണ്. സ്വയം തൊഴിൽ സംരഭങ്ങൾക്ക് പ്രചോദനവും ആത്മവിശ്വാസവും നൽകേണ്ട ഈ പദ്ധതി കൂടുതൽ പ്രാധാന്യം നൽകി താല്പര്യവും അർഹതയുമുള്ള മുഴുവൻ പേർക്കും പരിശീലനം നൽകാൻ ഇന്ന് കഴിയുന്നില്ല.

പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സംരഭങ്ങൾക്ക് വായ്പ ലഭ്യമാക്കണം.

## ടൂൾകിറ്റ്

ഈ പദ്ധതി 92-93 ലാണ് ആരംഭിച്ചത്. പാരമ്പര്യ കൈത്തൊഴിലുകൾക്ക് പ്രോത്സാഹനമെന്ന നിലയിൽ ആവിഷ്കരിച്ച ഈ പരിപാടി വഴി നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ 107 പേർക്ക് തൊഴിലുപകരണങ്ങൾ നൽകിയതായി കണക്കുണ്ട്.

വേരറ്റുപോകുന്ന പഴയ വിദഗ്ദ്ധ കൈത്തൊഴിലുകളെ പുതിയ തലമുറയ്ക്ക് പ്രചോദനമാകുന്ന രീതിയിൽ കൂടുതൽ പേർക്ക് ഈ പദ്ധതിയിലൂടെ സഹായം നൽകാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിലെ തൊഴിൽ മേഖലയക്ക് അത് പുതിയ സംഭാവനയാകും. മാറിവരുന്ന അഭിരുചിക്കും സങ്കേതങ്ങൾക്കുമനുസരിച്ച് ഉപകരണങ്ങൾ വിതരണം ചെയ്യാൻ കഴിയണം.

അർഹരായവരെ കണ്ടെത്തി സഹായം നൽകുന്നതിൽ പോരായ്മയുണ്ട്. നാമമാത്രമായ സഹായങ്ങൾ മാത്രമെ ഇപ്പോൾ ലഭിക്കുന്നുള്ളു.

പഞ്ചായത്തിൽ പാരമ്പര്യ കൈത്തൊഴിലുകളിൽ ഏർപ്പെട്ടവരുടെയും കുടുംബങ്ങളുടെയും

കൃത്യമായ സ്ഥിതി വിവരണ കണക്കുകൾ തയ്യാറാക്കി, ആവശ്യമായ ഉപകരണ സഹായങ്ങൾ നൽകി ഈ മേഖലയെ ആകർഷകമാക്കാൻ കഴിയണം.

## റീജനൽ ആർട്ടിസാൻസ് പ്രോഗ്രാം (RAP)

ആധുനിക തൊഴിൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതി പ്രകാരം 92 മുതൽ 96 കൂടിയുള്ള വർഷത്തിൽ 107 പേർക്ക് സാഹായം ലഭിച്ചിട്ടുണ്ട്. 92 ലെ IRDP സർവ്വെ പ്രകാരം 201 കൈത്തൊഴിലുകാരുണ്ട്.

ഈ പദ്ധതിയെ പറ്റി കൂടുതൽ പ്രചാരവും മുഴുവൻ ഗുണഭോക്താക്കൾക്കും ലഭിക്കാൻ തക്കവണ്ണം വിപുലമാക്കുകയും വേണം.

## കക്കൂസ്

പ്രാഥമിക സൗകര്യങ്ങളിലൊന്നായ കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ 92ലെ IRDP സർവ്വെ അനുസരിച്ച് 2369 ആണ്. 92 ന് ശേഷം വിവിധ പദ്ധതികൾ വഴി 181 കക്കൂസുകൾക്ക് സഹായം ലഭിച്ചു. എന്നാൽ ഇതിൽ 159 എണ്ണം മാത്രമേ പൂർത്തീകരിച്ചതായി വിവരമുള്ളു. പഞ്ചായത്തു വഴി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 200ഓളം കക്കൂസുകൾ നിർമ്മിക്കാനുള്ള ധനസഹായം നൽകിയതായും കണക്കുണ്ട്.

സാമ്പത്തികമായി വളരെ പിന്നിലുള്ള വിഭാഗങ്ങൾ അടക്കം നമ്മുടെ പഞ്ചായത്തിൽ 30% കുടുംബങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യമുള്ള കക്കൂസില്ല. 10%ത്തോളം വീടുകൾക്ക് തീരെ കക്കൂസ് സൗകര്യമില്ല. ഇതിൽ ഭൂരിഭാഗവും പഞ്ചായത്തിലെ ലക്ഷം വീട്, നാലു സെന്റ് കോളനികളിൽ കഴിയുന്ന കുടുംബങ്ങൾക്കാണ്.

കക്കൂസില്ലാത്തതും, ഉള്ളവ സൗകര്യപ്രദമല്ലാത്തതും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. സഹായം ലഭിച്ചവർക്ക് പണി പൂർത്തിയാക്കാൻ കഴിയുന്നില്ല. നിലവിൽ കക്കൂസ് നിർമ്മിക്കുന്നതിനുള്ള സഹായ തുക 2,000 രൂപയാണ്. ഉപകരണങ്ങളുടെ വിലയും നിർമ്മാണ ചിലവും കണക്കിലെടുത്താൽ സഹായതുക വർദ്ധിപ്പിക്കാതെ തരമില്ല.

ദുർബല ജനവിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ സഹായ പദ്ധതിയിൽ കക്കൂസ് നിർമ്മിക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുള്ള തുകയും ഈ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കണം.

## ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമ വകുപ്പുമുഖന നടപ്പിലാക്കുന്ന നിരവധി സംരഭങ്ങൾ ഉണ്ട്. സമൂഹത്തിലെ അധസ്ഥിരതും അശണരുമായ ജനവിഭാഗങ്ങളെ കണ്ടെത്തി സഹായം നൽകാൻ കഴിയുന്ന സ്ഥാപനങ്ങളും സംരഭങ്ങളും നമ്മുടെ പഞ്ചായത്തിൽ വിരളമാണ്.

അനാഥാലയങ്ങൾ, വൃദ്ധമന്ദിരം, വികലാംഗ സദനങ്ങൾ, വികലാംഗ തൊഴിൽ പരിശീലന കേന്ദ്രം, മന്ദബുദ്ധികൾക്കുള്ള മന്ദിരം, മനോരോഗികളുടെ പുനരധിവാസ കേന്ദ്രം, അബലാ മന്ദിരം, ജുവനൈൽ ഹോം ഇവയുടെ സേവനം നമുക്ക് കാര്യമായി ലഭിക്കുന്നില്ല.

കാരന്തൂർ മർക്കസ് സ്ഥാപനത്തിന് കീഴിൽ ഒരു മുസ്ലീം അനാഥാലയമുണ്ട്.

സാമൂഹ്യക്ഷേമ സഹായ പദ്ധതികളിൽ പെൻഷനുകളുടെ ലഭ്യമായ കണക്ക് വില്ലേജ് ഓഫീസ് ചുവടെ ചേർക്കുന്നു.

പഞ്ചായത്തിൽ ആകെ വിവിധ പെൻഷനുകളിലായി 648 പേർക്കാണ് സഹായം ലഭിച്ചിട്ടുള്ളത്. അർഹരായവർക്കു തൊഴിൽ സംരഭകങ്ങൾക്കും ഉപകരണങ്ങൾക്കുമുള്ള സഹായങ്ങൾ വളരെ ചെറിയ വിഭാഗത്തിനേ ലഭിക്കുന്നുള്ളു.

അപേക്ഷ നൽകുന്നതിലും അർഹരായവരെ കണ്ടെത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും അർഹരായവരെ മാത്രം സഹായ പരിധിയിൽ കൊണ്ടുവന്ന് വിതരണം കാര്യക്ഷമമാക്കുകയും വേണം. പെൻഷൻ സഹായ പദ്ധതികളിൽ വല്ലേജ് ഓഫീസുകൾ മുഖേനയുള്ള വിശദാംശം ലഭ്യമാക്കുകയും പഞ്ചായത്തിൽ അർഹരായവരെ ജനപങ്കാളിത്തത്തോടെ തിരഞ്ഞെടുത്ത് സഹായങ്ങൾ നൽകാനുള്ള ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുക.

## കർഷക തൊഴിലാളി പെൻഷൻ, ക്ഷേമനിധി

മണ്ണിലധ്വാനിക്കുന്ന കർഷകത്തൊഴിലാളിക്ക് അംഗീകാരവും ആശ്വാസവും പ്രചോദനവുമാണ് ഈ പദ്ധതികൾ. 1980 ൽ പെൻഷൻ പദ്ധതിയും 90ൽ ക്ഷേമനിധിയും നടപ്പിലാക്കി. നമ്മുടെ പഞ്ചായത്തിൽ കാർഷികവൃത്തി ചെയ്യുന്നവരിൽ 80%ത്തിനുമേൽ ഈ പദ്ധതികൾ ഉപയോഗപ്പെടുത്തുന്നുണ്ട്. പെൻഷൻതുക 80 രൂപയാണ്.

കർഷകത്തൊഴിലാളി സംഘടനകൾ ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തൊഴിലാളികളെ സഹായിക്കുന്നു.

പെൻഷൻ പദ്ധതി പൂർണ്ണമായും ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കണം.

യഥാർത്ഥ തൊഴിലാളികളെ കണ്ടെത്തി പദ്ധതിയുടെ കീഴിൽകൊണ്ടുവരുന്നതിനും നടപടിക്ര

മങ്ങൾ ലഘൂകരിക്കുന്നതിനും പഞ്ചായത്തുതലത്തിൽ നേരത്തെ നിലനിന്നിരുന്ന ഇംപ്ലിമെന്റേഷൻ കമ്മറ്റിയുടെ പ്രവർത്തനം പുനഃസ്ഥാപിക്കണം.

## തൊഴിലില്ലായ്മാവേതനം

തൊഴിലില്ലായ്മ ഒരു സാമൂഹ്യ പ്രശ്നമാണ്. പഞ്ചായത്തിൽ യഥാർത്ഥ സ്ഥിതി വിവരണക്കണക്കുൾ ശേഖരിക്കണം.

ഈ പദ്ധതിയുടെ ഉദ്ദേശശുദ്ധിയെ മറികടക്കാതിരിക്കാൻ സമഗ്രമായ അഴിച്ചുപണിവേണം. പ്രത്യുല്പാദന മേഖലയുമായി ഈ പദ്ധതിയെ ബന്ധപ്പെടുത്താൻ പഞ്ചായത്തിൽ പരിപാടികൾ തയ്യാറാക്കണം.

## യുവജനക്ഷേമം

അഭ്യസ്തവിദ്യരും അല്ലാത്തവരുമായ നിരവധി യുവാക്കൾ നമ്മുടെ പഞ്ചായത്തിൽ ഭാവിയെപ്പറ്റി ദിശാബോധമില്ലാതെ സങ്കീർണ്ണമായ ജീവൽ പ്രശ്നങ്ങളെ നേരിടുന്നുണ്ട്. ഒടുവിൽ മദ്യത്തിനും മയക്കുമരുന്നിനുമിരയായവർ ഏറെയാണ്.

നമ്മുടെ പഞ്ചായത്തിന്റെ പ്രത്യുല്പാദന മേഖലയിലേക്ക് വഴി തിരിച്ചുവിടാൻ ഈ യുവശക്തിയെ പ്രയോജനപ്പെടുത്താൻ കഴിയണം.

പഞ്ചായത്തിൽ വിദ്യാഭ്യാസ, തൊഴിൽ സാധ്യതകൾ അറിയാനുള്ള ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കണം.

യുവാക്കളുടെ കലാ കായിക സാംസ്കാരിക സംരഭങ്ങൾക്ക് പ്രോത്സാഹനം നൽകണം.

## മറ്റു ക്ഷേമ പദ്ധതികൾ

കെട്ടിട നിർമ്മാണത്തൊഴിലാളിക്ഷേമനിധി

നമ്മുടെ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ രംഗത്തും കൈത്തൊഴിൽ രംഗത്തും തൊഴിലെടുക്കുന്നവർ ധാരാളമുണ്ട്. എന്നാൽ അവരിൽ ക്ഷേമനിധി അംഗങ്ങളായവർ 1000 ൽ താഴെയാണ്. ഇപ്പോൾ വളരെ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള ഈ പദ്ധതിയുടെ കീഴിൽ പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളെയും കൊണ്ടുവരേണ്ടതുണ്ട്.

ക്ഷേമനിധി പ്രവർത്തനങ്ങൾ നന്നായി ചെയ്യുന്ന തൊഴിലാളി സംഘടനകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവരുടെ സഹായത്തോടെ കൃത്യമായ സ്ഥിതി വിവരണക്കണക്കുകൾ ശേഖരിക്കണം.

കല്ലുവെട്ട് മേഖലയിലെ യന്ത്രവൽക്കരണം ഈ മേഖലയിലെ തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നമാണ്.

ആവശ്യമായ ജീവനക്കാരെയും സൗകര്യങ്ങളുമേർപ്പെടുത്തി ക്ഷേമനിധി ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

## തയ്യൽ തൊഴിലാളി ക്ഷേമനിധി

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ പഞ്ചായത്തിലെ എല്ലാ തൊഴിലാളികളും അംഗങ്ങളായി കഴിഞ്ഞിട്ടില്ല. ഈ രംഗത്തെ തൊഴിലാളി സംഘടന കൂടുതൽ താല്പര്യമെടുക്കേണ്ടതുണ്ട്.

## ബാർബർ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളെയും ഇതിൽ അംഗങ്ങളാക്കണം.

## അംഗൺവാടികൾ

പഞ്ചായത്തിലെ 14 വാർഡുകളിലായി 16 അംഗൺവാടികൾ നിലവിലുണ്ട്. ജനസംഖ്യാതോതനുസരിച്ചും പദ്ധതിയുടെ ലക്ഷ്യമനുസരിച്ചും നോക്കിയാൽ 24 അംഗൺവാടികൾ കൂടി വേണ്ടതുണ്ട്. 3 വയസ്സിനും 5 വയസ്സിനുമിടയിലുള്ള 574 കുട്ടികൾ ഇവിടങ്ങളിൽ വരുന്നതായി കണക്കാക്കുന്നു. ശരാശരി 35-36 കുട്ടികളാണ് ഓരോ അംഗൻവാടിയിലും. ഇതിലും 105 കുട്ടികൾ പട്ടികജാതിവിഭാഗത്തിൽപെട്ടവരാണ്.

രണ്ട് മുതൽ 10 സെന്റ് വരെ ഭൂമി വിലക്കെടുത്തും സംഭാവനയായി സ്വീകരിച്ചും കെട്ടിട നിർമ്മാണത്തിനുള്ള ഗ്രാന്റുകൾ ലഭ്യമാക്കിയും ജനപങ്കാളിത്തത്തോടെ 13 അംഗൻവാടി കെട്ടിടങ്ങൾ നമുക്കുണ്ട്.

2ാം വാർഡിൽ 10 സെന്റ് സ്ഥലമുണ്ട്. 3 എണ്ണത്തിന് കെട്ടിടമില്ല. വൈദ്യുതി ഒന്നിലുമില്ല. 2,4,8,11,13,14 വാർഡുകളിലെ അംഗൻവാടികൾക്ക് കക്കൂസ് സൗകര്യമുണ്ട്. 8ാം വാർഡിലെ 105ാം അംഗൻവാടിക്ക് കിണറുണ്ട്. 9ാം വാർഡിൽ അംഗൻവാടികളില്ല.

പഞ്ചായത്തിലെ അംഗൻവാടികളുടെ പ്രവർത്തനം ശരാശരിയാണ്. പ്രാഥമിക സൗകര്യങ്ങൾ ഇല്ലത്തത്, കളിസ്ഥലമില്ലാത്തത്, കളിക്കോപ്പുകളില്ലാത്തത് എന്നിവ പ്രധാന പ്രശ്നങ്ങളാണ്. നിലവിലുള്ള ഫീഡിംഗ് സംവിധാനം വൈദ്യപരിശോധനാ സംവിധാനം എന്നിവ കാര്യക്ഷമമാക്കേണ്ടതുണ്ട്. അംഗൻവാടികളുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള മഹിളാ സമാജങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല. ഇത് ഈ രംഗത്തെ ഉപപ്രവർത്തനങ്ങൾക്ക് തടസ്സങ്ങളാണ്. വെൽഫെയർ കമ്മറ്റികളുടെ പ്രവർത്തനങ്ങളിൽ പോരായ്മയുണ്ടെങ്കിലും

കെട്ടിടം നിർമ്മച്ചു കൊടുക്കുന്നതിൽ സജീവമായ ഇടപെടലുകളുണ്ടാവുന്നുണ്ട്. ഇത് നിലനിർത്തണം. സ്ത്രീകളുടെയും ശിശുക്കളുടെയും ആരോഗ്യ-മാനസിക വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താവുന്ന ഈ ക്ഷേമ പദ്ധതിയെ കൂടുതൽ ജനപങ്കാളിത്തത്തോടെ കാര്യക്ഷമമാക്കാൻ കഴിയണം.

## പൊതുവിതരണം

പഞ്ചായത്തിൽ മൊത്തം 16 റേഷൻഷോപ്പുകളും കുന്ദമംഗലത്ത് ഒരു മാവേലി സ്റ്റോറും കാരന്തൂർ സർവ്വീസ് ബാങ്കിനുകീഴിൽ നടത്തുന്ന ഒരു സഹകരണ സ്റ്റോറും പൊതുവിതരണ രംഗത്ത് പ്രവർത്തിക്കുന്നു. 16 റേഷൻ ഷോപ്പുകളിലായി 7000 ത്തോളം കാർഡുടമകളുണ്ട്. വിറ്റഴിക്കുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നീ അവശ്യവസ്തുക്കൾ പഞ്ചായത്തിലെ പൊതുകമ്പോളത്തിലെ വില്പനയുടെ 20% ത്തോളം വരും. റേഷൻ കാർഡുകൾ ഇല്ലാത്ത 500 ൽ താഴെ കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയും വിതരണം കാര്യക്ഷമമാക്കുകയും ചെയ്ത് നമ്മുടെ പഞ്ചായത്തിലെ പൊതുവിതരണ ശൃഖല കൂടുതൽ ശക്തിപ്പെടുത്താൻ കഴിയണം.

പരാതികൾ ഏറെയുള്ള മേഖലയാണിത്. അത് പരിഹരിക്കാൻ ജനകീയ ഇടപെടലും പഞ്ചായത്തിന്റെ ശ്രദ്ധയും വേണം.

## നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

1. കുന്ദമംഗലത്ത് IRDP,DWCRA ഉല്പന്നങ്ങളുടെ സ്ഥിരം വിപണനകേന്ദ്രം സ്ഥാപിക്കണം.

2. അംഗൺവാടികൾക്ക് കീഴിലുള്ള മഹിളാ സമാജങ്ങളെ DWCRA യൂണിറ്റുകൾ തുടങ്ങാൻ പ്രേരിപ്പിക്കുക.

3. ട്രൈസം, ടൂൾ കിറ്റ് പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തി സഹായം നൽകുക.

4. പഞ്ചായത്തിൽ കക്കൂസില്ലാത്തവരുടെ യഥാർത്ഥ കണക്കുകൾ ശേഖരിച്ച് ജനപങ്കാളിത്തത്തോടെ ലഭ്യമാകുന്ന സഹായങ്ങൾ പരമാവധി ഉപയോഗിച്ച് നിർബന്ധിത പരിപാടിയായി 'ഒരു വീടിനൊരു കക്കൂസ്' എന്നത് നടപ്പിലാക്കുക.

5. ദുർബലവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് അനുവദിക്കുന്ന സഹായതുകയുടെ തോത് വർദ്ധിപ്പിക്കുക.

6. പഞ്ചായത്തിൽ അനാഥാലയങ്ങൾ, വൃദ്ധമന്ദിരം, വികലാംഗ സദനം, വികലാംഗതൊഴിൽ പരിശീലന കേന്ദ്രം, മന്ദബുദ്ധികൾക്കുള്ള മന്ദിരം, അബലാമന്ദിരം എന്നിവ ആരംഭിക്കണം. ഇതിന് സന്നദ്ധ സംഘടനകളുടെ സഹായം തേടണം.

7. കർഷകതൊഴിലാളി പെൻഷൻ-ക്ഷേമനിധി, തൊഴിലില്ലായ്മാ വേതനം, തുടങ്ങിയ ക്ഷേമ പദ്ധതികൾക്കായി പഞ്ചായത്തിൽ ഇംപ്ലിമെന്റേഷൻ കമ്മററി രൂപീകരിക്കുക.

8. യുവജനക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻകയ്യെടുക്കാൻ പഞ്ചായത്തിലെ യുവജനസംഘടനകളുടെ യോഗം വിളിച്ചു ചേർത്ത് സന്നദ്ധസേന രൂപീകരിക്കുകയും ഉല്പാദന മേഖലകളുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.

9. നിലവിലുള്ള എല്ലാ ക്ഷേമപദ്ധതികളെപ്പറ്റിയും ബോധവൽക്കരിക്കുന്നതിനും, ആവശ്യമായ നിയമ, സാങ്കേതിക സഹായങ്ങൾ നൽകുന്നതിനും ഒരു മാർഗ്ഗദർശക കേന്ദ്രം (ഗൈഡൻസ് സെന്റർ) സ്ഥാപിക്കുക.

10. റേഷൻ സംവിധാനം പരിശോധിക്കാനും പൊതുവിതരണം ശക്തിപ്പെടുത്താനും ഉതകുന്ന ഒരു ഭക്ഷ്യ ഉപദേശകസമിതി രൂപീകരിക്കുക.

11. ഉപഭോക്തൃ മേഖലയിലെ പ്രശ്നങ്ങൾ ചർച്ചചെയ്യാനും ബോധവൽക്കരണം നടത്താനും ഒരു ഉപഭോക്തൃ സമിതി രൂപികരിക്കുക.

12. 9ാം വാർഡിൽ അംഗൻവാടി സ്ഥാപിക്കണം.

13. പഞ്ചായത്തിൽ അംഗൺവാടികളുടെ എണ്ണം ജനസംഖ്യാ തോതനുസരിച്ച് വർദ്ധിപ്പിക്കുക. അംഗൺവാടികളുടെ കെട്ടിടം, മറ്റു സൗകര്യങ്ങൾ എന്നിവയിൽ പഞ്ചായത്ത് സഹായങ്ങളും മേൽനോട്ടവും ഉണ്ടാക്കുക.

14. ജനപങ്കാളിത്തം വർദ്ധിപ്പിക്കുക.

○○

പട്ടിക 1

## IRDP സഹായലഭ്യതാ കണക്ക്

| | ആകെ എണ്ണം | SC/ST | മറ്റുള്ളവർ | സബ്സിഡി രൂപ | വായ്പ രൂപ | സ്ത്രീകൾ | PH |
|---|---|---|---|---|---|---|---|
| 92-93 | 75 | 48 | 27 | 207330 | 296161 | 40 | - |
| 93-94 | 98 | 84 | 14 | 224877 | 391709 | 50 | 1 |
| 94-95 | 80 | 31 | 49 | 251700 | 610321 | 35 | - |
| 95-96 | 72 | 20 | 52 | 850259 | 286269 | 32 | 1 |
| ആകെ | 325 | 183 | 142 | 1534166 | 1584860 | 157 | 2 |

പട്ടിക 2

## DWCRA

| തുടങ്ങിയ വർഷം | എണ്ണം | യൂനിറ്റ് | വാർഡ് | യൂനിറ്റ് അംഗങ്ങൾ | സബ്സിഡി | വായ്പ |
|---|---|---|---|---|---|---|
| 1991–92 | 1 | പ്രിന്റിംഗ് | 9–10 | 10 | – | – |
| 1992–93 | 1 | ബേക്കറി | 9–10 | 10 | – | – |
| 1995–96 | 1 | തയ്യൽ | 5–6 | 8 | – | – |
| 1995–96 | 1 | ബേക്കറി | 11 | 8 | – | – |
| ആകെ | 4 | – | – | 3.6 | – | – |

പട്ടിക 3

## ട്രൈസം

| | 86–87 | 87–88 | 88–89 | 89–90 | 90–91 | 91–92 | 92–93 | 93–94 | 94–95 | 95–96 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| കാർപെന്ററി | – | – | – | – | 1 | – | – | – | 1 | – | 2 |
| കറിപൗഡർ | 10 | – | – | – | – | – | – | – | – | – | 10 |
| കയർ | 1 | – | – | – | – | – | – | 10 | – | – | 11 |
| ടെയ്‌ലറിംഗ് | – | 2 | – | 3 | – | – | – | – | 3 | 7 | 15 |
| പായ നെയ്ത്ത് | – | – | – | – | – | – | – | 1 | – | – | 1 |
| ബുക്ക് ബൈന്റിംഗ് | 1 | – | – | – | — | – | – | – | – | – | 1 |
| വെൽഡിംഗ് | – | 2 | – | – | – | – | – | – | – | – | 2 |
| ഇലക്ട്രോണിക്സ് | – | 1 | 1 | – | 3 | 2 | 3 | – | – | – | 10 |
| പ്ലംബിംഗ് | – | – | – | – | – | – | – | 1 | – | – | 1 |
| റേഡിയോ–ടിവി റിപ്പേർ | – | 1 | – | – | – | – | – | – | – | 1 | 2 |
| എക്കൗണ്ടൻസി | – | – | 1 | – | – | — | – | – | – | – | 1 |
| വ.യറിംഗ് | – | – | 1 | – | 1 | 1 | – | – | 1 | – | 4 |
| ഷീറ്റ്മെറ്റൽ | – | – | 1 | 2 | – | – | – | – | – | – | 3 |
| റഫ്രിജറേഷൻ–എയർ കണ്ടീഷൻ | – | – | 1 | – | – | – | – | – | – | – | 1 |
| വാച്ച് റിപ്പേർ | – | – | – | 1 | – | – | – | — | – | – | 1 |
| കമ്പ്യൂട്ടർ | – | – | – | 1 | – | – | – | – | – | – | 1 |
| പ്രിന്റിംഗ്–കമ്പോസിംഗ് | – | – | – | – | 9 | 1 | – | 5 | 1 | – | 16 |
| ഡ്രൈവിംഗ് | 1 | – | – | – | – | – | – | – | – | – | 1 |
| ആകെ | 13 | 6 | 5 | 7 | 14 | 4 | 3 | 18 | 6 | 8 | 84 |

പട്ടിക 4

## ടൂൾ കിറ്റ്

| | 92–93 | 93–94 | 94–95 | 95–96 | ആകെ |
|---|---|---|---|---|---|
| മൺപാത്രനിർമ്മാണ ഉപകരണം | 11 | 12 | – | – | 23 |
| കാർപന്ററി ഉപകരണം | 14 | 38 | 7 | 7 | 66 |
| ബ്ലേക്ക് സ്മിത്ത് ഉപകരണം | 3 | 6 | 2 | – | 11 |
| ഗോൾഡ്സ്മിത്ത് ഉപകരണം | – | 3 | 1 | 1 | 5 |
| ബ്രാസ്സ് വെസ്സൽസ് ഉപകരണം (മൂശാരി) | – | – | 1 | 1 | 2 |
| ആകെ | 28 | 59 | 11 | 9 | 107 |

പട്ടിക 5

## പെൻഷനുകൾ (വില്ലേജ് ഓഫീസ്)

| | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | ക്ഷയരോഗി പെൻഷൻ | ആകെ |
|---|---|---|---|---|---|---|
| കുന്ദമംഗലം വില്ലേജ് | – | 348 | 128 | 94 | 30 | 600 |
| കുറ്റിക്കാട്ടൂർ വില്ലേജ് | 4 | 27 | 6 | 8 | 3 | 48 |
| ആകെ | 4 | 375 | 134 | 102 | 33 | 648 |

പട്ടിക 6

## അംഗൺവാടികളുടെ സ്ഥിതിവിവരക്കണക്ക്

| നമ്പർ | വാർഡ് | എണ്ണം | അംഗനവാടി നമ്പർ | കുട്ടികളുടെ എണ്ണം | | | |
|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | എസ്.സി. |
| 1 | 1 | 1 | 96 | 23 | 22 | 45 | 13 |
| 2 | 2 | 1 | 95 | 14 | 16 | 30 | 8 |
| 3 | 3 | 1 | 97 | 29 | 26 | 55 | 7 |
| 4 | 4 | 1 | 99 | 17 | 18 | 35 | 19 |
| 5 | 5 | 1 | 103 | 9 | 11 | 20 | 9 |
| 6 | 6 | 1 | 102 | 31 | 26 | 57 | 10 |
| 7 | 6 | 1 | 104 | 30 | 25 | 55 | 15 |
| 8 | 7 | 1 | 133 | 16 | 24 | 40 | |
| 9 | 8 | 1 | 100 | 17 | 13 | 30 | 6 |
| 10 | 8 | 1 | 105 | 26 | 16 | 42 | 1 |
| 11 | 10 | 1 | 94 | 16 | 12 | 28 | 2 |
| 12 | 11 | 1 | 101 | 17 | 13 | 30 | 6 |
| 13 | 12 | 1 | 92 | 18 | 12 | 30 | – |
| 14 | 12 | 1 | 124 | 27 | 12 | 39 | 3 |
| 15 | 13 | 1 | 93 | 24 | 14 | 38 | 4 |
| 16 | 14 | 1 | 98 | 21 | 18 | 39 | 2 |
| ആകെ | | 16 | | 335 | 278 | 613 | 105 |



# സംസ്ക്കാരം

കിഴക്ക് ചെറുപുഴയും പടിഞ്ഞാറ് പൂനൂർ പുഴയും അതിർത്തിയായ കുന്നുകൾ നിറഞ്ഞ ഈ ഗ്രാമത്തിന് ഉൽകൃഷ്ടമായ ഒരു സാംസ്കാരിക പാരമ്പര്യമുണ്ട്. ടിപ്പുസുൽത്താന്റെ പാദസ്പർശം കൊണ്ട അനുഗ്രഹീതമായ ഈ ഗ്രാമം സ്വാതന്ത്ര്യ സമരത്തിന്റേയും ഉജ്വലമായ ചരിത്രം നെഞ്ചിലേറ്റുന്നു. വിരലിലെണ്ണാവുന്ന ജന്മികളുടെ കയ്യിൽ നിന്നും കൃഷിഭൂമിയുടെ അവകാശം ത്യാഗോജ്ജ്വലമായ പോരാട്ടത്തിലൂടെ നേടിയെടുത്ത് അടിമകൾ ഉടമകളായ കേരളമണ്ണിന്റെ ചരിത്രം ഈ ഗ്രാമത്തിന്റെ കൂടി ചരിത്രമാണ്.

ബ്രിട്ടീഷ് സാമ്രാജ്യത്ത വാഴ്ചക്കെതിരെ നമ്മുടെ രാജ്യത്തങ്ങോളമിങ്ങോളം ചീറിയടിച്ച സമര കൊടുങ്കാറ്റ് ഈ ഗ്രാമത്തേയും കർമ്മോന്മുഖമാക്കിയിട്ടുണ്ട്. അതിന് നേതൃത്വം നൽകി നമ്മുടെ സാംസ്കാരിക ചരിത്രത്തേയും പാരമ്പര്യത്തേയും ധന്യമാക്കിയ മൺമറഞ്ഞു പോയവരും ജീവിച്ചിരിക്കുന്നവരുമായ മഹാരഥന്മാരെ അനുസ്മരിക്കാതെ സാംസ്കാരിക അവലോകനം പൂർത്തിയാകുകയില്ല. അവരുടെ വീരേതിഹാസങ്ങൾ നമ്മുടെ ഗ്രാമത്തേയും ഗ്രാമീണരേയും ഇന്നും കർമ്മോന്മുഖമാക്കുന്നുണ്ട്.

മാക്കൂട്ടം, പടനിലം, കളരിക്കണ്ടി, പോത്താല, ചാത്തൻകാവ്, പൊയ്യയിൽ, ചൂലാംവയൽ, കാരന്തൂർ, ആനപ്പാറ, പൈങ്ങോട്ടുപുറം, കുന്ദമംഗലം തുടങ്ങിയ ഇവിടുത്തെ സ്ഥലനാമവുമായി ബന്ധപ്പെട്ട് കിടക്കുന്ന കാര്യങ്ങൾ പഠനവിധേയമാക്കുമ്പോൾ പോരാട്ടം, ജന്മികുടിയാൻ ബന്ധം, ഭൂമിശാസ്ത്രം തുടങ്ങിയ പലതും അതിൽ കണ്ടെത്താൻ ആകും.

ആഘോഷവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ പല നാടൻ കലാകായിക വിനോദങ്ങളും പണ്ടുകാലം മുതലേ ഇവിടെ പ്രചാരത്തിൽ ഉണ്ടായിരുന്നു. കാവടിയാട്ടം, കോൽക്കളി, തിറ, നാട്ടിപ്പാട്ട്, ദഫ്മുട്ട്, വട്ടക്കളി, നരികളി, പരിചകളി, തലപ്പന്ത് കളി, കുട്ടിയും കോലും തുടങ്ങി അതിന്റെ ലിസ്റ്റ് നീണ്ട് കിടക്കുന്നു. ക്ഷയിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത കലാകായിക വിനോദങ്ങളുടെ നിലനില്പ് ഒരു പ്രശ്നമായി നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

വർത്തമാനത്തിൽ നിന്ന് ഭൂതത്തിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ നമ്മുടെ സാംസ്കാരിക രംഗത്തെ സമ്പന്നമാക്കിയ സാംസ്കാരിക സ്ഥാപനങ്ങളുടെ കൂട്ടത്തിൽ പ്രഥമഗണനീയം സ്കൂളുകളാണ്. സ്വാതന്ത്ര്യത്തിന് മുമ്പ്തന്നെ ഇവിടെ പത്തിലധികം പ്രൈമറി വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. പെരുവഴിക്കടവ് A.L.P.സ്കൂൾ, കൊളായി A.L.P.സ്കൂൾ, കളരിക്കണ്ടി A.L.P. സ്കൂൾ, കുന്ദമഗലം ഈസ്റ്റ് A.U.P.S എന്നിവയാണ് ഏറ്റവും ആദ്യമുണ്ടായ സ്കൂളുകൾ. കുന്ദമഗലം ഹൈസ്കൂൾ 1951 ൽ സ്ഥാപിതമാകുമ്പോൾ കോഴിക്കോടിന്റേയും കൽപ്പറ്റയുടേയും ഇടയിലെ ഏക സെക്കന്ററി വിദ്യാലയം അതായിരുന്നു.

ഇന്ന് പ്രീ പ്രൈമറി വിഭാഗത്തിൽ അംഗൻവാടികൾ ഉൾപ്പെടെ 19 ഉം പ്രൈമറി വിഭാഗത്തിൽ 12ഉം ഹൈസ്കൂൾ വിഭാഗത്തിൽ 2 ഉം സ്കൂളു

കൾ ഉണ്ട്. ഉപരി പഠനത്തിന് സർക്കാർ കോളേജുകൾ ഇല്ലെങ്കിലും പാരലൽ സംവിധാനമുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒന്നിലധികമുണ്ട്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട അനൗപചാരിക വിദ്യാഭ്യാസ ഏജൻസികളാണ് ഗ്രന്ഥാലയങ്ങളും വായനശാലകളും. സ്വാതന്ത്ര്യ പൊൻപുലരിക്ക് മുമ്പ് തന്നെ സ്ഥാപിതമായ കാരന്തൂർ സാംസ്കാര പ്രദായനി വായനശാലയും (1930) കുന്ദമഗലം പഞ്ചായത്ത് ലൈബ്രറിയും (1938) ഇന്നും നിലനിൽക്കുന്നു. 1955 ൽസ്ഥാപിതമായ പിലശ്ശേരി ഗ്രാമോദയ വായനശാലക്കാണ് ആദ്യമായി ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരം ലഭിച്ചത്. ഇന്ന് ഏറ്റവുമധികം ഗ്രന്ഥങ്ങൾ ഉള്ളതും ഇവിടെയാണ്. ഗ്രാമസേവിനി വായനശാല പൈങ്ങോട്ടുപുറം(1952), നവോദയ വായനശാല കാരന്തൂർ (1957), നവോദയ വായനശാല കളരിക്കണ്ടി (1968), കൾച്ചറൽ ലൈബ്രറി പടനിലം (1971) തുടങ്ങിയ വായനശാലകൾക്ക് കാൽ നൂറ്റാണ്ടിന്റെ ചരിത്രമുണ്ട്.

പഞ്ചായത്ത് ഗ്രന്ഥശാല ഉൾപ്പെടെ ഇന്ന് ഗ്രാമത്തിൽ 11 വായനശാലകളുള്ള ഗ്രന്ഥശാലകളും ഒരു വായനശാല മാത്രമായും ഉണ്ട്. വായനശാലയുടെ ധർമ്മം നിർവ്വഹിക്കുന്ന 3 സാംസ്കാരിക സംഘടനകളുണ്ട്. ഗ്രന്ഥശാലകളിൽ 2174 മെമ്പർമാരും 29,304 പുസ്തകങ്ങളും ഉണ്ട്. 12 വായനശാലകളിൽ നിന്നായി പ്രതിദിനം ശരാശരി 1400 ൽ അധികം ആളുകൾ പത്രമുൾപ്പെടെയുള്ള വാർത്താമാധ്യമങ്ങൾ ഉപയോഗപ്പെടുത്തുന്നു. ഗ്രന്ഥാലയങ്ങളിൽ വായനക്കാർ പെതുവേ കുറവാണെങ്കിലും വായിക്കുന്നവർ വിജ്ഞാനപ്രദമായ പുസ്തകങ്ങൾ ഉപയോഗപ്പെടുത്തുന്നു എന്നാണ് സർവ്വെയിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്.

സാംസ്കാരിക നവോത്ഥാനത്തിന് വഴിയെരുക്കുന്ന പ്രസ്ഥനങ്ങളാണല്ലോ സാംസ്കാരിക സംഘടനകൾ. അവയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ നിരാശാജനകമാണെന്ന് പറയാതിരിക്കാൻ വയ്യ. ആകെയുള്ള ചെറുതും വലുതുമായ 40 ഓളം സാംസ്കാരിക സംഘടനകളിൽ ഭൂരിഭാഗവും നിശ്ചലമോ സുഷുപ്തിയിലോ ആണ്. 1930 ൽ കേളപ്പജിയുടെ അനുഗ്രഹാശിസ്സുകളോടെ കാരന്തൂരിൽ ആരംഭിച്ച ഗ്രന്ഥശാലാ പ്രവർത്തനമാണ് ഈ ഗ്രാമത്തിലെ ആദ്യത്തെ കൂട്ടായ്മ. എം. കൃഷ്ണൻകുട്ടി നായരുടെ പരിശ്രമത്തിൽ 1972 ൽ സ്ഥാപിതമായ നവീന കലാ സാംസ്കാരിക സംഘടന ഇന്നും നിലനിൽക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക സംഘടനകളിലായി ആകെ 2500-ൽ അധികം അംഗങ്ങൾ ഉണ്ട്.

അക്ഷരവെളിച്ചമില്ലാതെ ഇരുട്ടിൽ ഉഴറി നടന്ന അനേകായിരങ്ങൾക്ക് അറിവിന്റെ വെളിച്ചവുമായി കടന്ന് വന്ന സമ്പൂർണ്ണ സാക്ഷരതായജ്ഞം (1989) ഏറ്റവും സജീവമായി ഗ്രാമത്തിൽ നടന്നിട്ടുണ്ട്. 1974-75 കാലഘട്ടത്തിൽ തന്നെ പിലശ്ശേരി ഗ്രാമോദയ വായനശാലയും ചെത്തുകടവ്, പൈങ്ങോട്ടുപുറം പ്രദേശത്തെ സന്നദ്ധ പ്രവർത്തകരും സാക്ഷരതാപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തുടർവിദ്യാഭ്യാസത്തിന്റെ ഏജൻസികളായി മാറേണ്ട അക്ഷര സംഘങ്ങളും, ജനവിദ്യാ കേന്ദ്രങ്ങളും നിശ്ചലമായത് നവസാക്ഷരരേയും സാക്ഷരതാ പ്രവർത്തകരേയും ഉൽക്കണ്ഠാകുലരാക്കുന്നു. പിലാശ്ശേരിയിലും കുന്ദമംഗലത്തും സ്ഥാപിതമായ 2 ജനവിദ്യാകേന്ദ്രങ്ങളും ഇന്ന് പ്രവർത്തിക്കുന്നില്ല.

സന്നദ്ധ പ്രവർത്തനമായി കോളറക്കാലത്ത് (1942-43) സ്കോഡുകൾ പ്രവർത്തിച്ചതും, കൂട്ടായ്മയിലൂടെ പിലാശ്ശേരി-എടത്തിൽകടവ് റോഡ് നിർമ്മിച്ചതുമായ അനുഭവങ്ങളും നമുക്കുണ്ട്.

ഈഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗം ഹിന്ദുമത വിശ്വാസികളാണ്. ഇസ്ലാം മത വിശ്വാസികൾ തൊട്ടടുത്ത് തന്നെ വരുന്നു. നാമമാത്രമെങ്കിലും ക്രിസ്ത്യാനികളുമുണ്ട്. അവരവരുടെ മത വിശ്വാസത്തിന്റെ പ്രതീകമായി 15ൽ അധികം നിത്യപൂജ നടക്കുന്ന ക്ഷേത്രങ്ങളും 25 ലധികം മുസ്ലിം ദേവാലയങ്ങളും ഒരു ക്രിസ്ത്യൻ പള്ളിയും ഇവിടെയുണ്ട്. ഉൽസവങ്ങൾ നടക്കുന്ന 25 ൽ അധികം കാവുകളും നമുക്കുണ്ട്. ചില കാവുകളിലെങ്കിലും സ്ഥിരമായി ഉത്സവങ്ങൾ നടക്കുന്നില്ല. ഈ കാറുകൾ എല്ലാം തന്നെ പരിസ്ഥിതി സംരക്ഷണം നടത്തുന്നവയാണ്.

ജനസംഖ്യയിൽ 10 1/4 % പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ഇവരിൽ ഭൂരിഭാഗവും കോളനികളിലാണ് താമസം. മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ ജനവിഭാഗങ്ങൾ പിലാശ്ശേരി, ചെത്തുകടവ്, ചാത്തൻകാവ്, തെക്കയിൽ എന്നിവിടങ്ങളിൽ ഉണ്ട്. പഞ്ചായത്തിലെ കല്ലറകോളനി, കോരങ്കണ്ടി കോളനി എന്നിവടങ്ങളിൽ കൈനോട്ടം തൊഴിലാക്കിയ വരുമുണ്ട്. 12ാം വാർഡിൽ ധാരാളം തമിഴ് നാടോടികൾ കൂട്ടത്തോടെ താമസിക്കുന്നു.

വിവിധ ജാതി,മത വിഭാഗങ്ങൾ ഇടകലർന്ന് താമസിക്കുന്ന ഈ ഗ്രാമത്തിൽ അവർക്കിടയിലെ സൗഹാർദ്ധം എടുത്ത് പറയത്തക്കതാണ്.

മതവിശ്വാസവുമായി ബന്ധപ്പെട്ട ആഘോഷങ്ങളായ ശിവരാത്രി, പെരുന്നാളുകൾ, വെള്ളാട്ട്, നാഗപ്പാട്ട്, ക്രിസ്തുമസ്, നബിദിനം, ശ്രീ

കൃഷ്ണജയന്തി, രാമായണമാസാചാരണം, റംസാൻ, തിറ, തിരുവാതിര, ഓണം, വിഷു തുടങ്ങിയ ആഘോഷങ്ങൾ വിവിധ ജനവിഭാഗങ്ങൾ ഏറ്റവും സമുചിതമായി ആഘോഷിക്കുന്നു.

ആചാരങ്ങളുടെ ഗണത്തിലേക്ക് ചില ദുരാചാരങ്ങൾ കടന്ന് വന്നത് സാംസ്ക്കാരിക രംഗത്തെ ക്ഷീണിപ്പിച്ചിട്ടുണ്ട്. ദുർമന്ത്രവാദം, സ്ത്രീധന സമ്പ്രദായം, വിവാഹധൂർത്ത്, വിവാഹവുമായി ബന്ധപ്പെട്ട മറ്റ് ആർഭാടങ്ങൾ തുടങ്ങിയവ നിയന്ത്രിക്കേണ്ടതുണ്ട്. ചിലരുടേയെങ്കിലും ഉള്ളിന്റെ ഉള്ളിൽ അയിത്ത ചിന്താഗതി ഇനിയും അവശേഷിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കലാസാഹിത്യ രംഗത്ത് എടുത്ത് പറയത്തക്ക പ്രവർത്തനങ്ങൾ നടത്തിയ വ്യക്തികളും സ്ഥാപനങ്ങളും ഈ ഗ്രാമത്തിൽ ഉണ്ട്. ഉപകരണ സംഗീതം, നാടൻകലകൾ, നാടകം, സിനിമ, ടെലിഫിലിം, ബാലസാഹിത്യം, പത്രപ്രവർത്തനം തുടങ്ങിയ രംഗങ്ങളിൽ തനതായ വ്യക്തി മുദ്ര പതപ്പിച്ച അവരുടെ ഗണത്തിലേക്ക് ഇനിയും വക്തികളും സ്ഥാപനങ്ങളും ഉയർന്ന് വരേണ്ടിയിരിക്കുന്നു.

വാർത്താമാധ്യമങ്ങളെ അവലേകനം ചെയ്യുമ്പോൾ ആദ്യമായി വിശകലനം ചെയ്യേണ്ടത് പത്രങ്ങളെയാണ്. സ്വാതന്ത്ര്യ പ്രസ്ഥാന കാലത്ത് തന്നെ മാതൃഭൂമി പത്രം ഈ ഗ്രാമത്തിൽ പ്രചാരം നേടിയിരുന്നു. ഇന്നും പ്രചരണത്തിൽ മുമ്പിൽ നിൽക്കുന്നത് മാതൃഭൂമി തന്നെ. പുരുഷന്മാരിൽ 95% പത്രം വായിക്കുമ്പോൾ സ്ത്രീകളിൽ അത് 25% ൽ താഴെ മാത്രമാണ്. പഞ്ചായത്തിൽ ദിനം പ്രതി ആകം 1638 പത്രം ചെലവാകുന്നുണ്ടെന്ന് ന്യൂസ് ഏജൻസികളിൽ നിന്നും അറിയാൻ കഴിഞ്ഞു. [illegible]

[illegible] റേഡിയോ ഉണ്ട്. 20% ഓളം വീടുകളിലെ ടെലിവിഷൻ ഉള്ളുവെങ്കിലും 50% ൽ അധികം ജനങ്ങൾ ടി.വി. കാണുന്നു. വ്യത്യസ്ത ചാനൽ പരിപാടികൾ ആസ്വദിക്കാവുന്ന 75 അധികം കേബിൾ ടി.വി. കണക്ഷൻ ഈ പഞ്ചായത്തിൽ ഉണ്ട്. 2 സിനിമാശാലകളിൽ നിന്നായി ദിനം പ്രതി ശരാശരി 600 ഓളം ആളുകൾ സിനിമ കാണുന്നു.

സ്വാതന്ത്ര്യത്തിന് മുമ്പ് ഈ പഞ്ചായത്തിലെ പ്രബല രാഷ്ട്രീയകക്ഷി ഇന്ത്യൻ നാഷനൽ കോൺഗ്രസ് ആയിരുന്നു. ഇന്ന് ആ കക്ഷി കൂടാതെ കേരളത്തിൽ ഉള്ള മിക്കാവറും എല്ലാ രാഷ്ട്രീയ കക്ഷികളും ഈ പഞ്ചായത്തിൽ ഉണ്ട്. അവയുടെ യുവജന-മഹിളാവിഭാഗവും പ്രവർത്തന രംഗത്തുണ്ട്.

പഞ്ചായത്തിൽ ആകെയുള്ള 24 മഹിളാ സമാജങ്ങളിൽ മിക്കവാറും പ്രവർത്തനക്ഷമമല്ല. ചിലതെങ്കിലും സൊസൈറ്റി ആയി രജിസ്റ്റർ ചെയ്തു ചില വ്യവസായ യൂനിറ്റികൾ നടത്തുന്നുണ്ട്. എന്തൊക്കെയായാലും കേരളത്തിലെ പൊതു സ്ഥിതിക്ക് അനുസരിച്ച് അവർ ഇന്നും മുഖ്യധാരയിൽ എത്തിയിട്ടില്ല.

സാംസക്കാരിക രംഗത്തെ ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ചില സ്ഥാപനങ്ങൾക്കും കോളനികൾക്കും അനുവദിച്ച ടി.വി. റേഡിയോ, പത്രങ്ങൾ, മറ്റു പ്രസിദ്ധീകരണങ്ങൾ എന്നിവയും കേരളോത്സവം പോലെയുള്ള മത്സരപരിപാടികളും കടന്ന വരുന്നു.

പഞ്ചായത്ത് സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് അനുവദിച്ച വാർത്താ വിനിമയ മാധ്യമങ്ങൾ

| ക്രമം | മാധ്യമം | എണ്ണം |
|---|---|---|
| 1 | ടെലിവിഷൻ | 7 |
| 2 | റേഡിയോ | 10 |
| 3 | പത്രം, മറ്റ് പ്രസിദ്ധീകരണങ്ങൾ | 19 |

1995-96 കാലഘട്ടത്തിൽ സാംസ്ക്കാരിക രംഗത്ത് ഗ്രാമപഞ്ചായത്ത് 38507 രൂപ ചെലവാക്കിയിട്ടുണ്ട്. ഇത് ആ വർഷത്തെ ആകെ ചെലവിന്റെ 1.5% ന് അടുത്ത് മാത്രമാണ്.

## പഞ്ചായത്ത് ലൈബ്രറി

1938-ൽ അന്നത്തെ സബ് മജിസ്ട്രേറ്റ് കുടിയായ തഹസിൽദാർ നാരായണൻ നമ്പ്യാരുടെ പരിശ്രമഫലമായാണ് ഈ വായനശാല ആരംഭിച്ചത്. ഇന്നത്തെ സാംസ്കാരിക നിലയം ഉള്ള സ്ഥലത്തായിരുന്നു അതിന്റെ കെട്ടിടവും പ്രവർത്തനവും. പിന്നീട് അത് LLA ഏറ്റെടുത്തു. പ്രവർത്തനം നിശ്ചലമായതിനെ തുടർന്ന് ആദ്യത്തെ പഞ്ചായത്ത് ബോർഡ് വായനശാല ഏറ്റെടുത്തു. നീണ്ട ഒരു കാലം പിന്നീട് നിശ്ചലമാകുകയും ഇപ്പോൾ അത് പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ അനേകം പരാധീനതകളോടെ പ്രവർത്തനം തുടരുകയും ചെയ്യുന്നു.

അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉയർന്ന് വന്നിട്ടുണ്ട്.

1. ഗ്രന്ഥാലയം ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്യുകയും അതിന്റെ പ്രവർത്തനം ജനകീയ സമിതിയെ ഏൽപ്പിക്കുകയും ചെയ്യുക. അങ്ങനെയായ്ൽ താലൂക്ക് തല ഗ്രന്ഥാലയമായി ഉയർത്തപ്പെടാനുള്ള സാധ്യതയുണ്ട്.

2. പഞ്ചായത്തിലെ സാംസ്ക്കാരിക പ്രവർത്തനത്തിന്റെ സിരാകേന്ദ്രമായി ഗ്രന്ഥശാല പ്രവർത്തിക്കണം.

3. ഗ്രന്ഥാലയത്തോട് ചേർന്ന് ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കണം.

4. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങളുടേയും ഗ്രന്ഥാലയത്തിന്റെയും പ്രവർത്തന സമയം ദീർഘിപ്പിക്കണം.

5. വായനശാലയുടെ പ്രവർത്തനം രാവിലെ 8മണിമുതൽ ആരംഭിക്കണം.

6. സർക്കാർ ഗസറ്റ് പോലുള്ള പ്രസിദ്ധീകരണങ്ങൾ പൊതുജനങ്ങൾക്ക് റഫറൻസിന് ലഭിക്കണം.

ഇന്ന് സാംസ്ക്കാരിക രംഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. ഒരു പൊതു സാംസ്ക്കാരിക നയത്തിന്റെ അഭാവം

2. സാംസ്ക്കാരിക സംഘടനകളുടേയും ക്ലബ്ബുകളുടേയും നിശ്ചലാവസ്ഥ

3. വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള സന്നദ്ധത ഗ്രന്ഥാലയങ്ങൾക്കും മറ്റ് സന്നദ്ധ സംഘടനകൾക്കും ഇല്ല.

4. യുവ തലമുറയുടെ വായനാശീലത്തിലെ അപചയം.

5. ടെലിവിഷൻ പരിപാടികളുടെ നിലവാരത്തകർച്ച

6. വിവാഹ ചടങ്ങുകളുമായി ബന്ധപ്പെട്ട ധൂർത്ത്, സ്ത്രീധന സമ്പ്രദായം മറ്റ് ആർഭാടങ്ങൾ

7. അശ്ലീല സിനിമകളുടെ അതിപ്രസരം

8. നാടൻ കലകൾക്ക് വേണ്ടത്ര പ്രോത്സാഹനമില്ല.

9. പൊതു സ്റ്റേജിന്റെയും, കമ്മ്യൂണിറ്റി ഹാളിന്റെയും അഭാവം.

10 പതിമംഗലം, കുരിക്കത്തൂർ, ചാത്തൻകാവ് ഭാഗങ്ങളിൽ ഗ്രന്ഥാലയങ്ങളോ വായനശാലകളോ ഇല്ല.

11. സ്ത്രീകളുടെ ഇടയിൽ വായന വളരെ കുറവാണ്.

12. ഔദ്യോഗിക കലാ മത്സരങ്ങളിൽ വേണ്ടത്ര പങ്കാളിത്തമില്ല.

13. പാഠ്യേതര വിഷയങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനമില്ലാത്ത സ്ക്കൂൾ പഠന സമ്പ്രദായം

14. സാംസ്ക്കാരിക സംഘടനകളിലും മറ്റും സ്ത്രീകളുടെ പങ്കാളിത്തക്കുറവ്.

15. ഗ്രന്ഥാലയങ്ങളിലും മറ്റും ഫർണ്ണീച്ചറുകൾ, പ്രസിദ്ധീകരണങ്ങൾ ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ എന്നിവ കുറവാണ്.

16. സാമൂഹിക- സാംസ്ക്കാരിക രംഗത്തെ പ്രശ്നങ്ങളെപറ്റിയുള്ള ബോധവൽക്കരണത്തിന്റെ അഭാവം.

17. വ്യാജവാറ്റ്, മയക്കുമരുന്ന് വില്പന തുടങ്ങിയ പ്രശ്നങ്ങൾ

മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാരമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ വിവിധ ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്നിട്ടുണ്ട്.

1. പഞ്ചായത്തിന് പൊതുവായ ഒരു സാംസ്ക്കാരിക നയം രൂപീകരിക്കുകയും സാംസ്ക്കാരിക സംഘടനകൾ, വായനശാലകൾ, ഗ്രന്ഥാലയങ്ങൾ എന്നിവ പഞ്ചായത്ത്തലത്തിൽ റജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

2. ഗ്രന്ഥാലയങ്ങൾക്ക് കൂടുതൽ പ്രസിദ്ധീകരണങ്ങളും ഫർണ്ണീച്ചറുകളും നൽകുകയും അവ കേന്ദ്രമാക്കി പൊതു പ്രശ്നങ്ങളിൽ ചർച്ചാക്ലാസ്സുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

3. ഗ്രന്ഥാലയങ്ങളിലേയും വായനശാലകളിലേയും ദൃശ്യ-ശ്രാവ്യ ഉപകരണങ്ങളുടെ പോരായ്മ പരിഹരിക്കണം.

4. പരമാവധി വാർഡുകളെ കേന്ദ്രീകരിച്ച് വ്യക്തികളുടെ സ്മാരകമായോ പഞ്ചായത്തിന്റെ ചെലവിലോ സാംസ്ക്കാരിക നിലയങ്ങൾ പണിയുകയും അവ അതാത്പ്രദേശത്തിന്റെ സാംസ്ക്കാരിക കേന്ദ്രങ്ങളായി തീരുകയും വേണം.

5. സ്വന്തമായി കെട്ടിടമില്ലാത്ത കൾച്ചറൽ ലൈബ്രറി, ജനവേദി വായനശാല എന്നിവയ്ക്ക് കെട്ടിടം പണിയുകയും, ഗ്രാമസേവിനി വായനാലയുടെ കെട്ടിടം പുതുക്കിപണിയുകയും വേണം.

6. വ്യാജവാറ്റ്, മയക്കുമരുന്ന് വില്പന എന്നിവ തടയാനുള്ള സംവിധാനം ഉണ്ടാക്കണം.

7. ടി.വി. പരിപാടികളുടെ ഗുണനിലവാരം ഉയർത്താനും അശ്ലീല സിനിമകളുടെ വ്യപനം തടയാനുമുള്ള നടപടികൾ ഉണ്ടാകണം.

8. പഞ്ചായത്തിലെ പൊതു സ്റ്റേജ് പുതുക്കി പണിയുകയും അനുയോജ്യമായ സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി ഹാൾ പണിയുകയും വേണം.

9. അംഗൻവാടികളോട് ചേർന്ന് ഓരോ മിനി ഗ്രന്ഥശാലകൾ സ്ഥാപിച്ച് സ്ത്രീകളുടേയും കുട്ടികളുടേയും വായനാശീലം വളർത്താം.

10. ഹോം ലൈബ്രറി സമ്പ്രദായം ഉണ്ടാകണം.

11. ചൂലാം വയൽ, പതിമംഗലം, പൊയ്യ്, വെസ്റ്റ് പിലാശ്ശേരി, തെക്കയിൽ 4 സെന്റ് കോളനി,

വേളൂർ ഭാഗം, കരിക്കത്തൂർ, ചാത്തൻകാവ്, പെരുവഴിക്കടവ്, വരട്ട്യാക്ക് എന്നിവടങ്ങളിൽ ഗ്രന്ഥാലയങ്ങളോ, വായനശാലകളോ സ്ഥാപിക്കണം.

12. റജിസ്ട്രേഷൻ ഉള്ള സാംസ്ക്കാരിക സംഘടനകൾക്ക് ഫർണ്ണീച്ചർ, ഉപകരണങ്ങൾ എന്നിവയ്ക്ക് ഗ്രാൻഡ് നൽകുകയും അവയെ പ്രവർത്തനക്ഷമമാക്കുകയും വേണം.

13. വിവാഹചടങ്ങുകളിലെ ധൂർത്ത്, സ്ത്രീധന സമ്പ്രദായം, മറ്റ് ആർഭാടങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഉണ്ടാകണം.

14. കേരളോത്സവം വാർഡ്തലം മുതൽ സംഘടിപ്പിച്ച് പഞ്ചായത്ത്തലത്തിൽ പ്രാതിനിധ്യം ഉയർത്തണം.

15. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുകയും കലാകാരന്മാരെ സഹായിക്കുകയും ചെയ്യണം.

16. മുതിർന്ന കലാകാരന്മാരേയും സാഹിത്യകാരന്മാരേയും പഞ്ചായത്ത് തലത്തിൽ ആദരിക്കണം.

17. ഫിലിം സൊസൈറ്റി, വീഡിയോ ക്ലബ്ബ് എന്നിവ ഉണ്ടാക്കണം.

18. കലാ സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൽ ഉണ്ടാതകണം.

19. സ്ക്കൂളുകളിൽ പാഠ്യേതര വിഷയങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം ഉണ്ടാകണം.



## ഗ്രന്ഥാലയങ്ങളെ സംബന്ധിച്ച വിവരങ്ങൾ

പട്ടിക 1

| ക്രമം | ഗ്രന്ഥാലയത്തിന്റെ പേര് | സ്ഥാപിതമായ വർഷം | ഗ്രേഡ് | ഗ്രന്ഥശാലാ സംഘം രജിസ്ട്രേഷൻ | അംഗങ്ങളുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ ശരാശരി പുസ്തക വിതരണം | വായനശാലയിലെ പ്രതിദിന ശരാശരി വായനക്കാർ | സർക്കാർ സഹായം | ഗ്രാമപഞ്ചായത്ത് സഹായം |
|---|---|---|---|---|---|---|---|---|---|---|
| 1 | സംസ്ക്കാര പ്രദായനി വായനശാല കാരന്തൂർ | 1930 | സി | ✔ | 204 | 4963 | 450 | 100 | ഉണ്ട് | ഉണ്ട് |
| 2 | പഞ്ചായത്ത് ലൈബ്രറി കുന്ദമംഗലം | 1938 | - | - | 512 | 2341 | 450 | 100 | ഇല്ല | ഉണ്ട് |
| 3 | ഗ്രാമസേവിനി വായനശാല പൈങ്ങോട്ടുപുറം | 1952 | ഡി | ✔ | 76 | 2310 | 225 | 50 | ഉണ്ട് | ഉണ്ട് |
| 4 | ഗ്രാമോദയ വായനശാല, പിലാശ്ശേരി | 1955 | ബി | ✔ | 434 | 5592 | 800 | 350 | ഉണ്ട് | ഉണ്ട് |
| 5 | നവോദയ വായനശാല, കാരന്തൂർ | 1957 | സി | ✔ | 128 | 2942 | 450 | 100 | ഉണ്ട് | ഉണ്ട് |
| 6 | നവോദയ വായനശാല, കളരിക്കണ്ടി | 1968 | സി | ✔ | 119 | 3277 | 630 | 145 | ഉണ്ട് | ഉണ്ട് |
| 7 | കൾച്ചറൽ ലൈബ്രറി, പടനിലം | 1971 | സി | ✔ | 212 | 2150 | 340 | 100 | ഉണ്ട് | ഉണ്ട് |
| 8 | പൊതുജനവായനശാല, ചെത്തുകടവ് | 1977 | ഡി | ✔ | 137 | 2371 | 350 | 200 | ഉണ്ട് | ഉണ്ട് |
| 9 | വിദ്യാദായനി വായനശാല. പൈങ്ങോട്ടു പുറം | 1982 | - | - | 162 | 865 | 350 | 100 | ഇല്ല | ഉണ്ട് |
| 10 | ജനവേദി വായനശാല, പന്തീർപാടം | 1982 | - | ✔ | 40 | 908 | 300 | 60 | ഇല്ല | ഉണ്ട് |
| 11 | വടക്കും തല ഗ്രാമീണ വായനശാല, കാരന്തൂർ | 1987 | - | - | 150 | 1585 | 300 | 100 | ഇല്ല | ഉണ്ട് |
| | ആകെ | | | | 2174 | 29304 | 4645 | 1405 | | |

പട്ടിക 2

## ഗ്രന്ഥാലയങ്ങളെ സംബന്ധിച്ച മറ്റ് വിവരങ്ങൾ

| | | ഭൗതിക സാഹചര്യം | | | | | പ്രസിദ്ധീകരണങ്ങൾ എണ്ണം | | | | അനുബന്ധ ഘടകങ്ങൾ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമം | പേര് | കെട്ടിടം | സൗകര്യം | ഫർണിച്ചർ | ടി.വി | റേഡിയോ | പത്രം | വാരിക | മാസിക | മറ്റ് പ്രസിദ്ധീകരണങ്ങൾ | ആർട്സ് & സ്പോർട്സ് | ബാലവിഭാഗം | വനിതാവിഭാഗം | നവസാക്ഷര കോർണർ | മറ്റുള്ളവ |
| 1 | സംസ്ക്കാര പ്രദായനി വായനശാല, കാരന്തൂർ | സ്വന്തം | B | C | ✔ | ✔ | 5 | 3 | 3 | 1 | – | – | – | – | – |
| 2 | പഞ്ചായത്ത് ലൈബ്രറി, കുന്ദമംഗലം | സ്വന്തം | A | B | ✔ | – | 10 | 5 | 1 | – | – | – | – | – | – |
| 3 | ഗ്രാമസേവിനി വായനശാല, പൈങ്ങോട്ടു പുറം | സ്വന്തം | C | C | - | ✔ | 4 | 4 | 3 | 1 | ✔ | - | - | ✔ | കാർഷിക കോർണർ |
| 4 | ഗ്രാമോദയ വായനശാല പിലാശ്ശേരി | സ്വന്തം | B | C | ✔ | - | 4 | 8 | 15 | 6 | ✔ | ✔ | ✔ | ✔ | കൃഷി പുസ്തക കോർണർ |
| 5 | നവോദയ വായനശാല, കാരന്തൂർ | സ്വന്തം | C | C | - | ✔ | 3 | 5 | 1 | - | - | - | - | ✔ | - |
| 6 | നവോദയ വായനശാല, കളരിക്കണ്ടി | സ്വന്തം | B | C | ✔ | - | 4 | 3 | 3 | 2 | ✔ | - | - | - | സാഹിത്യ സമാജം |
| 7 | കൾച്ചറൽ ലൈബ്രറി, പടനിലം | വാടക | C | C | - | ✔ | 7 | 4 | 2 | 2 | ✔ | ✔ | - | ✔ | ഇംഗ്ലീഷ് ക്ലബ് |
| 8 | പൊതുജന വായനശാല, ചെത്തുകടവ് | സ്വന്തം | B | C | ✔ | ✔ | 4 | 9 | 7 | 1 | ✔ | ✔ | - | - | കാർഷിക കോർണർ |
| 9 | വിദ്യാദായനി വായനശാല, പൈങ്ങോട്ടുപുറം | സ്വന്തം | B | C | - | ✔ | 3 | 3 | 1 | - | ✔ | ✔ | ✔ | ✔ | - |
| 10 | ജനവേദി വായനശാല പന്തീർപ്പാടം | വാടക | C | C | - | ✔ | 1 | 1 | - | - | ✔ | - | - | - | - |
| 11 | വടക്കും തല ഗ്രാമീണ വായനശാല, കാരന്തൂർ | സ്വന്തം | B | C | - | - | 5 | 3 | 2 | - | - | - | - | - | - |

ഭൗതിക സാഹചര്യത്തിൽ സൗകര്യം, ഫർണ്ണിച്ചർ എന്നിവ വിലയിരുത്തുന്നത്.

A : വേണ്ടത്രയുണ്ട്
B : ശരാശരി
C : പരിമിതം
D : മോശം



# കായികം

കായികരംഗത്ത് നിർണ്ണായകമല്ലെങ്കിലും ചെറുതല്ലാത്ത ഒരു സ്ഥാനം ഈ പഞ്ചായത്തിനുണ്ട്. സ്വാതന്ത്ര്യസമരത്തിന് മുമ്പ് തന്നെ മലബാർ വോളീബോൾ ടീമിൽ കളിച്ചിരുന്ന പ്രഗൽഭരായ പല കായികതാരങ്ങളേയും സംഭാവന ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആയോധന കലയുടെ ഈറ്റില്ലമായിരുന്നു കാരന്തൂരും കളരിക്കണ്ടിയും.

വർത്തമാന കാലത്തിലെത്തുമ്പോൾ കായിക പ്രവർത്തനങ്ങൾ വേണ്ടത്ര സജീവമല്ലെന്ന് പറയേണ്ടിയിരിക്കുന്നു. സ്പോർട്സ് ക്ലബ്ബുകൾ ധാരാളമുണ്ടെങ്കിലും അവയിൽ പലതും നിർജ്ജീവമാണ്. കാരന്തൂർ പാറ്റേൺ സ്പോർട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ എടുത്ത് പറയത്തക്കതാണ്. വോളീബോളിൽ പുരുഷ വനിതാ വിഭാഗത്തിൽ പുത്തൻ കായിക താരങ്ങൾ വളർന്നു വരുന്നു.

പഞ്ചായത്തിൽ മൈതാനങ്ങൾ തീരെ ഇല്ല. 100 മീ. ട്രാക്ക് വരക്കാവുന്ന ഒരു ഗ്രൗണ്ട് പോലും നമുക്കില്ല. കേരളോത്സവം പോലുള്ള മത്സരപരിപാടികൾക്ക് മറ്റ് പഞ്ചായത്തുകളെ ആശ്രയിക്കേണ്ട ഗതിയിലാണ് നമ്മൾ. ഏറ്റവും വലിയ ഗ്രൗണ്ടായ ഹൈസ്കൂൾ ഗ്രൗണ്ട് ഷോപ്പിംഗ് കോംപ്ലക്സിന് വഴിമാറുന്നത് ഗ്രാമസഭകളിൽ ചർച്ചാ വിഷയമായിട്ടുണ്ട്. പഞ്ചായത്തിലെ ഒറ്റ സ്കൂളിലും സൗകര്യമുള്ള കളിസ്ഥലങ്ങൾ ഇല്ല. സ്കൂളുകളിലെ കായിക പരിശീലനവും വളരെ ശോചനീയമായ നിലയിലാണ്.

നാടൻ കായികവിനോദങ്ങളായിരുന്ന തലപ്പന്ത് കളി, കുറ്റിയും കോലും, ചട്ടിയും പന്തും തുടങ്ങിയവ അന്യം നിന്ന് പോയിരിക്കുന്നു. ഫുട്ബോൾ, വോളീബോൾ, ക്രിക്കറ്റ് തുടങ്ങിയവയാണ് പ്രചാരമുള്ള പ്രധാന ഗെയിംസുകൾ. അത്‌ലറ്റിക് ഇനങ്ങൾ മത്സരവേദികളിൽ മാത്രം അരങ്ങേറുന്നു.

പഞ്ചായത്തിൽ ഇപ്പോൾ 2 കളരി പരിശീലന കേന്ദ്രങ്ങളും 3 കരാട്ടേ പരിശീലന കേന്ദ്രങ്ങളും ഉണ്ട്.

കായിക രംഗത്തെ പ്രധാന പ്രശ്നങ്ങളും അവയ്ക്കുള്ള സാധ്യതയും നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

## പ്രശ്നങ്ങൾ

- ☆ പഞ്ചായത്തിലെ നിലവിലുള്ള മിനി സ്റ്റേഡിയത്തിന്റെ പരാധീനതകൾ.
- ☆ ഒരു പൊതു ഗ്രൗണ്ടിന്റെ അഭാവം.
- ☆ വിദ്യാലയത്തിൽ കായിക പരിശീലനം കാര്യക്ഷമമല്ല.
- ☆ കായിക മത്സരങ്ങളിൽ വേണ്ടത്ര പ്രാതിനിധ്യമില്ല.
- ☆ ആയോധന കലാപരിശീലന കേന്ദ്രങ്ങൾ കുറവാണ്.
- ☆ സ്പോർട്സ് ക്ലബ്ബുകൾ പലതും നിശ്ചലമാണ്.
- ☆ കായികപരിശീലനം വേണ്ടത്ര നടക്കുന്നില്ല.
- ☆ നാടൻ കായിക വിനോദങ്ങളുടെ അപചയം.
- ☆ മിക്ക വിദ്യാലയങ്ങളിലും പോതു ഗ്രൗണ്ടില്ല.
- ☆ ക്രിക്കറ്റിന്റെ അതിപ്രസരം മറ്റ് ഗെയിംസുകളുടെ പ്രചാരത്തെ ബാധിക്കുന്നു.

☆ പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക്പോലും വേണ്ടത്ര ഗ്രാന്റോ മറ്റ് സഹായമോ ലഭിക്കുന്നില്ല.

## പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചയത്തിന് പൊതുവായ ഒരു കായിക നയം രൂപീകരിക്കുകയും സ്പോർട്സ് ക്ലബ്ബുകളെ പ്രവർത്തനക്ഷമമാക്കുകയും അവയ്ക്ക് സാമ്പത്തികവും അല്ലാത്തതുമായ സഹായങ്ങൾ ചെയ്തു കൊടുക്കുകയുംചെയ്യുക.

2. പഞ്ചായത്തിലെ നിലവിലുള്ള മിനി സ്റ്റേഡിയം ഉപയോഗപ്രദമാക്കുക.

3. പഞ്ചായത്തിൽ ഒരു പൊതു സ്റ്റേഡിയം പണിയുക. 10, 3 വാർഡുകളിൽ ഇതിനുള്ള സ്ഥലം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

4. പൂനൂർ പുഴയുടെ തീരത്ത് പന്തീർപ്പാടം, പടനിലം എന്നിവിടങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ പണിയുക.

5. പരമാവധി വാർഡുകളിൽ എല്ലാവർക്കും കായിക പരിശീലനം നടത്താൻ ഗ്രൗണ്ടുകൾ സ്ഥാപിക്കുക.

6. പഞ്ചായത്ത് തലത്തിൽ കായിക താരങ്ങളെ പരിശീലിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സംവിധാനം ഉണ്ടാകണം.

7. പഴയ കായികതാരങ്ങളേയും ജില്ലാ സംസ്ഥാന മേളകളിൽ സമ്മാനങ്ങൽ നേടുന്നവരേയും പഞ്ചായത്ത് തലത്തിൽ അംഗീകരിക്കുക.

8. നാടൻ കളികളെ പ്രോത്സാഹിപ്പിക്കുകയും അവയിൽ മത്സരങ്ങൾ സംഘടിപ്പിക്കുയും ചെയ്യുക.

9. കായിക പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ സ്കൂളുകൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

10. ഓണം സ്പോർട്സ്, കേരളോത്സവം തുടങ്ങിയ മേളകളിൽ പ്രാതിനിധ്യം ഉയരണം. അതിന് വേണ്ടി മത്സരങ്ങൾ വാർഡ്തലം മുതൽ സംഘടിപ്പിക്കാവുന്നതാണ്.

11. പന്തീർപ്പാടം, കളരിക്കണ്ടി തുടങ്ങിയ സ്ഥലങ്ങളിൽ വോളീബോൾ ഗ്രൗണ്ട് സ്ഥാപിക്കുക.

12. ഗെയിംസ് ഇനങ്ങളിൽ പഞ്ചയത്ത്തല ടീം രൂപീകരിച്ച് ശാസ്ത്രീയമായി പരിശീലനം നൽകുക.





# വനിതാ ക്ഷേമം

മനുഷ്യരാശിയുടെ നിലനിൽപ്പിന്റെ പ്രധാന കണ്ണി സ്ത്രീ സമൂഹമാണ്. പുരുഷൻ തന്റെ ജീവിതത്തിന്റെ പൂർണ്ണത കണ്ടെത്തുന്നത് സ്ത്രീയിലാണ്. ചരിത്രാതീതകാലത്ത് സമൂഹത്തിലെ നായികയായിരുന്ന സ്ത്രീ- കുടുംബനാഥ, സമൂഹനാഥ പുരുഷൻ നേടിയ മെയ്കരുത്തും പണിയായുധ ശേഖരണവുമാണ് സ്ത്രീയെ അവന്റെ ആശ്രിതയാക്കി മാറ്റിയത്. സമൂഹനാഥ അങ്ങനെ വെറും ഗൃഹനാഥ മാത്രമായി.

ഇന്ന് നമ്മുടെ നാട്ടിലെങ്ങും സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ വർദ്ധിച്ചുവരുന്നുണ്ട്. എന്നിട്ടും നമുക്ക് കേൾക്കാൻ കഴിയുന്നത് സ്ത്രീ പീഡനത്തിന്റെ ദാരുണകഥകളാണ്. മാനവസമുദായത്തിന്റെ നൈതികാധഃപതനമാണ് ഇവിടെ കാണുന്നത്. സ്ത്രീ മാനിക്കപ്പെടുമ്പോൾ മാത്രമെ, സ്ത്രീ പരുഷനോടൊപ്പം തുല്യഅവകാശം പങ്കിടുമ്പോൾ മാത്രമെ ഒരു ജനസമൂഹം പരിഷ്കൃതമാവുന്നുള്ളു.

നമ്മുടെ സ്ത്രീകൾ വേദന തിന്നാൻ മാത്രം ജനിച്ചവരല്ല. സത്രീധനത്തിന്റെ പേരിൽ മറ്റു ദുർനീതികളുടെ പേരിൽ ചവിട്ടിയരയ്ക്കപ്പെടുന്ന സ്ത്രീത്വം പരിഷ്കൃതരെന്ന് നടിക്കുന്ന നമ്മെ നോക്കി പരിഹാസച്ചിരി പൊഴിക്കുന്നു. ശൈശവ വിവാഹം, അറിവില്ലായ്മ, വിദ്യാനിഷേധം, അമിതമായ പുരുഷവിധേയത്വം, വലിയവരുണ്ടാക്കിയ ദുരാചാരങ്ങൾ ഇതെല്ലാം കേരളീയ സ്ത്രീത്വത്തെ വല്ലാതെ മർദ്ദിച്ചിട്ടുണ്ട്. കേരളത്തിലിന്നോളം നടന്ന രാഷ്ട്രീയ വിപ്ലവങ്ങൾ ഈ സ്ഥിതിക്ക് അല്പമൊരു മാറ്റമുണ്ടാക്കിയിരിക്കുന്നുവെങ്കിലും ഭൂരിപക്ഷം സ്ത്രീകളും ഇന്നും അടുക്കളയിൽ ഒതുങ്ങിക്കൂടുകതന്നെയാണ്. ഈ അവസ്ഥ മാറ്റിയെടുക്കണം. ഇതിന് സ്ത്രീകൾ തന്നെ മുന്നിട്ടിറങ്ങണം.

കുന്ദമംഗലം പഞ്ചായത്തിന്റെ ജനസംഖ്യ 40,118 ആണ്. ഇവരിൽ 20772 പുരുഷന്മാരും 19,346 സ്ത്രീകളുമാണുള്ളത്. കേരളത്തിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ പുരുഷന്മാരാണ് കൂടുതൽ. മൊത്തം ജനസംഖ്യയിൽ 4,142 പേർ പട്ടികജാതിയിൽ പെട്ടവരാണ്. ഇതിൽ പുരുഷന്മാർ 2,072 സ്ത്രീകൾ 2,170 ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

തൊഴിൽ സ്ത്രീയുടെ പദവിയെ നിയന്ത്രിക്കുന്ന പ്രധാന ഘടകമാണ്. സ്ത്രീ സമൂഹത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് ഒരു കാരണം അവരുടെ തൊഴിലില്ലായ്മയാണ്. തൊഴിൽ മേഖലയിലെ പങ്കാളിത്തത്തിൽ പുരുഷന്മാരേക്കാൾ പിന്നിലാണ് സ്ത്രീ. കാർഷിക മേഖലയിലും ചെറുകിട വ്യവസായ മേഖലയിലുമാണ് സ്ത്രീകൾ കൂടുതൽ പ്രവർത്തിക്കുന്നത്. കൂടാതെ അടുത്തകാലത്തായി കെട്ടിടനിർമ്മാണ മേഖലയിലേക്കും ഒട്ടേറെ സ്ത്രീകൾ കടന്നുവന്നിട്ടുണ്ട്. ചുമടെടുക്കുന്ന സ്ത്രീ തൊഴിലാളികളും കുറവല്ല. ഒരേ തൊഴിലെടുക്കുന്ന സ്ത്രീക്കും പുരുഷനും രണ്ട് തട്ടിലാണ് കൂലി നൽകുന്നത്. നിലവിലുള്ള കൂലിവ്യവസ്ഥ

| | സ്ത്രീ | പു |
|---|---|---|
| കൃഷിപ്പണി | 50-60 | 100-125 |
| നിർമ്മാണം | 60-70 | 100-125 |
| ചുമട് | 80-100 | 100-150 |

തൊഴിൽ ചെയ്യുവാൻ താല്പര്യമുള്ള ഒരു പാട് സ്ത്രീകൾ പഞ്ചായത്തിലുണ്ടെങ്കിലും ആവശ്യമായ തൊഴിലവസരങ്ങൾ പഞ്ചായത്തിലില്ല. IRDP മുഖേന 92 മുതൽ 96 വരെയുള്ള കാലയളവിൽ 157 സ്ത്രീകൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. DWCRA മുഖേന ഒരു പ്രിന്റിംഗ് പ്രസ്സ്, മധുരപലഹാരങ്ങളുണ്ടാക്കുന്ന രണ്ട് യൂനിറ്റുകൾ, ഒരു തയ്യൽ യൂനിറ്റ് എന്നിവ പഞ്ചായത്തിലുണ്ട്. ഒരു ഖാദി നെയ്ത്ത് കേന്ദ്രം പഞ്ചായത്തിലെ കളരിക്കണ്ടിയിലുണ്ട്. ഇവിടെ 35ഓളം സ്ത്രീകൾ ജോലി ചെയ്യുന്നു. 16 അംഗനവാടികളിലേതടക്കം 24 മഹിളാ സമാജങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും സ്ത്രീ പ്രശ്നങ്ങളിലിടപെടാനോ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനോ ഇവർ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.

വ്യാവസായിക മേഖലയിൽ തൊഴിലെടുക്കുന്ന 840 ൽ 345 പേർ സ്ത്രീകളാണ്.

ഈ മേഖലയിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ തൊഴിലെടുക്കുന്നത് തീപ്പെട്ടി കമ്പനികളിലാണ്. സ്ത്രീകൾ ഏറ്റവും ചൂഷണത്തിന് വിധേയമാകുന്ന ഒരു മേഖലയാണിത്. ഇവിടെ പുരുഷന്മാർക്ക് 45 മുതൽ 75 രൂപ വരെ കൂലി ലഭിക്കുമ്പോൾ സ്ത്രീകൾക്ക് 16 രൂപ മുതൽ 25 രൂപവരെ മാത്രമെ ലഭിക്കുന്നുള്ളൂ.

സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന നൂൽനൂൽപ്പ് കേന്ദ്രം, ബാലചിത്ര വുഡ് വർക്സ്, പുഷ്പ വുഡ് വർക്സ് എന്നിവയും പഞ്ചായത്തിലുണ്ട്. പെൻസിൽ നിർമ്മാണം, ഇഷ്ടിക നിർമ്മാണം, സ്റ്റോൺ ക്രഷർ എന്നീ മേഖലയിലും സ്ത്രീ തൊഴിലാളികൾ പ്രവർത്തിക്കുന്നു.

സ്ത്രീകൾ കാര്യമായി പ്രവർത്തിക്കുന്ന ഒരു സേവന മേഖലയാണ് അംഗനവാടികൾ. 16 അംഗനവാടികളിലായി 32 സ്ത്രീകൾ സേവനമനുഷ്ഠിക്കുന്നു. വർക്കർമാർക്ക് 550 രൂപയും ഹെൽപ്പർമാർക്ക് 300 രൂപയുമാണ് വേതനം. ഇവരുടെ അദ്ധ്വാനം വളരെ കൂടുതലും വേതനം കുറവുമാണ്.

സാക്ഷരതാ നിരക്കിൽ സ്ത്രീകൾ പിന്നിലായിട്ടാണ് കാണുന്നത്. പഞ്ചായത്തിലെ നിരക്ഷരരിൽ കൂടുതൽ സ്ത്രീകളാണ്. പഞ്ചായത്തിലെ സ്കൂളുകളിലെ കണക്കെടുത്താൽ പെൺകുട്ടികളേക്കാൾ ആൺകുട്ടികളാണ് കൂടുതൽ. എന്നാൽ കോളേജ് വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികളിൽ കൂടുതലും പെൺകുട്ടികളാണ്. പഞ്ചായത്തിൽ ഏകദേശം 10 ശതമാനം കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ളവയാണ്. സ്ത്രീകൾ കുടുംബകാര്യങ്ങളിൽ സജീവമായ സാന്നിധ്യം വഹിക്കുന്നുണ്ട്. റേഷൻ കടകളിലും മാവേലി സ്റ്റോറുകളിലും മറ്റും സ്ത്രീകളാണ് കൂടുതൽ വരാറുള്ളത്. എന്നാൽ പൊതു പ്രവർത്തന രംഗത്തേക്ക് സ്ത്രീകൾ സജീവമായി കടന്നുവരുന്നില്ല. സ്ത്രീകളുടെ താല്പര്യമില്ലായ്മ, സാമൂഹ്യസുരക്ഷിതത്വത്തെ കുറിച്ചുള്ള ഭയം, പുരുഷന്മാരുടെ നിരുത്സാഹപ്പെടുത്തലുകൾ, ഗാർഹിക പ്രശ്നങ്ങൾ എന്നിവ സ്ത്രീകളെ പൊതു രംഗത്തു നിന്ന് മാറ്റി നിർത്തുന്നു. വിവിധ സംഘടനകളുടെ മഹിളാ വിഭാഗങ്ങൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല. പുരഷന്മാർക്കിടയിലുള്ള ബോധവൽക്കരണം കൊണ്ട് മാത്രമേ ഇത് മാറ്റാനാകൂ.

ആരോഗ്യ പ്രശ്നങ്ങളും കൂടുതൽ സ്ത്രീകൾക്കാണ്. രോഗികളിൽ പുരുഷന്മാരേക്കാൾകൂടുതൽ സ്ത്രീകളാണ്. പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ പ്രസവ വാർഡിൽ സൗകര്യങ്ങൾ കുറവാണ്. ഇതു പ്രസവത്തിനുവേണ്ടി മറ്റു സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുവാൻ കാരണമാകുന്നു.

ചാരായ നിരോധനം സ്ത്രീകൾക്ക് അല്പമൊരാശ്വാസമായിട്ടുണ്ടെങ്കിലും അനധികൃത മദ്യ വിൽപ്പനയും മയക്കുമരുന്നുകളുടെ ഉപഭോഗവും സാമൂഹ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. സ്ത്രീ പീഡന മരണങ്ങൾ ചുരുക്കമാണെങ്കിലും സ്ത്രീധനത്തിന്റെ പേരിൽ പീഡനമനുഭവിക്കുന്ന ഒരുപാട് സ്ത്രീകൾ പഞ്ചായത്തിലുണ്ട്. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പരസ്യങ്ങളും പോസ്റ്ററുകളും വർദ്ധിച്ചുവരുന്നുണ്ട്. ഇവയ്ക്കെല്ലാമെതിരായി ശക്തമായ പ്രതിഷേധം സ്ത്രീകളുടെ ഭാഗത്ത് നിന്നുതന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു.

## നിർദ്ദേശങ്ങൾ

1. DWCRA മുഖേന കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുക.

2. IRDP സഹായങ്ങൾ സ്ത്രീകളുടെ നില മെച്ചപ്പെടുത്തുവാൻ ലഭ്യമാക്കുക.

3. വനിതാ സഹകരണ സംഘങ്ങൾ വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

4. റെഡിമെയ്ഡ്, ഖാദി, അച്ചാർ, ജാം, കുട, ബുക്ക് ബൈയന്റിംഗ്, നോട്ടുബുക്ക് നിർമ്മാണം

തുടങ്ങിയവ ശാസ്ത്രീയമായ രീതിയിൽ നടപ്പാക്കാനാവശ്യമായ ക്ലാസുകൾ നൽകുകയും യൂണിറ്റുകൾ തുടങ്ങുകയും ചെയ്യുക.

5. കോഴി, ആട്, പശു, പൂവ്, മത്സ്യം എന്നിവ വളർത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

6. നിർദ്ധന കുടുംബങ്ങളിലെ വനിതകൾക്കായുള്ള വിവാഹ സാമ്പത്തിക സഹായ തുക വർദ്ധിപ്പിക്കുക.

7. അശ്ലീല പോസ്റ്ററുകളും നീലച്ചിത്രങ്ങളും കർശനമായി നിയന്ത്രിക്കുക.

8. മഹിളാ സമാജങ്ങളുടെയും സൊസൈറ്റികളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുക.

9. കുന്ദമംഗലം പി.എച്ച്.സി.യിലെ പ്രസവ വാർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

10. വനിതാവായന വർധിപ്പിക്കുന്നതിന് അംഗനവാടികളോട് ബന്ധപ്പെടുത്തി വായനശാലകളും ഗ്രന്ഥശാലകളും തുടങ്ങുക.

11. സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമാക്കുക.

12. സ്ത്രീധനത്തിനെതിരായ ബോധവൽക്കരണം നടത്തുക.

13. മദ്യത്തിനും മയക്കുമരുന്നിനും എതിരായി കർശനമായ നടപടികൾ എടുക്കുക.

14. പഞ്ചായത്തിൽ ഒരു കൗൺസിലിംഗ് യൂണിറ്റ് സ്ഥാപിക്കുക

15. അംഗനവാടികളിലെ വേതനം വർധിപ്പിക്കുക

16. വിവിധതൊഴിൽമേഖലകളിൽ നിലവിലുള്ള കൂലിനിരക്കിലെ സ്ത്രീ- പുരുഷ അന്തരം ഇല്ലാതാക്കുക.

ഠഠ



## വിവിധ വ്യവസായ മേഖലകളിലെ തൊഴിലാളികൾ

| നമ്പർ | ഇനം | | പു. | സ്ത്രീ |
|---|---|---|---|---|
| 1 | തീപ്പെട്ടിക്കൊള്ളി നിർമ്മാണം | 8 | 110 | 14 |
| 2 | നൂൽനൂൽപ്പ് | 1 | 31 | – |
| 3 | ക്രഷർ | 6 | 80 | 16 |
| 4 | ഇഷ്ടിക നിർമ്മാണം | 3 | 19 | 6 |
| 5 | അച്ചാർ നിർമ്മാണം | 2 | 38 | 4 |
| 6 | അവൽ നിർമ്മാണം | 2 | 12 | 6 |
| 7 | ബേക്കറി | 5 | 28 | – |
| 8 | ക്ഷീരോൽപ്പന്ന നിർമ്മാണം | 1 | 10 | – |
| 9 | റബ്ബർ | 1 | 4 | 8 |
| 10 | പാനീയ നിർമ്മാണം | 2 | 3 | 4 |
| 11 | റൈസ് മിൽ | 1 | 2 | 4 |
| 12 | മറ്റു വ്യവസായങ്ങൾ | 8 | 46 | 550 |
| | ആകെ | 40 | 383 | 612 |

## വിവിധ മേഖലകളിലെ കൂലി നിരക്ക്

| നമ്പർ | ഇനം | കൂലിനിരക്ക് സ്ത്രീ | പു. |
|---|---|---|---|
| 1 | തീപ്പെട്ടിക്കൊള്ളി നിർമ്മാണം | 20 | 45 |
| 2 | നൂൽനൂൽപ്പ് | 18 | – |
| 3 | ക്രഷർ | 55 | 65 |
| 4 | ഇഷ്ടിക നിർമ്മാണം | 45 | 60 |
| 5 | അച്ചാർ നിർമ്മാണം | 25 | – |
| 6 | അവൽ വ്യവസായം | 30 | 45 |
| 7 | ബേക്കറി | 25 | 40 |
| 8 | ക്ഷീരോല്പ്പന്ന നിർമ്മാണം | 35 | – |
| 9 | റൈസ് മിൽ | 40 | 75 |
| 10 | മറ്റ് വ്യവസായങ്ങൾ | 15–40 | 45–80 |



# സഹകരണമേഖല

നീതിപൂർവ്വകമായ ഉല്പാദന,വിതരണസമ്പ്രദായത്തിലൂടെ സോഷ്യലിസ്റ്റ് സമൂഹം കെട്ടിപ്പടുക്കുക എന്ന ദേശീയലക്ഷ്യം, സഹകരണപ്രസ്ഥാനത്തിലൂടെ മാത്രമേ നേടാൻ കഴിയൂ. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ലഘൂകരിച്ച് സാമ്പത്തികമായ സമത്വം കൈവരിക്കുന്നതിൽ സഹകരണപ്രസ്ഥാനത്തിന് വളരെ വലിയ പങ്ക് നിർവഹിക്കാൻ കഴിയും. ഏത് പ്രസ്ഥാനത്തിന്റെയും ഗുണപരമായ മേന്മ അത് കൈകാര്യം ചെയ്യുന്ന വ്യക്തികളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഈ ആപ്തവാക്യം അന്വർത്ഥമാക്കേണ്ട പ്രസ്ഥാനമാണ് സഹകരണപ്രസ്ഥാനം.

1904-ലാണ് ഇന്ത്യയിലെ സഹകരണനിയമം നിലവിൽ വന്നത്. കേരളത്തിലൊരു ഏകീകൃതസഹകരണനിയമം നിലവിൽവന്നതും ബന്ധപ്പെട്ട ചട്ടങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്തത് 1969-ലാണ്.

കുന്ദമംഗലം പഞ്ചായത്തിലെ ആദ്യസഹകരണസംരംഭം, കുന്ദമംഗലം പി.സി.സി സൊസൈറ്റിയാണ്. (കുന്ദമംഗലം പരസ്പരസഹായ കാർഷികോത്പാദക സംഘം) 31-7-1946-ൽ രജിസ്റ്റർ ചെയ്ത പ്രസ്തുത സംഘം 9-8-46-ൽ പ്രവർത്തനമാരംഭിച്ചു. എം.എ പരമേശ്വര അയ്യരായിരുന്നു ആദ്യത്തെ പ്രസിഡണ്ട്. കെ.പി. കോരപ്പൻ, എൻ. ചന്തു, കെ.പി. ചോയി പി.പി. മാധവൻ നായർ പി.കെ. അപ്പുനായർ, പി. ഇമ്പിച്ചിക്കേളു എന്നിവരായിരുന്നു സൊസൈറ്റിയുടെ ആദ്യഡയറക്ടർമാർ. ഈ പി.സി.സൊസൈറ്റിയാണ് പിന്നീട് കുന്ദമംഗലം കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കായി രൂപം പ്രാപിച്ചത്. 28-1-1956-ൽ രജിസ്റ്റർ ചെയത ബാങ്കിന്റെ പ്രവർത്തനം 2-3-1956-ൽ സമാരംഭിച്ചു. ആദ്യത്തെ പ്രസിഡണ്ട് കെ.പി. ചോയിയായിരുന്നു.

പഞ്ചായത്തിൽ രൂപീകൃതമായ മറ്റൊരു ആദ്യകാലസഹകരണസ്ഥാപനമാണ് കാരന്തൂരിലെ ഐക്യനാണയസംഘം. 1962-ൽ സ്ഥാപിതമായ സംഘത്തിന് മുൻകൈ എടുത്ത് പ്രവർത്തിച്ചത് വി.കെ. മുഹമ്മദ് ആണ്. പിന്നീട് കെ. കറുപ്പന്റെ നേതൃത്വത്തിൽ സംഘം സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തു. അങ്ങനെയാണ് ഇന്ന് നിലവിലുള്ള കാരന്തൂർ സർവീസ് സഹകരണ ബാങ്കിന് തുടക്കമായത്. കെ. കറപ്പൻ, വി.കെ. മുഹമ്മദ്, കെ.എം. ഇമ്പിച്ചി ബാവു, മാമ്പ്ര രാഘവൻ നായർ, കെ.സി. കുട്ടപ്പൻനായർ, കണയച്ചൻകണ്ടി ചാത്തുക്കുട്ടി എന്നിവർ ബാങ്കിന്റെ ആദ്യകാല ഭരണസമിതി അംഗങ്ങളായിരുന്നു.

## സ്ഥിതിവിവരം

വിവിധമേഖലകളിലായി 18 സഹകരണസംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിൽ 5 എണ്ണം പ്രവർത്തനരഹിതമായതോ സമാപ്തീകരണത്തിന്റെ വക്കത്തോ എത്തിയവയാണ്.

## വായ്പാ മേഖല

ഈ മേഖലയിൽ 6 സഹകരണസംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

1. കുന്ദമംഗലം കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക്
2. കാരന്തൂർ സർവീസ് കോ-ഓപ്പറേറ്റീവ്

ബാങ്ക്

3. കുന്ദമംഗലം കോ-ഓപ്പറേറ്റീവ് റൂറൽ ഹൗസിംഗ് സൊസൈറ്റി.

4. കെ.ഡി.സി. ബാങ്ക് കുന്ദമംഗലം ബ്രാഞ്ച്

5. എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് സഹകരണസംഘം.

6. C.W.R.D.M എംപ്ലോയീസ് സഹകരണ സംഘം.

7. ദീപം റെഡിമെയ്ഡ്സ് & ഗാർമെന്റ്സ്, ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റി.

വായ്പാമേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട രണ്ട് സ്ഥാപനങ്ങളാണ് കുന്ദമംഗലം കോ-ഓപ്പ്. റൂറൽബാങ്കും കാരന്തൂർ സർവീസ് കോ-ഓപ്പ്. ബാങ്കും.

ഏഴ് പഞ്ചായത്തുകൾ പ്രവർത്തനപരിധിയുള്ളതും കുന്ദമംഗലം ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ സഹകരണസ്ഥാപനമാണ് കുന്ദമംഗലം കോ-ഓപ്പ്. റൂറൽ ഹൗസിംഗ് സൊസൈറ്റി. ഈ മേഖലയിൽ മെച്ചപ്പെട്ട പ്രവർത്തനത്തിനുള്ള സംസ്ഥാനഅവാർഡ് തുടർച്ചയായി മൂന്നു വർഷം ഈ സൊസൈറ്റിക്കാണ് ലഭിച്ചത്. 1974 മുതൽ ശ്രീ സി.കെ. ദാമോദരൻനായർ ഇതിന്റെ പ്രസിഡണ്ടായി തുടരുന്നു.

## വായ്പേതരമേഖല

1. കുന്ദമംഗലം കോ-ഓപ്പ്. മിൽക്ക് സപ്ലൈ സൊസൈറ്റി

2. വടക്കുംതല കോ-ഓപ്പ്. കൺസ്യൂമർ സ്റ്റോർ.

3. പിലാശേരി കോ-ഓപ്പ്. കൺസ്യൂമർ സ്റ്റോർ.

4 കുന്ദമംഗലം ഹരിജൻ ലേബർ കോൺട്രാക്റ്റ് സഹകരണസംഘം.

5. കുന്ദമംഗലം കോ-ഓപ്പ്. ഹരിജൻ മൾട്ടി പർപ്പസ് സഹകരണസംഘം.

6. ഖാദി ഗ്രാമവ്യവസായ സഹകരണ സംഘം, പിലാശ്ശേരി

കൂടാതെ അഞ്ച് സ്കൂൾ സഹകരണസംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

1. കുന്ദമംഗലം ഹൈസ്കൂൾ സഹകരണ സംഘം

2. മർക്കസ് ഹൈസ്കൂൾ സഹകരണ സംഘം

3. കുന്ദമംഗലം എ.യു.പി. സ്കൂൾ സഹകരണസംഘം.

4. മാക്കൂട്ടം എ. എം.യു.പി. സ്ക്കൂൾ സഹകരണസംഘം

5. പിലാശ്ശേരി എ.യു.പി. സ്ക്കൂൾ സഹകരണസംഘം

വായ്പേതര മേഖലയിൽ സജീവമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനമാണ് കുന്ദമംഗലം കോ-ഓപ്. മിൽക്ക് സപ്ലൈ സൊസൈറ്റി. വി.കുട്ടികൃഷ്ണൻ നായർ, എൻ.കെ ശ്രീനിവാസൻ നായർ തുടങ്ങിയവരായിരുന്നു ഇതിന്റെ ആദ്യകാല സഹകാരികൾ.

പഞ്ചായത്തിലെ 8ാം വാർഡ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മിൽക്ക് സൊസൈറ്റിക്ക് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കളക്ഷൻ സെന്ററുകൾ ഉണ്ട്. പ്രതിദിനം 950 ലിറ്റർ പാൽ ശേഖരിച്ച് വിതരണം ചെയ്യുന്നു.

## സകരണമേഖല നേരിടുന്ന പ്രശ്നങ്ങൾ

കാർഷിക മേഖലയിൽ കുന്ദമംഗലം കോ-ഓപ്പ്-റൂറൽ ബാങ്കും കാരന്തൂർ സർവ്വീസ് സഹകരണ ബാങ്കും ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. എന്നാൽ ഉപഭോകൃത മേഖലയിൽ സ്ഥാപിതമായ വടക്കും തല കോ-ഓപ്പ് കൺസ്യൂമർ സ്റ്റോറും, പിലാശ്ശേരി കോ-ഓപ്പ്. കൺസ്യൂമർ സ്റ്റോറും പ്രവർത്തനരഹിതമാണ്. അതേപോലെ കുന്ദമംഗലം ഹരിജൻ ലേബർ കോൺട്രാക്ട്സ് സഹകരണ സംഘവും, കുന്ദമംഗലം ഹരിജൻ മൾട്ടിപർപ്പസ് സഹകരണ സംഘം എന്നിവയുടെ പ്രവർത്തനം പാടെ നിലച്ചു പോയിരിക്കുന്നു. ഭരണസമിതി പോലും നിലവിലില്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. ഖാദി ഗ്രാമവ്യവസായ മേഖലയിൽ പിലാശ്ശേരിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളും പ്രവർത്തന രഹിതമാണ്. സഹകരണസംഘങ്ങളിൽ അർഹരായവർക്കെല്ലാം അംഗത്വം ലഭിക്കുന്നില്ലെന്ന പരാതി പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. സഹകരണമേഖലയെ പറ്റി അധികം ആളുകളും അജ്ഞരാണ് എന്ന വസ്തുത ഈ മേഖലയിലെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു.

## നിർദ്ദേശങ്ങൾ

1. സഹകരണമേഖലയിൽ നാളികേര കർഷകർക്കായി ഒരു സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചാൽ അത് ഈ മേഖലയിലെ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസമായിരിക്കും.

2. പച്ചക്കറി ശേഖരണ വിപണന സംഘങ്ങൾ രൂപീകരിക്കണം.

3. പഞ്ചായത്തിലെ നല്ലൊരു ശതമാനം വരുന്ന മോട്ടോർ തൊഴിലാളികൾക്കുമാത്രമായി ഒരു സഹകരണ സംഘം സ്ഥാപിക്കണം.

4. കുന്ദമംഗലം ബസാറിൽ ഒരു സഹകരണ ഹോട്ടൽ ആരംഭിക്കണം.

5. കളരിക്കണ്ടി കേന്ദ്രമായി കുന്ദമംഗലം കോ-ഓപ്പ. റുറൽ ബാങ്കിന്റെ ഒരു ശാഖ തുടങ്ങണം.

6. തീപ്പെട്ടി, സോപ്പ്, മെഴുകുതിരി, കറിപൗഡർ നിർമ്മാണ മേഖലയിൽ വനിത സഹകരണ സംഘങ്ങൾ ആരംഭിക്കണം.

7. കുന്ദമംഗലം കോ.ഓപ്പ. മിൽക്ക് സൊസൈറ്റിയുടെ പ്രവർത്തനം പഞ്ചായത്തിലെ മുഴുവൻ വാർഡിലും ശരിയായ വിധത്തിൽ ലഭ്യമാക്കണം.

8. സഹകരണ മാവേലി സ്റ്റോറുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടങ്ങണം.

9. കുന്ദമംഗലത്ത് സഹകരണമേഖലയിൽ ഒരു കോളേജ് ആരംഭിക്കണം.

10. കാർഷിക മേഖലയിൽ ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘങ്ങൾ ആരംഭിക്കണം.

11. പ്രിന്റിംഗ് പ്രസ്സ്, കോഴിവളർത്തൽ കേന്ദ്രം എന്നിവ സഹകരണ മേഖലയിൽ തുടങ്ങുന്നത് ഉചിതമായിരിക്കും.

12. അനധികൃത 'ബ്ലേഡ് കമ്പനികളുടെ' ആവിർഭാവം സഹകരണ പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ തകിടം മറിക്കുന്നു. ഇത്തരം ചൂഷണം നിയമംമൂലം കർശനമായി നിരോധിക്കണം.

13. സഹകരണ ബാങ്കുകളിൽ നിന്ന് എടുത്ത കടം തിരിച്ചടയ്ക്കാനുള്ള താത്പര്യം വളർത്തൽ ജനങ്ങൾക്കിടയിൽ ഇറങ്ങിച്ചെന്ന് കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാൻ സഹകാരികൾ മൊത്തത്തിലും ബാങ്ക് ഡയറക്ടർമാർ പ്രത്യേകിച്ചും മുന്നിട്ടിറങ്ങണം.

14. പ്രവർത്തന രഹിതമായിക്കിടക്കുന്ന പഞ്ചായത്തിലെ മുഴുവൻ സഹകരണ സംഘങ്ങളും പുനരുജ്ജീവിപ്പിക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കണം.

15. സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് ശരിയായ ബോധവൽക്കരണം നടത്തിയാലെ സഹകരണ പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാനാവുകയുള്ളൂ. സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ സെമിനാറുകളും ചർച്ചാ ക്ലാസുകളും സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

*'നമുക്ക് എത്രമാത്രം ഉത്സാഹമുണ്ടായാലും ശരി, പ്രബുദ്ധമായ ഒരു നേതൃത്വം നയിക്കാൻ ഉണ്ടായാൽ അല്ലാതെ സഹകരണപ്രസ്ഥാനം വിജയിക്കുകയില്ല.'*

-ജവഹർലാൽ നെഹ്റു

# സഹകരണ മേഖല

പട്ടിക 1

| സ്ഥാപനത്തിന്റെ പേര് | കുന്ദമംഗലം കോ - ഓപ്പറേറ്റീവ് ബേങ്ക് (ലി) നമ്പർ എൽ.എൽ. 31 | കാരന്തൂർ സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് ലിമിറ്റഡ് നമ്പർ എൽ.എൽ. 31 |
|---|---|---|
| പ്രവർത്തനം തുടങ്ങിയ വർഷം | 1956 | 1969 |
| പ്രവർത്തന പരിധി | കുന്ദമംഗലം കുരുവട്ടൂർ ചെറുകുളത്തൂർ മായനാട് | കാരന്തൂർ, പൈങ്ങോട്ടു പുറം |
| വ്യക്തി അംഗങ്ങൾ | 13,311 | 2860 |
| ഓഹരി മൂലധനം | 21,24782 | 696521 |
| നൽകിയ വായ്പകൾ | 19919225 | 12214000 |
| സ്വീകരിച്ച നിക്ഷേപങ്ങൾ | 24138319 | 9808000 |
| സർക്കാർ ഓഹരി | 50000 | 78500 |

പട്ടിക 2

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | എത്രപേർക്ക് ലോൺ കൊടുത്തു | മൊത്തം നൽകിയ വായ്പാ സംഖ്യ (രൂപ) |
|---|---|---|---|---|
| കുന്ദമംഗലം കോ-ഓപറേറ്റിവ് റൂറൽ ഹൗസിംങ്ങ് സൊസൈറ്റി (ലി) നമ്പർ ഡി. 2025 | 1974 | കുന്ദമംഗലം ഉൾപ്പടെ ഏഴ് പഞ്ചായത്തുകളും കോഴിക്കോട് കോർപ്പറേഷനിലെ ചെലവൂർ, മായനാട് പ്രദേശങ്ങളും | 317 | 10447400 |

പട്ടിക 3

| സംഘത്തിന്റെ പേര് | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | ഓഹരി മൂലധനം | 1995-96 വർഷത്തിൽ ശേഖരിച്ച പാൽ |
|---|---|---|---|---|
| കുന്ദമംഗലം കോ-ഓപ്റേറ്റിവ് മിൽക്ക് സപ്ലൈ സൊസൈറ്റി (ലി) നമ്പർ ഡി 1859 | 1963 | കുന്ദമംഗലം പഞ്ചായത്ത് | 18620 | 266546 ലി. |



# പട്ടികജാതി പട്ടികവർഗ്ഗ വികസനം

ഒരുമിച്ച് ജീവിക്കുന്ന ഒരു സമൂഹത്തിലെ കുറച്ച് മനുഷ്യർ എങ്ങനെ ഇത്തരമൊരു വിഭാഗത്തിൽപെടാൻ ഇടയായെന്നും 'പട്ടിക' എന്ന വിശേഷണം എങ്ങനെ വന്നുവെന്നും നോക്കാം. ഇന്നാട്ടിൽ മറ്റ് പല നാട്ടിലുമെന്നപ്പോലെ ജീവിതത്തിന്റെ എല്ലാ തുറകളിലും താഴ്ത്തപ്പെട്ട, അടിച്ചമർത്തപ്പെട്ട ഒരു വിഭാഗമുണ്ടായിരുന്നു.ദുരിതം പേറാൻ ജനിച്ചവർ, മറ്റുള്ളവന്റെ ദയ കൊണ്ട് മാത്രം ജീവിക്കേണ്ടിവന്ന അപമാനവീകരിക്കപ്പെട്ട ഒരു വലിയ ജനസമൂഹം.അത്തരക്കാരുടെ ഒരു പട്ടികയുണ്ടാക്കാൻ ഒരിക്കൽ ബ്രിട്ടീഷ് സർക്കാർ തയ്യാറായി. ഇതിനുവേണ്ടി 1931-ൽ സൈമൺ കമ്മീഷനെ നിയമിച്ചു. ആ കമ്മീഷന്റെ പ്രത്യേക പട്ടികയിൽപ്പെട്ട അധഃസ്ഥിതരെ 1936- മുതൽ 'പട്ടിക ജാതി' (Shedueled cast) എന്ന് വിളിച്ച് പോന്നു. അതൊരു മാറാപേരായി ഇന്നും നിലനില്ക്കുകയാണ്.

തൊട്ടുകൂടാത്തവർ, തീണ്ടികൂടാത്തവർ, മാനവ സംസ്ക്കാരത്തിന്റെ പ്രാചീന സ്വഭാവം പേറുന്നവർ, അതുകൊണ്ട് തന്നെ ഇതര സമൂഹങ്ങളുമായി ഇടപ്പഴകാൻ കഴിയാത്തവർ, പിന്നോക്കസ്ഥിതിയിൽ പെട്ടവർ, അറിവും പരിഷ്ക്കാരവും നേടാനവസരമില്ലാതെ തളർന്നവർ- ഇങ്ങെനെയെല്ലാമുള്ള കുറെ ജാതിക്കാരെ മറ്റുള്ളവർ പട്ടിക ജാതിയെന്ന് വിശേഷിപ്പിച്ച് പോരുന്നു. ഭരണഘടനയനുസരിച്ച് ഇവരുടെ പട്ടിക പല പ്രാവശ്യം പരിഷ്ക്കരിച്ചു. 1976-ൽ പരിഷ്ക്കരിച്ച പട്ടികയാണ് ഇന്നിന്ത്യയിലാകെ നിലവിലുള്ളത്.

സമൂഹത്തിൽ സ്ഥാനമില്ല, വിദ്യാഭ്യാസവുമില്ല, അത് മിനക്കെട്ട് നേടാനുള്ള അവസരവും കുറവ്, മർദ്ദനം സഹിക്കേണ്ടി വന്നവർ, യജമാനന്മാരുടെ കന്നുകാലികൾക്ക് ലഭിക്കുന്ന പരിഗണന പോലും ലഭിക്കാതിരുന്നവർ, ഇലക്കുമ്പിളിൽ കഞ്ഞികുടിക്കാൻ വിധിക്കപ്പെട്ടവർ. ഇവരുടെ അദ്ധ്വാനം പൂർണ്ണതോതിൽ മേൽജാതിക്കാർ ചൂഷണം ചെയ്തു.ഇങ്ങനെ ദുരിതപൂർണ്ണമായ ഒരവസ്ഥയിലായിരുന്നു പട്ടിക ജാതിക്കാർ ജീവിച്ചിരുന്നത്.

കേരളത്തിലിവരുടെ സ്ഥിതി ഒരളവുവരെ മാറ്റിയെടുത്തത് ഇവിടുത്തെ സാമൂഹ്യപരിഷ്ക്കരണ- രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ്. ഭൂപരിഷ്ക്കരണ നിയമത്തോടെ സ്വന്തമായി ഭൂമിയവർക്ക് ലഭിച്ചു. മറ്റുള്ളവരോടൊപ്പം വിദ്യാഭ്യാസം ചെയ്യുവാനുള്ള അവകാശമവർക്കുണ്ടായി. അങ്ങനെ സാമൂഹ്യ വിദ്യാഭ്യാസമേഖലകളിൽ ഒരുപാട് നേട്ടങ്ങളുണ്ടാക്കാനവർക്ക് സാധിച്ചു. കേരളത്തിന്റെ ജനസംഖ്യയിൽ 10.02% വരുന്ന പട്ടിക ജാതിക്കാരുടെ ക്ഷേമത്തിനായി സർക്കാർ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. എന്നാൽ ഈ പദ്ധതികളെക്കുറിച്ച് ശരിയായ ബോധം പട്ടിക ജാതിക്കാരുടെ ഇടയിലില്ല. ഇങ്ങനെ സാമ്പത്തികമായി ഇന്നും സമൂഹത്തിന്റെ അടിത്തട്ടിൽ തന്നെയാണ് ഭൂരിപക്ഷം പട്ടിക ജാതിക്കാരും എത്തിനില്ക്കുന്നത്.

കുന്നമംഗലം പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 4142 പേർ പട്ടിക ജാതിയിൽപ്പെട്ടവരാണ്. ഇവരിൽ 2170 സ്ത്രീകളും 2072 പുരുഷന്മാരുമാണ്. പട്ടികവർഗ്ഗത്തിൽപെട്ടവർ പഞ്ചായത്തിൽ നിലവിൽ താമസമില്ല. പഞ്ചായത്തിൽ 16 അംഗീകരിച്ച ഹരിജൻ കോളനികളും നാലു സെന്റ് ലക്ഷം വീട് ഉൾപ്പെടെ പട്ടികജാതിക്കാർ കൂട്ടായി താമസിക്കുന്ന 18 കേന്ദ്രങ്ങളുമുണ്ട്.

പട്ടികജാതിക്കാർ കൂട്ടായി താമസിക്കുന്ന ഇത്തരം കേന്ദ്രങ്ങളിൽ പലതും കോളനികളാക്കി ഉയർത്താവുന്നതാണ്. കോളനികളിലോ പട്ടിക ജാതി കേന്ദ്രങ്ങളിലോ അല്ലാതെ താമസിക്കുന്ന ഒട്ടേറെ പട്ടികജാതി കുടുംബങ്ങളും പഞ്ചായത്തി ലുണ്ട്. കോളനികളിലുള്ളവർക്ക് ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും ഇവർക്കും ലഭിക്കേണ്ടതാണ്.

## വിദ്യാഭ്യാസം

വിദ്യാഭ്യാസ മേഖലയിൽ ഒരളവോളം മുന്നോട്ടു പോകുവാൻ പട്ടിക ജാതിക്കാർക്ക് കഴി ഞ്ഞിട്ടുണ്ട്. 10ാം ക്ലാസ്സുവരെ തങ്ങളുടെകുട്ടികളെ പറഞ്ഞയക്കുവാൻ മിക്കവാറും ആളുകൾ തയ്യാറാ വുന്നു. പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി നിലവിൽ പട്ടികജാതിക്കാരായ 350 പെൺകുട്ടി കളും 398 ആൺകുട്ടികളും പഠിക്കുന്നു. പത്താം ക്ലാസ് എത്തുന്നതിനുമുമ്പ് കൊഴിഞ്ഞു പോകുന്ന ചെറിയൊരു ശതമാനം കുട്ടികളുമുണ്ട്. കോളനിക ളിലെ കണക്കുകളിൽ മാത്രം ഏകദേശം 311 പേർ S.S.L.C. വരെയും 63 പേർ പ്രീഡിഗ്രിക്കും 23പേർ ഡിഗ്രിവരെയും പഠിച്ചവരായി ഉണ്ട്. മറ്റ് ഡിഗ്രികൾ ഉള്ളവരായി 5 പേരും ഉണ്ട്. ഭൂരിപക്ഷം ആളുക ളുളും S.S.L.C. യോടുകൂടി പഠനം നിർത്തുന്ന ഒരു പ്രവണത കാണുന്നു. കുറച്ചുപേർ മാത്രമെ പ്രീഡി ഗ്രിക്കും, ഡിഗ്രിക്കും ചേർന്ന് പഠിക്കുന്നുള്ളൂ. കുടുംബ സാഹചര്യങ്ങളാണ് പലരെയും പഠന ത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നത്.

## തൊഴിൽ

വളരെക്കാലമായി കാർഷിക മേഖലയിൽ തൊഴിലെടുത്തു വന്നിരുന്ന പട്ടികജാതിക്കാർ ഇന്ന് നിർമ്മാണ രംഗത്താണ് തൊഴിലെടുക്കുന്നത്. കാർഷിക മേഖലയുടെ തകർച്ച അവരെ മറ്റു മേഖ ലകൾ തേടിപ്പോകുവാൻ നിർബന്ധിതരാക്കി. നിർമ്മാണ രംഗത്തേക്കുള്ള ഇവരുടെ ചുവടുമാറ്റം അവരുടെ വേതനവ്യവസ്ഥയിലും സാരമായ പുരോ ഗതി ഉണ്ടാക്കിയിരിക്കുന്നു. ഗവ: ഉദ്യോഗങ്ങളിൽ പട്ടികജാതിക്കാർക്ക് സംവരണം നിലവിലുണ്ടെ ങ്കിലും പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ചെറി യൊരു ശതമാനം മാത്രമേ ഗവ: മേഖലയിൽ സേവ നമനുഷ്ഠിക്കുന്നുള്ളൂ. 92 മുതൽ 96 വരെ 183 പട്ടി കജാതി കുടുംബങ്ങൾക്ക് IRDP സഹായം ലഭിച്ചി ട്ടുണ്ട്.

## പാർപ്പിടം

പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടേ ണ്ടതുണ്ട്. കോളനികളിലെ കണക്കുകൾ മാത്രം വെച്ചു നോക്കിയാൽ 71ഓളം വീടുകൾ ഇനിയും ആവശ്യമുണ്ട്. ഇവർ ഇപ്പോൾ താമസിക്കുന്നത് കുടിലുകളിലോ വാസയോഗ്യമല്ലാത്ത മറ്റേതെങ്കിലും സ്ഥലങ്ങളിലോ ആണ്. കൂടാതെ ഒറ്റപ്പെട്ടു താമസി ക്കുന്ന പല പട്ടികജാതി കുടുംബങ്ങളുടെയും സ്ഥിതി വളരെ ദയനീയമാണ്. പട്ടികജാതിക്കാർക്ക് വീടുണ്ടാക്കാനുള്ള ഭവനനിർമ്മാണ ഗ്രാന്റ്, പലി ശരഹിതവായ്പ, പുരകെട്ടി മേയുന്നതിനുള്ള സഹായം, ഓടു മേയുന്നതിനുള്ള ധനസഹായം എന്നിവയെക്കുറിച്ചുള്ള ബോധം ഇവരുടെ ഇടയിൽ വേണ്ടത്ര ഉണ്ടായിട്ടില്ല. വ്യത്യസ്ത ഇനങ്ങളിലായി സർക്കാർ നൽകുന്ന തുകയുടെ അപര്യാപ്തത പണി പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയും ഉണ്ടാക്കുന്നു.

കോളനികളിലെയും പട്ടികജാതികേന്ദ്രങ്ങളി ലെയും മിക്ക വീടുകളിലും കക്കൂസില്ല. ഇത് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. തുറസ്സായ സ്ഥലങ്ങളിലാണ് പലരും മലവിസർജ്ജനം നടത്തു ന്നത്. പല കോളനികളിലും ഇത് മലിനീകരണ ത്തിനും അതുവഴി പല രോഗങ്ങൾക്കും കാരണ മാവുകയും ചെയ്യുന്നു. പരിസരമലിനീകരണവും ആരോഗ്യ പ്രശ്നങ്ങളും കൂടുതലുള്ള ഒരു പ്രദേശ മാണ് രാജീവ് ഗാന്ധി നാലുസെന്റ് കോളനി. ഇവി ടുത്തെ കുട്ടികൾക്ക് അടുത്തകാലത്തായി 'പാലുണ്ണി' പോലെയുള്ള അസുഖങ്ങൾ ഉണ്ടാകാ റുള്ളതായി അറിയുന്നു.

പൊതു കക്കൂസ് മിക്ക കോളനികളിലും നില വിലില്ല. കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ അടുത്ത വീട്ടിലെ കക്കൂസുകളെയോ തുറസ്സായ സ്ഥലങ്ങ ളേയോ ആശ്രയിക്കുന്നു. ഇതുമൂലം കോളനിക ളിലെ മിക്ക വീടുകളിലും ശുചിത്വത്തിന്റെ കുറവ് അനുഭവപ്പെടുന്നു. കക്കൂസ് നിർമ്മിക്കുന്നതിനാവ ശ്യമായ സർക്കാർ സഹായം പലരും വാങ്ങുന്നു ണ്ടെങ്കിലും ഇവരിൽ ചെറിയൊരു ശതമാനമെ ങ്കിലും ആളുകൾ കക്കൂസ് നിർമ്മിക്കുന്നില്ല. നില വിൽ സർക്കാർ നൽകുന്ന 2,000 രൂപ കക്കൂസ് നിർമ്മിക്കുന്നതിന് അപര്യാപ്തമായ തുകയാണ്.

## വൈദ്യുതി, കുടിവെള്ളം, ഗതാഗതം

വൈദ്യുതി പഞ്ചായത്തിലെ കോളനികളിലെ നല്ലൊരു ശതമാനം വീടുകളിലും ഇല്ലെന്ന് പട്ടിക 4ലെ കണക്കുകൾ സൂചിപ്പിക്കുന്നു. [പകുതി വീടു കളെങ്കിലും വൈദ്യതീകരിച്ചവയെ വൈദ്യുതീക രിച്ച കോളനികളുടെ പട്ടികയിൽ ചേർത്തിരി ക്കുന്നു.] പട്ടിക ജാതിക്കാരുടെ വീടുകൾ പലതും

കുടിലുകളായതിനാൽ വൈദ്യുതീകരിക്കാൻ കഴിയാത്ത അവസ്ഥയും നിലനില്ക്കുന്നുണ്ട്. പാർപ്പിടപ്രശ്നം പരിഹരിക്കുന്നതോടൊപ്പം തന്നെ വൈദ്യുതിയുടെ പ്രശ്നവും പരിഹരിക്കേണ്ടതാണ്.സർക്കാരിന്റെ കുടിൽ ജ്യോതി പോലെയുള്ള പദ്ധതികൾ ഈ രംഗത്ത് അല്പമൊരാശ്വാസമാണ്.

കോളനികളിൽ കുടിവെള്ളപ്രശ്നം അതിരൂക്ഷമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 8 കോളനികളിൽ പൊതുകിണർ നിലവിലുണ്ടെങ്കിലും 4 മാസക്കാലം വെള്ളം ലഭിക്കുന്നില്ല. സ്വന്തമായി കിണറുള്ള പട്ടിക ജാതിക്കാർ വളരെ കുറവാണ്. ടാപ്പുകളും കുഴൽകിണറുകളും ചില കോളനികളിലുണ്ടെങ്കിലും അവയൊന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. നിലവിൽ പല കോളനികളിലും കേന്ദ്രങ്ങളിലും വളരെ ദൂരം നടന്നാണ് ഇവർ വെള്ളം കൊണ്ട് വരുന്നത്.

ഗതാഗത യോഗ്യമല്ലാത്ത ആറോളം ഹരിജൻ കോളനികൾ പഞ്ചായത്തിലുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഗതാഗത സൗകര്യം മറ്റ് പല സൗകര്യങ്ങളുമുണ്ടാക്കാൻ ഒരു പ്രധാന കാരണമാകുന്നുവെന്നത് കൊണ്ട്തന്നെ ഗതാഗതയോഗ്യമല്ലാത്ത കോളനികളിലേക്കും പട്ടിക ജാതി കേന്ദ്രങ്ങളിലേക്കും റോഡുകൾ നിർമ്മിക്കുവാനുള്ള പദ്ധതികൾ രൂപം കൊള്ളണം. നിലവിലുള്ള പല റോഡുകളും പൂർത്തീകരിക്കാത്തവയുമാണ്.

## നിർദ്ദേശങ്ങൾ

1. കോളനികളിലെയും പട്ടിക ജാതി കേന്ദ്രങ്ങളിലെയും കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുക.

2. പഞ്ചായത്തിലെ പട്ടിക ജാതി കുടുംബങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുക.

3. പട്ടിക ജാതിക്കാരുടെ വീടുകൾ വൈദ്യുതീകരിക്കുവാനാവശ്യമായ പ്രത്യാക പദ്ധതികൾക്ക് രൂപം കൊടുക്കുക.

4. കക്കൂസ് നിർമ്മിക്കുന്നതിന് നൽകുന്ന സർക്കാർ സാമ്പത്തിക സഹായ തുക വർദ്ധിപ്പിക്കുക.

5. ഹരിജൻ സഹകരണ സംഘങ്ങൾ വഴി ഒരു വീട്ടിൽ ഒരാൾക്കെങ്കിലും തൊഴിൽ നല്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുക.

6. കോളനികളിലെയും കേന്ദ്രങ്ങളിലെയും മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുക.

7. പട്ടിക ജാതിക്കാരായ കുട്ടികളുടെ പോഷകാഹാരക്കുറവടക്കമുള്ള ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

8. പട്ടിക ജാതിക്കാരായ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുക.

9. ഗതാഗത യോഗ്യമല്ലാത്ത എല്ലാ കോളനികളും കേന്ദ്രങ്ങളും ഗതാഗത യോഗ്യമാക്കുക. നിലവിലുള്ള റോഡുകൾ പൂർത്തിയാക്കുകയും അറ്റകുറ്റ പണികൾ നടത്തുകയും ചെയ്യുക.

10. പട്ടയം ലഭിക്കാത്ത കുടുംബങ്ങൾക്ക് അവ നൽകുവാനുള്ള നടപടിയെടുക്കുക.

11. പട്ടിക ജാതി കുടുംബങ്ങൾക്ക് വീട്ട്നമ്പർ, റേഷൻ കാർഡ് എന്നിവ ലഭിക്കുന്നതിലെ കാലതാമസമൊഴിവാക്കുക.

12. ഹരിജൻ, ലക്ഷംവീട്, നാലുസെന്റ് കോളനികളിലെ വാസയോഗ്യമല്ലാത്ത വീടുകൾ പുതുക്കി പണിയുക.

13. കോളനികളിലേയ്ക്കും ഹരിജൻ കേന്ദ്രങ്ങളിലെയ്ക്കും സ്ട്രീറ്റ് ലൈറ്റ് എത്തിക്കുക.

14. പഞ്ചായത്തിലെ ഹരിജൻ, 4സെന്റ്, ലക്ഷം വീട് കോളനികളിൽ ശവം മറവ് ചെയ്യുന്നതിന് നിലവിൽ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ഈ പ്രദേശങ്ങളിലെ കുടുംബങ്ങൾക്കായി പൊതുശ്മശാനം നിർമ്മിക്കുക.

15. പട്ടിക ജാതി ക്ഷേമ പദ്ധതികളെക്കുറിച്ച് ശരിയായറിവ് ഉണ്ടാക്കിയെടുക്കുവാൻ കോളനികളിലും ഹരിജൻ കേന്ദ്രങ്ങളിലും ബോധവല്ക്കരണ ക്ലാസുകൾ നടത്തുക.

16. കോളനിയാക്കിയുയർത്താൻ സാദ്ധ്യതകളുള്ള എല്ലാ പട്ടിക ജാതി കേന്ദ്രങ്ങളും ഹരിജൻ കോളനികളാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

17. കോളനികളിൽ ലഭിക്കുന്ന സൗകര്യം മറ്റ് പട്ടിക ജാതി കുടുംബങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

18. കോളനികളിൽ നിലവിൽ കേടുവന്നു കിടക്കുന്ന ജലസേചന സൗകര്യങ്ങൾ നന്നാക്കുക.

19. പട്ടിക ജാതിക്കാർക്കായി സർക്കാർ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും അറിവ് നൽകുന്നതിനായി പഞ്ചായത്ത് തലത്തിൽ ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.

20. കാർഷിക മേഖലയിലെ ഉല്പാദനം കൂട്ടി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.

21. പരമ്പരാഗത തൊഴിലുകളെ പ്രോത്സാഹിപ്പിക്കുക.

പട്ടിക 1

## പട്ടികജാതി കോളനികൾ

| നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 1 | കല്ലറ | 48 | 161 |
| 2 | 2 | പുതുർ കടവ് | 18 | 82 |
| 3 | 3 | മലയടിയാമ്മൽ | 23 | 124 |
| 4 | 3 | തണ്ടാംമണ്ണിൽ | 13 | 55 |
| 5 | 4 | ആമ്പ്രമ്മൽ | 62 | 299 |
| 6 | 5 | വെള്ളാരം ചാലിൽ ഐ.എച്ച്.ഡി.പി | 18 | 71 |
| 7 | 5 | തുവ്വപ്പാറമ്മൽ | 20 | 109 |
| 8 | 5 | പുൽക്കുന്നുമ്മൽ | 14 | 63 |
| 9 | 5 | വള്ളിയാട്ടുമമൽ ഐ.എച്ച്.ഡി.പി | 33 | 151 |
| 10 | 6 | കളരിക്കണ്ടി | 18 | 90 |
| 11 | 7 | കൂടത്താലുമ്മൽ ഐ.എച്ച്.ഡി.പി | 28 | 131 |
| 12 | 9 | ചേലൂർ തടായിൽ | 12 | 48 |
| 13 | 10 | കുറ്റിക്കാട്ടിൽ | 10 | 54 |
| 14 | 10 | മുപ്രക്കുന്ന് | 23 | 98 |
| 15 | 10 | കരിമ്പനക്കൽ | 12 | 40 |
| 16 | 13 | വെള്ളാരംകുന്ന് | 12 | 62 |
| | ആകെ | 364 | 1638 | |

പട്ടിക 1 ബി

## പട്ടികജാതി കേന്ദ്രങ്ങൾ

| വാർഡ് | കേന്ദ്രത്തിന്റെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 2 | തെറ്റത്ത് | 10 | 54 |
| 6 | പിലാശ്ശേരി ലക്ഷം വീട് | 10 | 49 |
| 6 | പാലോറമ്മൽ | 9 | 35 |
| 6 | വടക്കയിൽ | 17 | 66 |
| 6 | എരഞ്ഞിക്കൽ | 9 | 38 |
| 7 | ചൂലങ്ങൽ | 8 | 42 |
| 7 | തണ്ണിക്കുന്നുമ്മൽ | 5 | 23 |
| 8 | പുളിയശ്ശേരി ലക്ഷം വീട് | 9 | 38 |
| 9 | രാജീവ്ഗാന്ധി 4സെന്റ് | 32 | 114 |
| 9 | എടവലത്ത് 4 സെന്റ് | 7 | 21 |
| 9 | കുറുമണ്ണിൽ | 12 | 41 |
| 9 | എടവലത്ത് ലക്ഷം വീട് | 5 | 25 |
| 10 | പടിഞ്ഞാറെപ്പാട്ട് | 18 | 74 |
| 11 | ശിവഗിരി | 11 | 38 |
| 11 | തെറ്റു പറമ്പ് | 7 | 25 |
| 11 | ഇയ്യപ്പടിയങ്ങൽ | 5 | 16 |
| 12 | എരഞ്ഞോളി മീത്തൽ | 5 | 21 |
| 12 | പാടിപ്പൊയിൽ താഴം | 5 | 26 |
| | ആകെ | 184 | 746 |

## പട്ടിക 2 എ

## പട്ടികജാതി കോളനി വിദ്യാഭ്യാസയോഗ്യത

| നമ്പർ | കോളനിയുടെ പേര് | എസ്എസ്. എൽ. സി | പി.ഡി.സി | ഡി.സി | മറ്റുള്ളവ |
|---|---|---|---|---|---|
| 1 | കല്ലറ | 36 | – | 2 | – |
| 2 | പുതുർ കടവ് | 20 | 3 | 2 | 1 |
| 3 | മലയൊടിയാവുമ്മൽ | 29 | – | 8 | – |
| 4 | തണ്ടാം മണ്ണിൽ | 9 | 2 | – | – |
| 5 | ആമ്പ്രമ്മൽ | 58 | 11 | 2 | 3 |
| 6 | വെള്ളാരം ചാലിൽ ഐ.എച്ച്.ഡി.പി. | 10 | 4 | – | – |
| 7 | തുവ്വപ്പാറമ്മൽ | 15 | 1 | 1 | – |
| 8 | പുൽക്കുന്നുമ്മൽ | 11 | – | 2 | – |
| 9 | വള്ളിയാട്ടുമ്മൽ | 11 | 12 | 1 | – |
| 10 | കളരിക്കണ്ടി | 20 | 4 | 2 | – |
| 11 | കൂടത്താലുമ്മൽ | 28 | 6 | 2 | – |
| 12 | ചേലൂർ തടായിൽ | 9 | 4 | — | – |
| 13 | കുറ്റിക്കാട്ടിൽ | 10 | 7 | 1 | – |
| 14 | മുപ്രക്കുന്ന് | 22 | 8 | – | 1 |
| 15 | കരിമ്പനക്കൽ | 11 | – | – | – |
| 16 | വെള്ളാരം കുന്ന് | 12 | 1 | – | – |
| | ആകെ | 311 | 63 | 23 | 5 |

## പട്ടിക 2 ബി
## പട്ടിക ജാതി കേന്ദ്രങ്ങൾ വിദ്യഭ്യാസ യോഗ്യത

| നമ്പർ | കേന്ദ്രത്തിന്റെ പേര് | എസ്എസ്. എൽ. സി | പി.ഡി.സി | ഡി.സി | മറ്റുള്ളവ |
|---|---|---|---|---|---|
| 1 | തെറ്റത്ത് | 6 | – | – | |
| 2 | പിലാശ്ശേരി ലക്ഷം വീട് | 12 | – | – | – |
| 3 | പാലോറമ്മൽ | 1 | – | – | – |
| 4 | വടക്കയിൽ | 10 | 2 | 1 | – |
| 5 | എരഞ്ഞിക്കൽ | 11 | 5 | 1 | – |
| 6 | ചൂലങ്ങൽ | 5 | 5 | – | – |
| 7 | തണ്ണിക്കുണ്ടുമ്മൽ | 2 | 1 | 1 | – |
| 8 | പുളിയശ്ശേരി ലക്ഷം വീട് | 8 | – | – | – |
| 9 | രാജീവ്ഗാന്ധി 4സെന്റ് കോളനി | 12 | 4 | – | – |
| 10 | എടവലത്ത് 4 സെന്റ് | 2 | – | – | – |
| 11 | കുറുമണ്ണിൽ | 2 | – | – | – |
| 12 | എടവലത്ത് ലക്ഷം വീട് | 3 | – | – | – |
| 13 | പടിഞ്ഞാറെപ്പാട്ട് | – | 2 | – | – |
| 14 | ശിവഗിരി | 4 | – | – | – |
| 15 | തെറ്റു പറമ്പ് | 3 | – | – | – |
| 16 | ഇയ്യപ്പടിയങ്ങൽ | 3 | – | – | – |
| 17 | എരഞ്ഞോളി മീത്തൽ | 3 | 4 | 1 | 1 |
| 18 | പാടിപ്പൊയിൽ താഴം | 4 | – | – | – |
| | ആകെ | 91 | 23 | 5 | 1 |

## പാർപ്പിട സൗകര്യം കോളനികളിൽ

പട്ടിക 3 എ

| നമ്പർ | കോളനിയുടെ പേര് | കോൺക്രീറ്റ് | ഓട് | ഓല | ആവശ്യമുള്ള വീടുകൾ | കക്കൂസുള്ള വീടുകൾ | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | കല്ലറ | – | 30 | 18 | 18 | 26 | 22 |
| 2 | പൂതുർ കടവ് | 1 | 13 | 4 | 4 | 11 | 7 |
| 3 | മലയൊടിയാവുമ്മൽ | – | 20 | 2 | 1 | 7 | 16 |
| 4 | തണ്ടാംമണ്ണിൽ | – | 5 | 7 | 2 | 3 | 10 |
| 5 | ആമ്പ്രമ്മൽ | 2 | 48 | 12 | 12 | 38 | 24 |
| 6 | വെള്ളാരം ചാലിൽ ഐ.എച്ച്.ഡി.പി. | – | 11 | 7 | 7 | 3 | 15 |
| 7 | തവ്വപ്പാറമ്മൽ | 1 | 6 | 13 | 5 | 17 | 3 |
| 8 | പുൽക്കുന്നുമ്മൽ | – | 4 | 10 | 4 | 6 | 8 |
| 9 | വെള്ളിയാട്ടുമ്മൽ ഐ.എച്ച്.ഡി.പി. | – | 28 | 5 | 3 | 6 | 27 |
| 10 | കളരിക്കണ്ടി | 1 | 15 | 2 | 1 | 8 | 10 |
| 11 | കൂടത്താലുമ്മൽ ഐ.എച്ച്.ഡി.പി. | – | 22 | 6 | 6 | 13 | 15 |
| 12 | ചേലൂർ തടായിൽ | – | 6 | 6 | – | 3 | 9 |
| 13 | കുറ്റിക്കാട്ടിൽ | 1 | 9 | – | – | 7 | 3 |
| 14 | മുപ്രക്കുന്ന് | – | 22 | 1 | 1 | 8 | 15 |
| 15 | കരിമ്പനയ്ക്കൽ | – | 7 | 3 | 2 | 8 | 4 |
| 16 | വെള്ളാരംകുന്ന് | – | 7 | 5 | 5 | 8 | 4 |

## പാർപ്പിട സൗകര്യം പട്ടികജാതി കേന്ദ്രങ്ങളിൽ

പട്ടിക 3 ബി

| നമ്പർ | കേന്ദ്രത്തിന്റെ പേര് | കോൺക്രീറ്റ് | ഓട് | ഓല | ആവശ്യമുള്ള വീടുകൾ | കക്കൂസുള്ള വീടുകൾ | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | തെറ്റത്ത് | – | 7 | 3 | – | 10 | – |
| 2 | പിലാശ്ശേരി ലക്ഷം വീട് | – | 10 | – | – | 6 | 4 |
| 3 | പാലോറമ്മൽ | – | 4 | 5 | – | – | 9 |
| 4 | വടക്കയിൽ | – | 17 | – | – | 2 | 15 |
| 5 | എരഞ്ഞിക്കൽ | – | 6 | 3 | 1 | 3 | 6 |
| 6 | ചൂലങ്ങൽ | – | 6 | 2 | 1 | 5 | 3 |
| 7 | തണ്ണിക്കുന്നുമ്മൽ | – | 1 | 4 | 4 | 1 | 4 |
| 8 | പുളിയശ്ശേരി ലക്ഷം വീട് | – | 9 | – | – | 3 | 6 |
| 9 | രാജീവ് ഗാന്ധി 4 സെന്റ് കോളനി | – | 10 | 22 | 20 | 14 | 18 |
| 10 | എടവലത്ത് നാല് സെന്റ് | – | 6 | 1 | 1 | 2 | 5 |
| 11 | കുറുമണ്ണിൽ | – | 5 | 7 | 3 | 6 | 6 |
| 12 | എടവലത്ത് ലക്ഷം വീട് | – | 5 | – | – | 2 | 3 |
| 13 | പടിഞ്ഞാറീപ്പാട്ട് | – | 10 | 8 | 5 | 4 | 14 |
| 14 | ശിവഗിരി | – | 4 | 7 | 1 | 6 | 5 |
| 15 | തെറ്റുപറമ്പ് | – | 2 | 5 | 5 | 1 | 6 |
| 16 | ഇയ്യപ്പടിയങ്ങൽ | – | – | 4 | 1 | 1 | 4 |
| 17 | എരഞ്ഞോളി മീത്തൽ | – | 4 | 1 | – | 2 | 3 |
| 18 | പാടിപ്പൊയിൽ താഴം | – | 4 | 1 | – | 4 | 1 |

# വൈദ്യുതി കുടിവെള്ളം ഗതാഗതം - കോളനികളിൽ

പട്ടിക 4 എ

| നമ്പർ | കോളനിയുടെ പേര് | ഗതാഗതയോഗ്യം | വൈദ്യുതി | പൊതുകിണർ |
|---|---|---|---|---|
| 1 | കല്ലറ | ആണ് | ഇല്ല | ഉണ്ട് |
| 2 | പുതൂർ കടവ് | ആണ് | ഉണ്ട് | ഇല്ല |
| 3 | മലയോടിയാവുമ്മൽ | അല്ല | ഇല്ല | ഇല്ല |
| 4 | തണ്ടാം മണ്ണിൽ | അല്ല | ഇല്ല | ഇല്ല |
| 5 | ആമ്പ്രമ്മൽ | ആണ് | ഉണ്ട് | ഉണ്ട് |
| 6 | വെള്ളാരം ചാലിൽ ഐ.എച്ച്.ഡി.പി | ആണ് | ഇല്ല | ഉണ്ട് |
| 7 | തൂവ്വപ്പാറമ്മൽ | ആണ് | ഇല്ല | ഇല്ല |
| 8 | പുൽക്കുന്നുമ്മൽ | അല്ല | ഇല്ല | ഉണ്ട് |
| 9 | വള്ളിയാട്ടുമ്മൽ ഐ.എച്ച്.ഡി.പി | ആണ് | ഉണ്ട് | ഇല്ല |
| 10 | കളരിക്കണ്ടി | ആണ് | ഇല്ല | ഇല്ല |
| 11 | കൂടത്താലുമ്മൽ ഐ.എച്ച.ഡി.പി. | ആണ് | ഇല്ല | ഉണ്ട് |
| 12 | ചേലൂർ തടായിൽ | അല്ല | ഇല്ല | ഉണ്ട് |
| 13 | കുറ്റിക്കാട്ടിൽ | അല്ല | ഇല്ല | ഇല്ല |
| 14 | മമ്പ്രക്കുന്ന് | അല്ല | ഉണ്ട് | ഉണ്ട് |
| 15 | കരിമ്പനക്കൽ | അല്ല | ഇല്ല | ഇല്ല |
| 16 | വെള്ളാരം കുന്ന് | ആണ് | ഉണ്ട് | ഉണ്ട് |

## പട്ടികജാതി കേന്ദ്രങ്ങളിൽ

### പട്ടിക 4 ബി

| നമ്പർ | കേന്ദ്രത്തിന്റെ പേര് | ഗതാഗതയോഗ്യത | വൈദ്യുതി | പൊതു കിണർ |
|---|---|---|---|---|
| 1 | തെറ്റത്ത് | ആണ് | ഇല്ല | ഇല്ല |
| 2 | പിലാശ്ശേരി | ആണ് | ഇല്ല | ഉണ്ട് |
| 3 | പലോറമ്മൽ | അല്ല | ഇല്ല | ഇല്ല |
| 4 | വടക്കെയിൽ | അല്ല | ഇല്ല | ഉണ്ട് |
| 5 | എരഞ്ഞിക്കൽ | ആണ് | ഇല്ല | ഇല്ല |
| 6 | ചൂലങ്ങൽ | ആണ് | ഉണ്ട് | ഇല്ല |
| 7 | തണ്ണിക്കുണ്ടുമ്മൽ | അല്ല | ഇല്ല | ഇല്ല |
| 8 | പുളിയശ്ശേരി ലക്ഷം വീട് | ആണ് | ഇല്ല | ഉണ്ട് |
| 9 | രാജീവ്ഗാന്ധി 4 സെന്റ് | ആണ് | ഇല്ല | ഉണ്ട് |
| 10 | എടവലത്ത് 4 സെന്റ് | അല്ല | ഇല്ല | ഉണ്ട് |
| 11 | കുറുമണ്ണിൽ | അല്ല | ഇല്ല | ഉണ്ട് |
| 12 | എടവലത്ത് ലക്ഷം വീട് | അല്ല | ഇല്ല | ഉണ്ട് |
| 13 | പടിഞ്ഞാറേപ്പാട്ട് | ആണ് | ഇല്ല | ഇല്ല |
| 14 | ശിവഗിരി | ആണ് | ഇല്ല | ഉണ്ട് |
| 15 | തെറ്റുപറമ്പ് | അല്ല | ഇല്ല | ഉണ്ട് |
| 16 | ഇയ്യപ്പടിയങ്ങൽ | അല്ല | ഇല്ല | ഇല്ല |
| 17 | എരഞ്ഞോളി മീത്തൽ | അല്ല | ഇല്ല | ഇല്ല |
| 18 | പാടിപ്പൊയിൽ താഴം | അല്ല | ഇല്ല | ഇല്ല |



# വിഭവസമാഹരണം

കൃഷി, ജലസേചനം, വ്യവസായം, ഊർജം, കുടിവെള്ളം, പാർപ്പിടം എന്നീ മേഖലകളിൽ നമ്മുടെ പഞ്ചായത്ത് വൻ പ്രതിസന്ധിയെ നേരിടുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ ഗുണനിലവാരം ഉയർത്തുകയാണ് പ്രധാന ആവശ്യം. തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. വിലക്കയറ്റം ദുസ്സഹമാണ്. ഇതിനെല്ലാം അടിസ്ഥാനപരമായി വേണ്ടത് വിഭവമാണ്. വിഭവങ്ങൾ ഉണ്ടായാൽ മാത്രം പോരാ, വിഭവങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്താനുള്ള സംവിധാനം ഉണ്ടാവുകയും വേണം.

പഞ്ചായത്തിലെ പ്രകൃതിവിഭവങ്ങൾ ഇനിയും പഠനവിധേയമാക്കിയിട്ടില്ല. കരിങ്കല്ല്, ചെങ്കല്ല്, മണൽ എന്നിവ ഇവിടെ ധാരാളമുണ്ട്. ധാരാളം ജലസ്രോതസ്സുകളുമുണ്ട്. പ്രകൃതി വിഭവങ്ങളുടെ അശാസ്ത്രീമായ ചൂഷണം പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യരുത്.

കാർഷികവിഭവങ്ങളുടെ കാര്യം പരിശോധിക്കുമ്പോൾ ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറികളുടേയും ഉല്പാദനം വളരെ കുറവാണ്. നാണ്യവിളകളായ നാളികേരം, അടക്ക, കുരുമുളക്, തുടങ്ങിയവ ധാരാളമുണ്ട്. റബ്ബർ, ഇഞ്ചി തുടങ്ങിയവ വളരെ പരിമിതാമായ അളവിലാണ്.

ഡോക്ടർമാർ, എഞ്ചിനീയർമാർ, മറ്റ് സാങ്കേതികവിദഗ്ധർ എന്നിവർക്ക് ഇവിടെ യാതൊരു ക്ഷാമവുമില്ല. കൂടാതെ വ്യവസായമേഖലയിലും കാർഷികമേഖലയിലും നിർമാണപ്രവർത്തനമേഖലയിലും ഒട്ടനവധി ആളുകൾ ജോലിയെടുക്കുന്നു.

സന്നദ്ധപ്രവർത്തനമായി നിർമാണസേവന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തയാറുള്ളവരുടെ ഒരു നിരതന്നെ ഇവിടെയുണ്ട്. റോഡ് നിർമാണം തുടങ്ങിയ മേഖലയിൽ മനുഷ്യവിഭവം ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം. 50-ൽ അധികം സന്നദ്ധസംഘടനകൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. മിക്കവാറും എല്ലാ സ്കൂളുകളിലും പിടിഎയുമുണ്ട്. സന്നദ്ധസേവനം നൽകാൻ തയാറുള്ള യുവജനമഹിളാസംഘടനകളും നമുക്ക് ധാരാളമുണ്ട്.

ഗൾഫ് മേഖലയിൽ പണിയെടുക്കുന്ന 505 ആളുകൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. അവരുടെ സമ്പാദ്യം രമ്യഹർമ്യങ്ങളുടെ നിർമാണത്തിനാണ് കൂടുതലും ഉപയോഗപ്പെടുത്തുന്നത്. ഉല്പാദനമേഖലയിലേക്ക് അവരുടെ പണം തിരിച്ച് വിടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അടുത്തകാലത്തായി വിദേശനാടുകളിൽ ജോലി ചെയ്യുന്നവർ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുന്നത് ഒരു ഭീഷണിയാണ്.

പഞ്ചായത്തിലെ വരവുചെലവുകണക്കുപട്ടികയിൽനിന്ന് ആകെ ചെലവിന്റെ 40%-ൽ അധികം ഭരണച്ചെലവാണെന്ന് മനസ്സിലാകുന്നു. വായ്പ തിരിച്ചടവിനും നല്ലൊരു തുക ചെലവാകുന്നുണ്ട്. പൊതുചെലവിൽ കൂടുതലും മരാമത്ത് മേഖലയിലാണ്. മറ്റ് സേവനമേഖലയിൽ ആകെ ചെലവിന്റെ അഞ്ചിൽ ഒരു ഭാഗം മാത്രമാണ്.

പഞ്ചായത്തിന്റെ വരുമാനത്തിന്റെ പട്ടികയും നോക്കുക. വരുമാനം വർദ്ധിച്ചു വരുന്നെങ്കിലും ഓരോ ഗ്രാമസഭകളിൽ നിന്നും ജനങ്ങൾ ഉന്നയിച്ച അടിസ്ഥാനപരമായ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഇന്നത്തെ വരുമാനം വർദ്ധിക്കുകതന്നെ വേണം. കൂടുതൽ നികുതി ചുമത്താതെ, സാധാരണക്കാരെ കാര്യമായി ബാധിക്കാതെ എങ്ങനെ വിഭവങ്ങൾ കണ്ടെത്താമെന്ന് പരിശോധിക്കണം. സഹായത്തിന് സർക്കാരിനെ സമീപിക്കുക എന്ന പരമ്പരാഗതരീതി മാറ്റേണ്ടി വരും.

## ധനകാര്യസ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ രണ്ട് ദേശസാൽകൃതബാങ്കുശാഖകളും ഒരു റൂറൽ ഹൗസിംഗ്സൊസൈറ്റിയും ഒരു സഹകരണ റൂറൽ ബാങ്കും ഒരു സർവീസ് സഹകരണബാങ്കും ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നുണ്ട്. ദേശസാൽകൃതബാങ്കായ SBTയിൽ 1996 മാർച്ചിൽ 4.33 കോടി രൂപയുടെ ഡെപ്പോസിറ്റുണ്ട്. അതിൽ 3.56 കോടി രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. അതായത് 82%. ഇതിന്റെ പ്രവർത്തനപരിധി കുന്ദമംഗലം പഞ്ചായത്തുമാത്രമല്ല. എന്നാലും കൂടുതൽ ഡെപ്പോസിറ്റും വായ്പയും കുന്ദമംഗലം പഞ്ചായത്തിലാണ്. 1994-95, 1995-96 വർഷത്തെ നിക്ഷേപ വർദ്ധന 16.4% ആണ്. വായ്പാ നിരക്കിൽ 23% വർധനവുണ്ടായിട്ടുണ്ട്. ഇത് കുന്ദമംഗലം പഞ്ചായത്തിൽ മാത്രമാണ്. 12 മാസം മുതൽ 84 മാസം വരെ കാലാവധിയുള്ള വായ്പ വിതരണം ചെയ്തിട്ടുണ്ട്. കൃഷി, വ്യവസായം, കച്ചവടം, വാഹനം, എന്നീ മേഖലകളിലാണ് വായ്പ നല്കിയത്. കൂടാതെ IRDP തുടങ്ങിയ വായ്പകളും നൽകുന്നുണ്ട്. വായ്പ തിരിച്ചടക്കുന്നതിൽ IRDP പോലുള്ള മേഖലകളിൽ മിക്കവാറും കേസ്സും റവന്യൂ റിക്കവറിയും ആയാണ് തിരിച്ചുവാങ്ങുന്നത്.

കുന്ദമംഗലം സർവീസ് സഹകരണറൂറൽബാങ്കിൽ 95-96-ൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച 26.19% നിക്ഷേപവർദ്ധനവും 22.43%വായ്പാ വർദ്ധനവുമാണ്. കാർഷിക, കാർഷികേതര, IRDP വായ്പ നല്കുന്നുണ്ട്. തിരിച്ചടവ് തൃപ്തികരമല്ല. കാരന്തൂർ സർവീസ് സഹകരണബാങ്കിൽ 1995- 96-ൽ 24% നിക്ഷേപവർദ്ധനവും 23.25% വായ്പാവർദ്ധനവും ഉണ്ട്. കാർഷികകാർഷികേതരവായ്പ നൽകുന്നു. 10% വായ്പ അവധി ബാക്കിയാണ്.

പഞ്ചായത്തിൽ മൊത്തം ആറ് സ്വകാര്യ ബാങ്ക് പ്രവർത്തിക്കുന്നുണ്ട്. കച്ചവടക്കാരും സാധാരണക്കാരും കൃഷിക്കാരുമാണ് വായ്പ വാങ്ങുന്നത്. പലിശനിരക്ക് 18% ആണ്. നിക്ഷേപത്തിന്റെ 100% വായ്പ നൽകുന്നു.

ഹൗസിങ് സൊസൈറ്റിയിൽ വായ്പയിനത്തിൽ 1995-96-ൽ 75% വർദ്ധനവുണ്ട്. അവധി ബാക്കി കാര്യമായില്ല. EWS, LIG, MIG വായ്പകളാണ് നല്കുന്നത്.

പഞ്ചായത്തിന് ബാങ്ക് വായ്പ ഇല്ല. സഹകരണസ്ഥാപനങ്ങൾ കമ്പി, സിമന്റ്, വളം, കൊപ്ര, കശുവണ്ടി, ഓട്, ഇഷ്ടിക എന്നിവ മിതമായ വിലക്ക് വില്പന നടത്തുന്നുണ്ട്. കൂടാതെ ഓണച്ചന്ത, മാവേലിസ്റ്റോർ എന്നിവയും നടത്തുന്നുണ്ട്.

സംസ്ഥാനത്തിലെ 31 ഏകാംഗ ട്രഷറികളിൽ ഒന്ന് ഈ ഗ്രാമപഞ്ചായത്തിലാണ്.

വിഭവസമാഹരണമേഖലയിലെ പ്രശ്നങ്ങളെ താഴെ പറയുന്നവിധത്തിൽ സംഗ്രഹിക്കാം.

1. ഗ്രാമപഞ്ചായത്തിന്റെ ഭരണച്ചെലവ് കൂടിക്കൂടി വരുന്നു.
2. സർക്കാർ ബാങ്ക് വായ്പകളുടെ തിരിച്ചടവിനുള്ള കൂടിയ സാമ്പത്തികബാധ്യത
3. കാര്യക്ഷമമായി നികുതി പിരിവ് നടക്കുന്നില്ല.
4. പഞ്ചായത്ത് വാടകക്കെട്ടിടങ്ങളുടെ വാടക കൃത്യമായി പിരിക്കുന്നില്ല.
5. കെട്ടിടനികുതിക്ക് ഒരു പൊതുമാനദണ്ഡമില്ല.
6. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ അറ്റകുറ്റപ്പണികൾ ശരിയായി നടക്കുന്നില്ല.
7. ഉല്പാദനമേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം പരിമിതമാണ്.
8. പൊതുമരാമത്ത് പ്രവർത്തനങ്ങളിൽ പലതും കോൺട്രാക്ട് വർക്കുകൾ ആയതിനാൽ ചെലവഴിക്കപ്പെടുന്ന തുകയുടെ മുഴുവൻ ഭാഗവും ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല.
9. വികസനപ്രവർത്തനങ്ങളിൽ മനുഷ്യവിഭവം ഉപയോഗപ്പെടുത്തുന്നില്ല.
10. JRY സ്കീമുകൾ വാർഡുകൾക്കായി വീതിക്കുന്നതുകൊണ്ട് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല. ആവർത്തനച്ചെലവ് വരുന്ന റോഡ് മണ്ണിടലിനും റിപ്പയറിംഗിനും ആണ് കൂടുതൽ തുക.

ഗൾഫ് മേഖലയിലെ പണം ഉല്പാദനമേഖലയിൽ ഉപയോഗപ്പെടുത്തുന്നില്ല. ഗൾഫ് മേഖലയിൽ നിന്നുള്ള തിരിച്ചുവരവ് കൂടിവരുന്നു.

12. മണൽ ലേലത്തിലൂടെയുള്ള വരുമാനം വർഷങ്ങളായി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല.
13. വരുമാന സാധ്യതകളുള്ള വിപുലമായ സ്റ്റാന്റിന്റേയും സാംസ്കാരികനിലയങ്ങളുടെയും

എണ്ണക്കുറവ്.

14. പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച കൂലിനിരക്ക് വളരെ കുറവാണ്.

15. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കാനുള്ള തടസ്സങ്ങൾ.

16. പഞ്ചായത്തിന്റെ വരുമാനസാധ്യതകൾ പൂർണമായി ഉപയോഗപ്പെടുത്തുന്നില്ല.

17. നികുതി നൽകുന്നതിലൂടെ പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങളെ സഹായിക്കുകയാണ് എന്ന ബോധം സാധാരണക്കാർക്കില്ല.

## പരിഹാരനിർദേശങ്ങൾ

1. ഭരണച്ചെലവിലെ അനാവശ്യ ചെലവുകൾ ഒഴിവാക്കുക.

2. പഞ്ചായത്ത് വികസനപ്രവർത്തനങ്ങൾക്ക് ധനകാര്യസ്ഥാപനങ്ങൾ അനുവദിക്കുന്ന വായ്പാകാലാവധി ദീർഘിപ്പിക്കുകയും പലിശനിരക്ക് കുറയ്ക്കുകയും ചെയ്യുക.

3. നികുതി നൽകുന്നത് പഞ്ചായത്ത് വികസനപ്രവർത്തനത്തെ സഹായിക്കാനാണ് എന്ന ബോധം ജനങ്ങളിൽ വളർത്താനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

4. നികുതി പിരിവിന് ക്യാമ്പയിൻ വർക്ക് സംഘടിപ്പിക്കുക

5. സാധാരണക്കാരെ പ്രത്യക്ഷമായി ബാധിക്കാത്ത വിധത്തിൽ പുതിയ വരുമാനമാർഗങ്ങൾ കണ്ടെത്തുക

6. ഹൗസിംഗ് കോംപ്ലക്സ് മേഖലയിൽ ഇടപെട്ട് വരുമാനം വർധിപ്പിക്കുക

7. ഉല്പാദനമേഖലയിൽ പഞ്ചായത്ത് കൂടുതൽ ഇടപെടൽ നടത്തുക

8. ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവർത്തനങ്ങൾ ജനകീയ കമ്മറ്റികൾ വഴി നടപ്പാക്കുക

9. JRY സ്കീമിൽ ചെലവഴിക്കുന്ന തുക ഒന്നോ രണ്ടോ പ്രധാനപ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുക.

10. പഞ്ചായത്ത് വികസനസമിതി രജിസ്റ്റർ ചെയ്ത് വിവിധപ്രവർത്തനങ്ങൾക്ക് പ്രൊജക്ട് റിപ്പോർട്ടറുകൾ സമർപ്പിക്കുക

11. നിർമ്മാണപ്രവർത്തനങ്ങളിൽ സന്നദ്ധസേവനങ്ങൾ ഉപയോഗപ്പെടുത്തുക.

12. പുഴയോരപ്രദേശവാസികളുടെ ഒരു സഹകരണസംഘം സ്ഥാപിച്ച് പരിസ്ഥിതിപ്രശ്നങ്ങൾ വരാതെ ശാസ്ത്രീയമായി മണൽവാരൽ നടത്തി വരുമാനമാർഗം കണ്ടെത്താം.

13. ഗൾഫ്മേഖലയിലെ പണം ഉല്പാദനമേഖലയിലേക്ക് തിരിച്ചുവിടണം. വരുമാനമുള്ളവരിൽ നിന്ന് ബോണ്ടുകൾ സ്വീകരിച്ച് നിർമാണപ്രവർത്തനങ്ങൾ നടത്തണം.

14. ബസ്സ്റ്റാന്റ്, കല്യാണമണ്ഡപം, ആഴ്ചച്ചന്ത എന്നിവ സ്ഥാപിച്ച് വരുമാനമാർഗം കണ്ടെത്താം.

15. സാംസ്കാരികകേന്ദ്രങ്ങളും സ്ഥാപനങ്ങളും വ്യക്തികളുടെ സ്മാരകമായി നിർമിക്കുക.

16. പഞ്ചായത്തിലെ പ്രകൃതിവിഭവങ്ങളെക്കുറിച്ച് വിശദമായ സർവെ നടത്തി ഒരു വിഭവഭൂപടം നിർമിക്കുക.

17. ശുചീകരണപ്രവർത്തനങ്ങൾ വിപുലമായ പ്രചരണം നൽകി സന്നദ്ധസേവനമായി സംഘടിപ്പിക്കുക

18. പൊതുമരാമത്ത് കൂലിനിരക്ക് കാലോചിതമായി പരിഷ്കരിക്കുക.

19. വായ്പകൾ ലഭിക്കാനുള്ള നടപടിക്രമങ്ങൾ സുതാര്യമാക്കുക.

20. വിദ്യാഭ്യാസസ്ഥാപനങ്ങൾ, അംഗൻവാടികൾ എന്നിവയുടെ ഭൗതികപ്രശ്നങ്ങൾ പരിഹരിക്കാൻ പി.ടി.എ.യുടെയും വെൽഫെയർ കമ്മിറ്റിയുടെയും സഹായങ്ങൾ ഉപയോഗപ്പെടുത്തുക.

21. സ്വകാര്യബ്ലേഡ് കമ്പനികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക.

22. പഞ്ചായത്തിലെ പുറംപോക്ക് സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തി കാലാവധി വച്ച് ലീസിന് നൽകി വരുമാനം വർദ്ധിപ്പിക്കാം.

23. ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ സഹകരണബാങ്കുകളുടെ സഹായം ഉറപ്പുവരുത്തുക.

24. നിലവിലുള്ള വൺമാൻ ട്രഷറി സബ്ട്രഷറിയായി ഉയർത്തുക.

ഇങ്ങനെ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിച്ചും നികുതി ചോർച്ച തടഞ്ഞും പുതിയ മേഖലയിൽ കടന്നുചെന്ന് വരുമാനമുണ്ടാക്കിയും പാഴ്ചെലവ് കുറച്ചും മനുഷ്യാധ്വാനം ഉപയോഗപ്പെടുത്തിയും ജനപങ്കാളിത്തത്തോടെ കാര്യങ്ങൾ നടപ്പിലാക്കിയും നമ്മുടെ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന ആവശ്യങ്ങൾ നടപ്പിൽവരുത്താനും കഴിയും.

OO

പട്ടിക 1

## 1991–92 മുതൽ 1995–96 വരെ പഞ്ചായത്തിന്റെ ചെലവ്

| | വർഷം | ഭരണം | പൊതുമരാമത്ത് | വിദ്യാഭ്യാസം | ജലവിതരണം, അഴുക്കുചാൽ | ആരോഗ്യം | തെരുവുവിളക്ക് | കൃഷി | സാമൂഹ്യക്ഷേമം | റിപ്പയർ/പലവക | വായ്പ തിരിച്ചടവ് ഉൾപ്പെടെ സാധാരണേതര ചിലവ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1991–92 | 476819.15 | 304443.00 | 30633.55 | 35343.95 | 80956.15 | 60885.00 | 8651.50 | 5498.00 | 1591.60 | 100096.00 | 1104917.90 |
| 2 | 1992–93 | 539938.95 | 153101.00 | 23976.00 | 61844.00 | 78972.80 | 73644.00 | — | 18990.00 | 1800.00 | 200000.00 | 1152266.70 |
| 3 | 1993–94 | 555598.25 | 150038.00 | 22889.50 | 89175.00 | 89834.00 | 74892.00 | — | 11530.00 | 1800.00 | 368626.00 | 1364632.70 |
| 4 | 1994–95 | 670013.00 | 329380.00 | 42676.50 | 42966.00 | 96084.50 | 91226.00 | — | 20339.40 | 7356.00 | 349666.00 | 1649707.40 |
| 5 | 1995–96 | 711759.00 | 407225.00 | 25835.45 | 136551.00 | ശമ്പളം ഉൾപ്പെടാതെ 2245.00 | 96687.80 | — | 28470.00 | 1500.00 | 412704.00 | 1822977.20 |

പട്ടിക 2

## ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ 5 വർഷത്തെ ചെലവുകണക്കുകൾ അവലോകനം ചെയ്യുമ്പോൾ ഓരോ മേഖലയിലുമുള്ള ചെലവു ശതമാനത്തിൽ

| | വർഷം | ഭരണം | പൊതുമരാമത്ത് | വായ്പ തിരിച്ചടവ് | സേവന മേഖല |
|---|---|---|---|---|---|
| 1 | 1991–92 | 43.15 | 27.55 | 9.05 | 20.25 |
| 2 | 1992–93 | 46.85 | 13.29 | 17.35 | 22.51 |
| 3 | 1993–94 | 40.72 | 11.00 | 27.01 | 27.27 |
| 4 | 1994–95 | 40.61 | 19.96 | 21.19 | 19.24 |
| 5 | 1995–96 | 39.04 | 22.34 | 22.64 | 15.98 |

പട്ടിക ആർ.എസ്- 2

**1991- 92 മുതൽ 1995-96 വരെ ഗ്രാമപഞ്ചായത്തിന്**

**നികുതി ഇനത്തിൽ ലഭിച്ച വരുമാനം**

| ക്രമനമ്പർ | വർഷം | കെട്ടിട നികുതി | വിനോദ നികുതി | തൊഴിൽ നികുതി |
|---|---|---|---|---|
| 1 | 1991-92 | 302759.40 | 119392.20 | 184075.00 |
| 2 | 1992-93 | 170705.00 | 145869.34 | 182065.00 |
| 3 | 1993-94 | 536388.03 | 162600.00 | 213331.00 |
| 4 | 1994-95 | 411932.45 | 195600.00 | 248455.00 |
| 5 | 1995-96 | 445718.00 | 329235.00 | 294340.00 |

## പഞ്ചായത്തിന്റെ വരവ് (1991-92 മുതൽ 1995-96 വരെ)

| ക്രമനമ്പർ | ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| 1 | നികുതികളും ലേല, വാടകവരുമാനങ്ങളും | 788957.38 | 959737.00 | 1542464.03 | 1465842.15 | 1581346.00 |
| 2 | ഫീസ് | 53267.52 | 74563.00 | 77373.85 | 126311.20 | 227808.25 |
| 3 | ഗ്രാന്റ് | 108117.00 | 128879.00 | 214996.00 | 81921.00 | 568866.62 |
| 4 | വസ്തു കൈമാറ്റ ഫീസ് ഉൾപ്പടെ മറ്റ് വരുമാനം | 228704.33 | 222978.00 | 203246.00 | 226623.00 | 78969.00 |
| 5 | പലവക | 10987.77 | 10612.00 | 27556.17 | 25477.87 | 86818.62 |
| | ആകെ | 1190034.00 | 1396769.00 | 2065636.05 | 1926175.02 | 2543808.49 |



# ഉപസംഹാരം

വികസനം എന്ന ആശയത്തിന്റെ അർത്ഥതലം അതിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള പരിശ്രമത്തിലാണല്ലോ നാം. വികസനത്തിന്റെ ഗുണഭോക്താക്കളാകേണ്ടവർ തന്നെ അതിന്റെ വിധാതാക്കളാകുന്ന ഈ പ്രക്രിയയിൽ ഓരോരുത്തരുടേയും പങ്കാളിത്തം വിലപ്പെട്ടതാണ്. ഗതാഗതപ്രശ്നം തന്റെ മുറ്റത്ത് റോഡെത്തുന്നതോടെ പരിഹരിക്കപ്പെട്ടെന്നും കുടിവെള്ളക്ഷാമം തന്റെ വളപ്പിൽ ഒരു കുഴൽക്കിണർ വരുന്നതോടെ ഇല്ലാതാകും എന്നുമുള്ള ബോധം മാറി. ഒരു പ്രദേശത്തിലെ പരമാവധി ജനങ്ങളുടെ പ്രശ്നപരിഹാരമാണ് വികസനമെന്ന തിരിച്ചറിവ് ജനങ്ങൾക്കുണ്ടാകണം. ഓരോ വികസനപ്രവർത്തനത്തിലും ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. ജനങ്ങളുടെ നിതാന്തമായ ശ്രദ്ധയും അന്വേഷണവും ഉണ്ടായാൽ മാത്രമേ ഇത് ഫലപ്രദമാവുകയുള്ളൂ.

മിക്ക പ്രവർത്തികളും ഫണ്ടില്ലെന്ന കാരണത്താൽ നിർത്തിവെക്കേണ്ടിവരുന്നുണ്ട്. സർക്കേതര ഏജൻസികളിൽനിന്നുള്ള വിഭവസമാഹരണമാണ് ഇതിനുള്ള പ്രശ്നപരിഹാരം. ഒരു പ്രവൃത്തിയുടെ സമഗ്രമായ പദ്ധതികൾ സമർപ്പിച്ച് ഇത്തരം ഏജൻസികളിൽനിന്ന് ഫണ്ടുസ്വരൂപിക്കാവുന്നതാണ്.

പ്രാദേശികവും വ്യക്തിനിഷ്ഠവുമായ സമീപനം പദ്ധതിയുടെ ആസൂത്രണത്തിൽ പാടേ ഒഴിവാക്കണം. കാര്യങ്ങൾ വസ്തുനിഷ്ഠമായി കാണുകയും സർവ്വേകളും സ്ഥിതിവിവരങ്ങളും അടിസ്ഥാനമാക്കി മുൻഗണന നിർണയിക്കുകയും വേണം. വികസനോപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോൾ മാത്രമേ ആസൂത്രണപ്രക്രിയ അർത്ഥവത്താവുകയുള്ളൂ. മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത പഞ്ചായത്തിനുണ്ടാകണം.

വിവിധമേഖലയിൽ പ്രവർത്തിക്കുന്നവർ മൂന്നുമാസത്തോളം നിരന്തമായി അധ്വാനിച്ചതിന്റെ ഫലമാണ് ഈ വികസനരേഖ. എങ്കിലും നമ്മുടെ പ്രദേശത്തിന്റെ വികസനാസൂത്രണത്തിൽ ഇതൊരു കൈയനക്കം മാത്രമാണ്. പ്രകൃതിവിഭവങ്ങൾ, മനുഷ്യവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ചരിത്രാനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രായോഗികബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. ഓരോ മേഖലയിലുമുള്ള നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ധസമിതിക്ക് കഴിയും. ഈ വിദഗ്ധസമിതി നമ്മുടെ പ്രദേശത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് പ്രൊജക്ടുകൾ തയാറാക്കി സമർപ്പിക്കുന്നതിന് സ്ഥിരമായി പ്രവർത്തിക്കേണ്ടിവരും.

9-ാം പദ്ധതിയിൽ സംസ്ഥനത്തിന് ലഭിക്കുന്ന വിഹിതത്തിന്റെ 35-40% പഞ്ചായത്തുകൾക്ക് ലഭിക്കും. ഇങ്ങനെ ഒരു വർഷത്തിൽ പഞ്ചായത്തിന് ലഭിക്കുന്ന തുക 1 കോടിയോളം വരും. ഈ തുകയാണ് ജനകീയാസൂത്രണത്തിലൂടെ രൂപ

പ്പെടുത്തുന്ന സ്കീമുകൾക്കുവേണ്ടി ചെലവാക്കപ്പെടുന്നത്.

അതുകണ്ട് ഈ വികസനരേഖ വിചിന്തിതമായ ചർച്ചയിലൂടെ സമ്പുഷ്ടമാക്കാൻ ഓരോ പൊതുപ്രവർത്തകനും ബാധ്യസ്ഥനാണ്. ചരിത്രം ആവശ്യപ്പെടുന്ന ഈ കടമ നിറവേറ്റാൻ പുതിയൊരു പൊതുപ്രവർത്തനസംസ്കാരം ഉൾക്കൊണ്ട് എല്ലാ വിഭാഗങ്ങളും മുന്നോട്ടുവരുമെന്ന പ്രത്യാശയോടെ കുന്ദമംഗലം പഞ്ചായത്ത് വികസരൂപരേഖ സെമിനാറിനുമുന്നിൽ സമർപ്പിക്കുന്നു.

## ജനകീയാസൂത്രണപദ്ധതി
## കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങൾ

| | | |
|---|---|---|
| 1996 സെപ്തംബർ 3, 4, 5 | : | ജില്ലാതല റിസോഴ്സ് പേഴ്സൺ പരിശീലനം |
| സെപ്തംബർ 9 | : | ജില്ലാതലപരിശീലകരുടേയും ഉദ്യോഗസ്ഥരുടേയും യോഗം |
| സെപ്തംബർ 14 | : | പഞ്ചായത്ത തല റിസോഴസ് പേഴ്സൺ പരിശീലനം |
| സെപ്തംബർ 21 | : | 4, 7, 8 വാർഡ് ഗ്രാമസഭകൾ |
| സെപ്തംബർ 22 | : | 1, 13, വാർഡ് ഗ്രാമസഭകൾ |
| സെപ്തംബർ 24 | : | ഡി.ആർ.പി. മാരുടെ യോഗം, കല, സംസ്കാരം, ചരിത്രം കമ്മിറ്റിയോഗം |
| സെപ്തംബർ 27 | : | പഞ്ചായത്ത് മെമ്പർമാർ, D.R.P, L.R.P സംയുക്തയോഗം. |
| സെപ്തംബർ 29 | : | 5, 6, 9, 10, 11 വാർഡ് ഗ്രാമസഭകൾ |
| 1996, ഒക്ടോബർ 1 | : | 12-ാം വാർഡ് ഗ്രാമസഭ |
| ഒക്ടോബർ 2 | : | 2, 3, 14 വാർഡ് ഗ്രാമസഭകൾ |
| ഒക്ടോബർ 3 | : | പഞ്ചായത്ത് മെമ്പർമാർ D.R.P. മാർ സംയുക്തയോഗം |
| ഒക്ടോബർ 4-10 | : | ദ്വിതീയ വിവരശേഖരണം |
| ഒക്ടോബർ 11 | : | കോർഗ്രൂപ്പ് യോഗം |
| ഒക്ടോബർ 12 | : | 1, 4, 7, വാർഡ് റിപ്പോർട്ട് ക്രോഡീകരണം |
| ഒക്ടോബർ 14 | : | 6, 8, 9 റിപ്പോർട്ട് ക്രോഡീകരണം. |
| ഒക്ടോബർ 15 | : | വികസനസെമിനാർ സ്വാഗതസംഘം രൂപീകരണം |
| ഒക്ടോബർ 16 | : | 2, 3, 10, 11, 12 വാർഡ് ക്രോഡീകരണം |
| ഒക്ടോബർ 17 | : | 5, 13, 14, വാർഡ് ക്രോഡീകരണം |
| ഒക്ടോബർ 18 | : | പഞ്ചായത്ത് റിപ്പോർട്ട് ക്രോഡീകരണം |
| ഒക്ടോബർ 21, 22, 23, | : | ജില്ലാതല റിസോഴ്സ് പേഴ്സൺ പരിശീലനം |
| ഒക്ടോബർ 24 | : | പഞ്ചായത്ത് മെമ്പർമാർ കോർഗ്രൂപ്പ് യോഗം |
| ഒക്ടോബർ 25 | : | പഠനപര്യടനം |
| ഒക്ടോബർ 27 | : | പഞ്ചായത്ത്തല റിസോഴ്സ് പേഴ്സൺ പരിശീലനം |
| ഒക്ടോ:27മുതൽ നവം: 2 വരെ | : | ദ്വിതീയവിവരശേഖരണപൂർത്തീകരണവും പ്രാഥമിക വിവരശേഖരണവും |
| നവംബർ 2 | : | അംഗൻവാടി വർക്കർമാരുടെ യോഗം, പ്രവർത്തന അവലോകനയോഗം |
| നവംബർ 3 മുതൽ | : | വികസന റിപ്പോർട്ട് തയാറാക്കൽ |
| നവംബർ 9 | : | പഞ്ചായത്ത്തല കലാകാരന്മാരുടെ യോഗം |
| നവംബർ 13 | : | വികസനസെമിനാർ, സ്വാഗതസംഘം സന്നദ്ധസംഘടനാ പ്രതിനിധികൾ സംയുക്തയോഗം |
| നവംബർ 16 | : | കലാകാരന്മാരുടെ ശില്പശാല |
| നവംബർ 22 | : | വികസനപ്രദർശനം |
| നവംബർ 23 | : | വികസന സെമിനാർ |

# കോർഗ്രൂപ്പ് അംഗങ്ങൾ

എ. ഹരിദാസൻ (കൺവീനർ)

കൃഷി ജലസേചനം

ഒ.പി. വാസു
പി. രാജൻ
കാവാട്ട് കൃഷ്ണൻനായർ
കെ. ചന്ദ്രൻ
കൃഷ്ണൻകുട്ടിനായർ
വി. പ്രേമരാജൻ

മത്സ്യബന്ധനം, മൃഗസംരക്ഷണം, സഹകരണം

മറുവാട്ട് മാധവൻ
സി. അബ്ദുൽ ഗഫൂർ
വി. മൊയ്തീൻ കോയ, പാലക്കൽ
എം. കെ. ഇമ്പിച്ചിക്കോയ
കെ. രവീന്ദ്രൻ

വ്യവസായം

ഒ. ഉസ്സയിൻ
യൂസ്സഫ് വയലിൽ
കെ.കെ മുഹമ്മദ്

വിദ്യാഭ്യാസം

കെ. രാധടീച്ചർ
കെ. വിജയൻ മാസ്റ്റർ
ടി.കെ. ഹിതേഷ്കുമാർ

കുടിവെള്ളം, പൊതുജനാരോഗ്യം

എ.പി. സഫിയ
കെ. സുകുമാരൻ
ഇ. സുബ്രഹ്മണ്യൻ
എം. ശ്രീധരൻ
പാറ്റയിൽ അബ്ദുൾ ഖാദർ
കെ. ഗീത

### ഗതാഗതം, ഊർജം, മാർക്കറ്റ്

അയനാംതൊടി രാജൻ
പി. കോയമാസ്റ്റർ
പി. ശ്രീനു
പടാളിയിൽ മുഹമ്മദ്
ടി. അബൂബക്കർ

### പാർപ്പിടം, സാമൂഹ്യക്ഷേമം

ടി.കെ. സീനത്ത്
പി. രവീന്ദ്രൻ
വി. ശ്രീധരൻമാസ്റ്റർ
എ. സാമി

### സംസ്കാരം

എം. സുജനകുമാരി
കെ.സി. അബ്ദുൾ സലാം
കെ.സി. രാധാകൃഷ്ണൻ
പി. ഹരിദാസൻ

### വനിത, പട്ടികജാതിക്ഷേമം

യു.സി. രാമൻ
പി. വിജയലക്ഷ്മി
സജീഷ് നാരായൺ
കെ. ശ്രീധരൻ

### വിഭവസമാഹരണം

ഖാലിദ് കിളിമുണ്ട
കെ. വാസുമാസ്റ്റർ
കെ. ബാബു
ടി.എം. സജീന്ദ്രൻ
ടി. സോമൻ

### ചരിത്രം

എം. നാരായണൻ മാസ്റ്റർ
എ. വിനോദ്
പി.പി. രാധാകൃഷ്ണൻ
എ.സി. പ്രേമദാസൻ
പി. കേളുക്കുട്ടിനായർ

73, 74 ഭരണഘടനാ ഭേദഗതികളിലൂടെ,
അധികാരം ജനങ്ങളിലേക്ക്

അതിന് പുതിയ മാനം നൽകിക്കൊണ്ട്
കേരളത്തിൽ, ജനകീയാസൂത്രണം....

9–ാം പദ്ധതി ജനകീയ പദ്ധതി

35–40% പദ്ധതിവിഹിതം പഞ്ചായത്തു കൾക്ക്

മാറ്റത്തിന്റെ തുടികൊട്ടിൽ പങ്കാളികളാവുക

*–കുന്ദമംഗലം ഗ്രാമപഞ്ചായത്ത്.*



"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്.
ഗ്രാമങ്ങൾ സജീവമായാൽ മാത്രമേ ഭാരതം സജീവമാകുകയുള്ളൂ.
അതിന് ഗ്രാമസ്വരാജ് യാഥാർത്ഥ്യമാകണം."

MKGandhi

Printed at MANGALAM offset press Kallai ,Calicut,Ph. 300063